# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 | ലക്കം - 10 | കുംഭം - 1196 | മാർച്ച് 2021




# എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ
# 63-ാം വാർഷികവും, 26-ാമത് പുരസ്ക്കാരസമർപ്പണവും










ശ്രീ. കലാമണ്ഡലം രതീശൻ, ശ്രീ. കലാനിലയം രാജീവൻ, ശ്രീ. RLV സുബ്രഹ്മണ്യൻ നമ്പൂതിരി, ശ്രീ. മാർഗി രത്നാകരൻ, ശ്രീ. കലാമണ്ഡലം സതീശൻ, ശ്രീ. ചേർത്തല രാമചന്ദ്രൻ, ശ്രീമതി. കൊട്ടാരക്കര ഗംഗ എന്നിവർക്ക് ബഹു. കൊച്ചി മേയർ എം അനിൽകുമാർ അവാർഡുകൾ സമ്മാനിച്ചു.



## എഡിറ്റോറിയൽ

# സമ്മതിദാനാവകാശം വിനിയോഗിക്കുക - കരുതലോടെ, സൂക്ഷ്മതയോടെ

ഈ വരുന്ന ഏപ്രിൽ 6 ന് കേരളം വീണ്ടും പോളിങ് ബൂത്തിലേക്ക് നീങ്ങുകയാണ് - അടുത്ത അഞ്ച് വർഷം കേരളം ആരു ഭരിക്കണം എന്ന് തീരുമാനിക്കാനുള്ള ജനഹിത പരിശോധനക്കായി. ഏതായാലും ഒരു കാര്യം ഏതാണ്ട് ഉറപ്പായി കഴിഞ്ഞിട്ടുണ്ട്. കേരളസംസ്ഥാന രൂപീകരണത്തിനുശേഷം ഇവിടെ തുടർച്ചയായി നടന്നുകൊണ്ടിരുന്ന അയ്യഞ്ച് കൊല്ലം മാറി മാറി ഇടതും വലതും ഭരിക്കുക എന്ന സാധാരണ കീഴ്‌വഴക്കം ഇപ്രാവശ്യം ഉണ്ടാവാൻ സാധ്യത വിരളമാണ് എന്നുള്ളത്. അല്ല അതുണ്ടാവാൻ സാധ്യതയില്ല.

ഈ തിരഞ്ഞെടുപ്പ് കേരളത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. മാറി മാറി ഭരിച്ചുകൊണ്ടിരുന്ന മുന്നണികൾ ഇത്രയും കാലം നടത്തിയ വോട്ട് ബാങ്ക് രാഷ്ട്രീയവും പ്രീണന നയവും കേരള ജനത മറക്കുമോ? അർഹതയില്ലാത്തവർക്ക് ആനുകൂല്യങ്ങൾ വാരിക്കോരി നല്കി പൊതുഖജനാവിലെ പണംകൊണ്ട് വോട്ട് വിലക്ക് വാങ്ങുന്ന പ്രക്രിയയാണ് ഇവിടെ കാലങ്ങളായി നടന്നു വരുന്നത്. ജാതിയുടെയും മതത്തിന്റെയും പേരിൽ ആനുകൂല്യങ്ങൾ നല്കുന്ന ഇന്നത്തെ ജനാധിപത്യവിരുദ്ധ, മതേതരവിരുദ്ധനയപരിപാടികൾ നാം ഓർക്കണം. ഇക്കാലമത്രയും നമ്മെ പിൻനിരയിലേക്ക് മാറ്റി നിർത്തിയവരെ നാം തിരിച്ചറിയണം- ഇനിയൊരിക്കലും അവർ അധികാരത്തിൽ വരാതിരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടത് അർഹമായ തുല്യനീതി ലഭ്യമാവണമെന്ന് ആഗ്രഹിക്കുന്ന ഓരോ പൗരന്റെയും കടമയാണ്. അതിനായി വോട്ട് ചെയ്യുക മാത്രമല്ല സർക്കാർ സംവിധാനങ്ങളിൽ നിന്നും, സാമ്പത്തിക സഹായങ്ങളിൽ നിന്നും വിദ്യാഭ്യാസാവസരങ്ങളിൽ നിന്നും തൊഴിൽ മേഖലകളിൽ നിന്നുമെല്ലാം നമ്മെ മറ്റു പലരുടെയും പിന്നിലേക്ക് മാറ്റി നിർത്തിയ നടപടികളെക്കുറിച്ചും അത് ആർക്കൊക്കെ പ്രയോജനമുണ്ടാക്കാൻ വേണ്ടിയാണെന്നും ഉള്ള വസ്തുതകൾ ജനങ്ങളിലെത്തിക്കണം. ഇമ്മാതിരി പക്ഷപാതവും പ്രീണനവും നടത്തുന്നവർ ഇനി അധികാരത്തിൽ വന്നാൽ നമ്മുടെയും നമ്മുടെ വരും തലമുറകളുടെയും ഭാവി എന്തായിരിക്കും - എത്ര പരിതാപകരമായിരിക്കും ആ അവസ്ഥ എന്നുള്ളത് ഓരോരുത്തരുടെയും ഹൃദയത്തിലേക്ക് കടത്തി വിടണം. മതാടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്നവരെ തിരിച്ചറിയണം, നാടിന്റെ സംസ്കാരത്തിനെതിരു നില്ക്കുന്നവരെ തിരിച്ചറിയണം. ഭാരതദേശീയതക്കെതിരെ നില്ക്കുന്നവരെ തിരിച്ചറിയണം - പരദേശ സംസ്കാരത്തിന്റെ കുഴലൂത്തുകാരെ തിരിച്ചറിയണം - വിഘടന വാദികളെ തിരിച്ചറിയണം -ടുക്കടാ ടുക്കടാ പാർട്ടിയേയും അവർക്ക് കുടപിടിക്കുന്നവരെയും തിരിച്ചറിയണം- മതരാഷ്ട്രവാദികളെ തിരിച്ചറിയണം - ശത്രുരാജ്യങ്ങൾക്കു വേണ്ടി സിന്ദാബാദ് വിളിക്കുന്നവരെ തിരിച്ചറിയണം - നാട്ടിലെ കർഷകരുടെയും പാവപ്പെട്ടവരുടെയും വളർച്ചയ്ക്കും ഉയർച്ചയ്ക്കും എതിർ

# ഉള്ളടക്കം

വാല്യം 13 | ലക്കം 10 | മാർച്ച് 2021


എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 6
ബാലലോകം 7
രാഗപരിചയം 11
വാസ്തു 12
ക്ഷേത്രങ്ങളിലൂടെ 13
മഹാഭാരതം 16
ഹരിസുധാലഹരി 23
പാതഞ്ജലയോഗദർശനം 26
അതിതീവ്ര കാലാവസ്ഥ
വ്യതിയാനങ്ങൾ കരുതലോടെയിരിക്കുക 27
സ്വകാര്യവൽക്കരണത്തെ എതിർക്കുന്നത്
എന്തുകൊണ്ട്? ആരാണ് ഉത്തരവാദികൾ? 32
ഭ്രേഷ്യം വന്നോട്ടെ - ശരിയായവിധത്തിൽ 35
ആ ചുവന്നസാരിക്കാരി 37
രാക്ഷസന്മാരുടെയും കിന്നരന്മാരുടെയും ഉത്ഭവം 40
തസ്ക്കരൻ 48
ദഹനവ്യവസ്ഥ 52
പഞ്ചമഹായജ്ഞങ്ങൾ-3 57
ദുബായ്-ആഘോഷങ്ങളുടെ ലോക തലസ്ഥാനം 58
ശാസ്ത്രത്തിന്റെ ചരിത്രദർശനം-11
കണക്കും ഭാഷയും ഭൂമിശാസ്ത്രവും 60
മാസഫലം 61
മാട്രിമോണിയൽ 62-66


*കവർ: ശ്രീ വൈക്കത്തപ്പൻ*

## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**

**ഋഷിനാഗകുളത്തപ്പന്റെ മണ്ണായ എറണാകുളം നഗരത്തിൽ ഹൈന്ദവ സമൂഹം അന്യം നിന്നു പോകുന്ന അവസ്ഥയെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?**

**എറണാകുളം നഗരം ഒരു മതവിഭാഗത്തിനു മാത്രമായി മാറ്റിവെച്ചുകൊണ്ട് നമ്മെ വെറും വോട്ടുയന്ത്രങ്ങളാക്കി മാറ്റിയതിൽ നിങ്ങൾക്കു പ്രതിഷേധമില്ലേ?**

**നമ്മുടെ ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കുമെതിരെ നില്ക്കുന്നവർക്ക് നമ്മുടെ വോട്ടു നല്കണമോ?**

**അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും കൂട്ടു നില്കണമോ?**

**പെട്രോൾ, ഡീസൽ, കുക്കിംഗ് ഗ്യാസ് ആദിയായവ ഉൾപ്പടെ സകലവിധ സാധനങ്ങൾക്കുമുള്ള വിലക്കയറ്റത്തിനും ഇവിടെ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന തൊഴിൽ തട്ടിപ്പിനും അനുകൂലമായി വോട്ടു ചെയ്യണോ?**

**മതാടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ച് ചിലർക്ക് അർഹിക്കുന്നതും അതിനപ്പുറവും ആനുകൂല്യങ്ങൾ നല്കുന്നവർക്ക് വോട്ടു നല്കണമോ?**

**മുന്നോക്കവിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ആനുകൂല്യം നല്കുന്നതിനെ എതിർക്കുന്ന കൂട്ടർക്ക് വോട്ട് നല്കണമോ?**

നില്ക്കുന്നവരെയും അവരെ പിന്തുണക്കുന്നവരെയും തിരിച്ചറിയണം - കർഷകവേഷത്തിൽ കർഷകരെന്ന വ്യാജേന രാജ്യത്തിനെതിരെ വാളെടുത്ത ഖാലിസ്ഥാൻ വാദികളേയും മാവോയിസ്റ്റുകളേയും തിരിച്ചറിയുക - പോര അവർക്കുവേണ്ടി പ്രചരണം നടത്തുന്ന അവരെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളേയും ദേശവിരുദ്ധ ബുദ്ധിജീവികളേയും തിരിച്ചറിയണം. സർവ്വോപരി നമ്മുടേതായ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ ഭരണസംവിധാനത്തിനെതിരെയും രാജ്യസുരക്ഷക്കെതിരെയും എന്തിന് പ്രതിരോധമേഖലക്കെതിരെ പോലും വിരൽ ചൂണ്ടാൻ മടി കാണിക്കാത്ത രാജ്യദ്രോഹികളെ തിരിച്ചറിയണം. എന്നിട്ട് ഇക്കൂട്ടരെ അധികാരത്തിൽ നിന്നും അകറ്റി നിർത്തുക എന്നുള്ളത് നമ്മുടെ കടമയായിയെടുത്ത് അതിനുവേണ്ടി പ്രവർത്തിക്കുക. അവരെ ഇങ്ങിനി വരാത്തവണ്ണം തുരത്തുവാൻ വേണ്ട ജനാധിപത്യ പ്രക്രിയ കൈക്കൊള്ളുക. അതിനുവേണ്ടി നിങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുക.

നമ്മുടെ ഈ കൊച്ചു കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന പദവിയിൽ നിന്നും, കള്ളക്കടത്തുകാരുടെയും തീവ്രവാദികളുടെയും പറുദീസ എന്ന പദവിയിലേക്കു തരംതാഴ്ത്തിയവരേയും, അവരുടെ സഹായികളായി അവർക്ക് ഒളിഞ്ഞും തെളിഞ്ഞും സഹായം നല്കുന്നവരേയും വെറുക്കപ്പെടേണ്ടവരാണ്, ചെറുക്കപ്പെടേണ്ടവരാണ്, അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ഭാണ്ഡങ്ങൾ പേറി നിവർന്നു നിന്ന് ജനങ്ങളെ അഭിമുഖീകരിക്കുവാൻ സാധിക്കാത്ത അഴിമതിയുടെ കുത്തകക്കാരായ രാഷ്ട്രീയ കൊള്ളക്കാരെയും മാറ്റി നിർത്തുക. അവർ ജനസേവനമല്ല ചെയ്യുന്നത്. സ്വന്തം കീശവീർപ്പിക്കലും സ്വജനപക്ഷപാദിത്വവുമാണ് നടത്തുന്നത്. ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും തൊഴിൽ നല്കുന്നതിലുമെല്ലാം അതാണ് നാം കാണുന്നത്. - സൂക്ഷിക്കുക ഈ ഗതികേട് ഇനി അനുഭവിക്കാൻ ഇടവരുത്തരുത്. ചില വൻകിടക്കാരും രാഷ്ട്രീയക്കാരും നടത്തുന്ന ഭൂമികയ്യേറ്റങ്ങൾക്കെതിരെ കണ്ണടയ്ക്കുകയും കിടപ്പാടമില്ലാത്തവൻ എവിടെയെങ്കിലും ഒരു കുടിലു കെട്ടിയാൽ അതു പൊളിച്ചു കളയുകയും തെയ്യുന്ന രാഷ്ട്രീയശൈലിയെ ചെറുക്കണം. എതിർക്കണം - അവർ മാറ്റി നിർത്തപ്പെടേണ്ടവരാണ്.

അവസാനമായി ഒന്ന് കൂടി പറഞ്ഞു കൊള്ളട്ടെ, ഭൂതകാലം ഭാവിയുടെ വെളിച്ചമാകണം - കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങളിലെ അനുഭവം വിലയിരുത്തണം - നമ്മുടെയും നാടിന്റെയും ജീവവായുവായ സനാതനധർമ്മത്തിനും അതു പേറുന്നവർക്കും അനുഭവിക്കേണ്ടി വന്ന ദുര്യോഗങ്ങൾ - കണക്കില്ലാത്ത പീഡനങ്ങൾ - ജയിലുകൾ നിറഞ്ഞ സംഭവങ്ങൾ - ഒന്നും മറക്കരുത്. എന്തിന് നമ്മുടെ അമ്മമാരുടെ കണ്ണിൽ നിന്നുമൊഴുകിയ കണ്ണുനീരിനെ അവരുടെ മാറത്തടിച്ചുള്ള വിലാപത്തിനെ നമുക്കു മറക്കാൻകഴിയുമോ? നമുക്കു നേരെയും നമ്മുടെ വിശ്വാസങ്ങൾക്കു നേരെയും കാട്ടിയ ധാർഷ്ട്യത്തെ മറക്കാൻ കഴിയുമോ?

ഋഷിനാഗകുളത്തപ്പന്റെ മണ്ണായ എറണാകുളം നഗരത്തിൽ ഹൈന്ദവ സമൂഹം അന്യം നിന്നു പോകുന്ന അവസ്ഥയെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? എറണാകുളം നഗരം ഒരു മതവിഭാഗത്തിനു മാത്രമായി മാറ്റിവെച്ചുകൊണ്ട് നമ്മെ വെറും വോട്ടുയന്ത്രങ്ങളാക്കി മാറ്റിയതിൽ നിങ്ങൾക്കു പ്രതിഷേധമില്ലേ? നമ്മുടെ ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കുമെതിരെ നില്ക്കുന്നവർക്ക് നമ്മുടെ വോട്ടു നല്കണമോ? അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും കൂട്ടു നില്കണമോ? പെട്രോൾ, ഡീസൽ, കുക്കിംഗ് ഗ്യാസ് ആദിയായവ ഉൾപ്പടെ സകലവിധ സാധനങ്ങൾക്കുമുള്ള വിലക്കയറ്റത്തിനും ഇവിടെ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന തൊഴിൽ തട്ടിപ്പിനും അനുകൂലമായി വോട്ടു ചെയ്യണോ? മതാടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ച് ചിലർക്ക് അർഹിക്കുന്നതും അതിനപ്പുറവും ആനുകൂല്യങ്ങൾ നല്കുന്നവർക്ക് വോട്ടു നല്കണമോ? മുന്നോക്കവിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ആനുകൂല്യം നല്കുന്നതിനെ എതിർക്കുന്ന കൂട്ടർക്ക് വോട്ട് നല്കണമോ?

ഓർക്കുക നിങ്ങളുടെ ഒരു വോട്ടായിരിക്കും ചിലപ്പോൾ നമ്മുടെയും നാടിന്റെയും ഭാവി നിർണ്ണയിക്കുക. പഴയകാലാനുഭവങ്ങളെ വിലയിരുത്തി, നമുക്കും നാടിനും നമ്മുടെ സംസ്ക്കാരത്തിനും നാടിന്റെ ഐശ്വര്യത്തിനും വളർച്ചയ്ക്കും ഉയർച്ചയ്ക്കും അഖണ്ഡതയ്ക്കും വേണ്ടിയായിരിക്കട്ടെ നിങ്ങളുടെ ഈ പ്രാവിശ്യത്തെ സമ്മതിദാനാവകാശം വിനിയോഗിക്കപ്പെടുക. സമ്മതിദാനാവകാശം പാഴാക്കരുത്. നാടിന്റെ ഭരണചക്രം തിരിക്കലിൽ നമ്മുടെ പങ്ക് നിറവേറ്റലാണത്. വോട്ടവകാശമുള്ള മുഴുവനാളുകളും വോട്ട് രേഖപ്പെടുത്തണം. അത് ബുദ്ധിപൂർവ്വമാകട്ടെ - അഴിമതിക്കും, അധാർമ്മികതയ്ക്കും എതിരെയാകട്ടെ- നാടിന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടിയാകട്ടെ- ദേശീയതയ്ക്കും, ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടിയാകട്ടെ!

ജയ് ഹിന്ദ്







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രീയ കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളും കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ വളരെ മിതമായ രീതിയിലാണ് മുമ്പോട്ടു കൊണ്ടു പോകുന്നത്. ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആ പദ്ധതിക്കാവശ്യമായ ധനസമാഹരണം കരയോഗത്തിന്റെ വിവിധ സ്രോതസ്സുകൾ, ഡെപ്പോസിറ്റുകൾ, മറ്റു വിവിധ പദ്ധതികൾ, ബാങ്കിൽ നിന്നുള്ള ലോണുകൾ, എന്നിവകളിൽ നിന്ന് സമാഹരിച്ചാണ് പൂർത്തീകരിച്ചത്. എന്നാൽ ഈ പ്രത്യേക സാഹചര്യത്തിൽ കരയോഗത്തിന്റെ ടി. ഡി. എം ഹാൾ ഉൾപ്പടെയുള്ള പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സേവനമേഖലകൾ തുറന്നു പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യവും അതിൽ നിന്ന് നമുക്കു ലഭിക്കേണ്ട മിച്ച വരുമാനവും പൂർണ്ണമായി നിലച്ചിരിക്കുകയാണ്. ഈ സ്ഥിതിഗതികളെല്ലാം വിലയിരുത്തികൊണ്ടാണ് ഭരണസമിതി കരയോഗത്തിന്റെ സാമ്പത്തികമായ അച്ചടക്കങ്ങളും, ക്രയവിക്രയങ്ങളും പരിപാടികളും ആസൂത്രണം ചെയ്തു വരുന്നതെന്ന് അറിയിച്ചുകൊള്ളട്ടെ.

2015 മാർച്ച് 1 -ാം തീയതി കൂടിയ വിശേഷാൽ പൊതുയോഗം നവതി സ്മാരക പദ്ധതികൾ ആവിഷ്കരിക്കുകയും, അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അതിന്റെ ഭാഗമായി ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിന്റെ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുക എന്ന നിലയിൽ ടി. പദ്ധതിക്ക് പണം അത്യാവശ്യമായി വരുന്ന പക്ഷം എല്ലാ നിയമപരമായ നടപടി ക്രമങ്ങളും പൂർത്തിയാക്കി തൃപ്പൂണിത്തുറയിലുള്ള കരയോഗം വക 16.870 സെന്റ് സ്ഥലം വില്ക്കുവാൻ തീരുമാനം എടുക്കുകയും ടി. തുക ഈ പദ്ധതിക്കു മാത്രമായി ഉപയോഗിക്കുവാനും തീരുമാനിച്ചിരുന്നതാണ്. എന്നാൽ കഴിഞ്ഞ അഞ്ചു കൊല്ലവും ഈ പദ്ധതിയുമായി മുന്നോട്ടു പോകേണ്ടി വന്നപ്പോൾ ടി. സ്ഥലം വില്ക്കാതെ തന്നെ ഒരു പരിധി വരെ കരയോഗത്തിന്റെ ഇന്റേണൽ സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും മറ്റും സ്വരൂപിച്ച് പദ്ധതി പൂർത്തിയാക്കി വരികയായിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒരു വർഷമായി ഉണ്ടായ സാമ്പത്തിക മാന്ദ്യവും ബുദ്ധിമുട്ടും മൂലം നമ്മുടെ വരുമാന സ്രോതസ്സുകൾ നിലച്ചതും ഒരു കാരണമായി. രാധേയത്തിന്റെ നിർമ്മാണാവശ്യങ്ങൾക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബ്രോഡ് വെ ബ്രാഞ്ചിൽ നിന്നും ഡ്രോപ് ലൈൻ ലോൺ പ്രകാരം എടുത്തിരുന്ന 2,78,00,000/- രൂപയും ഗസ്റ്റ് ഹൗസ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കോൺട്രാക്ടർമാർക്ക് ടി ഇനത്തിൽ കൊടുത്തുതീർക്കുവാനുള്ള തുകയും നൽകുന്നതിനുവേണ്ടി തൃപ്പൂണിത്തുറയിലുള്ള കരയോഗം വക 16.870 സെന്റ് സ്ഥലം വില്ക്കാം എന്ന് 2015 മുതൽ 2019 വരെയുള്ള പൊതുയോഗങ്ങളിലും മറ്റും ഐകൃകണ്ഠേന എടുത്തിട്ടുള്ള തീരുമാന പ്രകാരം ആ സ്ഥലം വില്ക്കുവാൻ ഭരണസമിതി തീരുമാനം എടുക്കുകയും ആയതിനുവേണ്ടി പത്രപരസ്യങ്ങൾ നല്കുകയും ചെയ്തു. അതിൻപ്രകാരം നമുക്കു ലഭിച്ച 6 ഓഫറുകളിൽ നിന്നും ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്ത എറണാകുളത്തെ അറിയപ്പെടുന്ന ഒരു ചാർട്ടേഡ് അക്കൗണ്ടന്റിന്റെ കുടുംബാംഗം ആയ അഡ്വ. എ. കുമാർ, കടവന്ത്ര, കൊച്ചി-682020 എന്ന വ്യക്തി നല്കിയ സെന്റൊന്നിന് 15,07,000/- രൂപയുടെ ഓഫർ സ്വീകരിച്ച്, ടി. സ്ഥലം ടി.യാന് വില്ക്കുവാൻ ജസ്റ്റീസ് ആർ ഭാസ്കരൻ, വേണുഗോപാൽ. സി. ഗോവിന്ദ്, അഡ്വക്കേറ്റുമാരായ പി. സുരേഷ്, എ, ബാലഗോപാലൻ, സി. ആർ. ശ്യാംകുമാർ, ടി. ശിവദാസൻ നായർ എന്നിവരുടെ വിദഗ്ദ്ധ ഉപദേശവും, മറ്റ് നിയമോപദേശങ്ങളും സ്വീകരിച്ച ശേഷം അതിനനുസരിച്ച് എല്ലാ നിയമപരമായ

നടപടിക്രമങ്ങളും പൂർത്തിയാക്കി പ്രസ്തുത സ്ഥലം 12.02.2021 വെള്ളിയാഴ്ച അഡ്വ. എ കുമാറിന് തീറു നല്കിയ വിവരവും അംഗങ്ങളെ അറിയിച്ചു കൊള്ളുന്നു.

ഓരോ ഭാരതീയന്റെയും സ്വാഭിമാന പ്രതീകമായി അയോദ്ധ്യയിൽ പുനർനിർമ്മിക്കുന്ന ശ്രീരാമ ജന്മഭൂമി തീർത്ഥക്ഷേത്ര ഫണ്ടിലേക്ക് എറണാകുളം കരയോഗം 3,26,621 (മൂന്നു ലക്ഷത്തി ഇരുപത്തിയാറായിരത്തി അറുന്നൂറ്റി ഇരുപത്തിയൊന്ന്) രൂപ സമാഹരിച്ച് കേരള തമിഴ്നാട് ക്ഷേത്ര പ്രചാരക് ശ്രീ. സെന്തിൽ കുമാറിന് സമർപ്പിച്ച വിവരം എല്ലാ അംഗങ്ങളെയും സസന്തോഷം അറിച്ചുകൊള്ളുന്നു.

കോവിഡ് - 19 എന്ന മഹാമാരി ലോകത്ത് അവസാനിച്ചിട്ടില്ലായെന്നു മാത്രമല്ല അതിന്റെ തീവ്രത പല രാജ്യങ്ങളിലും കൂടി വരുന്ന ഒരു സാഹചര്യമാണുള്ളത്. ആയതുകൊണ്ട് നമ്മളും ഈ സാഹചര്യത്തിൽ സാമ്പത്തികമായും മറ്റെല്ലാ തരത്തിലും പ്രയാസങ്ങളനുഭവപ്പെട്ടുകൊണ്ടു തന്നെയാണ് കാര്യങ്ങൾ മുമ്പോട്ടു കൊണ്ടു പോകുന്നത് എന്നിരിക്കലും വളരെ ശുഭപ്രതീക്ഷയോടെയും ആത്മവിശ്വാസത്തോടെയും നമുക്കിതിനെ മറികടക്കാൻ കഴിയും എന്ന ഉറച്ച ആത്മധൈര്യത്തെടെയാണ് നാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രയാസം നിറഞ്ഞ ഈ അവസരത്തിൽ നിങ്ങളുടെ ഓരോരുത്തരുടെയും അകമഴിഞ്ഞ സഹകരണംകൊണ്ട് ഇതിനെ മറികടക്കാനും നമ്മളുടെ ഒക്കെ പ്രതീക്ഷക്കനുസരിച്ച് ഉള്ള പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുവാനും കഴിയും എന്നു വിശ്വസിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ 34-ാമത് ശ്രീമദ് ഭാഗവത സപ്താഹപാരായണയജ്ഞം 21.02.2021 മുതൽ 28.02.2021 വരെ ടിഡി.എം ഹാളിൽ വെച്ച് നടക്കുകയുണ്ടായി. 21-ാം തീയതി നാരായണീയ പാരായണത്തോടെയും ശ്രീ. കെ. ആർ നമ്പ്യാരുടെ ഭാഗവത മാഹാത്മ്യ പ്രഭാഷണത്തോടെയും ആരംഭിച്ച് ഏഴു ദിവസത്തെ പാരായണത്തിനു ശേഷം അദ്ദേഹത്തിന്റെ തന്നെ 'പ്രയോഗിക ജീവിതത്തിൽ ഭാഗവതം എങ്ങനെ പ്രയോജനപ്പെടുന്നു' എന്നും 'കൃഷ്ണോപദേശങ്ങൾ നമ്മുടെ ജീവിതത്തെ മുമ്പോട്ടു നയിക്കുവാൻ എത്രകണ്ടു സഹായകമാകുന്നു' എന്നും പ്രതിപാദിച്ചുകൊണ്ടുള്ള പ്രഭാഷണത്തോടുകൂടി സമാപിച്ചു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ മാർച്ച് മാസ പരിപാടിയായി 21-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് ലോക പ്രശസ്ത ചലച്ചിത്രം 'പാരഡൈസോ' മലയാളം സബ്ബ് ടൈറ്റിൽ സഹിതം ടി.ഡി.എം ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ സഹകരണത്തോടെ ബീം നടത്തുന്ന പ്രതിമാസ പരിപാടി ടി പി വിവേക് & പാർട്ടി അവതരിപ്പിക്കുന്ന ഹൃദയ് ഗീത് 26.03.2021 വെള്ളിയാഴ്ച 6.30 ന് ടി.ഡി. എം. ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിച്ചു കൊള്ളുന്നു.

*ജനറൽ സെക്രട്ടറി*




## പ്രതിഷ്ഠാദിന മഹോത്സവം

**എറണാകുളം കരയോഗം വക ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠാദിന ഉത്സവം 2021 ഏപ്രിൽ മാസം 6-ാം തീയതി (1196 മീനം 26) തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു. ക്ഷേത്രാചാരാനുഷ്ഠാനങ്ങൾ പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും നടത്തപ്പെടുക.**







## ബാല ലോകം

# വഴിയും കാഴ്ചയും

**പറവൂർ രാജഗോപാൽ (ഫോൺ: 9847291483)**

പ്രീയപ്പെട്ട ചങ്ങാതിമാരെ,

സ്കൂളിലും കോളേജിലുമൊന്നും പോകാനാകാതെ വീടുകളിൽ അടച്ചിരുന്ന് വല്ലാത്തൊരു മാനസിക പിരിമുറുക്കത്തിലായിരുന്നല്ലോ, എന്റെ ചങ്ങാതിമാർ, ഇല്ലേ? പരീക്ഷാ തീയതികൾ അടുത്തു കാൺകെ, പല മുഖങ്ങളിലും കൂടുകെട്ടിയ ആശങ്ക ഞാൻ കണ്ടതാണ്. ഓൺലൈൻ പഠനം കാര്യക്ഷമമല്ലെന്ന തോന്നൽ പല വിദ്യാർത്ഥികൾക്കുമുണ്ട്. അതവർ അങ്ങനെതന്നെ പറഞ്ഞു. പഠനകാര്യങ്ങളിൽ സഹപാഠികളുമായി മനസ്സു തുറന്നുള്ള സംസാരം നല്ലൊരളവുവരെ പരീക്ഷയെക്കുറിച്ചുള്ള ഭയവും ആശങ്കയും നീങ്ങി പോകാനൊരു മാർഗ്ഗമായിരുന്നു. അതിനൊന്നും പറ്റാതെ ഒരു തരം അന്തർമുഖത്വം എടുത്തണിഞ്ഞുകൊണ്ട്, സ്വയം പഴിചാരി കഴിയുകയായിരുന്നല്ലോ നല്ലൊരു വിഭാഗം. കോവിഡ്കാലം കൊണ്ടെത്തിച്ചൊരു ഭീകരാവസ്ഥയായിരുന്നു അത്.

ഇന്ന് സ്കൂളുകളും കോളേജുമെല്ലാം തുറന്നുവെന്നത് മഹാമാരിയെക്കുറിച്ചുള്ള പേടി ഉള്ളിൽ പേറിക്കൊണ്ടു തന്നെ, നമ്മുടെ കുട്ടികൾക്ക് ആശ്വാസം പകർന്നു നൽകുന്നുണ്ട്.

കളിച്ചും രസിച്ചും ഇടയ്ക്കൊന്നു പിണങ്ങിയും പരസ്പരം മാപ്പുകൊടുത്തുമൊക്കെ ജീവിതത്തിനു വേണ്ട എന്തെല്ലാമാണ് സ്കൂളിൽനിന്നു പഠിക്കേണ്ടത്. ഇവയെല്ലാം യന്ത്രത്തിലൂടെയുള്ള ഇടപാടുകൾ പഠിപ്പിച്ചു കൊടുക്കുമോ? സംശയമാണ്. എന്തിനും ഏതിനും യന്ത്രത്തെ ആശ്രയിച്ച് യന്ത്രമായി മനുഷ്യൻ മാറാൻ ഇനി അധികകാലം വേണ്ടി വരില്ല തന്നെ.

ഓരോ സ്കൂൾ കാലവും കാഴ്ചകളുടെ വലിയ കാൻവാസാണ്. പല സ്വരങ്ങളുടെ, നിറങ്ങളുടെ, ആഹ്ലാദങ്ങളുടെ, സങ്കടങ്ങളുടെ ചായക്കൂട്ടിൽ ഒരു ലോകം. ചാറ്റൽമഴയുടെ നേർത്ത സംഗീതം കേട്ടുണർന്ന്, ഒടുവിൽ പെരുമഴക്കാലത്തിന്റെ ആർദ്രതയിലേക്ക് കൂടുമാറുന്ന ജൂണിലെ നിലാമഴ നനയാൻ ആർക്കാണ് ഇഷ്ടമില്ലാത്തത്, അല്ലേ?

മഴവരമ്പിൽ നിന്ന് മാനത്തേക്ക് നോക്കുന്ന അവസ്ഥയെക്കുറിച്ച് കൊച്ചു കൂട്ടുകാർ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അപ്പോൾ ഏത് ആകാശം, ഏത് ഭൂമി എന്നു തോന്നി തുടങ്ങി. പ്രണയപൂർവ്വം ഒരാൾ നിന്ന് മഴനനയുന്നുവെന്ന് തോന്നും. അയാൾ പിന്നെ മഴയായ് പെയ്യുന്നുവെന്നും തോന്നും.

ഈ കുറിപ്പിലെ ഓരോ വാക്കും ഓരോ പുതിയ വഴിയും കാഴ്ചയുമാണ്. വാക്കിന്റെ പിന്നിൽ ഒരു സദാചാരമുണ്ട്. നമ്മുടെ പ്രാണവായു ഉപയോഗിച്ചാണ് വാക്ക് ഉച്ചരിക്കുന്നതെന്നും വാക്കിന് പ്രാണനോളം വിലയും പ്രാധാന്യവുമുണ്ടെന്നും വിചാരം വേണം.

കാഴ്ചകളുടെ വിസ്മയപടർപ്പുകളിലൂടെ ഒഴുകുന്ന ഒരു പുഴയാണ് മനസ്സ്. മനസ്സിലാണ് വൃത്തികൾ. മനസ്സാണ് വൃത്തിയാക്കി വെക്കേണ്ടത്. ആരാണ് പറയുന്നത് കാഴ്ച ഇല്ലാത്തവർ ഇരുട്ടിലാണെന്ന്? ഇരുട്ടും വെളിച്ചവുമെല്ലാം കാഴ്ചയുള്ളവർക്കാണ്.

ജീവിതം ഒരു മഹാത്ഭുതമാണ്. മക്കളെ! ഒരിക്കലും പ്രതീക്ഷിക്കാത്ത ഒന്ന് അത് നമുക്കായി എപ്പോഴും കാത്തുവെക്കുന്നു. ജീവിതം ചിലപ്പോൾ മനുഷ്യൻ അതേക്കുറിച്ച് ഉണ്ടാക്കിയ എല്ലാ വ്യാഖ്യാനങ്ങളും വ്യാകരണങ്ങളും മറികടന്ന് മുന്നോട്ടു പോകും. അടുത്ത നിമിഷം എന്തു സംഭവിക്കുമെന്നറിയാത്ത ഒരവസ്ഥ നമ്മുടെയെല്ലാം ജീവിതത്തിലുടനീളമുണ്ട്. അതറിയാത്തവരാണ് ചെറിയ നേട്ടങ്ങളിൽ അഹങ്കരിക്കുന്നതും മറ്റുള്ളവരെ വെല്ലുവിളിക്കുന്നതും. ജീവിതം ഒരു കിനാവാണ് കുഞ്ഞുങ്ങളേ? തുറന്നു വെച്ച കണ്ണ് അടച്ചുപൂട്ടും വരെ കാണുന്ന കിനാവ്. ജീവിതത്തിൽ തിരിച്ചു കിട്ടാത്ത രണ്ടു കാര്യങ്ങൾ - ഒന്ന് കഴിഞ്ഞുപോയ ദിവസങ്ങൾ, രണ്ട് പറഞ്ഞുപോയ വാക്കുകൾ. രണ്ടും നാമോരോരുത്തരുടെയും ജീവിതത്തിൽ സന്തോഷവും സന്താപവും നിറഞ്ഞ ഓർമ്മകളായിരിക്കും.

കുട്ടികളുടെ പ്രശ്നങ്ങൾ പല രക്ഷകർത്താക്കളും കാര്യമായെടുക്കുന്നില്ലെന്ന പരാതിയുണ്ട്. തികച്ചും ഖേദകരമായ ഒരു സത്യാവസ്ഥയാണിത്.

വീട്ടിൽ നിന്നു കിട്ടുന്ന പിന്തുണ വലിയൊരളവുവരെ ഇളം പ്രായക്കാരുടെ പ്രശ്നങ്ങളിൽ തണലായും, കുളിർമ്മയായും നിലാവലയായുമൊക്കെ പടർന്നു പരക്കുമായിരുന്നു.

ചൂഷണവും അരക്ഷിതാവസ്ഥയും ചൂഴ്ന്നു നിൽക്കുന്നുണ്ട് നമ്മുടെ സമൂഹത്തിൽ. ബാല്യ-കൗമാരകാലത്തു തന്നെ പലവിധ വേലത്തരങ്ങളിലും പെട്ടുപോകുന്ന കുട്ടികൾ അനവധിയാണ്.

ഓരോന്നും അറിയേണ്ട കാലത്ത് അറിയേണ്ടവരിൽ നിന്നറിയുന്നതാണ് നല്ലത്. അതില്ലാതെ അതിക്രമിച്ചു കടന്നു കയറി ഏൽപ്പിക്കുന്ന പീഡനങ്ങൾ നമ്മുടെ പിഞ്ചോമനമനസ്സുകളെ വ്രണിതമാക്കി തീർക്കുന്നു. ആവശ്യമില്ലാതെ തൊട്ടും പിടിച്ചും വർത്തമാനത്തിനു വരുന്നവർ, അവർ എത്രയടുത്ത ബന്ധുക്കളായാൽപോലും, മക്കളേ അതിനു തുടക്കത്തിലേ തടയിടണം. കടുപ്പിച്ചൊരു നോട്ടം മതി. കടുത്തൊരു വാക്കു മതി അതിന്. കർക്കശമായി തന്നെ അത്തരം പ്രവണതകൾ തുടക്കത്തിലേ നേരിടണം. അത്തരക്കാരെപ്പറ്റി അപ്പപ്പോൾ തന്നെ അച്ഛനമ്മമാരോടു പറയണം. കുട്ടി പറയുന്നതു കേൾക്കാൻ രക്ഷിതാക്കൾ തയ്യാറാകണം. 'ബാലന്മാർ ചൊല്ലുമെല്ലാം ബാലിശമെന്നു നിനയ്ക്ക വേണ്ടാ!'

അനുസരണയുള്ള കുട്ടിയായതുകൊണ്ട് എന്തും, ഏതു വൃത്തികേടിനും അനുകൂലിക്കുകയും അനുസരിക്കുകയും ഒന്നും വേണ്ടാ, പറയേണ്ടത് പറയേണ്ട സമയത്തുതന്നെ പറയേണ്ടവരോട് പറയുകതന്നെ വേണം. പറയുക മാത്രമല്ല, ചെറിയ തോതിലുള്ള പ്രവൃത്തിയുമാകാം. സൂക്ഷ്മതയോടുകൂടി വേണം കൂട്ടുകാർ എവിടെയും എപ്പോഴും എന്തും ചെയ്യുവാൻ.

കാലവും ജീവിതവും മാറുന്നു. കണ്ടു വന്ന പലതും. പഠിച്ചത് എന്തോ, ജീവിതത്തിൽ അതു വഴി വിളക്കാകണം.

ഏതു തെറ്റിനേയും ന്യായീകരിക്കുന്ന ഒരു സമൂഹം കുട്ടികളോട് വലിയ അധർമ്മമാണ് കാണിക്കുന്നത്. യുവത്വം ശരിക്കും കൺഫ്യൂഷനിലാണ് ഇന്ന്. ആധുനിക കാലം മനുഷ്യനിൽ നിന്ന് ഉരിഞ്ഞു കളഞ്ഞത് അവന്റെ ലജ്ജിക്കാനുള്ള കഴിവാണ്. കരുതലും സ്നേഹവും യുവതലമുറ ശീലിക്കണം. സ്നേഹം കൊടുക്കലിന്റെ ആനന്ദമാണ്, തോൽക്കുന്നതിന്റെയും ചേതപ്പെടുത്തുന്നതിന്റെയും ഉത്സവമാണ്.

സന്തോഷമുള്ള ബാല്യമാണ് ശേഷമുള്ള എല്ലാ ഘട്ടങ്ങളുടെയും അടിത്തറ. എല്ലാ നന്മയും തിന്മയും വീട്ടിൽ നിന്നാണ് തുടങ്ങുന്നത്. സംസ്കാരത്തിന്റെയും മൂല്യങ്ങളുടെയും ആദ്യത്തെ പരിശീലനകേന്ദ്രം വീടാണ്. മാതാപിതാക്കൾ ഇക്കാര്യത്തിൽ വലിയ പങ്കുള്ളവരാകണം. അവർ മക്കൾക്ക് മാതൃക സൃഷ്ടിക്കണം. ദയ, ക്ഷമ, അനുഭാവം, സത്യസന്ധത, മറ്റുള്ളവരോടുള്ള ആദരം എന്നിങ്ങനെയുള്ള നല്ല ഗുണങ്ങൾ കുഞ്ഞുങ്ങൾക്കു പറഞ്ഞു കൊടുക്കണം.

കുട്ടികളോടു മുതിർന്നവർ നല്ല വാക്കു പറയണം. നല്ലവണ്ണം പെരുമാറണം. പ്രോത്സാഹനം നൽകേണ്ടപ്പോൾ പ്രോത്സാഹിപ്പിക്കണം. അവർ നല്ലവരായിക്കൊള്ളും. കാടു പിടിച്ച മർത്ത്യമനസ്സുകളിലെ മേടുകൾ നിരപ്പാക്കി കനിവും അഹിംസയും കൊണ്ടു നനച്ചു സ്നേഹവിപ്ലവം നടത്തണം. ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ് അത്.

സ്നേഹത്തിന്റെയും ക്ഷമയുടെയും ആദ്യപാഠങ്ങൾ കുട്ടികൾ അമ്മയിൽ നിന്നറിയണം. ഇന്നു പല മാതാക്കളും മറിച്ചു പെരുമാറുന്നു. സ്നേഹകാരുണ്യ സുരഭിലവും പരിശുദ്ധവുമായ ജീവിതസൗന്ദര്യവാടിയിലേക്കുള്ള മാർഗ്ഗദീപം കൊളുത്താൻ അദ്ധ്യാപകർക്കു കഴിയണം. എന്നാൽ പലർക്കും ഇന്ന് അതിന് കഴിയുന്നില്ലെന്നതാണ് പരമാർത്ഥം. വിദ്യാഭ്യാസം ധാർമ്മിക ജീവിതത്തിനുള്ള അടിത്തറ പാകണം. ഇന്ന് അതു നടക്കുന്നുണ്ടോ എന്ന കാര്യം സംശയമാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഇന്നില്ല. ഫലമോ? രത്നങ്ങളായി മാറേണ്ട കുട്ടികൾ കരിക്കട്ടകളായി തീരുന്നു.

തമ്പിൽ വലിച്ചു കെട്ടിയ വല പോലെയാണ് വീട്.

വിസ്മയിപ്പിക്കുന്ന ആകാശ ഊഞ്ഞാലാട്ടങ്ങൾക്കിടയിൽ കാലിടറി വീഴുമ്പോഴുള്ള അവസാനത്തെ അഭയം. വീടുകളിലേക്ക് സൗഹൃദം കടന്നു വരണം. അപ്പോഴാണ് അവിടെ സ്വർഗ്ഗം സൃഷ്ടിക്കാൻ കഴിയുന്നത്. കാരണം സൗഹൃദങ്ങളിൽ രഹസ്യങ്ങളില്ല. രഹസ്യങ്ങളില്ലെങ്കിൽ സംശയങ്ങളില്ല, സംശയങ്ങളില്ലെങ്കിൽ പ്രശ്നങ്ങളുമില്ല.

വീടിനോടും നാടിനോടുമുള്ള ആത്മബന്ധമാണ് ഗൃഹാതുരത്വം. അതൊരു വൈകാരികതയാണ്. മക്കൾ വളർത്തിയെടുക്കേണ്ട ഒന്നാണത്. നമ്മുടെ സംസ്ക്കാരവും ജനിച്ച നാടും നമുക്ക് അമ്മയാണ്. ആ സംസ്ക്കാരവുമായുള്ള ബന്ധം നഷ്ടപ്പെട്ടാൽ നാം നൂലുപൊട്ടിയ പട്ടങ്ങൾ പോലെയാവും.

ആനയുടെ കാൽപ്പാടിൽ മറ്റേതൊരു മൃഗത്തിന്റെ കാൽപ്പാടും അടങ്ങും. അതുപോലെ വ്യത്യസ്ഥ





വീക്ഷണങ്ങളേയും വിശ്വാസങ്ങളേയും ഉൾക്കൊള്ളാനുള്ള വിശാലത ഭാരതസംസ്കാരത്തിനുണ്ട്. മക്കൾ മനസ്സിലാക്കണം.

ആർക്കും തോൽപ്പിക്കാനാവാത്ത ഇച്ഛാശക്തിയാകണം നിങ്ങൾക്കുള്ള കരുത്ത്. ഇച്ഛാശക്തിയുടെ തിരിച്ചറിയലും രൂപപ്പെടുത്തലും വളർച്ചയുമാണ് നമ്മുടെ ജീവിതത്തെ ഫലദായകമാക്കുന്നത്. ആത്മവിശ്വാസവും ആത്മധൈര്യവുമാണ് ഇച്ഛാശക്തിയുടെ അടിസ്ഥാനശിലം. ഈശ്വരവിശ്വാസത്തിലൂടെയും പ്രചോദകചിന്തകളിലൂടെയും ധ്യാനത്തിലൂടെയും ആർജ്ജിച്ചെടുക്കാവുന്ന ഒന്നാണ് ആത്മധൈര്യം. ഇല്ലായ്മകളെയും പരിമിതികളെയും അതിജീവിക്കുവാൻ നമ്മിലുള്ള സാദ്ധ്യതകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കണം. കൊടുക്കുന്നതിന്റെ ആനന്ദമാണ് സ്നേഹത്തിന്റെ വാഗ്ദാനം. കൊടുക്കുന്നതിൽ ഇന്ന് ആർക്കും തൃപ്തിയില്ല. എന്തും തട്ടിയെടുക്കുന്നതിലാണ് താൽപര്യം. നിങ്ങൾ, കുട്ടികൾ എന്തും കൊടുത്തു ശീലിക്കണം.

ഹൃദയം തുറന്നുള്ള ഒരു പുഞ്ചിരിക്കും എല്ലാ ദുഖങ്ങളും മറക്കാൻ സഹായിക്കുന്ന സ്നേഹപൂർവ്വമുള്ള ഒരു നല്ല വാക്കിനുമാണ് ഇന്നേറ്റം കടുത്ത ക്ഷാമം. വാശിയും മത്സരവും ഹൃദയങ്ങളിൽ സ്ഥാനം പിടിച്ചതോടെ പരസ്പരം മനസ്സിലാക്കാനും സ്നേഹിക്കാനുമുള്ള കഴിവ് മനുഷ്യനു നഷ്ടമായിരിക്കുന്നു.

ഒരു പുഞ്ചിരിക്കുമാത്രം പണച്ചെലവില്ല. എന്നാൽ അതുമൂലം ലഭിക്കുന്ന സന്തോഷവും മൈത്രിയും ഉദാരതയും രമ്യതയും എത്ര ചെലവിട്ടാലും വേറെ കിട്ടുകകയില്ല. അതുകൊണ്ട് കൂട്ടുകാരേ, നിങ്ങൾ പുഞ്ചിരിയെ ആശ്ലേഷിക്കൂ. ചിരിക്കൂ അപാരമായൊരു സൗന്ദര്യവുമുണ്ട്.

വിഭവങ്ങളുടെ ബാഹുല്യമല്ല, വിളമ്പുന്നവന്റെ കരുതലും കരുണയുമാണ് വിരുന്നുകളിൽ രുചി തീർക്കുന്നത്.

പരുക്കൊന്നും പറ്റാത്ത ഉള്ളം കൈ ഒരു പണിയും എടുക്കാത്തവരുടേതായിരിക്കും.

എന്തു കൊടുത്തപ്പോഴാണോ വേദനിച്ചത്, എന്തു പങ്കു വെച്ചപ്പോഴാണോ പാതി നഷ്ടമായത് അവിടെ മാത്രമായിരിക്കും മക്കളേ ഹൃദയത്തിന്റെ പങ്കാളിത്തം ഉണ്ടാകുക.

സൗന്ദര്യ സംരക്ഷണത്തേക്കാൾ വൈശിഷ്ട്യം സന്മാർഗ്ഗ സംരക്ഷണത്തിന് ഉള്ളതുകൊണ്ടാണ് വെയിൽ കൊള്ളുന്ന തണൽമരങ്ങളും, മഴ നനയുന്ന കുടാരങ്ങളും ഉണ്ടാകുന്നത്. രൂപഭംഗിക്ക് കാലാവധിയുണ്ട്. കർമ്മഭംഗി കാലത്തിനുമപ്പുറം നിലനിൽക്കും. ഓർക്കുക മെച്ചപ്പെടുത്തുന്നതിനനുസരിച്ച് നഷ്ടപ്പെടുന്ന ഒന്നാണ് സൗന്ദര്യം.

ഒരാൾക്കു വേണ്ടി നിങ്ങൾ നൽകുന്നതെല്ലാം ഇനിയൊരാൾ തിരിച്ചു തരും. ഒരാൾ ഏൽപ്പിച്ച മുറിവുകളെല്ലാം മറ്റൊരാൾ തുന്നിക്കെട്ടും. നല്കലിൽ ഹൃദയമുണ്ടെങ്കിൽ ഒന്നും നഷ്ടമല്ല. എല്ലാം നല്ലതാകുന്നത് ഹൃദയം നൽകുമ്പോഴാണ്.

# ഭക്തിയുടെ മാധുര്യം

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ഒരിടത്ത് സാഗരൻ എന്നു പേരായ ഒരാൾ ഉണ്ടായിരുന്നു. പാമരനും നിർദ്ധനനുമായിരുന്നു അയാൾ. കാൽനടയായി ദൂരങ്ങൾ താണ്ടി അന്നന്നേക്കുള്ള ജീവനോപാധി അയാൾ കണ്ടെത്തിയിരുന്നു.

പലപ്പോഴും പലരും അയാളെ സഹായിച്ചു. അന്നത്തിനായി അയാൾ അമ്പലങ്ങൾ സന്ദർശിച്ചു. ഈശ്വരഭജനം സേവയാക്കിയ അയാൾ തികഞ്ഞൊരു വിഷ്ണു ഭക്തനുമായിരുന്നു.

ഒരിക്കൽ, നടന്നു നടന്ന് അയാൾ ഒരു സേവാശ്രമസ്ഥലത്തെത്തി. അവിടെ വന്നു പോകുന്നവർക്ക് ദാഹശമനത്തിനായി നല്ല തണുത്ത സംഭാരം വിതരണം ചെയ്യുന്നുണ്ടായിരുന്നു. അവിടെ നിന്നു കിട്ടിയ സംഭാരം വാങ്ങി കുടിച്ച്, സാഗരൻ തന്റെ ദാഹവും ക്ഷീണവുമൊക്കെ മാറ്റി.

നോക്കുമ്പോൾ ധാരാളം പേർ തിരക്കിട്ട് എങ്ങോട്ടോ പോകുന്നു.

അയാൾ വിവരം തിരക്കി -

ഈ ജനമൊക്കെ എവ്ടെ പോകുന്നു ?

സംഭാരം വിതരണം ചെയ്യുന്ന ആൾ പറഞ്ഞു.

സേവാമന്ദിരത്തിനകത്ത് ഇന്നൊരു പണ്ഡിതന്റെ പ്രഭാഷണമുണ്ട്. അതുകേട്ടാൽ അറിവു നേടാം. അതിനായി പോവുകയാണ് ഈ ജനങ്ങളെല്ലാം.

ഭക്തിപ്രഭാഷണമല്ലേ, കേട്ടു കളയാം.

സാഗരൻ സേവാമന്ദിരത്തിലേക്കു ചെന്നു.

അവിടെ വരുന്നവരെല്ലാം ധനാഢ്യരാണ്. നല്ല വേഷം ധരിച്ചിരിക്കുന്നു.

സാഗരന് എവിടെ നല്ല വേഷം?

ആകെയുള്ള കുപ്പായം തിരുമ്മി അലക്കി ഉണക്കി വീണ്ടും വീണ്ടും ഉപയോഗിക്കുന്നതാണ് രീതി. ധരിച്ചു ധരിച്ച് അത് ഒരു വിധമായിരിക്കുന്നു.

കണ്ടാൽ കൊള്ളാത്ത മുഷിഞ്ഞ വസ്ത്രവുമണിഞ്ഞ് മന്ദിരത്തിലേക്കു കയറിച്ചെല്ലാൻ തുടങ്ങുമ്പോൾ ചിലർ തടഞ്ഞു.

നോക്കൂ, ഈ മുഷിഞ്ഞ വേഷവുമായി അകത്തേക്ക് കടക്കാൻ പറ്റില്ല. കണ്ടില്ലേ വരുന്നവരൊക്കെ എത്ര നല്ല വസ്ത്രങ്ങളാണ് അണിഞ്ഞിരിക്കുന്നതെന്ന്. വേണമെങ്കിൽ ഇവിടെ....... പുറത്ത് നിന്നോളൂ.

സാഗരന് സങ്കടമായി. എങ്കിലും പുറത്തു നിൽക്കാൻ അനുവാദം ലഭിച്ചതിൽ സംതൃപ്തയുമായി.

മന്ദിരത്തിനു വെളിയിൽ തന്റെ കാതു രണ്ടും കൂർപ്പിച്ചു പിടിച്ച് അയാൾ നിന്നു.

പ്രഭാഷണം തുടങ്ങി. പ്രഭാഷകൻ ഭക്തിയെപ്പറ്റിയൊക്കെ പറഞ്ഞുകൊണ്ട് പല വിഷയങ്ങളിലേക്കും കടന്നു. പലപ്പോഴും അദ്ദേഹം തന്റെ പാണ്ഡിത്യം വിളംബരം ചെയ്യുംപോലെ വലിയ വലിയ അറിവുകൾ വിളമ്പി.

സാഗരന് കാര്യമായി ഒന്നും തന്നെ മനസ്സിലായില്ല. അയാൾക്ക് സങ്കടമായി.

– ഭഗവാനേ, എനിക്കിതൊന്നും മനസ്സിലാവുന്നില്ലല്ലോ. അങ്ങയെപ്പറ്റി പറയുന്നതൊക്കെ പാമരനായ അടിയൻ എങ്ങനെ അറിയാൻ പ്രഭോ !

അപ്പോഴാണ് അവിടെയുണ്ടായിരുന്ന ഒരു ചിത്രം അയാളുടെ ദൃഷ്ടിയിൽ പെട്ടത്. ഭഗവാൻ ശ്രീകൃഷ്ണൻ കുതിരകളുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് പിന്നിലേക്ക് തിരിഞ്ഞ് പാർത്ഥനായ അർജ്ജുനന് ഗീത ഉപദേശിക്കുന്ന ചിത്രം.

ഭഗവാന്റെ തിരുമുഖം നോക്കി നിൽക്കവേ, സാഗരന്റെ കണ്ണുകൾ സജലങ്ങളായി. ധാരധാരയായി കണ്ണുനീർ കവിൾത്തടങ്ങളിലൂടൊഴുകാൻ തുടങ്ങി. ആ ചിത്രത്തിൽ തന്നെ ദൃഷ്ടികളുറപ്പിച്ച് പിന്നെ എത്രയോ നേരം അയാൾ അങ്ങനെ നിന്നു.

അപ്പോഴേയ്ക്കും പ്രഭാഷണമൊക്കെ കഴിഞ്ഞിരുന്നു. ജനം പിരിഞ്ഞു.

പ്രഭാഷകൻ ഇറങ്ങി വരുമ്പോൾ , മന്ദിരത്തിനു വെളിയിൽ ഒരാൾ കരഞ്ഞു കൊണ്ടു നിൽക്കുന്നു.

അദ്ദേഹം സാഗരനെ അരികെ വിളിച്ചു.

എന്തേ, എന്റെ പ്രഭാഷണം കേട്ട് നിങ്ങൾ കരഞ്ഞു പോയോ?

സാഗരൻ പറഞ്ഞു.

അങ്ങയുടെ പ്രഭാഷണമൊന്നും എനിക്കു മനസ്സിലായില്ല. ഞാൻ ഭഗവാന്റെ ഈ ചിത്രം നോക്കി നിൽക്കയായിരുന്നു.

അയാൾ ആ ചിത്രത്തിനു നേരെ വിരൽ ചൂണ്ടി. എന്നിട്ടു തുടർന്നു.

പിന്നിലേക്ക് തിരിഞ്ഞു നോക്കിയല്ലേ. ഭഗവാൻ അത്രയും നേരം അർജ്ജുനന് ഗീത ഉപദേശിച്ചത് ഭഗവാന്റെ കഴുത്ത് എത്രമേൽ വേദനിച്ചു കാണുമെന്നോർത്തപ്പോൾ അടിയന് സങ്കടം സഹിക്കാൻ മേലായി. അതാ, അടിയൻ കരഞ്ഞു പോയത്. ചിത്രം കണ്ടു നിന്നപ്പോൾ അടിയൻ ഭഗവാനെപ്പറ്റി മാത്രാ ഓർത്തത്.

സാഗരന്റെ വാക്കുകൾ കേട്ട് ആ പ്രഭാഷകനും കരഞ്ഞു പോയി.

പ്രഭാഷണം കേൾക്കാൻ നിരവധി പേർ വന്നെത്തിയെങ്കിലും, നിഷ്കളങ്കനായ ഇയാൾക്കു മാത്രമാണ് ഭക്തിയുടെ മാധുര്യം നുകരാനായത്.

സാഗരൻ ദു:ഖിച്ചത് തന്റെ കാര്യങ്ങൾ ഓർത്തിട്ടല്ല, ഭഗവാന്റെ കഷ്ടപ്പാടോർത്താണ്.


ഞാനെന്ന ഭാവം പോയി കിട്ടാൻ ഏറെ പ്രയാസമാണ്. എന്നാൽ കാരുണ്യമുണരുമ്പോൾ മനസ്സലിയും. ഞാൻ എന്ന ഭാവം പോയ് മറഞ്ഞു. ഹൃദയം ഈശ്വരപ്രേമം കൊണ്ടു നിറഞ്ഞു.

ഇത്തരം ഹൃദയങ്ങളിലേക്കാണ് ഭഗവാന്റെ നിത്യേനയുള്ള യാത്ര. ഇത്തരം ഹൃദയങ്ങളാണ് ഇഷ്ടവാസസ്ഥലങ്ങൾ.





രാഗപരിചയം



# സൗരാഷ്ട്രം

ഡോ. ജയലക്ഷ്മി നന്ദകുമാർ

17-ാമത്തെ മേളകർത്താ രാഗമായ സൂര്യകാന്തത്തിന്റെ ജന്യരാഗമാണ് സൗരാഷ്ട്രം. കർണ്ണാടക സംഗീത ലോകത്ത് വളരെ പ്രചാരം സിദ്ധിച്ച രാഗമാണ് ഇത്. ദീക്ഷിതർ സമ്പ്രദായത്തിൽ 15-ാമത്തെ രാഗമായ മായാമാളവഗൗളയുടെ ജന്യമായി കണക്കാക്കുന്നു. സൂര്യകാന്തത്തിന്റെ ജന്യരാഗമായിട്ടാണ് ഇന്ന് സംഗീതജ്ഞർ അംഗീകരിച്ച് വരുന്നത്. വളരെ ശുഭകരമായ രാഗമായതിനാൽ ഒരു കച്ചേരി ആരംഭിക്കുന്നതിനും മറ്റും അഭികാമ്യമായ രാഗമാണ് സൗരാഷ്ട്രം.

ആരോഹണം : സ രി ഗ മ പ മ ധാ നി ാ സ

അവരോഹണം : സ നി ധ നി ാ ധ പ ാ മ ഗ രി ാ സ

സ്വരസ്ഥാനങ്ങൾ:ഷഡ്ജം, ശുദ്ധരിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃ ശ്രുതി ധൈവതം, കാകളി നിഷാദം, കൈശികി നിഷാദം.

സ്വന്തം മേളകർത്താ രാഗമായ സൂര്യകാന്തത്തിൽ ഇല്ലാത്ത കൈശികി നിഷാദം ഈ രാഗത്തിൽ വരുന്നതുകൊണ്ട് സൗരാഷ്ട്രം ഒരു ഏക അന്യസ്വര ഭാഷാംഗ രാഗമാണ്. സമ്പൂർണ്ണ വക്രസമ്പൂർണ്ണ രാഗമാണ് ഇത്. ആരോഹണത്തിൽ എല്ലാ സ്വരങ്ങളും ക്രമമായും അവരോഹണത്തിൽ വക്രമായും വരുന്നു.

നിരവധി കൃതികൾ കർണ്ണാടക സംഗീതത്തിൽ ഈ രാഗത്തിൽ ഉണ്ടെങ്കിലും ചലച്ചിത്ര ഗാനങ്ങൾ നന്നേ കുറവായി കാണുന്നു. സൗരാഷ്ട്ര രാഗം മനോധർമ്മം പാടുന്നതിന് (രാഗം, നിരവൽ, സ്വരം) അധികം സാദ്ധ്യത തരുന്ന രാഗമാണ്. സൗരാഷ്ട്രം തമിഴ് സംഗീതത്തിലെ തേവാരത്തിൽ ഒഴിച്ചു കൂടാനാവാത്ത രാഗമാണ്. അവിടെ ഈ രാഗം വ്യാഴക്കുറിഞ്ചിപൺ എന്നറിയപ്പെടുന്നു. ഭക്തിഭാവമാണ് ഈ രാഗത്തിലൂടെ പ്രതിഫലിക്കുന്നത്. ഏത് സമയത്ത് ആലപിച്ചാലും ശുഭകരം. വിളംബിത മദ്ധ്യലയം അതായത്, പതിഞ്ഞ കാലത്തിലോ മദ്ധ്യമ വേഗത്തിലോ ആലപിക്കുന്നത് ഉത്തമം. ചക്രവാകം രാഗത്തിനോടു സാമ്യത ഉള്ള രാഗമാണ് ത്യാഗരാജസ്വാമിയുടെ ശ്രീഗണപതിനി എന്ന കൃതി വളരെ പ്രചാരം സിദ്ധിച്ച കൃതി ആണ്. 'രാക്കുയിലിൻ രാജസദസ്സിൽ' എന്ന ചലച്ചിത്രത്തിലും ഈ കൃതി ഉൾപ്പെടുത്തിയിട്ടുണ്ട് . മുത്തുസ്വാമി ദീക്ഷിതരുടെ നവഗ്രഹകൃതികളിൽ സൂര്യദേവനെ പ്രകീർത്തിച്ചു കൊണ്ട് സൗരാഷ്ട്രത്തിൽ ചിട്ടപ്പെടുത്തിയ കൃതിയാണ് 'സൂര്യമൂർത്തേ നമോസ്തുതേ'.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1) ശ്രീഗണപതിനി | ആദി | ത്യാഗരാജസ്വാമി |
| 2) സൂര്യമൂർത്തേ നമോസ്തുതേ | ധ്രുവതാളം | മുത്തുസ്വാമി ദീക്ഷിതർ |
| 3) സരസിജനാഭാനിൻ | ചാപ്പ് | സ്വാതിതിരുനാൾ |
| 4) പവമാന സുതുഡു | ആദി | ത്യാഗരാജസ്വാമി |
| 5) ശ്രീ രാജ രാജ വരദേ | രൂപക | മുത്തയ്യ ഭാഗവതർ |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1) ചാരുമുഖീ ഉഷ | ചെണ്ട |
| 2) അമ്മായിയപ്പനു പണമുണ്ടെങ്കിൽ | കളിത്തോഴൻ |
| 3) മണിനാഗത്താൻമാരെ | എന്റെ ഗ്രാമം |
| 4) ജീവപ്രപഞ്ചത്തിൽ ആധാരമൂർത്തിയാം | ശരണമയ്യപ്പാ (ആൽബം) |

വാസ്തു



# പൂജാമുറിയും സ്ഥാനവും

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

ഇന്നലെ ഒരു വീട്ടിൽ പോകേണ്ടതായി വന്നു. 1970 തുകളിൽ താമസമാക്കിയ വീടാണ്. കഴിഞ്ഞ 50 കൊല്ലമായി സാമാന്യം നന്നായി ജീവിക്കുന്നവരാണ്. ഇപ്പോഴത്തെ പ്രശ്നം ഗൃഹനാഥന് വേഗത്തിൽ കാര്യങ്ങൾ നടത്തുന്നതിനോ, മറ്റുള്ളവരുടെ ഒപ്പം നടക്കുന്നതിനോ കഴിയുന്നില്ല. ഡോക്ടറെ കാണുന്നതിനുപകരം ജ്യോത്സ്യന്റെ അടുത്തേക്കാണ് പോയത്. അവിടെ കവടി നിരത്തിയപ്പോൾ വീടിന് ചില്ലറ ദോഷമുണ്ടെന്നു കണ്ടെത്തി. അങ്ങനെ വാസ്തു നോക്കുന്ന ആൾ വന്ന് വീടു പരിശോധിച്ചപ്പോൾ അളവുകൾക്കോ, സ്ഥാനത്തിനോ കുഴപ്പം കണ്ടില്ല. അപ്പോഴാണ് ഗൃഹനാഥൻ ഒരു സംശയം പ്രകടിപ്പിച്ചത്. അതായത് പൂജാമുറിയുടെ പുറകുവശത്ത് ടോയ്‌ലറ്റ് ആണ്. അതിൽ കുഴപ്പമുണ്ടോ എന്നാണ് സംശയം. വാസ്തു നോക്കുന്ന ആൾക്ക് ഉടനെ ഉത്തരം കിട്ടി. ടോയ്‌ലറ്റ് ഉടനെ മാറ്റണമെന്നു പറഞ്ഞ് ദക്ഷിണ വാങ്ങിച്ച് സ്ഥലം വിട്ടു. ഇതിൽ സാധാരണക്കാർക്ക് ഉത്തരം കിട്ടേണ്ട ചില കാര്യങ്ങളുണ്ട്.

1. പൂജാമുറി 50 കൊല്ലമായി അവിടെത്തന്നെയുണ്ട്. വീടിന്റെ മുഖം കിഴക്കോട്ടാണ്. മുൻവശത്തെ വാതിൽ തുറന്നാൽ വലിയ ഹാൾ. വീടിന്റെ മദ്ധ്യത്തിലായി ഹോളിന്റെ പടിഞ്ഞാറു വശം കിഴക്കോട്ടു മുഖമായിട്ടാണ് പൂജാമുറി സ്ഥിതി ചെയ്യുന്നത്. മുൻവശത്തെ വാതിൽ തുറക്കുമ്പോൾ തന്നെ പൂജാമുറി കാണാവുന്നതാണ്. 50 കൊല്ലമായി യാതൊരു പ്രശ്നവുമില്ലാത്ത ആൾക്ക് പെട്ടെന്ന് പ്രശ്നങ്ങൾ വന്നതെന്തെന്ന് സാമാന്യ ബുദ്ധിയിൽ ആലോചിക്കേണ്ടതാണ്. ഗൃഹനാഥന് 85 വയസ്സായി. ഇപ്പോഴും യാതൊരസുഖങ്ങളുമില്ല. ഇപ്പോൾ നടക്കുമ്പോൾ മറ്റുള്ളവരുടെ ഒപ്പം എത്തുന്നില്ല. 85 വയസ്സായ ആൾ 30 വയസായ ആളുടെ ഒപ്പം നടക്കണമെങ്കിൽ ദിവസവും പ്രാക്ടീസ് ചെയ്യണം. കുറെ കാലമായി പുറത്തേക്കു പോകാറില്ല. നടത്തവും ഇല്ല. അതാണ് അദ്ദേഹത്തിന്റെ പ്രശ്നം.

പൂജാമുറി എവിടെയായാലും അതിന്റെ പുറകിലോ, വശത്തോ ഏതാണ് മുറി എന്നു നോക്കേണ്ടതില്ല. പല ഫ്ളാറ്റുകളിലും അടിയിലും, മുകളിലും ഏതാണ് മുറി എന്നറിയില്ല.


ഡൽഹിയിൽ ഒരു വീട്ടിൽ ചെന്നപ്പോൾ ടോയിലറ്റിൽ ഒരു മൂലയിൽ അമ്പലം പോലെ ഉണ്ടാക്കി ഗണപതിയെ വച്ച് വിളക്കു കത്തിച്ചിട്ടുണ്ട്. എല്ലാ ടോയ്‌ലറ്റിലും ആ വീട്ടിൽ സ്വർണ്ണംകൊണ്ട് ഗണപതിയും വിളക്കുമുണ്ട്. അവരുടെ ആചാരമനുസരിച്ച് കുളിച്ച് പുറത്തിറങ്ങുന്നതിനു മുമ്പ് വിളക്കിൽ നെയ്യൊഴിച്ച് തിരികത്തിച്ച് പ്രാർത്ഥിക്കണം. എത്ര പഠിച്ചാലും ബിസിനസ്സ് മാത്രം ചെയ്യുന്ന കമ്മ്യൂണിറ്റിയിൽ പെട്ടവരാണവർ. അവരുടെ അടുക്കളയിൽ തെക്കുപടിഞ്ഞാറെ മൂലയിൽ ചെറിയ ഒരു ഗണപതിയും നിലവിളക്കും കത്തിച്ചു വച്ചിട്ടുണ്ട്. വീട്ടിൽ ആദ്യം ഉണ്ടാക്കുന്ന ഭക്ഷണത്തിന്റെ ഒരു ഭാഗം അവിടെ വച്ചശേഷം മാത്രമേ എല്ലാവരും കഴിക്കുകയുള്ളൂ. പല വീടുകളിലും കോണിച്ചുവട്ടിൽ പൂജാമുറിയുണ്ട്.

പല വീടുകളിലും വീടിന്റെ മുകൾഭാഗം നിരപ്പായിട്ടാണ് വാർക്കുന്നത്. കോണിക്കു വേണ്ടി ചരിച്ചു വാർക്കുന്നു. മുകളിലെ മുറിയിൽ ചവുട്ടി നടക്കുന്നില്ലേ. അതുപോലെ തന്നെയാണ് കോണിമുറിയും. കോണിച്ചുവട്ടിൽ പൂജാമുറിയുള്ള ധാരാളം വീടുകളുണ്ട്. അവിടെയെങ്ങും യാതൊരു കുഴപ്പവുമില്ല. ഊണുമുറിയിലും, അടുക്കളയിലും ഫോട്ടോ വച്ച് വിളക്കു കൊളുത്തി പ്രാർത്ഥിക്കാം. എവിടെയായാലും കിഴക്കോട്ടോ, പടിഞ്ഞാട്ടോ തിരിഞ്ഞു നിന്ന് മാത്രം വിളക്കുകൊളുത്തുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ഉദയം അഥവാ അസ്തമയം ദൈവത്തിനു കാണത്തക്കവിധം വേണം പൂജാമുറിയുടെ സ്ഥാനം.





ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# തോട്ടുവ ശ്രീധന്വന്തരിക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ധന്വന്തരീമഹംവന്ദേ വിഷ്ണുരൂപം ജനാർദ്ദനം
യസ്യ കാരുണ്യ ഭാവേന രോഗമുക്തോ ഭവേത്ജ്ജന :

ഭാർഗ്ഗവക്ഷേത്രം എന്നറിയപ്പെടുന്ന നമ്മുടെ പുണ്യഭൂമി നിരവധി പുണ്യക്ഷേത്രങ്ങളെക്കൊണ്ടു സമ്പന്നമാണ്. സർവ്വ ചരാചരങ്ങൾക്കും ആമയരഹിതമായി ഈ മണ്ണിൽ ജീവിക്കുവാൻ അനുഗ്രഹവർഷങ്ങൾ ചൊരിയുന്ന ദേവചൈതന്യമാണ് ശ്രീ ധന്വന്തരീമൂർത്തി. മുജ്ജന്മകർമ്മഫലങ്ങളുടെ ഫലമായി അനുഭവിക്കേണ്ടി വരുന്ന രോഗാവസ്ഥയിൽ നിന്നും പ്രപഞ്ചത്തിലെ ജീവജാലങ്ങളെ അമൃതം നൽകി അനുഗ്രഹിക്കുന്ന ദേവനാണ് അമൃതകുംഭവുമായി അവതരിച്ച ശ്രീ ധന്വന്തരീ ഭഗവാൻ. വിഷ്ണു ഭഗവാന്റെ അവതാരമായ ശ്രീധന്വന്തരീ ഭഗവാനാണ് പ്രപഞ്ചത്തിലെ സകല ചരാചരങ്ങൾക്കും ആരോഗ്യം നൽകി കാത്തു രക്ഷിക്കുന്നത്. ജനനത്തിനും മരണത്തിനും ഇടയിലുള്ള ജീവിതായോധനത്തിൽ കയറ്റത്തിനും ഇറക്കത്തിനും വീഴ്ചക്കും എഴുന്നേൽപിനും നടപ്പിനും ഓട്ടത്തിനുമിടയിൽ നാം ചിലപ്പോൾ തളർന്നു പോകാറുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നമ്മുടെ ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന ഒരു ശക്തിവൈഭവം സാന്ത്വനമായി നമുക്കനുഭവപ്പെടാറുണ്ട്. ആ ശക്തിയെ നമുക്ക് ഈശ്വരകടാക്ഷം എന്നു വിവക്ഷിക്കാം. അതിനെ മറന്നു പോകാതിരുന്നാൽ ജീവിതായോധനത്തിൽ നമുക്കു വിജയം നേടാം. ജീവിതയാത്രയിൽ ഉണർവ്വും ഉന്മേഷവും സന്തോഷവും സമാധാനവും നൽകി അനുഗ്രഹിക്കുവാൻ ഭഗവാൻ ശ്രീമഹാവിഷ്ണു പല രൂപത്തിലും ഭാവത്തിലും ഭൂമിയിൽ കുടികൊള്ളുന്നു.

ആഴിയിൽ നിന്നും അവതരിച്ച ആതുരസേവനത്തിന്റെ നാഥനായ ശ്രീധന്വന്തരിമൂർത്തി ദേശനാഥനായി വിരാജിക്കുന്ന ഒരു പ്രൗഢഗംഭീരമായ ക്ഷേത്രമാണ് തോട്ടുവശ്രീധന്വന്തരിക്ഷേത്രം. ഒരു തോടിന്റെ കരയിൽ സ്ഥിതിചെയ്യുന്ന അതിപുരാതനമായ ക്ഷേത്രമാണിത്. പ്രശാന്ത സുന്ദരമായ ഒരു ഗ്രാമപ്രദേശമാണ് തോട്ടുവ ഗ്രാമം. ഈ ഗ്രാമത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന ഒരു തോടാണ് ഈ ഗ്രാമത്തിന്റെ തോട്ടുവ എന്ന പേരിനാധാരമായിരിക്കുന്നത്. തോടിന്റെ വായ്ഭാഗമാണ് ഈ പ്രദേശം. അതിനാൽ ഈ സ്ഥലം തോട്ടുവാ എന്നറിയപ്പെട്ടു. ഈ തോടിന്റെ തീരത്താണ് തോട്ടുവ ശ്രീധന്വന്തരിമൂർത്തിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഗ്രാമഹൃദയത്തിലൂടെ പടിഞ്ഞാറോട്ട് ഒഴുകി വരുന്ന ഈ തോട് ശ്രീധന്വന്തരീക്ഷേത്രസമീപമെത്തുമ്പോൾ തന്റെ ഒഴുക്ക് കിഴക്കോട്ടാക്കി ഒഴുകി പെരിയാറിൽ സംഗമിക്കുന്നു. തോട്ടുവ തോട്ടിൽ മുങ്ങിക്കുളിച്ച് തോട്ടുവ തേവരെ വണങ്ങുന്നതും അവിടുത്തെ തീർത്ഥം സേവിക്കുന്നതും സർവ്വരോഗശമനത്തിനും സർവ്വൈശ്വര്യത്തിനും ഉത്തമമെന്നാണ് ഭക്തർ വിശ്വസിക്കുന്നത്. ധാരാളം ഭക്തജനങ്ങൾ ഇങ്ങനെ തോട്ടിൽ കുളിച്ച് ധന്വന്തരി ഭജനത്തിലൂടെ രോഗമുക്തി നേടിയിട്ടുള്ളതായി അനുഭവസ്തർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. പെരിയാറിൽ നിന്നും മുന്നൂറു മീറ്റർ ദൂരത്തിൽ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന തോട്ടുവ ശ്രീ ധന്വന്തരി ക്ഷേത്രത്തിന് അയ്യായിരത്തോളം വർഷങ്ങളുടെ പഴക്കമുണ്ട് എന്നു വിശ്വസിക്കുന്നു. പരശുരാമപ്രതിഷ്ഠിതമായ ഈ ക്ഷേത്രത്തിലെ വിഗ്രഹം ആദിധന്വന്തരി ഭാവ

ത്തിലുള്ളതാണ്. ചതുർബാഹുവായ ധന്വന്തരിമൂർത്തിയുടെ വിഗ്രഹം അഞ്ച് അടിയിലേറെ ഉയരത്തിലാണ് കാണപ്പെടുന്നത്. ഈ വിഗ്രഹത്തിന്റെ വലംകയ്യിൽ ചക്രവും ഇടംകയ്യിൽ ശംഖും താഴത്തെ വലംകയ്യിൽ അമൃതകുംഭവും ഇടംകയ്യിൽ സർവ്വരോഗസംഹാരിയായ ജളൂകവുമാണ് കാണപ്പെടുന്നത്. ആരോഗ്യവും രോഗമുക്തിയും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുവാനായി പ്രപഞ്ചത്തിൽ കുടികൊള്ളുന്ന ദേവചൈതന്യഭാവമാണ് ശ്രീവിഷ്ണുഭഗവാന്റെ ശ്രീധന്വന്തരീമൂർത്തീഭാവം. ഭഗവാൻ ഈ ചൈതന്യഭാവത്തിൽ കുടികൊള്ളുന്ന ഒരു പുണ്യപുരാതനക്ഷേത്രമാണ് തോട്ടുവ ശ്രീധന്വന്തരിക്ഷേത്രം.

ഇന്ന് തോട്ടുവ ശ്രീധന്വന്തരിക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും അല്പം അകലെയായി ഒരു മലയിൽ മൂന്നു ബ്രാഹ്മണ ഇല്ലങ്ങൾ സ്ഥിതി ചെയ്തിരുന്നു. ഓരോ ഇല്ലക്കാർക്കും പ്രത്യേകം പ്രത്യേകം കുലദേവതമാരും ഉണ്ടായിരുന്നു. അവർ അവരുടെ പരദേവതകളായി പരമശിവൻ മഹാവിഷ്ണു, ഭഗവതി എന്നീ ദേവതകളെ ഉപാസിച്ചിരുന്നു. ഈ മൂന്ന് ഇല്ലക്കാരും സാമാന്യം നല്ല സാമ്പത്തിക സ്ഥിതിയുള്ളവരും ആയിരുന്നു. ഒരിക്കൽ ശ്രീശങ്കരാചാര്യ സ്വാമികൾ തന്റെ സാധാരണ വസ്ത്രധാരണ രീതിയിൽ അല്പം മാറ്റം വരുത്തി ഈ ബ്രാഹ്മണ ഇല്ലങ്ങളിൽ ഭിക്ഷക്കായി എത്തി. സ്വാമിയെ ആ ബ്രാഹ്മണർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. ഭിക്ഷയായി ഒന്നും നൽകാതെ അവർ അദ്ദേഹത്തെ അപമാനിച്ച് മടക്കി അയച്ചു. കാലക്രമത്തിൽ ഈ ഇല്ലങ്ങളിലുള്ളവർ സമ്പന്നതയിൽ നിന്നും ദാരിദ്ര്യത്തിലേക്കു ചെന്നു പതിച്ചു. അവർക്ക് നിത്യവൃത്തിക്കുപോലും ഗതിയില്ലാതായപ്പോൾ അവർ ആ സ്ഥലം ഉപേക്ഷിച്ചു പോകുവാൻ നിർബന്ധിതരായി. ആ മൂന്നു ബ്രാഹ്മണഇല്ലങ്ങളിലുള്ളവരും അവരുടെ ആരാധനാ വിഗ്രഹങ്ങളുമായി പുഴയും കടന്ന് കുറിച്ചിലക്കോട് എന്ന ദേശത്തെത്തി. ആ സ്ഥലത്ത് അവരുടെ ആരാധനാവിഗ്രഹങ്ങളെയും പ്രതിഷ്ഠിച്ചാരാധിച്ച് അവിടെ കഴിയാം എന്നിവർ നിശ്ചയിച്ചു.വിഗ്രഹങ്ങളെ ഓരോ സ്ഥലങ്ങളിലായിവെച്ച് പൂജിച്ച് നിവേദ്യം തയ്യാറാക്കി നിവേദിക്കുവാനും തീരുമാനിച്ചു. നിവേദ്യം തയ്യാറാക്കുവാൻ മൂന്നു കൂട്ടരും മുളയുടെ വിറകാണ് ഉപയോഗിച്ചത്. ഇവരിൽ രണ്ടു ഇല്ലങ്ങളിൽ നിന്നുള്ളവർ മുളവിറക് മലർത്തി വച്ചു കത്തിക്കുകയും അവരുടെ നിവേദ്യം വേഗം പാകമാവുകയും ചെയ്തു. എന്നാൽ മൂന്നാമത്തെ ഇല്ലത്തുനിന്നും ഉള്ളവർ മുളവിറക് കമഴ്ത്തിവച്ചു കത്തിച്ചതിനാൽ സമയത്തിന് നിവേദ്യം പാകപ്പെടുത്തുവാൻ അവർക്കു കഴിഞ്ഞില്ല. മറ്റു രണ്ടില്ലക്കാരും രണ്ടു സ്ഥലങ്ങളിലായി ഉപാസനാമൂർത്തികളെ പ്രതിഷ്ഠിച്ച് നിവേദ്യങ്ങളും സമർപ്പിച്ചു. നിവേദ്യം സമയത്തിനു തയ്യാറാക്കാൻ കഴിയാതിരുന്ന വൈഷ്ണവാരാധകരായ ബ്രാഹ്മണർ അവരുടെ വിഗ്രഹം പ്രതിഷ്ഠിക്കുവാനാകാതെ വന്നപ്പോൾ ആ സ്ഥലത്തു നിന്നും പോകുവാൻ തീരുമാനിച്ചു. അവരുടെ ആരാധനാവിഗ്രഹവുമായി അവർ തോട്ടുവ എന്ന ഗ്രാമത്തിലെത്തിച്ചേർന്നു. അതിവിശാലമായ ഒരു പറമ്പിൽ തകർന്ന ഒരു ക്ഷേത്രത്തിന്റെ ചില ഭാഗങ്ങൾ കാണുകയും അവിടെ അവരുടെ കുട കുത്തി നിർത്തുകയും ആരാധനാമൂർത്തിയെ അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. കുട കുത്തി വച്ച സ്ഥലത്തിന് കുടപ്പാടം എന്നു പേരും കിട്ടി. ഇന്നും ഈ സ്ഥലം കുടപ്പാടം എന്ന പേരിൽ തന്നെയാണ് അറിയപ്പെടുന്നത്. ബ്രാഹ്മണർ കുട കുത്തിയ സ്ഥലത്ത് വിഗ്രഹപ്രതിഷ്ഠ നടത്തിയെങ്കിലും ആ കാലഘട്ടങ്ങളിൽ ദേവന്റെ നിത്യനിവേദ്യത്തിന് വക ഒന്നും ഇല്ലല്ലോ എന്ന ചിന്ത അവരെ വിഷമത്തിലാക്കി. ഒരു ദിവസം പൂജകൾ ചെയ്തിരുന്ന ബ്രാഹ്മണൻ നിവേദ്യത്തെപ്പറ്റി ആലോചിച്ച് വിഷമിച്ചു കൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന് ഒരു അശ്ശരീരി കേൾക്കുവാനിടയായി. അങ്ങ് ഒന്നുകൊണ്ടും വിഷമിക്കേണ്ടതില്ല. ഞാൻ ഭക്തജനങ്ങളെക്കൊണ്ടു കഴിഞ്ഞുകൊള്ളാം എന്നായിരുന്നു ആ അശ്ശരീരി. ഇത് ഭഗവാന്റെ അരുളപ്പാടു തന്നെയായിരുന്നു . ഇന്നും തോട്ടുവ ക്ഷേത്രത്തിന് മറ്റു വരുമാനമാർഗ്ഗങ്ങളൊന്നും ഇല്ല. ഭക്തജനങ്ങളിൽ നിന്നും കിട്ടുന്നതാണ് തോട്ടുവ ക്ഷേത്രത്തിന്റെ വരുമാനം. പിന്നീട് ഇന്നു കാണുന്ന സ്ഥലത്ത് ക്ഷേത്രം സ്ഥാപിച്ച് പരശുരാമൻ പ്രതിഷ്ഠ നടത്തിയെന്നുമാണ് ക്ഷേത്ര ഐതിഹ്യം. അതിവിശാലമായ പറമ്പിന്റെ നടുവിൽ തോട്ടുവ തോടിന്റെ തീരത്ത് പാലാഴിമഥനസമയത്ത് ദേവരക്ഷാർത്ഥം അവതരിച്ച വിഷ്ണ്വംശമായ ശ്രീധന്വന്തരി ഭഗവാൻ തോട്ടുവ ശ്രീധന്വന്തരിക്ഷേത്ര ശ്രീകോവിലിൽ ദേശനാഥനായി ഭക്തജനങ്ങൾക്കും നാടിനും സർവ്വൈശ്വര്യവും നൽകി അനുഗ്രഹിച്ചുകൊണ്ട് വിരാജിക്കുന്നു. ദേശനാഥനും ഭക്തവത്സലനുമായ ഭഗവാൻ ഭക്തജനങ്ങളെ രോഗദുരിതങ്ങളിൽ നിന്നും രക്ഷിച്ച് ആയുരാരോഗ്യസൗഖ്യം നൽകി അനുഗ്രഹിക്കുന്നു. തോട്ടുവ തോട്ടിൽ മുങ്ങിക്കുളിച്ച് ഭഗവാനെ ഭക്തിപൂർവ്വം തൊഴുതു പ്രാർത്ഥിച്ചാൽ ഏതു മാറാ രോഗത്തിനും ശാന്തിയുണ്ടാകുമെന്ന് ഭക്തർ ഉറച്ചു വിശ്വസിക്കുന്നു. മാസത്തിലൊരു ദിവസമെങ്കിലും ഇവിടെ കുളിച്ചു തൊഴുന്നത് പതിവാക്കിയ ധാരാളം ഭക്തരുണ്ട്. ആതുരസേവനരംഗത്തു പ്രവർത്തിക്കുന്ന ധാരാളം ആളുകൾ ഈ ദേവസന്നിധിയിൽ ദർശനത്തിനായി എത്താറുണ്ട്. സിദ്ധിയും ബുദ്ധിയും മരുന്നും മന്ത്രവും ഒത്തുചേരുന്ന ഒരു മഹാപ്രഭാവം ഈ ദേവസന്നിധിയിലെ പ്രാർത്ഥനയിലൂടെ സ്വായത്തമാകുന്നു.

ഒരിക്കൽ രോഗഗ്രസ്ഥനായ ഒരാൾ തനിക്കിനി





ജീവിതമില്ല തന്റെ മരണം ആസന്നമായിക്കൊണ്ടിരിക്കുന്നു എന്നു ചിന്തിച്ചു വിഷമിച്ചിരിക്കുമ്പോൾ ഒരു ധന്വന്തരീ ഭക്തൻ അദ്ദേഹത്തെ കാണാനെത്തുകയും തോട്ടുവയിൽ പോയി ധന്വന്തരീ ഭഗവാനെ അഭയം പ്രാപിക്കൂ എന്ന് ഉപദേശിക്കുകയും ചെയ്തു. ആ ഭക്തന്റെ നിർദ്ദേശപ്രകാരം അദ്ദേഹം തോട്ടുവയിൽ കുളിച്ചു തൊഴുത് അവിടെ ഭജനമിരിക്കുകയും അദ്ദേഹത്തിന്റെ രോഗത്തിനു ശമനമുണ്ടാവുകയും പൂർണ്ണ ആരോഗ്യവാനായി മാറുകയും ചെയ്തു. പിന്നീട് അദ്ദേഹം വൈദ്യം പഠിച്ച് ആയുർവേദ വൈദ്യനായി ഏറെക്കാലം ജീവിച്ചിരുന്നു എന്നും പഴമക്കാർ പറയുന്നു. തോട്ടുവ ധന്വന്തരിമൂർത്തിയുടെ അനുഗ്രഹത്താൽ രോഗമുക്തി നേടിയവരെപ്പറ്റി ഐതിഹ്യമാലയിലും പ്രതിപാദിച്ചിട്ടുണ്ട്. പണ്ട് ബ്രാഹ്മണ സമുദായത്തിൽപ്പെട്ട ഒരാൾക്ക് ഒരു മഹാരോഗം പിടിപെടുകയും അദ്ദേഹം ചികിത്സക്കായി ഒരു വൈദ്യനെ സമീപിക്കുകയും ചെയ്തു. വൈദ്യർ അദ്ദേഹത്തിന്റെ രോഗമുക്തിക്കായി പെരുമ്പാമ്പിന്റെ നെയ്യ് സേവിക്കുവാൻ നിർദ്ദേശിച്ചു. ബ്രാഹ്മണനായ ആ രോഗി വൈദ്യരുടെ നിർദ്ദേശം സ്വീകരിക്കാൻ വിസമ്മതിച്ചു. തന്റെ രോഗമുക്തിക്കെന്തു മാർഗമാണ് എന്നു ചിന്തിച്ചുകൊണ്ടിരുന്ന അദ്ദേഹം തോട്ടുവ ധന്വന്തരി മൂർത്തിയുടെ ഭക്തനായ ഒരാളെ കണ്ടുമുട്ടുകയും അദ്ദേഹം രോഗശമനത്തിനായി തോട്ടുവ തോട്ടിൽ നിത്യവും മുങ്ങിക്കുളിച്ച് ,ജലം കൈക്കുടന്നയിലെടുത്ത് ഭഗവാനെ പ്രാർത്ഥിച്ചുകൊണ്ട് തീർത്ഥമായി സങ്കല്പിച്ച് മൂന്നു പ്രാവശ്യം വീതം സേവിക്കുവാനും ഭഗവാനെ തന്നെ ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട് 12 ദിവസം ക്ഷേത്രത്തിൽ ഭജനമിരിക്കുവാനും ഉപദേശിച്ചു. രോഗാതുരനായ ബ്രാഹ്മണൻ ഭക്തന്റെ ഉപദേശപ്രകാരം തോട്ടുവയിലെത്തി തോട്ടിൽ നിത്യം കുളിച്ച് കൈക്കുമ്പിളിൽ ജലമെടുത്തു സേവിക്കുകയും ക്ഷേത്രത്തിൽ ഭജനമിരിക്കുകയും ചെയ്തു. ദിവസങ്ങൾ കടന്നു പോകുന്തോറും അദ്ദേഹത്തിന്റെ രോഗത്തിനു ശമനമുണ്ടാകുകയും ക്രമേണ അദ്ദേഹം രോഗമുക്തി നേടുകയും ചെയ്തു. പിന്നീടൊരിക്കൽ ബ്രാഹ്മണൻ രോഗചികിത്സക്കുവാണ്ടി സമീപിച്ച വൈദ്യനെ കാണാനിടയായി. തന്റെ രോഗമെല്ലാം മാറിയെന്നും താൻ ധന്വന്തരി ഭഗവാനെ പ്രാർത്ഥിച്ചതും ക്ഷേത്രത്തിൽ ഭജനമിരുന്നതുമായ വിവരങ്ങൾ ബ്രാഹ്മണൻ വൈദ്യനെ അറിയിച്ചു. വൈദ്യർ ഇതുകേട്ട് അത്ഭുതപ്പെട്ടു. വൈദ്യർ ബ്രാഹ്മണൻ കുളിച്ചിരുന്ന തോട്ടിലെ വെള്ളം പരിശോധിച്ചു. അദ്ദേഹം കുളിച്ചിരുന്ന കടവിന് അല്പം അകലെയായി പെരുമ്പാമ്പിന്റെ ജീർണ്ണശരീരം വെള്ളത്തിലേക്ക് ചാഞ്ഞു കിടക്കുന്ന ചെടികളിൽ തങ്ങിക്കിടക്കുന്നത് വൈദ്യർ കണ്ടു. ഈ പെരുമ്പാമ്പിന്റെ ശരീരത്തിൽ നിന്നും വെള്ളത്തിലൂടെ ഒഴുകി വന്ന നെയ്യാണ് ജലത്തോടൊപ്പം അദ്ദേഹം സേവിച്ചിരുന്നത്. ഈ ഔഷധവും തോട്ടുവ ധന്വന്തരി മൂർത്തിയുടെ അനുഗ്രഹവും കൊണ്ടാണ് രോഗമുക്തനായത് എന്ന് ബ്രാഹ്മണനും വൈദ്യനും മനസ്സിലായി. ഭഗവാൻ രോഗാതുരനായ ഭക്തനെ തന്റെ സമീപമെത്തിച്ച് ഔഷധം നൽകി രോഗമുക്തനാക്കി എന്നു തന്നെ വിശ്വസിക്കാം. തോട്ടുവ തേവരുടെ അനുഗ്രഹത്താൽ രോഗമുക്തരായതിന്റെ ഒട്ടേറെ അനുഭവകഥകൾ ഭക്തർ പങ്കു വെയ്ക്കുന്നു. ഈ അനുഭവ കഥകൾ ഈ ക്ഷേത്രത്തിന്റെ ചൈതന്യത്തേയും മാഹാത്മ്യത്തെയും വെളിപ്പെടുത്തുന്നു.

പുരാതനകാലം മുതൽ തന്നെ ഈ ക്ഷേത്രം ബ്രാഹ്മണരുടെ അധീനതയിലായിരുന്നു. ബ്രാഹ്മണരുടെ അധീനത്തിൽ നിന്നും ക്ഷേത്രാധികാരം കൈമൾമാരുടെ കൈയ്യിലെത്തിയതായും ദീർഘകാലം അവർ ക്ഷേത്രഭരണം നടത്തിയിരുന്നതായും ചരിത്രരേഖകളിൽ കാണപ്പെടുന്നുണ്ട്. ഇന്ന് ക്ഷേത്രകാര്യങ്ങൾ ശ്രീധന്വന്തരീമൂർത്തി സേവാട്രസ്റ്റിന്റെ മേൽനോട്ടത്തിലാണ് നടക്കുന്നത്. ഇരിങ്ങാലക്കുട തരണനല്ലൂർ ഇല്ലക്കാരാണ് ക്ഷേത്രത്തിലെ താന്ത്രികച്ചുമതല നിർവ്വഹിക്കുന്നത്. ഉയരമുള്ള കൊടിമരം ബലിക്കൽപ്പുരയും സാമാന്യം വലുപ്പമുള്ള ബലിക്കല്ലും ക്ഷേത്രശ്രീകോവിലും നാലമ്പലവും നമസ്കാരമണ്ഡപവും ചുറ്റമ്പലവും എല്ലാം ചേർന്ന് ഒരു മഹാക്ഷേത്രസമാനമായാണ് ഇന്ന് ഈ ക്ഷേത്രം കാണപ്പെടുന്നത്.

ഗണപതി, ശാസ്താവ്, ഭഗവതി, നാഗരാജാവ്, നാഗയക്ഷി, രക്ഷസ്സ് എന്നീ ഉപദേവതാപ്രതിഷ്ഠകളും ഈ ക്ഷേത്രത്തിലുണ്ട്. വെണ്ണയും പഴവും നിവേദിക്കുന്നതും പാൽപ്പായസനിവേദ്യവും പ്രധാനമാണ്. ധന്വന്തരീപൂജ, ധന്വന്തരീഹോമം, രോഗശമനമന്ത്രാർച്ചന, മുഴുക്കാപ്പ്, നിറമാല, ചുറ്റുവിളക്ക്, മുക്കുടി നിവേദ്യം, ചേന, ഉപ്പ്, അട്ടയും കുഴമ്പും, പാളയും കയറും, എന്നിവ സമർപ്പിക്കുന്നതും ഇവിടുത്തെ പ്രധാന വഴിപാടുകളാണ്. വിഷ്ണു ക്ഷേത്രങ്ങളിൽ നടത്താറുള്ള എല്ലാ വഴിപാടുകളും അവിടെയും നടക്കുന്നു. ദശാവതാരച്ചാർത്ത് തിരുവോണ നാളിലെ അന്നദാനം എന്നിവയും പ്രധാനമാണ്. ഇവയ്ക്കു പുറമെ ഭഗവാന് അഭിഷേകം നടത്തി കിട്ടുന്ന എണ്ണ പ്രസാദം വാതാദിരോഗങ്ങൾക്കും ത്വക് രോഗശമനത്തിനും ഉള്ള സിദ്ധൗഷധമാണ്. ധന്വന്തരി ഭജനത്തിലൂടെ രോഗമുക്തരായി ആയുരാരോഗ്യ സൗഖ്യങ്ങൾ നേടുവാൻ എല്ലാ ഭക്തജനങ്ങളേയും ഭഗവാൻ ശ്രീധന്വന്തരിമൂർത്തി അനുഗ്രഹിക്കട്ടെ.

ആഴിയിൽ നിന്നവതാരം ചെയ്തൊരു
ആദിനായക ധന്വന്തരിമൂർത്തേ
ആധിവ്യാധികൾ മാറ്റി തരേണമേ!
തോട്ടുവായിലമരും രമാപതേ!



# മഹാഭാരതം

# ഭഗവദ്ഗീത

## ആധുനിക മനശാസ്ത്രത്തിന്റേയും ആത്മീകതയുടേയും കാഴ്ചപ്പാടിൽ

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ഭാരതീയ സംസ്കാരം ജീവിതമൂല്യങ്ങളും ജീവിതവീക്ഷണവും കലയും സംഗീതവും നൃത്തവുമെല്ലാം കൂടിച്ചേർന്ന ഒരു തത്ത്വശാസ്ത്രമാണ്. വിശാലവും വൈവധ്യപൂർണ്ണവുമാണ്. ഇവക്കെല്ലാം പിറകിലുള്ള തത്ത്വശാസ്ത്രം വ്യക്തമായി മനസ്സിലാക്കിയാൽ മാത്രമേ ഭാരതീയ സംസ്കാരത്തെ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. തത്ത്വശാസ്ത്രരഹിതമായ ഒരു സംസ്കാരം പവിത്രമൂർത്തിയില്ലാത്ത ഒരൊഴിഞ്ഞ കോവിൽപോലെയാണ് എന്നാണല്ലോ വിശ്വചിന്തകനായ ഹെഗൽ പറയുന്നത്. ഭാരതീയചിന്തകർ പാശ്ചാത്യശാസ്ത്രജ്ഞരേപ്പോലെ തന്നെ എല്ലാറ്റിനും ഒരു കാരണമുണ്ടെന്നും പരിണാമപ്രക്രിയയിൽ വിശ്വസിച്ചും ഊർജ്ജസംരക്ഷണ സിദ്ധാന്തത്തിലും വിശ്വസിച്ചിരുന്നു. ഉപനിഷത്തുകളിൽ മനുഷ്യമനസിന്റെ തലങ്ങളേയും ആധുനികകാലഘട്ടം ചർച്ചചെയ്യപ്പെടുന്ന പോഷകാഹാര ചിന്തയിലും (ബ്രഹദാരണ്യ കോപനിഷത്) ഭൗതികശാസ്ത്രം പറയുന്നപോലെ നിരീക്ഷണവിധേയമായ പ്രപഞ്ചത്തിൽ മനുഷ്യൻ എന്ന നിരീക്ഷകന്റെ സ്ഥാനവും വ്യക്തമായി പ്രതിപാദിക്കുന്നു.

ഭാരതീയ തത്ത്വചിന്തയുടെ പ്രാധാന്യംതന്നെ ആ സംസ്കാരത്തിലെ പ്രധാന കേന്ദ്രം മനുഷ്യനാണ് എന്നുള്ളതാണ്. ഉപനിഷാദിക് കാലഘട്ടങ്ങളിൽ വിശ്വജനീനതയും മാനവികതയുമാണ് ചർച്ച ചെയ്യപ്പെട്ടിരുന്നത്. സാമൂഹ്യരാഷ്ട്രീയ അച്ചടക്കവും ആന്തരികമായി വിശ്വാസത്തിന്റെ അച്ചടക്കവും അവനിൽ പുതിയ ഉണർവ്വുണ്ടാക്കി. ആദ്ധ്യാത്മികത നൽകുന്ന മാനവതാബോധവും പ്രപഞ്ച ശക്തിയുടെ അതിവിശിഷ്ടതയും ഒത്തുചേർന്നുള്ള ഒരു ജീവിതദർശനം നമുക്കു നൽകിയതിൽ ഏറ്റവും വലിയ പങ്കു വഹിച്ച മഹദ്ഗ്രന്ഥമാണ് ഭഗവദ്ഗീത. യാഥാർത്ഥ്യങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ കിട്ടുന്ന അനുഭവം ഗീതയിലുടനീളം ഉദാഹരണ സഹിതം വിവരിക്കുന്നു. കഠോപനിഷത്തിൽ രഥം. കുതിരകൾ, കടിഞ്ഞാൺ, സാരഥി, യാത്രികൻ എന്നിവയെ കാട്ടിയാണ് വിവരണം നടത്തിയിരുന്നത്. രഥം നിരത്തിലിറക്കി ഓടിച്ചു ലക്ഷ്യത്തിലേക്ക് പോകുമ്പോൾ യാത്രയുടെ വിജയം റോഡിന്റെ മിനുസത്തേക്കാൾ കൂടുതലായി രഥത്തിന്റെ ശക്തിയും കുതിരയുടെ കഴിവും കടിഞ്ഞാണും അതു പിടിക്കുന്ന യാത്രികന്റെ ജ്ഞാനത്തേയും അടിസ്ഥാനപ്പെടുത്തിയാണ്. ഇങ്ങനെയൊക്കെ നമ്മൾ നോക്കിക്കാണുമ്പോൾ ഉപനിഷത്തിന്റെ ഒരു തുടർച്ചയായി നമുക്കു ഗീതയേ കാണാം. ഇതിൽ ജാതിയില്ല, മതമില്ല, മനുഷ്യൻ മാത്രമേയുള്ളു. അവന് സുഖവും നന്മയും വരണമെന്നുണ്ടെങ്കിൽ ചില അച്ചടക്കവും ആദർശബോധവും മനുഷ്യനുണ്ടാകണം. ശ്രീകൃഷ്ണൻ അർജ്ജുനനു നൽകിയ ഉപദേശമാണെന്നു പറയുന്നുണ്ടെങ്കിലും ഇതു മനുഷ്യരാശിക്കുള്ളതാണ്. ഭഗവത്ഗീത പറഞ്ഞു തരുന്ന വ്യക്തിയും അതു മനസ്സിലാക്കുന്ന വ്യക്തിയും ഒരുപോലെ ജ്ഞാനിയായിരിക്കണം.

ഭഗവത്ഗീതയെക്കുറിച്ച് പറയുന്നത് ഗീത കൃഷ്ണൻ അർജ്ജുനനെ വിഷാദരോഗത്തിൽ നിന്നും കരകയറ്റാൻ കൊടുത്ത ഉപദേശമെന്നാണ്. ജീവിതത്തിൽ പരീക്ഷണങ്ങൾ വന്നുപെടുമ്പോൾ മനുഷ്യൻ ദുർബ്ബലനാകും. അപ്പോളവനാവശ്യം മുൻപോട്ടു സധൈര്യം പോകാനും ഉത്സാഹഭരിതനായി ധർമ്മത്തെ ആചരിച്ച് കർമ്മം ചെയ്യാനും ഉള്ള കഴിവാണ്. അതുകൊണ്ട് അപ്പോൾ പറയുന്ന ആളുടെ ഓരോ വാക്കും പ്രചോദനം നൽകുന്നതായിരിക്കണം. അതുകൊണ്ടാണ് ഗീത ഉപദേശിക്കുന്നയാളെപ്പോലെ തന്നെയായിരിക്കണം വായിക്കുന്നയാളും. എന്നു പറയുന്നത്. ശ്രീകൃഷ്ണനും അർജ്ജുനനും മഹാഭാരത യുദ്ധത്തിലെ കക്ഷികളാണ്. അതുകൊ





ണ്ട് ഇതു യാഥാർത്ഥ്യവും. എന്തുചെയ്യണമെന്നറിയാതെ വിഷമിക്കുന്ന അർജ്ജുനന് ശക്തിവേണം. അതുകൊണ്ടാണ് ഈ പ്രതിസന്ധിയിൽ നിനക്കീ വിഷാദം എവിടെനിന്നും വരുന്നുവെന്ന് കൃഷ്ണൻ ചോദിക്കുന്നത്. ഇവിടെ ശ്രീകൃഷ്ണൻ നൽകുന്ന ദിവ്യ ഔഷധം ഇത്തരം മാനസികനിലയിലുള്ള ഏതൊരാൾക്കും ഫലിക്കും. ഇവിടെ യുദ്ധമുഖത്തു വെച്ചാണോ ഇത്രയും ദീർഘമായ വിവരണങ്ങൾ നൽകിയതെന്നൊക്കെ വ്യാഖ്യാനങ്ങൾ നല്കുന്നവരുണ്ട്. പക്ഷെ എവിടെയായാലും ഗീതയെന്ന മഹദ്ഗ്രന്ഥം ജീവിതത്തെ ധൈര്യത്തോടും പൂർണ്ണതയോടും കാണാൻ സഹായിക്കുന്നു.

മഹാഭാരതയുദ്ധം അനിവാര്യമായി എന്നു തോന്നിത്തുടങ്ങി. പുരോഹിതരും കൃഷ്ണനും തുടങ്ങി എല്ലാവരും മദ്ധ്യസ്ഥരായി പോയി. സൂചി കുത്താൻ സ്ഥലം പോലും നൽകില്ലാ എന്നു ദുര്യോധനൻ പറഞ്ഞു. ദുര്യോധനൻ യുദ്ധം ആഗ്രഹിച്ചു. എന്നാൽ പാണ്ഡവർ അയഞ്ഞു. ആ സമയം കൃഷ്ണൻ ചൂതുകളിയും പാഞ്ചാലീവസ്ത്രാക്ഷേപവും തുടങ്ങി അവരനുഭവിച്ച എല്ലാ ദുഖങ്ങളും ഓരോന്നായി പാണ്ഡവരെ ഓർമ്മപ്പെടുത്തി. ധൃതരാഷ്ട്രർ ദ്രോണരുടേയും ഭീഷ്മരുടേയും വിദുരരുടേയും മറ്റും വാക്യങ്ങൾ ശ്രവിച്ചു ഭയചകിതനായി. സഞ്ജയനെ വിളിച്ചുവരുത്തി പറഞ്ഞു, നമ്മളിൽ കൂറുള്ളവരാണ് പാണ്ഡവർ. അവരിൽ ദോഷബുദ്ധികളാരുമില്ല. പാണ്ഡവരെ പുകഴ്ത്തി തന്റെ വാക്കുകൾ അവിടെ ചെന്നു പറയണമെന്നും അവരുടെ ഹിതത്തിനു യോജിക്കുന്ന വിധത്തിൽ പറയുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നും പറഞ്ഞു. സഞ്ജയൻ പോയി യുധിഷ്ഠിരനെ കണ്ടു കുശലാന്വേഷണം നടത്തി. ധൃതരാഷ്ട്രരുടെ അറിവോടെയല്ല ദുര്യേധനൻ പ്രവർത്തിക്കുന്നത്. മിത്ര ദ്രോഹം പാപമാണ് എന്നൊക്കെ പാണ്ഡവരെ പുകഴ്ത്തി. ജയപരാജയങ്ങൾ തുല്യമാണ്. അതിൽ ഒരു ശ്രേയസ്സും ഇല്ലായെന്നും ദുഷ്കൃതജാതരേപ്പോലെ യുദ്ധം ചെയ്യരുതെന്നും യാചിക്കുന്നവർക്കു പാണ്ഡവർ പ്രാണൻ കൊടുക്കുന്നവരാണെന്നും മറ്റും സഞ്ജയൻ പറഞ്ഞു. ദോഷപൂർവ്വം കർമ്മം ചെയ്യാൻ പാർത്ഥന്മാർ ഒരുങ്ങുകയാണെങ്കിൽ ഇതിനു മുൻപ് ഈ കഷ്ടപ്പാടുകളെന്തിനു സഹിച്ചു. ഗുരുക്കളോട് ഇണങ്ങാതെ യുദ്ധത്തിനാണെങ്കിൽ പാണ്ഡവർ മൃതപ്രായമാകും. ഭീഷ്മർ ദ്രോണർ എന്നിവരെ ജയിക്കാൻ സാധിക്കില്ല. അഥവാ ജയിച്ചാൽ അതോടുകൂടി ആ ജേതാവിന് സർവ്വക്ഷയമുണ്ടാകും. ഭീഷ്മരേയും മറ്റും വധിച്ചിട്ട് ഭവാൻ നേടുന്ന സുഖം ഏതു വിധമുള്ളതാണ്. എത്ര ഭൂമി നേടിയാലും ജരാമൃത്യുക്കളെ ജയിക്കാൻ സാധിക്കില്ല എന്നൊക്കെയുള്ള സഞ്ജയന്റെ വാക്കുകൾ പാണ്ഡവരുടെ ഹൃദയത്തിലേക്കെത്തുന്നതായിരുന്നു. യുധിഷ്ഠിരൻ മറുപടി പറഞ്ഞുവെങ്കിലും പാണ്ഡവരുടെ മനസ്സിൽ ഇതു ശക്തമായി പതിച്ചു.

യുദ്ധമാരംഭിക്കുന്ന ഘട്ടമായി. വേദവ്യാസൻ ഹസ്തിനപുരിയിലെത്തി. ഈ യുദ്ധം കാണണമെങ്കിൽ കണ്ണുകൾക്കു കാഴ്ച തരാമെന്നു ധൃതരാഷ്ട്രരോടു പറഞ്ഞു. പക്ഷെ തനിക്ക് ആഗ്രഹമില്ലെന്നും സഞ്ജയനു വരം കൊടുക്കുവാനും പറഞ്ഞു. അങ്ങനെ സഞ്ജയൻ ദിവ്യചക്ഷുസ് ഉള്ളവനായി മാറി.

സഞ്ജയൻ ധൃതരാഷ്ട്രരോട് യുദ്ധസ്ഥലത്തെ വിവരണങ്ങൾ പറയുന്നതായിട്ടാണ് ഭഗവത്ഗീത നമുക്ക് ലഭ്യമായിട്ടുള്ളത്. വേദവ്യാസനാൽ രചിക്കപ്പെട്ട മഹാഭാരതത്തിൽ 18 അദ്ധ്യായങ്ങളോടു കൂടിയ മഹദ്വചനങ്ങളാണ് ഭഗവദ്ഗീത.

പരാശര്യവ്യചഃ സരോജമമലം ഗീതാർത്ഥ ഗന്ധോത്കടം

നാനാഖ്യാനകകേസരം ഹരികഥാ സംബോധനാബോധിതം

ലോകേ സജ്ജനഷ്ടപദൈരഹൈരഹഃ പേപീയമാനം മുദാ

ഭൂയാത് ഭാരത പങ്കജം കലിമലഃ പ്രധ്വംസിനഃ ശ്രേയസേ

വ്യാസന്റെ വാക്കുകളാകുന്ന തടാകത്തിൽ ജനിച്ചതും ഗീതയുടെ അർത്ഥമാകുന്ന സുഗന്ധത്തോടു കൂടിയതും നാനാ ഉപകഥകളാകുന്ന അല്ലികളോടു കൂടിയതും ഹരികഥകളെ വീണ്ടും വീണ്ടും ബോധിപ്പിക്കുന്നതിനാൽ വികസിതവും ലോകത്തിൽ സജ്ജനങ്ങളാകുന്ന വണ്ടുകൾ എപ്പോഴും സന്തോഷത്തോടെ മധു നുകരുന്നതുമായ മഹാഭാരതമെന്ന ഈ താമര നമുക്ക് ശ്രേയസിനെ നൽകട്ടെ.

ഈ ശ്ലോകത്തിൽ നിന്നുതന്നെ ഗീത മഹാഭാരതത്തിൽനിന്നാണെന്നും വ്യാസനാൽ വിരചിതമാണെന്നും കാണാം.

ഉത്കണ്ഠയോടുകൂടി കുരുക്ഷേത്രയുദ്ധത്തിൽ എന്താണ് നടക്കുന്നതെന്നറിയാൻ ധൃതരാഷ്ട്രർ സഞ്ജയനോട് ചോദിക്കുന്ന ചോദ്യത്തോടുകൂടിയാണ് ഭഗവത്ഗീത ആരംഭിക്കുന്നത്. ഇവിടെ മുതൽ ധൃതരാഷ്ട്രർ മൗനിയാണ്. ബാക്കി നാം കേൾക്കുന്നതെല്ലാം സഞ്ജയനിലൂടെയാണ്. രാജാവായ ദുര്യോധനൻ ദ്രോണാചാര്യരെ സമീപിച്ച് ധൃഷ്ടദ്യുമ്നന്റെ നേതൃത്വത്തിൽ ഉള്ള പാണ്ഡവപ്പടയെ

കാണാനാവശ്യപ്പെട്ടു. പാണ്ഡവസൈന്യത്തിലെ മഹാന്മാരായ യോദ്ധാക്കളുടെ വിശദവിവരങ്ങളാണ് അടുത്ത കുറെ ശ്ലോകങ്ങളിൽ വിവരിക്കുന്നത്. അതിനുശേഷം നമ്മുടെ പക്ഷത്തുള്ളവരെ ശ്രദ്ധിക്കാൻ പറയുന്നു. ഭീഷ്മരിൽ വിശ്വാസം കുറച്ചു കുറവായിരുന്നു ദുര്യോധനന്. പക്ഷെ ഭീഷ്മരെ സംരക്ഷിക്കുവാനും പറഞ്ഞു. ഭീഷ്മരുടെ നേതൃത്വഗുണത്തിൽ ദുര്യോധനന് വിശ്വാസമുണ്ടായിരുന്നു. ഇതെല്ലാമറിയാവുന്ന ഭീഷ്മർ എല്ലാവരേയും ഉത്സാഹഭരിതരാക്കാൻ ഉച്ചത്തിൽ ശംഖു വിളിച്ചു. പിന്നീട് എല്ലാവരുടേയും ശംഖുകൾ മുഴങ്ങി. ആകെ ശബ്ദകോലാഹലമായി. പാണ്ഡവപക്ഷത്തും ശംഖുകൾ മുഴങ്ങി.

സ ഘോഷോ ധാർത്തരാഷ്ട്രാണാം ഹൃദയാനി വ്യദായരത്

നഭശ്ച പൃഥിവീം ചൈവ തുമുലോ വ്യനുനാദയാൻ

ആ ശംഖുനാദം ആകാശത്തേയും ഭൂമിയേയും മാറ്റൊലികൊള്ളിച്ചുകൊണ്ട് ദുര്യോദനാദികളുടെ ഹൃദയത്തെ പിളർത്തി.

സഞ്ജയൻ പാണ്ഡവസേന ശക്തിമത്താണെന്നു പറയുന്നുമുണ്ട്. യുദ്ധത്തിൽ ഓരോരുത്തരുടേയും സ്ഥാനങ്ങളും പദവികളും കാണിക്കുന്നതിനായി കൊടിയുടെ അടയാളം നോക്കാറുണ്ട്. സേനകളിലെല്ലാം പദവികൾക്കനുസരിച്ചുള്ള നക്ഷതങ്ങളും നിറങ്ങളും പ്രദർശിപ്പിക്കുന്നതുപോലെ കൊടിയടയാളങ്ങളുമുണ്ട്. അർജ്ജുനന്റെ കൊടിയടയാളം ഹനുമാൻ. അർജ്ജുനൻ തന്റെ രഥത്തെ രണ്ടു സേനകളുടേയും മദ്ധ്യത്തിൽ നിർത്തണമെന്നു സാരഥിയായ കൃഷ്ണനോടു പറഞ്ഞു. യുദ്ധത്തിൽ ദുര്യോധനനെ ആരൊക്കെയാണ് സഹായിക്കുന്നതെന്നറിയാനും ആരോടൊക്കെയാണ് താൻ യുദ്ധം ചെയ്യേണ്ടതെന്നുനിശ്ചയിക്കുവാനും വേണ്ടി എല്ലാവരേയും കാണണമെന്നു അർജ്ജുനൻ പറഞ്ഞു. സഞ്ജയൻ പറയുകയാണ്, കൃഷ്ണൻ മദ്ധ്യഭാഗത്ത് രഥം നിറുത്തി. അർജ്ജുനൻ അവിടെ രണ്ടുഭാഗത്തുമുള്ളവരെ എല്ലാം കണ്ടു.

ഇവിടെയാണ് മനശാസ്ത്രപരമായ ഒരു പതർച്ച. അർജ്ജുനന്റെ ഉപബോധമനസ്സിലേക്ക് സഞ്ജയൻ ദൂതിനു വന്നപ്പോൾ പറഞ്ഞത് തെളിഞ്ഞുവന്നു. താൻ കൊല്ലേണ്ടവരാരാണ്? നാം പുറകോട്ടു പോകുകയാണെങ്കിൽ കൃഷ്ണൻ ദൂതിനു പോകുന്നതിനു മുൻപ് ഉണ്ടായ സംഭാഷണത്തിൽ അർജ്ജുനൻ പറയുന്നു. അധികപേരും ബന്ധുക്കളാണ്. സഹായികളാണെങ്കിൽ ഗുരുജനങ്ങൾ. അവരെ കൊല്ലുകയോ. ക്ഷത്രിയധർമ്മം കഷ്ടംതന്നെ. ശത്രുക്കളെയാണെങ്കിൽ പോലും വധിച്ചുകഴിഞ്ഞാൽ സങ്കടം തോന്നും, ദ്രൗപദിയെ സഭയിൽവെച്ച് അപമാനിച്ചതും ക്ഷമിക്കാം. ഇങ്ങനെയൊക്കെയുള്ള ഭീമന്റെയും ചിന്തകൾ, പിന്നെ നേരത്തെ പറഞ്ഞതുപോലെ സഞ്ജയൻ പറഞ്ഞത്. ഇതെല്ലാം ഒരുപക്ഷെ അർജ്ജുനന്റെ മനസ്സിൽ. കൂടി കടന്നുപോയിട്ടുണ്ടാവാം. എന്തായാലും അർജ്ജുനൻ തേർത്തട്ടിൽ തളർന്നുവീണു. ഇവിടെ ധീരനായ യോദ്ധാവിന്റെ ഭയവും നിരാശയുമല്ല മറിച്ച് മാനവികതയുടെ, മനുഷ്യത്വത്തിന്റ പ്രതീകമായ കുന്തീപുത്രനെയാണ് നാം കാണുന്നത്. മുൻപു വിവരിച്ചതുപോലെ മനസ്സ് വികാരവിക്ഷോഭങ്ങൾക്ക് അടിമപ്പെടുമ്പോൾ വിവേകവും കർത്തവ്യവും ഒരു നിമിഷം വ്യതിചലിക്കുന്നു. മനസ്സിന്റെ വ്യതിയാനം ശരീരത്തെ ബാധിക്കുന്നു. സ്വന്തം പിതാമഹനും ഗുരുക്കന്മാരും സഹോദരങ്ങളും എന്ന ചിന്ത എത്ര ധീരയോദ്ധാവായാലും മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മകൾ കുറച്ചുനേരത്തേക്കെങ്കിലും ഓടിവരും. അതറിയാവുന്ന ധൃതരാഷ്ട്രർ സഞ്ജയനെക്കൊണ്ട് പറയിക്കുകയും ചെയ്തിരുന്നു.

ഗാണ്ഡീവം സ്രംസതേ

ഹസ്താദ്ത്വക് ചൈവ പരിദഹ്യതേ

കയ്യിൽനിന്നും ഗാണ്ഡീവം വഴുതിപ്പോകുന്നു, ദേഹം മുഴുവൻ ചുട്ടുനീറുന്നു.

ആഹവേ സ്വജനം ഹത്വാ

ശ്രേയഃ ചന അപശ്യാമി

യുദ്ധത്തിൽ സ്വജനത്തെ കൊന്നിട്ട് ശ്രേയസുണ്ടാകുമെന്നു കരുതുന്നില്ല.

മനോബലം കുറയുമ്പോൾ അശാസ്ത്രീയമെന്നു കരുതുന്ന പലതും ശാസ്ത്രീയമെന്നു കരുതി പറയും. ആഗ്രഹങ്ങൾ മാറിമറിയും. വിജയം ആഗ്രഹിക്കുന്നില്ലായെന്നു പറയും. സഞ്ജയൻ പാണ്ഡവരോടു ചോദിച്ച ചോദ്യം. ഭീഷ്മർ ദ്രോണർ ഇവരെ ജയിക്കാൻ സാധിക്കില്ല, അഥവാ ജയിച്ചാൽ ആ ജേതാവിന് സർവ്വക്ഷയമുണ്ടാകും. ഇതുതന്നെയാണിവിടെ അർജ്ജുനൻ ചോദിക്കുന്നത്.

നഃ കാംക്ഷേ വിജയം കൃഷ്ണ

നരാജ്യേം കിം?

ഭോഗൈഃ ജീവിതേന വാ കിം?

രാജ്യം കൊണ്ടെന്തു പ്രയോജനം? ഭോഗങ്ങളെക്കോണ്ടോ ജീവിതംകൊണ്ടുതന്നെയോ എന്തു കാര്യം?





യുദ്ധംചെയ്യണമെന്നും നഷ്ടപ്പെട്ടത് വീണ്ടെടുക്കണമെന്നും തങ്ങളുടെ കഷ്ടപ്പാടുകൾക്ക് പകരം ചോദിക്കണമെന്നും ആഗ്രഹമുണ്ട്. പക്ഷെ ചെറുപ്പത്തിൽ തന്നെ അർജ്ജുനനിൽ അടിഞ്ഞുകൂടിയിരുന്ന പിതൃസമാനരോടുള്ള ബന്ധം അനുകമ്പ മുതലായ സദ്ഗുണങ്ങൾ അദ്ദേഹത്തിന്റെ മനസിനെ അലട്ടുന്നു;. ധർമ്മത്തിനെതിരായി മഹാപാപം ചെയ്യാൻ പറ്റില്ലാത്തതുകൊണ്ട് ആയുധം ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറാവുന്നു.

ഘ്നതോ ള പി മധുസൂദന

അപി ത്രൈലോക്യ രാജ്യസ്യ

ഹതോഃ അപി

ഇവരാൽ ഞാൻ കൊല്ലപ്പെട്ടാലും മൂന്നു ലോകാധിപത്യവും കിട്ടുമെന്നു വരികിലും ഇവരെ കൊല്ലാൻ ഞാനാഗ്രഹിക്കുന്നില്ല. പിന്നാണോ ഈ മണ്ണിനു വേണ്ടി ഞാൻ യുദ്ധം ചെയ്യുന്നത്. സ്വന്തം ബന്ധുജനങ്ങളെ വധിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഇങ്ങനെ പലകാര്യങ്ങളും പറഞ്ഞ് വിലപിച്ചു. യുദ്ധത്തിൽനിന്നും പിന്മാറാൻ തയാറായി. അതിനുശേഷം

സശരം ചാപം വിസൃജ്യ

രഥോപസ്ഥേ ഉപാവിശത്

അർജ്ജുനൻ അമ്പും വില്ലും താഴെയിട്ടു തേർത്തട്ടിൽ ഇരുന്നു.

## രണ്ടാമദ്ധ്യായം (സാംഖ്യയോഗം)

ഭഗവദ്ഗീത ഒന്നാമദ്ധായത്തിൽ യുദ്ധം ചെയ്യാതിരിക്കാനുള്ള അർജ്ജുനന്റെ വാദമുഖങ്ങളായിരുന്നു. അവിടെ ക്ഷമയോടുകൂടി ഇതെല്ലാം കേൾക്കുന്ന ശ്രീകൃഷ്ണനെയാണ് നാം കാണുന്നത്. ഇവിടെയങ്ങനെയല്ല. സഞ്ജയൻ അർജ്ജുനനെ വിവരിക്കുന്നത് കരഞ്ഞുകലങ്ങിയ കണ്ണോടുകൂടിയ അർജ്ജുനൻ എന്നാണ്. ധീരനും ധർമ്മിഷ്ഠനുമായ അർജ്ജുനൻ മനസ്സിന്റെ ദൗർബ്ബല്യത്താൽ തളർന്ന് തേർത്തട്ടിലിരിക്കുന്നു. താൽക്കാലികമായുണ്ടായ ഇത്തരം സ്വഭാവവിശേഷണങ്ങളെ നേരിട്ടു മുന്നോട്ടുപോകണമെങ്കിൽ അതിനുതക്ക പ്രചോദനം അയാൾക്കു കിട്ടണം. മനസ്സും ബുദ്ധിയും ഒരുമിച്ചു പ്രവർത്തിക്കേണ്ട സമയം. പക്ഷെ സാഹചര്യസമ്മർദ്ദങ്ങളുമായി കെട്ടുപിണഞ്ഞ് ബുദ്ധി ശരിക്കും പ്രവർത്തിക്കാതെ വേദനിക്കുന്ന അർജ്ജുനൻ. കണ്ണാടിയിലൂടെ വ്യക്തമായ രൂപം കാണണമെങ്കിൽ കണ്ണാടി വൃത്തിയായിരിക്കണം. അവനവനിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളെ കഴുകി വൃത്തിയാക്കി യഥാർത്ഥ സത്ത മനസിലാക്കിയെങ്കിൽ മാത്രമേ മനസ്സിന്റെ ശുദ്ധീകരണം നടപ്പാക്കാൻ സാധിക്കുകയുള്ളൂ. സ്വാമി വിവേകാനന്ദന്റെ ഭാഷയിൽ പറഞ്ഞാൽ തലച്ചോറും ഹൃദയവും മനസ്സും ഒരുമിക്കണം. ആധുനികമനശാസ്ത്രജ്ഞൻ കാൾ റോജേഴ്സിന്റെ ചികിത്സാരീതി വ്യക്തിയെ കേന്ദ്രീകരിച്ചും എല്ലിസ് എന്ന മനശാസ്ത്രജ്ഞന്റെ ചികിത്സയും വ്യക്തിഗതമാണ്. എല്ലിസിന്റെ അഭിപ്രായത്തിൽ മാനസ്സിക വ്യതിയാനത്തിന്റെ കാരണം തുടർച്ചയായ പരാജയമല്ല, മറിച്ച് പരാജയത്തെ എങ്ങനെ നേരിടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. പതഞ്ജലിയുടെ കാഴ്ചപ്പാടിൽ ഭൗതികചിന്തയിൽ നിന്നും മോചനം നേടണമെങ്കിൽ ഇന്ദ്രിയങ്ങളിൽ നിന്നും അകലം പാലിക്കണം. കാൾ റോജേഴ്സ് വ്യക്തിക്കും വൈകാരിതക്കും പ്രാധാന്യം കൊടുക്കുന്നു. മനുഷ്യന്റെ ശരിയായ രൂപവും കർത്തവ്യവും മനസ്സിലാക്കിയാൽ സർവ്വ ദുഃഖവും മാറും. ഇതിന് ബുദ്ധിയുടെ തലങ്ങളെ ഉണർത്തണം. ആധുനികമനശാസ്ത്രം പറയുന്നത് ബുദ്ധിയെ ഉത്തേജിപ്പിക്കുകയെന്നാണ്. മനശാസ്ത്രത്തിൽ പറയുന്ന ജീവിത നൈപുണ്യ പരിശീലനത്തിന്റെ ആദ്യത്തെ പടിതന്നെ സ്വയം അറിയുകയെന്നതാണ്.

ഇവിടെ ശ്രീകൃഷ്ണൻ സാധാരണ വികാരങ്ങൾക്കടിമപ്പെട്ട അർജ്ജുനനെ അതിശക്തമായ ബുദ്ധിയുടെ തലത്തിൽ നിന്നുകൊണ്ടാണ് വീക്ഷിക്കുന്നത്. ഇന്നു നാം സമൂഹത്തിൽ കാണുന്നത് അർജ്ജുനനേപ്പോലുള്ളവരേയാണ്. എന്തു ചെയ്യണമെന്നറിയില്ല, എങ്ങനെ മുന്നോട്ടു പോകണമെന്നും. പക്ഷെ കൃഷ്ണനേപ്പോലെ ഒരു ഗുരുവില്ല എന്നതാണ് ഇന്നത്തെ പ്രശ്നം. കൃഷ്ണൻ അർജ്ജുനന്റെ സത്ത അദ്ദേഹത്തെ ഓർമ്മിപ്പിക്കുന്നു. ഈ അദ്ധ്യായം ഇന്നത്തെ മാനവരാശിക്ക് പഠിക്കേണ്ട ഒന്നു തന്നെയാണ്. പെരുമ്പാമ്പു പിടിക്കുന്ന വലിയ ഇരയെ നീർക്കോലി പിടിച്ചാലെങ്ങനെയിരിക്കും. ഇര വലുതാണെങ്കിൽ പിടിക്കുന്ന ആളും വലുതായിരിക്കണം എന്ന തത്ത്വമാണ് കാണുന്നത്. ശക്തനായ ശിഷ്യന് അതിശക്തനായ ഗുരുവും. ശ്രീകൃഷ്ണൻ പറയുന്നത് വീരനായ അർജ്ജുനന് ചേരാത്ത പ്രവർത്തി എന്തുകൊണ്ടുണ്ടായി എന്നാണ്. ക്ഷുദ്രമായ ഈ ഹൃദയബലഹീനത ഉപേക്ഷിക്കൂ എന്നാണ്.

ദുര്യോധനന്റേയും അർജ്ജുനന്റേയും മാനസികാവസ്ഥയിലുള്ള ധാരാളംപേരെ നമുക്കിന്നു കാണാം. ദുര്യോധനന് തന്റെ അവസ്ഥ അറിയാം. അതിൽ നിന്നും രക്ഷപ്പെടാൻ അയാൾ കണ്ടുപിടിച്ച മാർഗ്ഗം വൈരാഗ്യവും പകയും ഗുരുതുല്ല്യരെ നിന്ദിക്കുകയുമാണ്. പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാ

നുള്ള അവസരം വരുമ്പോൾ മനസ്സ് ഛരിന്നഭിന്നമാകുമെന്നുള്ളതിൽ സംശയമില്ല. ചിലർ രക്ഷപ്പെടാൻ പല മാർഗ്ഗങ്ങളും ഉപയോഗിക്കും. ദുര്യോധനനും അർജ്ജുനനും ചെയ്തതതാണ്. വ്യത്യസ്ത രീതിയിലാണെന്നു മാത്രം. അർജ്ജുനൻ ശ്രീകൃഷ്ണനെ അഭയം പ്രാപിക്കുന്നു. കൃഷ്ണനാണെങ്കിൽ അർജ്ജുനന്റെ അവസ്ഥ മനസ്സിലായി. ഏതെങ്കിലും തരത്തിൽ അർജ്ജുനനെ ഉയർത്തണമെങ്കിൽ അർജ്ജുനന്റെ മനസ്സിന് ശാന്തത വരണം. ആ പദ്ധതിയാണ് ഇവിടെ നടപ്പിലാക്കിയത്. സ്വയം തിരിച്ചറിയുക എന്ന മാനസികചികിത്സ. രാമായണത്തിൽ ജാംബവാൻ ഹനുമാനു നൽകിയ ചികിത്സാരീതിയും ഇതുതന്നെയാണ്. സ്വന്തക്കാരെ വധിച്ചാൽ പിന്നെയെന്താണ് നമ്മുടെ ജീവിതം എന്നു തുടങ്ങി

കാർപണ്യ ദോഷോപഹതസ്വഭാവഃ
പൃച്ഛാമി ത്വാം ധർമ്മസമ്മൂഢചേതാഃ
യച്ഛ്രേയഃ സ്യാന്നിശ്ചിതം ബ്രൂഹി തന്മേ
ശിഷ്യസ്തേ ള ഹം ശാധി മാം ത്വാം പ്രപന്നം

കാർപ്പണ്യദോഷംകൊണ്ട് നശിപ്പിക്കപ്പെട്ടവനും ധർമ്മത്തെ തിരിച്ചറിയാൻ കഴിയാത്തവനും ആയ ഞാൻ ചോദിക്കുന്നു ഏതാണ് എനിക്കു ശ്രേയസ്കരമായിട്ടുള്ളത്? ഞാൻ അങ്ങയെ ശരണം പ്രാപിക്കുന്നു. ശിഷ്യനായ എന്നെ ഉപദേശിച്ചാലും.

അർജ്ജുനൻ അനുഭവിക്കുന്ന മനപ്രയാസമാണ് കാർപ്പണ്യദോഷം മൂലമെന്നു പറയിപ്പിക്കുന്നത്. അതായത് ദൈന്യം അഥവാ ചാപല്യംകൊണ്ട് തന്റെ സ്വഭാവം നശിക്കപ്പെട്ടിരിക്കുന്നു. ഇത് താൽക്കാലികമാണെന്നും ചിന്തിക്കാൻ അർജ്ജുനനു കഴിയുന്നില്ല. കൂടാതെ സമ്പദ്സമൃദ്ധമായ രാജ്യമോ ദേവാധിപത്യമോ ലഭിച്ചാലും എന്റെ ദുഃഖത്തെ ഇല്ലാതാക്കാൻ അതിനു കഴിയില്ലയെന്നു വിശ്വസിക്കുന്നു. അർജ്ജുനന്റെ മനസ്സിന് ഭ്രമംമൂലം വിവേകം നശിച്ചു. പക്ഷെ എല്ലാംതികഞ്ഞ ഈശ്വരനെ അഭയം പ്രാപിക്കുന്ന അർജ്ജുനനെയാണ് നാം കാണുന്നത്. ഇതാണ് ദുര്യോധനനും അർജ്ജുനനും തമ്മിലുള്ള വ്യത്യാസം. തെറ്റുകൾ സംഭവിക്കുമ്പോഴും വിഭ്രാന്തി ഉണ്ടാകുമ്പോഴും ശക്തരായ ആളുകളുടെ ഉപദേശം ചോദിക്കുവാനും വിവേകപൂർണ്ണമായി പെരുമാറുവാനും കഴിയണമെങ്കിൽ ചോദിക്കുന്നയാൾ ശക്തനായിരിക്കണം. അർജ്ജുനൻ പരിഭ്രാന്തനായപ്പോൾ ശ്രീകൃഷ്ണൻ സമാധാനപ്രിയനായി വർത്തിക്കുന്നു. ഭഗവാൻ പറയുന്നു:

ന ത്വേവാഹം ജാതു നാസം
ന ത്വം നേമേ ജനാധിപാഃ
ന ചൈവ ന ഭവിഷ്യാമ
സർവ്വേ വയമതഃ പരം

ഞാനും നീയും ഒരുകാലത്തും ഇല്ലാതിരുന്നിട്ടില്ല. അതുപോലെ രാജാക്കന്മാരും ഒരിക്കലും ഇല്ലാതിരുന്നിട്ടില്ല. ഇനി മേലിൽ ഇല്ലാതാവുകയുമില്ല. ജീവിതത്തിൽ കൗമാരം യൗവ്വനം ജര എന്നീ മാറ്റങ്ങൾ ഉണ്ടാകുന്നതുപോലെ മരിച്ചുകഴിഞ്ഞാൽ വേറൊരു ശരീരം ഉണ്ടാകുന്നു. വിവേകശാലികൾ ഈ മാറ്റത്തിൽ ദുഃഖിക്കുന്നില്ല. ഇവിടെ ഹിന്ദുമതത്തിലെ ഒരു വിശ്വാസപ്രമാണമായ പുനർജന്മം എന്നതിനെയാണ് ശ്രീകൃഷ്ണൻ പറയുന്നത്. ശങ്കരാചാര്യർ ഭജഗോവിന്ദം എന്ന കൃതിയിൽ തന്നെ പുനരപി ജനനം പുനരപി മരണം ഈ സംസാരത്തിൽ ഇങ്ങനെയാണെന്നു പറയുന്നതാണ് ഓർമ്മയിൽ വരുന്നത്. എപ്പോഴും നാം ശരീരവുമായി ബന്ധപ്പെടുത്തിയാണ് നോക്കിക്കാണുന്നത്. ധാർമ്മികമായി ഉയർന്ന ചിന്തയാണിവിടെ ആവശ്യം. മാണ്ഡൂകോപനിഷത്തിൽ ജീവാത്മാവും പരമാത്മാവും ഒന്നാണെന്നു പറയുന്ന കഥയിതാണ്. ഒരു വൃക്ഷത്തിൽ രണ്ടു പക്ഷികൾ ഇരിക്കുന്നു. ഒരു പക്ഷി വന്ന് ഫലം കഴിച്ച് വിശപ്പു മാറ്റുന്നു. മറ്റേ പക്ഷി തന്റെ ദുർവിധി ഓർത്ത് വിലപിക്കുന്നു. ആത്മനിയന്ത്രണമാണിവിടെ ആവശ്യം. ശുദ്ധചൈതന്യമായ മനുഷ്യന്റെ ശരിയായ രൂപം മനസ്സിലാക്കിയാൽ ദൗബ്ബല്യം അകലും. ഇന്നു മനുഷ്യൻ പരീക്ഷണശാലകളിലെ യന്ത്രംപോലെയാണ്. ആന്തരികശക്തിയെ വികസിപ്പിക്കുന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ യഥാർത്ഥ ഗുരുവാണാവശ്യം. രാവണൻ ശ്രീരാമനെ ജയിക്കാൻ ശുക്രാചാര്യരെ സമീപിക്കുന്നു. ആചാര്യർ ദേവപ്രീതിക്ക് യാഗം നടത്താൻ ഉപദേശിച്ചു. രാവണന്റെ അഹങ്കാരം അർജ്ജുനനില്ല. അതുകൊണ്ട് കൃഷ്ണനെ അഭയം പ്രാപിച്ചു. സാധാരണ മനുഷ്യരും ഇത്തരം സന്ദർഭങ്ങളിൽ വൈകാരിക നിലവാരത്തിൽനിന്നും ധാർമ്മികതയിലേക്കു നീങ്ങണം. കർമ്മഫലത്തേക്കുറിച്ചല്ല ചിന്തിക്കേണ്ടത്. കൗസല്യ, ലക്ഷ്മണൻ, ദശരഥൻ തുടങ്ങിയ കഥാപാത്രങ്ങൾ മനോദൗർബ്ബല്യം സംഭവിച്ചപ്പോൾ ആത്മഹത്യാഭീഷണി മുഴക്കി രാമായണത്തിൽ. ശ്രീരാമനും വസിഷ്ഠനും മറ്റും ദിവ്യ ഔഷധം നൽകി. ഇവിടെ സ്വന്തമായി തീരുമാനമെടുക്കാനുള്ള കഴിവില്ലായ്മ, എല്ലാവരേയും അഭിമുഖീകരിക്കാനുള്ള മടി, ഇതൊക്കെയാണ് അർജ്ജുനന്റെ പ്രശ്നം. ക്ഷത്രിയ ധർമ്മം രാജ്യസേവനമാണ്. ഇതെല്ലാം ഉപേക്ഷിച്ച് കാട്ടിൽ പോയാലും ക്ഷത്രിയൻ എന്ന ചിന്ത രൂഢമൂലമായിരിക്കുന്നിടത്തോളംകാലം അർജ്ജുനൻ അമ്പും വില്ലും ഉപേക്ഷിക്കുകയില്ല എന്നത് ഭാരതത്തിൽ പല ഭാഗങ്ങളിലും വ്യക്തമായിട്ടുണ്ട്.





ദുഷിച്ച ചിന്ത മാറ്റുക എന്ന ഉപദേശമല്ല കൃഷ്ണൻ നൽകുന്നത്. ഉപബോധമനസിന്റെ ശക്തി വർദ്ധിപ്പിക്കാൻ താൻ ആരാണെന്ന അവബോധം അർജ്ജുനനിൽ ഉണ്ടാക്കുകയെന്നതാണ്. കൃഷ്ണൻ പറയുന്നു:

യ ഏനം വേത്തി ഹന്താരം
യശ്ചൈനം മന്യതേ ഹതം
ഉഭൗ തൗ ന വിജാനീതോ
നായം ഹന്തി ന ഹന്യതേ

ആരാണോ ഈ ആത്മാവിനെ കൊല്ലുന്നവനായി കാണുന്നത് അല്ലെങ്കിൽ കൊല്ലപ്പെട്ടവനായി കാണുന്നത് രണ്ടുകൂട്ടരും തത്ത്വത്തെ അറിഞ്ഞവരല്ല. ആത്മാവ് ആരേയും കൊല്ലുന്നില്ല, ആരാലും കൊല്ലപ്പെടുന്നുമില്ല. ആത്മാവിന്റെ യഥാർത്ഥ രൂപം അറിയാത്തതുകൊണ്ടാണ് കൊല്ലുന്നുവെന്നു പറയപ്പെടുന്നത്. ദേഹം നശിക്കേണ്ട വസ്തുവാണ്. ദേഹത്തിനും അഹന്തക്കും അതീതമാണ് ആത്മാവ്. ഇങ്ങനെ ആത്മാവിന്റെ അനശ്വരതയെക്കുറിച്ചു വിവരിച്ചശേഷം കൃഷ്ണൻ പറഞ്ഞു:

സ്വധർമ്മമപി ചാവേക്ഷ്യ
ന വികമ്പിതുമർഹസി
ധർമ്മ്യാദ്ധി യുദ്ധാച്ഛ്രേയോ ള ന്യാത്
ക്ഷത്രിയസ്യ ന വിദ്യതേ

സ്വധർമ്മം നോക്കിയാൽ നീ ദുഖിക്കാൻ പാടില്ല. കാരണം ക്ഷത്രിയന് ധർമ്മയുദ്ധത്തേക്കാൾ ശ്രേയസ്കരമായി മറ്റൊന്നില്ല.

രാജ്യത്തെ രക്ഷിക്കുകയെന്നത് ക്ഷത്രിയധർമ്മമാണ്. അധാർമ്മികരായ കൗരവരെ വധിക്കേണ്ടത് കർമ്മിഷ്ഠരായവരുടെ കടമയാണ്. ഒന്നുകൂടി കടന്ന്:

അഥ ചേത്ത്വമിമം ധർമ്മ്യം
സംഗ്രാമം ന കരിഷ്യസി
തതഃ സ്വധർമ്മം കീർത്തിം ച
ഹിത്വാ പാപമവാപ്സ്യസി

ഇനി നീ യുദ്ധം ചെയ്തില്ല എങ്കിൽ സ്വധർമ്മവും കീർത്തിയും നഷ്ടപ്പെട്ട് പാപം കൈക്കൊള്ളും.

ക്ഷത്രിയർ രാജ്യത്തെ അധർമ്മത്തിൽ നിന്നും രക്ഷിക്കാൻ കടപ്പെട്ടിട്ടുള്ളവരാണ്. ധർമ്മരക്ഷകരായ അവർക്ക് ധർമ്മയുദ്ധം ചെയ്യുകയെന്നത് സ്വർഗ്ഗം ലഭിക്കുന്നതിനു തുല്യമാണ്. യുദ്ധത്തിനു തയ്യാറായി വന്ന് യുദ്ധസ്ഥലത്തുനിന്ന് ഓടിപ്പോകുകയെന്നാൽ ഭീരുവായി മാത്രമേ അർജ്ജുനനെ ലോകം കാണുകയുള്ളൂ. കൃഷ്ണൻ പറയുന്നു, നിന്റെ സ്വധർമ്മമാണ് ഏറ്റവും വലുത്. ഭീരു എന്ന പേര് ഒരു ക്ഷത്രിയനെ സംബന്ധിച്ചിടത്തോളം ഭയാനകമാണ്.

ഹതോ വാ പ്രപ്സ്യസി സ്വർഗ്ഗം
ജിത്വാ വാ ഭോക്ഷ്യസേ മഹീം
തസ്മാദുത്തിഷ്ഠ കൗന്തേയ
യുദ്ധായ കൃതനിശ്ചയഃ

ഹേ കുന്തീപുത്രാ കൊല്ലപ്പെട്ടാൽ സ്വർഗ്ഗം ലഭിക്കും. ജയിച്ചാലോ ഭൂമിയെ അനുഭവിക്കാം. അതുകൊണ്ട് യുദ്ധം ചെയ്യാനായി എഴുന്നേൽക്കൂ.

യുദ്ധത്തിൽ ജയിച്ചാലും തോറ്റാലും സത്ഫലപ്രാപ്തിയുണ്ടാകും. അതുകൊണ്ട് സ്വധർമ്മം ചെയ്യുക. ഇവിടെ യുദ്ധത്തിനു മാത്രമല്ല, മറ്റു ജനങ്ങൾക്ക് പ്രശ്നങ്ങളെ നേരിടാനുള്ള കഴിവുണ്ടാകട്ടെയെന്നെടുക്കാം. അവനവനു ചെയ്യാനുള്ള ജോലി ഉത്സാഹത്തോടെ എഴുന്നേറ്റു ചെയ്യുക. ഈ അദ്ധ്യായം പ്രത്യേകം ശ്രദ്ധേയമാണ്. ആദ്യം സാഖ്യം അനുസരിച്ചുള്ള ബുദ്ധി (ജ്ഞാന നിഷ്ഠ) പിന്നീട് കർമ്മയോഗനിഷ്ഠയും കാണാം. ചില സ്ഥലത്ത് ബ്രഹ്മത്തെ അറിഞ്ഞവന് ഒന്നും പ്രശ്നമില്ലാ എന്നും പറയുന്നു. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടത് ബുദ്ധിതലത്തിലറിയാവുന്ന സുഖദുഃഖങ്ങളും മനോതലത്തിലെ ലാഭനഷ്ടങ്ങളും ഒരുപോലെ പറയുന്നു. സാധാരണക്കാരുടെ ജീവിതത്തിൽ ഈ രണ്ടു തലങ്ങളും ഒരുപോലെ വർത്തിക്കും. മനുഷ്യൻ മനസ്സിലാക്കേണ്ടത് ഏതു തലത്തിലായാലും മനസ്സിന് ചാഞ്ചല്യം ഉണ്ടാകാൻ പാടില്ല. ആന്തരികമായ പ്രചോദനത്തോടെ കർമ്മം ചെയ്യുമ്പോൾ നമുക്ക് സന്തോഷം അഥവാ നിർവൃതി ഉണ്ടാകുന്നു. കർമ്മകുശലതയോടെ കർമ്മം ചെയ്യുമ്പോൾ, സന്തുലിതമായ മനസാന്നിദ്ധ്യത്തോടു കൂടി പ്രവർത്തിക്കുമ്പോൾ എന്തും നേടാൻ മനുഷ്യനു കഴിയും. ഭഗവദ്ഗീതയിൽ യുക്തിയിലൂടെ ധാർമ്മികമൂല്യങ്ങളിലൂടെ ആചാരമര്യാദകളിലൂടെ ജീവിതത്തെ നോക്കിയിട്ടാണ് കൃഷ്ണൻ ഉപദേശം നൽകിയത്. നമ്മുടെ ഉള്ളിലുള്ള അഹന്തയെ കളഞ്ഞ് കർമ്മം ചെയ്യുമ്പോൾ മനസ്സ് ശുദ്ധമാകും.

അർജ്ജുനനോട് കൃഷ്ണൻ പറഞ്ഞു, പലതരം ഉപദേശങ്ങൾ നിനക്കു കിട്ടിയിരുന്നതുകൊണ്ട് നിന്റെ മനസ്സ് പതറിപ്പോയി. സ്ഥിരമായി പരമാത്മാവിൽ നിൽക്കുമ്പോൾ ആത്മാനുഭൂതി ലഭിക്കും. അപ്പോഴാണ് അർജ്ജുനൻ സ്ഥിതപ്രജ്ഞന്റെ ലക്ഷണം ഭഗവാനോടു ചോദിക്കുന്നത്. എല്ലാ ആഗ്രഹങ്ങളേ

യും ഉപേക്ഷിച്ച് ആനന്ദം അനുഭവിക്കാൻ കഴിയുന്നവനാണ് സ്ഥിതപ്രജ്ഞൻ.

ദുഃഖേഷ്വനുദ്വിഗ്നമനാ
സുഖേഷു വിഗതസ്പൃഹഃ
വീതരാഗഭയക്രോധഃ
സ്ഥിതധീർ മുനിര്യുച്യതേ

ദുഃഖങ്ങളിൽ മനസ്സ് കലങ്ങാത്തവനും, സുഖങ്ങളിൽ താല്പര്യമില്ലാത്തവനും രാഗം, ഭയം, ക്രോധം ഇവയില്ലാത്തവനുമായ പുരുഷൻ സ്ഥിതപ്രജ്ഞനായ മുനിയാകുന്നു.

ഇന്ദ്രിയങ്ങളിൽനിന്നും എപ്പോൾ ഒരാൾ പിൻവലിയുന്നുവോ അപ്പോൾ അവന്റെ പ്രജ്ഞ പ്രതിഷ്ഠിതമായി തീരും. ബ്രഹ്മജ്ഞാനം ലഭിക്കണം. ഇന്ദ്രിയങ്ങളെ അധീനപ്പെടുത്താൻ സാധിക്കുന്നവൻ ബ്രഹ്മജ്ഞാനിയാകും. കടൽ അക്ഷോഭ്യമായി സ്ഥിതി ചെയ്യുന്നതുപോലെ ഇന്ദ്രിയ ചിന്തകളിൽ അക്ഷോഭ്യനായി തീരുമ്പോൾ ശാന്തി ലഭിക്കും. ഇങ്ങനെ ബ്രഹ്മതത്ത്വത്തെ ഉപദേശിച്ചതിനുശേഷം പരമാത്മാവിനെ അർത്ഥിക്കുന്നവൻ എന്നർത്ഥത്തിൽ പാർത്ഥൻ എന്നു വിളിച്ച് ഇവയെ പ്രായോഗികമാക്കാൻ പറയുന്നു. ബ്രഹ്മനിഷ്ഠ കൈവന്നാൽ മരണസമയത്ത് ബ്രഹ്മനിർവ്വാണം സിദ്ധിക്കുമെന്നു പറഞ്ഞു. മനുഷ്യന്റെ അധഃപതനം എങ്ങനെയുണ്ടാകുന്നുവെന്നു ഇവിടെ വവരിക്കുന്നു. അഹങ്കാരത്താൽ എങ്ങനെ അധഃപതിക്കുമെന്നും വിവരിക്കുന്നു.

ധ്യായതോ വിഷയാൻ പുംസ
സംഗസ്തേഷൂപജായതേ
സംഗാത് സംജയതേ കാമഃ
കാമാത്ക്രോധോ ഌ ഭിജായതേ

ഇവയൊക്കെ മനസ്സിലാക്കാൻ ശ്രമിക്കുക. ഒരു സാധാരണക്കാരന് ഉത്കൃഷ്ട മൂല്യചിന്തയിലേക്കെത്താൻ ഇവ സഹായിക്കും.

ഞാൻ എന്ന അഹങ്കാരം ഇല്ലാതാക്കി ഓരോ വ്യക്തിയിലും കുടികൊള്ളുന്ന ചൈതന്യത്തെ മനസ്സിലാക്കണം. ഇതവസാനകാലത്താണെങ്കിൽ പോലും ബ്രഹ്മനാഷ്ഠ കൈവരുമെന്നു പറയപ്പെടുന്നു. ഈ അദ്ധ്യായം യുക്തിസഹവും സർവ്വസമ്മതവുമായ ഒരു ചിന്താധാരയാണ്. അടുത്ത അദ്ധ്യായം കർമ്മയോഗമാണ്. ഈ രണ്ടാമദ്ധ്യായത്തിൽതന്നെ ഫലാസക്തി വെടിഞ്ഞ് കർമ്മം ചെയ്യുകയെന്നു പറഞ്ഞിട്ടുണ്ട്.

കർമ്മണ്യേ വാധികാരസ്തേ
മാ ഫലേഷു കദാചന
മാ കർമ്മഫലഹേതുർഭുർ
മാ തേ സംഗോ ഌ സ്ത്വ കർമ്മിണി

നിനക്കു കർമ്മം അനുഷ്ഠിക്കുന്നതിനേ അനുവാദമുള്ളൂ. കർമ്മഫലത്തിനില്ല. കർമ്മഫലം അനുഭവിക്കുന്നതിന് കാരണമാകാതിരിക്കും. അതുപോലെ കർമ്മം ചെയ്യാതിരിക്കുന്നതിൽ താൽപര്യമുണ്ടാകാനും പാടില്ല. ഓരോ വ്യക്തിയുടെ ദൈനംദിനജീവിതവുമായി നമുക്കിതിനെ ബന്ധപ്പെടുത്തി നോക്കാവുന്നതാണ്. ഇവിടെയൊക്കെ അർജ്ജുനന് സംശയമുണ്ടായി. ഫലാപേക്ഷ കൂടാതെ കർമ്മം ചെയ്യണമെന്നും പിന്നീട് ജ്ഞാനമാർഗ്ഗത്തെ പ്രകീർത്തിച്ചുംകൊണ്ടാണ് അവസാനിപ്പിക്കുന്നതും. കർമ്മയോഗവും ജ്ഞാനയോഗവും പരസ്പര പൂരകങ്ങളാണെന്നു ഇനിയുള്ള അദ്ധ്യായങ്ങളിലൂടെ ഭഗവാൻ വിവരിക്കുന്നു.

(അടുത്ത അദ്ധ്യായം കർമ്മയോഗം)

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2021 ഫെബ്രുവരി മാസം സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. രാജൻ. എം, ഗീതാഞ്ജലി, എക്സ്. എൽ/497 എ, കേണൽ ആനന്ദ് ലെയ്ൻ എം.ജി. റോഡ്, കൊച്ചി - 682011 | 20,000/- |
| 2. ശ്രീ. വേണുഗോപാലൻ എൻ, മാധവം, പ്ലോട്ട് നമ്പർ -88, ജവഹർ നഗർ, കൊച്ചി - 682020 | 10,098/- |
| 3. ശ്രീ.പൗദ്ധരൻ. പി, ഹൗസ് നമ്പർ 124, സ്ട്രീറ്റ് നമ്പർ 4, ആൽഫിയ നഗർ, കൊച്ചിൻ യൂണിവേഴ്സിറ്റി. പി. ഒ, കൊച്ചി - 682022 | 7,170/- |
| 4. ശ്രീ. രാമചന്ദ്രൻ, എ1, പ്ലാറ്റിനം വിസ്റ്റ, ശാസ്താ ടെമ്പിൾ റോഡ്, കലൂർ -17 | 7,000/- |
| 5. ശ്രീ. രവിശങ്കർ, കെ. എ, 2 ഡി, പൂർണ്ണപ്രഭ, പാലസ് റെസിഡൻസി സ്റ്റാച്യൂ ജംഗ്ഷൻ, തൃപപൂണിത്തുറ, കൊച്ചി | 5,000/- |







# ഹരിസുധാ ലഹരി

നന്ദകുമാർ മേനോൻ, ഫോൺ : 9895981809

**ശ്ലോകം 71**

കേട്ടീടുന്നതു സർവ്വവും തവകഥാലാപങ്ങളായീടണേ

തൊട്ടീടുന്നതു ചിൽക്കലാമസൃണമാം ത്വന്മേനിയാകേണമേ

കാട്ടീടുന്ന വിചേഷ്ടിതങ്ങളഖിലം ത്വല്പൂജയായ്ത്തീരണേ

നീട്ടീടേണമിവങ്കിലീശ കരുണാസാന്ദ്രം കടാക്ഷാഞ്ചലം.

**ശ്ലോകാർത്ഥം :**

കേൾക്കുന്നതെല്ലാം അവിടുത്തെ കഥകൾ പാടുന്നതാവണേ. തൊടുന്നതെല്ലാം ബ്രഹ്മാനന്ദത്തിന്റെ ഒരംശംകൊണ്ട് മൃദുവായ അവിടുത്തെ ശരീരമാവണേ. കാണിക്കുന്ന എല്ലാ അംഗചലനങ്ങളും അവിടുത്തെ പൂജയായിത്തീരണേ. ഈശ്വര, അവിടുത്തെ കടക്കണ്ണിന്റെ അറ്റംകൊണ്ടുള്ള നോട്ടം ഇവനിലേക്ക് നീട്ടണേ.

**വ്യാഖ്യാ :**

ഗംഭീരമായ തത്ത്വചിന്തകൾക്കൊടുവിൽ, കഴിഞ്ഞ ചില ശ്ലോകങ്ങൾ മുതൽ ഭഗവാന്റെ ഭക്തി ലഭിക്കാനുള്ള കവിയുടെ വിലാപങ്ങളാണ്. കഴിഞ്ഞ ശ്ലോകംപോലെ തന്നെ, 'ജപോ, ജല്പ:ശില്പം...' എന്ന ശങ്കരശ്ലോകസമാനമായി, പഞ്ചജ്ഞാനകർമ്മേന്ദ്രിയങ്ങളും ഇടപെടുന്നതെല്ലാം ഭഗവാനായി, ജീവിതം തന്നെ പൂജയാകണേ എന്ന പ്രാർത്ഥനയാണിവിടെ. നേരേ നോക്കുകപോലും വേണ്ട, അവിടുത്തെ കടക്കണ്ണിന്റെ അറ്റംകൊണ്ടുള്ള ഒരു എറിയൽ മാത്രം മതി ഭക്തന്.

**ശ്ലോകം 72**

ത്വം മാം പാലയ ശീഘ്രമെന്നുരുവിടാൻ ഭാവിച്ചിടും സേവകൻ

ത്വം മാമെന്നു പറഞ്ഞിടുന്നതിനുമുൻപങ്ങെത്തി നാഥാ ഭവാൻ

അമ്മർത്ത്യന്നഖിലാമയ പ്രശമനം ചെയ്യൂ പരം തുഷ്ടനാ-

യിമ്മട്ടാശ്രിതവൽസലത്വമവിടേക്കല്ലാതെയില്ലാർക്കുമേ

**ശ്ലോകാർത്ഥം :**

അങ്ങ് എന്നെ കാത്തുരക്ഷിക്കണേ വേഗം എന്ന് പറയാൻ ഭാവിക്കുന്ന ഭക്തൻ അങ്ങ് എന്നെ എന്ന് പറയുമ്പോഴേക്കും നാഥാ, ഏറ്റവും സന്തോഷവാനായി അങ്ങ് അവിടെയെത്തി ആ മനുഷ്യന് എല്ലാ കഷ്ടതകളും പൂർണ്ണമായി ഇല്ലാതാക്കിക്കൊടുക്കുന്നു. ഇതുപോലെയുള്ള ആശ്രിതവാത്സല്യം അവിടേക്കല്ലാതെ ആർക്കും തന്നെ ഇല്ല.

**വ്യാഖ്യാ :**

ഭവാനി ത്വം ദാസേ വിതര.... എന്ന സൗന്ദര്യലഹരി ശ്ലോകരീതിയിലുള്ളതത്രെ ഇത്. യഥാർത്ഥ ഭക്തൻ തന്റെ പ്രാർത്ഥന മുഴുവൻ ഉച്ചരിക്കുക കൂടി വേണ്ടെന്നു സാരം.

സകളാനന്ദത്തിൽ നിന്ന് നിഷ്കളാനന്ദത്തിലേക്ക് ചേരാൻ പ്രാർത്ഥന.

**ശ്ലോകം 73**

ആനന്ദാത്മകനാം ഭവാന്റെ സകളാകാരം ജഗന്മോഹനം

ഞാനന്തർനയനത്തിനാലവിരതം പീത്വാ പരം തൃപ്തനായ്

ആനന്ദോൽക്കടവാരുണീലഹരിയാർന്നെൻ സഞ്ചിതാന്തത്തിലാ-

ത്യാനന്ദാമൃതസാന്ദ്രമാം തവപദം പൂകാൻ പ്രസാദിക്കണേ

**ശ്ലോകാർത്ഥം :**

ആനന്ദം രൂപമായ അങ്ങയുടെ, പ്രപഞ്ചത്തിനെ മോഹിപ്പിക്കുന്ന പഞ്ചേന്ദ്രിയബദ്ധമായ രൂപം ഞാൻ ഉൾക്കണ്ണുകൊണ്ട് ഇടതടവില്ലാതെ കുടിച്ചിട്ട് ഏറ്റവും സന്തുഷ്ടനായിത്തീർന്നു. ആനന്ദം കുമിഞ്ഞുകൂടി ഘനീഭവിച്ചതായ അവിടുത്തെ കാലിൽ ചെന്നു ചേർന്ന് , എന്റെ ജന്മജന്മാന്തരത്താൽ വാസനകൾ കുമിഞ്ഞുകൂടിയ മനസ്സിൽ ഏറ്റവും വലിയ ആനന്ദമാകുന്ന അതിശക്തമായ മദ്യത്തിന്റെ ലഹരി പിടിക്കാൻ അനുഗ്രഹിക്കണേ.

**വ്യാഖ്യാ :**

സകളാനന്ദത്തിൽ നിന്ന് നിഷ്കളാനന്ദത്തിലേക്ക് ചേരാൻ പ്രാർത്ഥന.

**ശ്ലോകം 74**

ഹൈമം തേ മകുടം സഹസ്രരവിസങ്കാശം വിരാജന്മണി-

സ്തോമത്താൽ കമനീയമീശ ജഗതാം സർവ്വാന്ധകാരാപഹം

വ്യോമത്തിൽ പല മാരിവില്ലൊളികളെച്ചിന്തുന്ന മേലാപ്പു നി-

സ്സീമാഭം വിരചിച്ചു ഹാ പരിലസിക്കുന്നു മനോമോഹനം

**ശ്ലോകാർത്ഥം :**

അവിടുത്തെ സ്വർണ്ണമയമായ കിരീടം ആയിരം സൂര്യന്മാരുടെ പ്രഭചൊരിഞ്ഞ് പ്രപഞ്ചത്തിലെ ഇരുട്ടു മുഴുവനും നീക്കുന്നു. തിളങ്ങുന്ന രത്നങ്ങളാൽ കമനീയമായ അത്, ആകാശത്തിൽ മഴവില്ലിന്റെ മനം മയക്കുന്ന അനന്തമായ പല വർണ്ണങ്ങളെ എഴുതുന്ന മേലാപ്പ് സൃഷ്ടിച്ച് വിലസിക്കുന്നു.

**വ്യാഖ്യാ :**

ഭഗവാന്റെ കിരീട വർണ്ണനയിൽ കവിഭാവന വിടരുന്നു.

**ശ്ലോകം 75**

കല്പാന്തേ വിലയം ഭയന്ന രവിതൻ സാഹസ്രകദ്വാദശം

ത്വല്പാദേ ശരണം ഗമിക്കെ വളരും കാരുണ്യപൂരത്തിനാൽ

നല്പാഥോജകരേ ഗ്രഹിച്ചഭയമേകാനായ് കിരീടത്തില-

ങ്ങുല്പന്ന പ്രണയേന നന്മണികളായ് ബന്ധിച്ചുവെന്നാകുമോ?

**ശ്ലോകാർത്ഥം :**

എണ്ണമില്ലാത്ത ദ്വാദശാദിത്യന്മാർ (പന്ത്രണ്ട് സൂര്യന്മാർ) ലോകാവസാനമായ പ്രളയത്തിൽ, തങ്ങളും ലയിച്ച് ഇല്ലാതാകുന്നതിനെ ഭയന്ന് അവിടുത്തെ പാദത്തിൽ ശരണം പ്രാപിക്കുമ്പോൾ, വളരുന്ന കരുണാസാഗരത്തിനാൽ അഭയം നൽകുന്നതിനായി, നല്ല താമരപ്പൂവിനു സമമായ കയ്യാൽ പിടിച്ച് കിരീടത്തിൽ രത്നങ്ങളായ് ചേർത്തുവച്ചതാണോ?

**വ്യാഖ്യാ :**

ദാർശനികത്വത്തിനെക്കാൾ കവിത്വം വർദ്ധമാനമാകുന്ന ശ്ലോകദ്വയം, ഇതും മുൻപത്തേതും, മുൻപിലത്തെ ശ്ലോകത്തിൽ അവിടുത്തെ കിരീടത്തിൽ തിളങ്ങുന്ന സ്വർണ്ണസമാനവും പ്രപഞ്ചത്തിന്റെ ഇരുട്ടു മാറ്റുന്നതുമായ അസംഖ്യം സൂര്യന്മാരെ, മഴവില്ലൊളി ചിന്തുന്ന രത്നങ്ങളായുപമിച്ചു. ഇവിടെ ആ രത്നക്കല്ലുകൾ അങ്ങുതന്നെ അഭയം നൽകാനായി സ്ഥാപിച്ച അസംഖ്യം ദ്വാദശാദിത്യന്മാരല്ലേ എന്ന ഉത്പ്രേക്ഷ! ഹാ! ദ്വാദശാദിത്യന്മാർ, ധാതാവ്, മിത്രൻ, അര്യമാവ്, രുദ്രൻ, വരുണൻ, സൂര്യൻ, ഭഗൻ, വിവസ്വാൻ, പൂഷാവ്, സവിതാവ്, വിഷ്ണു എന്നിവർ.

**ശ്ലോകം 76**

കോടീരാർക്കമരീചിയേറ്റലമുഴന്നീടും തമസ്സാടലോ-

ടോടിക്കൂടിയതിന്നടിയ്ക്കൊളിവിലായ് മേവുന്നുവെന്നാം വിധം

വാടീടാത്ത സുമങ്ങളംഘ്രിയുഗളേ ഭക്തൗഘമർപ്പിച്ചതെ-

ച്ചൂടീടും കബരീഭരം, സുരഭിലം, ശോഭിപ്പു നീലാഭമായ്

**ശ്ലോകാർത്ഥം :**

ഭക്തന്മാരുടെ കൂട്ടം അവിടുത്തെ രണ്ടു പാദങ്ങളിൽ അർപ്പിച്ച വാടാത്ത പൂക്കൾ ചൂടുന്ന അവിടുത്തെ വാസനയുള്ള മുടിക്കെട്ട് കണ്ടാൽ, കിരീടമാകുന്ന സൂര്യന്റെ കിരണങ്ങളേറ്റ ഇരുട്ട് , വളരെ കഷ്ടപ്പെട്ട് വിഷമത്തോടെ ആ കിരീടത്തിന്റെ അടിയിൽ ഒളിച്ചു താമസിക്കുന്നതാണെന്നു തോന്നും.

**വ്യാഖ്യാ :**

വാടാത്ത പൂക്കൾ സ്വന്തം ആത്മാവു തന്നെയെന്ന് മുൻപ് ഗുരുനാഥൻ ഒരു ശ്ലോകത്തിൽ പറഞ്ഞിരുന്നു. അങ്ങനെ സ്വയം അർപ്പിച്ച ഭക്തക്കൂട്ടം തന്നെയാണ് അവിടുത്തെ കിരീടത്തിന്റെ ചുവട്ടിൽ.

**ശ്ലോകം 77**

ലോലാരാള സുകോമളാളകമളിശ്യാമാഭമേറ്റുന്നതാം

ഫാലം ബാലശശാങ്കശോഭനമഹോ പുണ്ഡ്രത്രയാലംകൃതം

വ്രീളാമഞ്ജുമുഖാബ്ജയാം കമലതൻ ഹസ്താംഗുലീചാലനേ

ലീലാവേളയിലോമനിക്കുമതെനിക്കേകട്ടെ സന്മംഗളം.

മൃദുവും, ചെറുചുളിവുകളുള്ളതും, വളരെ സുന്ദരവും ആയി നെറ്റിയുടെ മുകളിൽ നിൽക്കുന്ന വണ്ടുകളുടെ കറുപ്പുനിറം ചേർന്ന മുടികൾ കുട്ടിച്ചന്ദ്രന്റെ ശോഭയുള്ളതും, ഭസ്മത്തിന്റെ മൂന്നു വരകളാൽ അലങ്കരിക്കപ്പെട്ടതുമായ നെറ്റി, സംഭാഗവേളയിൽ നാണംകൊണ്ട് സുന്ദരമായ മുഖമാകുന്ന താമരയുള്ള മഹാലക്ഷ്മിയുടെ കൈവിരൽ ചലിപ്പിച്ചുകൊണ്ട് ഓമനിക്കപ്പെടും. അത് (ആ ഓമനിക്കൽ) എനിക്ക് എല്ലാ മംഗളങ്ങളും തരട്ടെ.

**വ്യാഖ്യാ :**

മുടിയുടെയും കിരീടത്തിന്റെയും വർണ്ണനക്കു ശേഷം നെറ്റി വർണ്ണിക്കുന്നു.

**ശ്ലോകം 78**

ചില്ലീവില്ലതിമോഹനം ഹരവിരിഞ്ചേന്ദ്രാദ്യരുൽക്കണ്ഠപൂണ്ട-

ല്ലീതച്ചലനത്തെ നോക്കി മരുവീടുന്നു സദാകാലവും

ചില്ലീലാസ്പദമാമതൊന്നുയരുകിൽക്കല്പാന്തമായീ വിഭോ

സല്ലീലം വിചലിക്കിലോ ഭുവനസർഗ്ഗാരംഭമെന്തത്ഭുതം !

**ശ്ലോകാർത്ഥം :**

പുരികങ്ങളാകുന്ന വില്ല് അതിമോഹനമാണ്. രുദ്രൻ, ബ്രഹ്മാവ്, ഇന്ദ്രൻ തുടങ്ങിയവർ എല്ലാ കാലത്തും ജീവിക്കുന്നത്. ഉത്ക്കണ്ഠയോടെ ആ ചലനത്തെ നോക്കിക്കൊണ്ടല്ലേ. ചിത് (ബ്രഹ്മം) ന്റെ ലീലാ വിലാസങ്ങൾക്ക് അടിസ്ഥാനമായ അതൊന്നുയരുകിൽ പ്രപഞ്ചത്തിന്റെ അവസാനമായ പ്രളയമായി. അല്ലയോ വിഭൂ, ലീലയോടുകൂടി ഓടുന്നതുപോലെ അങ്ങോട്ടും ഇങ്ങോട്ടും വിറക്കുകയാണെങ്കിലോ പ്രപഞ്ചത്തിന്റെ നിർമ്മാണം വീണ്ടും തുടങ്ങുന്നു, എന്തത്ഭുതം.

**വ്യാഖ്യാ :**

പുരികങ്ങൾ ഉയർത്തുന്നത് സാധാരണയായി അവജ്ഞ, വെറുപ്പ് മുതലായതിനെ ദ്യോതിപ്പിക്കുന്നു. അവിടുത്തെ പുരികങ്ങൾ ഉയർന്നാൽ പ്രപഞ്ചം അവസാനിച്ചു. അതു തന്നെ ലീലയായി (ലീല എന്ന പദത്തെ കാവ്യത്തിന്റെ ആദ്യഭാഗത്തിൽത്തന്നെ വിസ്തരിച്ച് വ്യാഖ്യനിച്ചിട്ടുണ്ട്) ഇളകുമ്പോൾ വീണ്ടും പ്രപഞ്ചത്തിന്റെ സൃഷ്ടി ആരംഭിക്കുന്നു. സൃഷ്ടി സംഹാരങ്ങൾക്ക് അവിടുത്തെ പുരികത്തിന്റെ വിവിധ ചലങ്ങൾ മതി. സ്ഥിതി അങ്ങു തന്നെ നോക്കി നടത്തുന്നു. സൃഷ്ടി നടത്തുന്ന ബ്രഹ്മാവും, സംഹാരം നടത്തുന്ന രുദ്രനും താന്താങ്ങളുടെ കർമ്മപ്രചോദനത്തിന് അവിടുത്തെ പുരികചലനം, ഉത്ക്കണ്ഠയോടെയല്ലാതെങ്ങിനെ നോക്കി നിൽക്കും !

**ശ്ലോകം 79**

വാത്സല്യം പദഭക്തരോടമരരിൽക്കാരുണ്യ മത്യന്തബീ-

ഭത്സം ദൈത്യരിലബ്ധികന്യകയിലോ ശൃംഗാരസമ്മോഹനം

മാത്സര്യം ഖലരിൽക്കുതാർക്കികജനേ ഹാസ്യം ത്വദൈക്യത്തിനാ-

യുത്സാഹിപ്പൊരു സാധകോത്തമരിലോ നാഥാ പരം ശാന്തവും

**ശ്ലോകാർത്ഥം :**

പാദങ്ങളിൽ ഭക്തിയുള്ളവരോട് വാത്സല്യം, ദേവന്മാരിൽ കാരുണ്യം, അസുരന്മാരിൽ അതിയായ ബീഭത്സം. മഹാലക്ഷ്മിയിലോ എല്ലാ വിധത്തിലും മോഹിപ്പിക്കുന്ന ശൃംഗാരം, ദുഷ്ടന്മാരിൽ കോപം, കുതർക്കങ്ങൾ പറയുന്നവരിൽ പരിഹാസം. അവിടുത്തോടു ചേരാൻ ഉത്സാഹിക്കുന്ന ഒരു ലക്ഷ്യം മുന്നിൽക്കണ്ട് അതിലേക്കെത്താൻ ഫലവത്തായ ശ്രമം ചെയ്യുന്ന ഏറ്റവും നല്ലവരിലോ, അല്ലയോ രക്ഷിക്കുന്നവനേ, ഏറ്റവും ശാന്തവും.

**ശ്ലോകം 80**

ഈമട്ടുള്ളരസങ്ങളൊക്കെയുമൊരേകാലം സ്ഫുരിക്കുന്നതായ്

സോമാർക്കാത്മകമായ് സദാ വശഗയാം മായക്കൊരാസ്ഥാനമായ്

പ്രേമം സർവ്വ ചരാചരങ്ങളിലുമുൾക്കൊള്ളും തവാക്ഷിദ്വയം

കാമം കൈവരുവാൻ കനിഞ്ഞൊരു കണം ക്ഷേപിക്കുകെന്മേൽ വിഭോ

**ശ്ലോകാർത്ഥം :**

അല്ലയോ വിഭൂ, ഇങ്ങനെയൊക്കെയുള്ള നവരസങ്ങളിൽ പലതും ഒരേ സമയത്ത് തിളങ്ങുന്ന, എല്ലായ്പ്പോഴും വശത്തായിരിക്കുന്ന മായയ്ക്ക് ഒരു ആസ്ഥാനമായിട്ടുള്ള, സർവ്വ ചരാചരങ്ങളിലും പ്രേമം ഉൾക്കൊള്ളുന്ന അവിടുത്തെ സൂര്യചന്ദ്രന്മാരായ രണ്ടു കണ്ണുകളും, പുരുഷാർത്ഥങ്ങളലിലൊന്നായ കാമം കയ്യിൽ കിട്ടാൻ ദയവോടെ ഒരു തുള്ളി എന്റെ ശരീരത്തിൽ എറിയുക.

**വ്യാഖ്യാ :**

മുൻപിലെ ശ്ലോകത്തിന്റെ തുടർച്ചയാണിത്. മനുഷ്യനാകട്ടെ നവരസങ്ങൾ ഓരോന്നായേ കണ്ണിൽ വരുത്താൻ കഴിയൂ. ഭഗവാൻ തന്നെ നവരസങ്ങളാണല്ലോ. കണ്ണുകൾ സൂര്യനും, ചന്ദ്രനും. കാമം, പുരുഷാർത്ഥമെന്നർത്ഥം. എന്നാൽ ഇവിടെ ഇതുവരെ പരോക്ഷമായി പ്രകടിപ്പിച്ച വഴികാട്ടി, ഗുരു എന്ന ആഗ്രഹം എന്നാണിവിടെ കൂടുതൽ ചേരുന്നത്. രണ്ടു വർഷത്തിനുള്ളിൽ ഏറ്റവും മഹാനായ ഗുരുവിനെ ഭഗവാൻ. ഈ ഗുരുവിനണച്ചല്ലോ. പ്രാർത്ഥനയുടെ ശക്തി !

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

ഋതംഭരാ തത്ര പ്രജ്ഞാ : 1-48

അവിടെ (അധ്യാത്മപ്രസാദമുള്ളിടത്ത്) പ്രജ്ഞാ (ബുദ്ധി - ജ്ഞാനം) സത്യപൂർണമാണ്.

നിർവിചാര സമാധിയിലാണ്ടവന് അധ്യാത്മ പ്രസാദം ഉണ്ടാകുമെന്ന് കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞു. പ്രസാദമെന്നത് ഉയർന്ന ഒരു അവസ്ഥ തന്നെയാണ്. സാത്വികതയുടെയും നിർമ്മലതയുടെയും തദ്വാരാ പ്രകാശത്തിന്റെയും നിറവാണ് അവിടെ. രജസ്തമസ്സുകൾ അകന്നിരിക്കുന്നു. 'തദാ ക്ഷീയതേ പ്രകാശാവരണം' അപ്പോൾ പ്രകാശത്തെ മൂടിയ ആവരണങ്ങൾ അഴിഞ്ഞു പോകും. ബുദ്ധി തെളിയും. ആ സമാധിജന്യ ബുദ്ധി അഥവാ പ്രജ്ഞ, ഋതം അഥവാ പ്രപഞ്ച സത്യം കൊണ്ട് ഭരിതമാണ്, നിറഞ്ഞതാണ്. ഋതത്തെ ധരിക്കുന്നതാണ്. ഇതിൽ വിപരീത ജ്ഞാനം അഥവാ അവിദ്യയുടെ ഗന്ധം പോലും ഇല്ല.

ആഗമേന അനുമാനേന
ധ്യാനാഭ്യാസരസേന ച
ത്രിധാ പ്രകല്പയൻ പ്രജ്ഞാം
ലഭതേ യോഗ മുത്തമം.

ആഗമം (വേദശ്രവണ), അനുമാനം, ധ്യാന്യാഭ്യാസം ഇവയെ ആസ്വദിച്ച് മൂന്നു തരത്തിലും സാത്വിക ജ്ഞാനം നേടുന്നവൻ ഉത്തമനായ യോഗിയാവും എന്ന് വ്യാസൻ പറയുന്നു.

ശ്രവണം മനനം നിദിധ്യാസനം എന്നിവയാണ് ധ്യാനയോഗത്തിന്റെ സാധനാ പദ്ധതി. ഉത്കൃഷ്ഠമായ തത്ത്വങ്ങൾ ഗുരുത്വമുള്ളവരിൽ നിന്ന് കേൾക്കുക. യുക്തിവിചാരം ചെയ്ത് മനസ്സിലാക്കുക, അതിനെ പരീക്ഷണ നിരീക്ഷണ അഭ്യാസങ്ങളിലൂടെ ഉറപ്പിക്കുക. ഇതാണ് നടക്കേണ്ടത് എന്ന് ഭാഷ്യത്തിൽ വ്യാസൻ പറയുന്നു. സത്യവും ഋതവും ഒരേ അർത്ഥത്തിൽ പറയുന്നുണ്ടെങ്കിലും സൂക്ഷ്മതലത്തിൽ അർത്ഥ ഭേദമുണ്ട്. ശാസ്ത്ര പഠനത്തിലൂടെ അനുമാനത്തിലൂടെ നേടുന്ന യഥാർഥ ജ്ഞാനമാണ് സത്യം. ഇതിനെ സാക്ഷാത്കരിക്കാനുള്ള പരിശ്രമമാണ് സാധന. സാക്ഷാത്കാരം നേടിയ ശേഷമുള്ള യഥാർഥജ്ഞാനം. അനുഭൂതിയിലൂടെ ബോധ്യപ്പെട്ട സത്യം. - അതാണ് ഋതം.

ഋതം എന്നുള്ളത് ഒരു വൈദികമായ പ്രയോഗമാണ്. പ്രപഞ്ചത്തിന്റെ സമഞ്ജസമായ നിലനില്പിന്റെ പിന്നിലുള്ള നിയന്ത്രണ വ്യവസ്ഥയെ വ്യഞ്ജിപ്പിക്കാൻ ഈ വാക്ക് ഉപയോഗിക്കുന്നുണ്ട്. പ്രപഞ്ചയാഥാർത്ഥ്യത്തിന്റെ പിന്നിലുള്ള സത്യം - അതാണ് ഋതം.

ശാസ്ത്രം പഠിച്ച ഒരു ബുദ്ധിമാന് സംസാര ജീവിതം ദുഃഖമയമാണെന്നും ആത്മാവ് ശരീരത്തിൽ നിന്നു ഭിന്നമാണെന്നും പ്രത്യക്ഷത്തിലൂടെയും അനുമാനത്തിലൂടെയും യുക്തിയിലൂടെയും മനസ്സിലാക്കാൻ കഴിയും. എന്നാൽ ആ അറിവ് ദുഃഖാനുഭവത്തെ ഇല്ലാതാക്കുന്നില്ല. അക്കാര്യത്തിൽ ഒരു പാമരനിൽ നിന്നും അവൻ വ്യത്യസ്തനല്ല. അഭിനിവേശമെന്ന ക്ലേശത്തെക്കുറിച്ച് പറയുമ്പോൾ പതഞ്ജലി

സ്വരസവാഹീ വിദുഷോപി തഥാരൂഢോഭിനിവേശ :

എന്നു പറയുന്നുണ്ട്. വിദ്യന്മാരും മരണഭയത്തിൽ നിന്ന് മുക്തരല്ല എന്ന്.

എന്നാൽ ശാസ്ത്രജ്ഞാനത്തോടും യുക്തിചിന്തയോടുമൊപ്പം ധ്യാനവും അന്തർ ദൃഷ്ടിയും ചേർന്നാൽ അവന് യഥാർഥ ദർശനമുണ്ടാകും. ബുദ്ധി ഋതംഭരയാകും. അപ്പോഴാണ് കൈവല്യപ്രാപ്തികിട്ടുക.

യോഗത്തിന്റെ പാത ഇത്തരം അനുഭൂതിക്കാണ് പ്രാധാന്യം നല്കുന്നത്. പതഞ്ജലി കപിലനിൽ നിന്നും വ്യത്യസ്തനാവുന്നതും ഇവിടെയാണ്. യോഗജ്ഞാനത്തിൽ മനുഷ്യർ തമ്മിൽ വ്യത്യാസങ്ങളില്ല. വൈശിഷ്ട്യം ഈശ്വരനു മാത്രമേ ഉള്ളൂ. സാംഖ്യ മത പ്രകാരം എല്ലാവരിലും പുരുഷനും പ്രകൃതിയുമുണ്ട്. പുരുഷൻ എല്ലാവരിലും ഒരു പോലെയാണ്. പ്രകൃതിയിൽ ആണ് വ്യത്യാസങ്ങൾ. അതാണ് പ്രകാശത്തെ മൂടിയിരിക്കുന്നത്.

'ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം' സത്യം സ്വർണ്ണപ്പാത്രം കൊണ്ട് മൂടി വെച്ചിരിക്കുന്നു. ജന്തുക്കൾക്ക് ഇതിനെ മാറ്റിമറിക്കാൻ, ഉള്ള ബുദ്ധിയില്ല. അത് പ്രകൃതിക്കനുസരിച്ച് ജീവിച്ചു പോകും. മനുഷ്യന് അതിനെ സ്വന്തം ഇച്ഛകൊണ്ട് നിയന്ത്രിക്കാൻ സാധിക്കും എന്നതാണ് വ്യത്യാസം.

ജന്തുക്കൾ അതിന് പറ്റിയ ഭക്ഷണം മാത്രമേ കഴിക്കൂ, പറ്റിയ സമയത്തേ കഴിക്കൂ, അത്രേ സാധിക്കൂ. എന്നാൽ മനുഷ്യന് ഭക്ഷണത്തിൽ പരിഷ്കാരം സാധ്യമാണ്. രുചിക്കൂട്ടാം. അസമയത്ത് കഴിക്കാം. ആരോഗ്യകരമായതു മാത്രം കഴിക്കുകയുമാവാം. ഇന്ദ്രിയങ്ങളുടെ പിറകെ പോവുകയുമാവാം. അതിന്റെ ഭവിഷ്യത്ത് മനസ്സിലാക്കി പ്രവർത്തിക്കാം. ഈ സ്വാതന്ത്ര്യം ഉപയോഗിച്ച് നന്മയിലേക്ക് ചേക്കേറുമ്പോഴാണ് ധ്യാനമാർഗത്തിലേക്ക് പോകുന്നത്. പ്രജ്ഞയെ ഋതംഭരയാക്കുന്നത്.





# അതിതീവ്ര കാലാവസ്ഥാ വ്യതിയാനങ്ങൾ കരുതലോടെയിരിക്കുക!

എൻ. രാജശേഖരൻ. ഫോൺ: 8589090719



## പ്രത്യാഘാതങ്ങൾ

### താപനില 2 ഡിഗ്രി വർദ്ധിച്ചാൽ

ഭൂമിയിലെ താപനില 2 ഡിഗ്രി സെന്റീഗ്രേഡ് വർദ്ധിച്ചാൽ സംഭവിക്കുന്ന ഭവിഷ്യത്തുക്കൾ നോക്കാം. മിക്ക സസ്യജാലങ്ങൾക്കും, ജീവികൾക്കും നിലനിൽക്കാൻ കഴിയുകയില്ല. ആർട്ടിക് പ്രദേശത്തെ ധ്രുവകരടികൾക്ക് താപനിലയിലെ വർദ്ധനവ് അതിജീവിക്കാൻ കഴിയുകയില്ല. അതുപോലെ തന്നെ സമുദ്രത്തിലെ പവിഴപുറ്റുകളും നശിച്ച് പോകും. സമുദ്രജലനിരപ്പ് 55 സെന്റീമീറ്റർ ആകുന്നതാണ്. ഹിമാനികളുടെ വലുപ്പം കുറയുന്നു. ഒരു ഭാഗത്ത് ജലദൗർലഭ്യത്തിന്റെ ദുരിതങ്ങളും മറ്റൊരു ഭാഗത്ത് വെള്ളപ്പൊക്കത്തിന്റെ കെടുതികളുമാണ് അനുഭവിക്കേണ്ടി വരിക.

### താപനില 3 ഡിഗ്രി സെൽഷ്യസ് വർദ്ധിച്ചാൽ

താപനില 2 ഡിഗ്രി സെൽഷ്യസിൽ നിന്ന് 3 ഡിഗ്രി സെൽഷ്യസിലേക്ക് വർദ്ധിക്കുമ്പോൾ സ്ഥിഗതികൾ കൂടുതൽ വഷളാകുന്നതാണ്. ആഫ്രിക്കൻ രാജ്യങ്ങളിലെപ്പോലെ മറ്റ് രാജ്യങ്ങളിലും മഴ ഒരു മരീചിക തന്നെയായി മാറും. ഉഷ്ണമേഖലാ പ്രദേശങ്ങൾ പ്രളയത്തിൽ അകപ്പെടും. എന്നാൽ ഉപോഷ്ണമേഖലാ പ്രദേശങ്ങളാകട്ടെ വരൾച്ചയുടെ പിടിയിലമരും. സമുദ്രത്തിലെ ജലത്തിന്റെ താപവർദ്ധന കരയിലും അഭൂതപൂർവ്വമായ താപവർദ്ധനവിന് കാരണമാകുന്നതാണ്.

ചുഴലിക്കാറ്റിന്റെ വേഗത വർദ്ധിക്കും. മണൽക്കൂനകളെ ചുഴലിക്കാറ്റുകൾ ചൂഴ്ന്നെടുത്തു വിദൂരങ്ങളിലെത്തിക്കും. ചുരുക്കത്തിൽ ചുഴലിക്കാറ്റുകൾ മണൽക്കാറ്റായി മാറുന്നത് കാണാം. ചുഴലിക്കാറ്റുകളുടെ വേഗത പതിന്മടങ്ങ് വർദ്ധിക്കുന്നതോടെ മണൽക്കാറ്റായി മാറുകയും, അതോടെ ടൺക്കണക്കിനാണ് മണലും മറ്റും മാറ്റി സ്ഥാപിക്കപ്പെടുകയും,

ഗ്രാമങ്ങളും പട്ടണങ്ങളും മണലിനടിയിലാകുകയും ചെയ്യും.

Co2 ന്റെയും മറ്റ് ഹരിതഗൃഹവാതകങ്ങളുടെയും പുറം തള്ളൽ ഈ അളവിൽ മുന്നോട്ട് പോയാൽ 2050 ൽ തന്നെ താപനില 3 ഡിഗ്രി സെൽഷ്യസ് ആയി വർദ്ധിക്കുന്നതാണ്. ഭൂമിയിലെ ഏറ്റവുമധികം ചൂടുള്ള സ്ഥലമായ ആസ്ട്രേലിയയിൽ പല ഭാഗങ്ങളും ചുട്ട് പഴുത്ത്, ജലസംഭരണികൾ വറ്റിവരളുകയും തന്മൂലം കൃഷിക്കും സർവ്വനാശത്തിനിടവരുത്തുകയും ചെയ്തേക്കും.

സമുദ്ര ജലനിരപ്പ് ഉയരുന്നതോടെ മാലദ്വീപ സമൂഹം കടലിൽ താണു പോകാനിടയുള്ള സാധ്യത ഏറെയാണ്.

## താപനില 4 ഡിഗ്രി സെൽഷ്യസ് വർദ്ധിച്ചാൽ

ഇപ്പോഴത്തെ നിലയിൽ കാർബൺ ബഹിർഗമനം തുടർന്നാൽ 2100 – ൽ ശരാശരി താപനില 4 ഡിഗ്രി സെൽഷ്യസ് ആകും.

സമുദ്രജലനിരപ്പിന്റെ വർദ്ധനവ് മൂലം ഇംഗ്ലണ്ട്, യു. എസ്. എ, നെതർലാണ്ട്, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുടെ തീരപ്രദേശങ്ങൾ കടലിനടിയിലാകും. ഉഷ്ണമേഖലാ വനങ്ങൾ, പവിഴപ്പുറ്റുകൾ എന്നിവ പാടേ നശിക്കുന്നതാണ്.

ഇന്ത്യാസമുദ്രത്തിലും, പസഫിക്കിലും സ്ഥിതി ചെയ്യുന്ന ദ്വീപ് സമൂഹങ്ങളും ജലത്തിനടിയിലാകും. മഞ്ഞ് മലകളും ഹിമാനികളും ഉരുകുന്നതും, താപവർദ്ധനവ് മൂലം ജലം വികസിക്കുന്നതും സമുദ്രജലനിരപ്പ് അഭൂതപൂർവ്വമായി ഉയരുന്നതിനും ഇടയാകും.

താപവർദ്ധന 4 ഡിഗ്രി സെൽഷ്യസ് ഉയരുന്നതിനെ തുടർന്ന് 85 ശതമാനം വനങ്ങളും നശിക്കാനിടയാകും. സമുദ്രനിരപ്പ് ഉയരുന്നതിന്റെ ഫലമായി ജലത്തിനടിയിൽ പെടാത്ത സ്ഥലങ്ങളിലേക്ക് ഉപ്പ് വെള്ളം കടന്നു കയറുകയും, കൃഷിയുടെ ഉന്മൂലനാശത്തിന് ഇത് ഇടവരുത്തുകയും ചെയ്യും. ചുഴലികൊടുങ്കാറ്റുകൾ, ഭയാനകമായ രൗദ്രതയോടെ വീശി, വീടും, വസ്തുക്കളും എല്ലാം തകർക്കും. ചൂടിന്റെ ആധിക്യത്താൽ ശുദ്ധജലക്ഷാമം രൂക്ഷമാകും.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കാലം തെറ്റിയ മഴയുണ്ടാകുന്നതിന്റെ ഫലമായി ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് കോടിക്കണക്കിന് പണമാണ് ഗവൺമെന്റിന് ചിലവഴിക്കേണ്ടി വരുക. ഇതിന്റെ ഫലം വികസന പ്രവർത്തനങ്ങൾക്ക് പണമില്ലാതെ പോകുന്നു എന്നതാണ്.

അന്തരീക്ഷത്തിൽ ചൂട് സൃഷ്ടിക്കുന്ന വാതകങ്ങളിൽ ഏറ്റവും കൂടുതൽ ഉത്തരവാദി Co2 തന്നെ എന്ന് സംശയാതീതമായി തെളിഞ്ഞ് കഴിഞ്ഞു. അന്തരീക്ഷത്തിൽ എത്തിചേർന്നാൽ ഈ വാതകം നൂറ്റാണ്ടുകളോളം അവിടെ തന്നെ തങ്ങുന്നു. ഇപ്രകാരം വാതകത്തിന്റെ അളവ് കൂടികൂടി വരുന്നതിനെ തുടർന്ന് ഭൂമി ചൂടാകുന്നു. 2100 ൽ ഭൂമിയുടെ താപനില 3.5 ഡിഗ്രി സെൽഷ്യസ് 4.5 ഡിഗ്രി സെൽഷ്യസ് വരെ വർദ്ധിക്കുന്നതാണ്.

മണ്ണിനടിയിലുള്ള ജലാംശവും അന്തരീക്ഷതാപം വർദ്ധിക്കുന്നതനുസരിച്ച് നീരാവിയായി മാറുന്നതോടെ മണ്ണ് ചുട്ട് പഴുക്കുകയും, മണ്ണിലെ അവസാന തുള്ളി ജലം വരെ നീരാവിയായി മാറുകയും ചെയ്യുന്നു. ഇതിന്റെ ഫലം മറ്റൊന്നാണ്. മറ്റ് പ്രദേശങ്ങളിൽ പേമാരിയും വെള്ളപ്പൊക്കവുമാണ് ഉണ്ടാകുന്നത്.

ഹിമാനികൾ ഉരുകി നദികളുടെ സീമ ലംഘിച്ച് വൻതടാകങ്ങളും മറ്റും ഉണ്ടാക്കി സമുദ്രത്തിൽ പതിക്കുന്നു. ക്രമേണ ഈ നദികൾ തന്നെ ഇല്ലാതാകുന്നു. തുടർന്ന് നദീതീരത്തെ ജനങ്ങൾ വരൾച്ചയും, ക്ഷാമവും നിമിത്തം നരകയാതന അനുഭവിക്കാനിടയാകുന്നു. ചൂടിന്റെ വർദ്ധനവ് മൂലം അന്തരീക്ഷം മുഴുവൻ ചൂട് കൊണ്ട് പൊള്ളുന്ന തീക്കാറ്റ് വാശാൻ തുടങ്ങുന്നു. വനം നശീകരണത്തിന്റെ ഞെട്ടിപ്പിക്കുന്ന ഫലങ്ങലാണ് ഈ ദുരിതങ്ങൾ എന്തെല്ലാം. വനനശീകരണം കൊണ്ട് മാത്രം ഓരോവർഷവും രണ്ട് ബില്യൻ മെട്രിക് ടൺ കാർബൺ ആണ് അന്തരീക്ഷത്തിൽ എത്തിച്ചേരുന്നത്. താപനിലയിലെ ഈ വൻ വർദ്ധനവ് 56000 ൽ പരം സസ്യവർഗ്ഗത്തെയാണ് ഭൂമിയിൽ നിന്ന് ഇല്ലാതാക്കുന്നത്. അതുപോലെ 3700 ജന്തുവർഗ്ഗങ്ങളും ഇല്ലാതാകുന്നതാണ്.

കാർഷിക വിളകളുടെ സർവ്വനാശം കൃഷിയെ ആകമാനം തകർക്കുകയും വർദ്ധിച്ചു വരുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ ആവശ്യകത നിറവേറ്റാൻ കഴിയാതെ വരുന്നതുമാണ്.

## ഇന്ത്യ 2100 –ൽ

പ്രകൃതി വിഭവങ്ങളാൽ സമൃദ്ധമാണ് നമ്മുടെ രാജ്യം. അതുപോലെ തന്നെ ക്രമാതീതമായ ജനസംഖ്യാ വർദ്ധനവുള്ള രാജ്യവും. കൃഷിയാണ് ഏറ്റവും വലിയ വരുമാന മാർഗ്ഗം. പശ്ചിമഘട്ടനിരകളും ഹിമാലയം പോലെയുള്ള പർവ്വത നിരകളും,





വളരെയേറെ സമുദ്രതീരവുമുള്ള ഒരു രാജ്യമാണ് നമ്മുടേത്. ഇപ്പോൾ തന്നെയുള്ള ആഹാരത്തിന്റെ കുറവ്, ദാരിദ്ര്യം, നിരക്ഷരത, തൊഴിലില്ലായ്മ, ഗ്രാമപ്രദേശങ്ങളിലെ ഗതാഗതപ്രശ്നങ്ങൾ ഇങ്ങനെ അടിസ്ഥാന പ്രശ്നങ്ങൾ നിരവധിയാണ്. ഇങ്ങനെയുള്ള ഇന്ത്യയ്ക്ക് കാലാവസ്ഥ മാറ്റങ്ങൾ, ആഗോള താപനം എന്നിവ ഏതൊക്കെ രീതിയിലാണ് പ്രതിസന്ധികൾ സൃഷ്ടിക്കാൻ പോകുന്നത്?

എന്നാൽ വികസന പ്രവർത്തനരംഗത്ത് നാം വളരെയേറെ മുന്നോട്ട് പോകേണ്ടതുണ്ട്. വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകണമെങ്കിൽ ഊർജ്ജ ഉപയോഗം വളരെയധികം കൂട്ടേണ്ടി വരും. അതിന് കൂടുതൽ കാർബൺ പുറം തള്ളേണ്ടി വരും. കാർബൺ പുറം തള്ളാത്ത ഊർജ്ജോപാധികൾ സ്വീകരിക്കേണ്ടി വരും.

2100 ആകുമ്പോഴേക്കും ഇന്ത്യയിലെ ശരാശരി ചൂട് 4.4 ഡിഗ്രി സെൽഷ്യസ് വർദ്ധിക്കുന്നതാണെന്ന് ഇന്ത്യാഗവൺമെന്റ് റിപ്പോർട്ടിൽ പറയുന്നു. താപതരംഗങ്ങൾ 3–4 ഇരട്ടിയായി വർദ്ധിക്കുന്നതാണ്. സമുദ്രനിരപ്പ് 30 സെന്റീമീറ്റർ വരെ ഉയരുന്നതാണ്. കഴിഞ്ഞ നിരവധി വർഷങ്ങൾക്ക് ശേഷം ആദ്യമായാണ് സമുദ്രനിരപ്പ് ഇത്രയും ഉയരുന്നത്. ആഗോള താപനം നിയന്ത്രിക്കാൻ കേന്ദ്രഗവൺമെന്റ് പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. പാരീസ് ഉടമ്പടി പ്രകാരം ഭാരതത്തിന് നൽകിയിട്ടുള്ള ടാർജറ്റിൽ കൂടുതൽ നാം കൈവരിക്കും. പക്ഷേ ഇന്ത്യമാത്രം ലക്ഷ്യത്തിലെത്തിയാൽ മതിയാകില്ല, കാർബൺ വൻതോതിൽ വിസർജിക്കുന്ന അമേരിക്ക, ചൈന, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങിയവർ ഇക്കാര്യത്തിൽ ഇനിയും കാര്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് എത്രയോ ഖേദകരമാണ്. കാർബണിന്റെ പുറംതള്ളൽ കുറക്കാനുള്ള നടപടികൾ സ്വീകരിച്ച ലോകരാജ്യങ്ങളിൽ ഭാരതത്തിന്റെ സ്ഥാനം 11 ആണ്. ചൈനയ്ക്ക് 33–ാം സ്ഥനവും, യൂറോപ്യൻ രാജ്യങ്ങൾ അവസാന സ്ഥാനക്കാരുമാണ്.

ഇന്ത്യയുടെ സമുദ്രതീര നഗരങ്ങളായ ബോംബെ, പുരി, കൊച്ചി എന്നിവ 2100 ടെ പൂർണ്ണമായും കടലിനടിയിലാകുന്നതാണ്. താപനില 5 ഡിഗ്രി സെൽഷ്യസ് ആയി വർദ്ധിച്ചാൽ ഭൂമിയിലെ മിക്ക ജീവജാലങ്ങളും സമ്പൂർണ്ണമായി നശിക്കുന്നതാണ്. 2050 മുതൽക്ക് തന്നെ ഗംഗസമതല പ്രദേശങ്ങളും ഇന്ത്യയുടെ വടക്ക് പടിഞ്ഞാറൻ മേഖലയിലും കൊടും ചൂടിന്റെ ആധിക്യത്താൽ വർദ്ധിച്ച തോതിൽ ഉഷ്ണതാപതരംഗങ്ങൾ ഉണ്ടാകാനിടയാകുന്നതാണ്. ഇന്ത്യയിലെ ഫലഭൂയിഷ്ടമായ കൃഷിസ്ഥലങ്ങൾ ചുട്ടുപഴുത്ത അവസ്ഥയിലാകും. സമൃദ്ധമായ കൃഷിഭൂമിയും , വിളകൾ, ജനങ്ങൾ, കൂട്ടത്തോടെ താമസിക്കുന്ന പട്ടണങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെയെല്ലാം അന്ത്യം സംഭവിക്കുകയും ചെയ്യും. സമുദ്രജലം ചൂടാകുന്നതോടെ സമുദ്രത്തിനടിയിലുള്ള ഐസ് ഉരുകുന്നതിനും, സമുദ്രനിരപ്പ് പൂർവ്വാധികം ഉയരുന്നതിനും, കടലിൽ നിന്നുള്ള ലവണജലം കരയിലേക്ക് ഇരച്ച് കയറുന്നതിനും ഇടയാകുന്നതാണ്.

കാലാവസ്ഥ വ്യതിയാനത്താൽ ഇന്ത്യയിൽ മലമ്പനി, വൈറസ് രോഗങ്ങൾ മറ്റ് പകർച്ചവ്യാധികൾ എന്നിവ കൂട്ടത്തോടെ എത്തും. ആഗോളതാപനത്തിന്റെ മറ്റൊരു ഫലം ജലദൗർബല്യമാണ്. ജലമില്ലാതെ ജീവന് നിലനില്പില്ല എന്നോർക്കണം. ജലമില്ലെങ്കിൽ സസ്യങ്ങളോ, ജന്തുക്കളോ ഒന്നും തന്നെയില്ല. ഇന്ത്യയിൽ ഗംഗാനദി വറ്റി വരണ്ടാലുള്ള സ്ഥിതി ഒരു നിമിഷം ആലോചിച്ചു നോക്കുക.

ആഗോളതാപനത്തിന്റെ മറ്റൊരു ആഘാതം അഭയാർത്ഥി പ്രവാഹമാണ്. ഇപ്പോൾ തന്നെ കടൽ നിരപ്പ് ഉയരുന്നതിനെ തുടർന്ന് ബംഗ്ലാദേശിൽ നിന്ന് അഭയാർത്ഥികൾ കൈയ്യും കണക്കുമില്ലാതെ എത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള അഭയാർത്ഥി പ്രവാഹം ലോകമെമ്പാടും ആരംഭിച്ചു കഴിഞ്ഞു. 2050 ആകുമ്പോൾ തന്നെ 150–200 ദശലക്ഷം അഭയാർത്ഥികളുടെ സാന്നിദ്ധ്യം അനുഭവപ്പെടും. അഭയാർത്ഥികളുടെ കൂട്ടത്തോടെയുള്ള വരവ് ഇന്ത്യയുൾപ്പടെയുള്ള വികസിത രാജ്യങ്ങളുടെ സാമൂഹിക സാമ്പത്തിക മേഖലകളിൽ കടുത്ത പ്രശ്നങ്ങൾ തന്നെ സൃഷ്ടിക്കും.

കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുള്ള വരൾച്ച മൂലം മരുഭൂമിയുടെ വിസ്തൃതി വർദ്ധിച്ചു വരുന്നുണ്ട്.

ജലദൗർലഭ്യം, ഭക്ഷ്യവസ്തുക്കളുടെ അഭാവം, വരൾച്ച, കൃഷിനാശം, പേമാരി, വെള്ളപ്പൊക്കം, പകർച്ചവ്യാധികളുടെ വരവ്, ഇതിനൊക്കെ പുറമേ അഭയാർത്ഥി പ്രവാഹം കൂടിയാകുമ്പോൾ ഗവൺമെന്റുകൾക്ക് ഒന്നും ചെയ്യാനാവാതെയായി പോകുന്നു.

വനത്തിലും, കടലിലും, കരയിലും അന്തരീക്ഷത്തിലുമുള്ള മനുഷ്യന്റെ ആർത്തിപിടിച്ച ഇടപെടലുകൾ മൂലം ആവാസ വ്യവസ്ഥകളെല്ലാം താറുമാറാ

കുന്നതിനും, ജന്തുക്കളുടെ ആവാസ വ്യവസ്ഥകൾ ഇതിനോടകം തന്നെ നഷ്ടപ്പെടുന്നതിനുമിടയാകും. വനനശീകരണം, വ്യാവസായിക സംരംഭങ്ങളുടെ വരവ്, ക്രമാതീതമായ ഫോസിൽ ഇന്ധനങ്ങളുടെ കത്തിക്കൽ എന്നിവ കൊണ്ടാണ് ഹരിതഗൃഹ വാതകങ്ങളുടെ അളവ് അന്തരീക്ഷത്തിൽ അനുദിനം വർദ്ധിച്ച് വന്നത്.

അന്തരീക്ഷത്തിൽ കെട്ടിക്കിടക്കുന്ന കാർബൺ ഡൈ ഓക്സൈഡിനെ എന്ത് വിലകൊടുത്തും നീക്കം ചെയ്യേണ്ടതുണ്ട്. അതിനു മരങ്ങൾക്ക് മാത്രമേ കഴിയുകയുള്ളു. മരങ്ങൾ വച്ച് പിടിപ്പിക്കുക, മിയാവാക്കി വനങ്ങൾ പോലെയുള്ള ചെറുവനങ്ങൾ സൃഷ്ടിക്കുക എന്നിവ ഉത്തമ പരിഹാരങ്ങളാണ്.

അന്തരീക്ഷത്തിൽ നിന്ന് കാർബൺഡൈ ഓക്സൈഡിന്റെ ബഹിർഗമനം കുറക്കാനുള്ള പരിഹാര മാർഗ്ഗങ്ങൾക്ക് വേണ്ടി ലോകരാഷ്ട്രങ്ങൾ നിരവധി തവണ ഉച്ചകോടികൾ നടത്തുകയുണ്ടായി. 1979, 1992, 1997, 2015 എന്നീ വർഷങ്ങളിൽ ഉച്ചകോടികൾ നടത്തുകയും, പല കാര്യങ്ങളിലും ധാരണകളിലെത്തുകയും ചെയ്തതാണ്. പക്ഷേ കാര്യമായ ഒരു നടപടികളും അമേരിക്ക പേലുള്ള സമ്പന്ന രാജ്യങ്ങളിൽ നിന്നും ഉണ്ടായിട്ടില്ല.

ലോകരാജ്യങ്ങൾ എല്ലാം തന്നെ വികസനത്തിന്റെ കാര്യത്തിൽ പല സ്റ്റേജുകളിൽ നിൽക്കുന്നവരാണ് എന്നോർക്കണം. അങ്ങനെയിരിക്കെ എല്ലാ രാജ്യങ്ങളും ഒരുപോലെ കാർബൺന്റെ ഉപഭോഗം കുറക്കാൻ ഭാഗഭാക്കാവണമെന്നുള്ള സമ്പന്നരാജ്യങ്ങളുടെ അഭിപ്രായത്തിന് എന്ത് നീതികരണമാണുള്ളത്. അമേരിക്കകാരുടെ ഊർജ്ജ ഉപഭോഗം ഇന്ത്യയെക്കാൾ പതിനഞ്ച് ഇരട്ടി കൂടുതലാണ്. ചൈനയുടേത് ഇന്ത്യയെക്കാൾ അഞ്ച് ഇരട്ടി കൂടുതലാണ്. വരാൻ പോകുന്ന ദുരന്തങ്ങളെ നേരിടാൻ എല്ലാ രാജ്യങ്ങളും ചേർന്ന് പദ്ധതികൾ തയ്യാറാക്കി മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ ഏറെ താമസിക്കാതെ തന്നെ സംഭവിക്കാൻ പോകുന്നത് തീരപ്രദേശങ്ങളുടെ നാശം തുടക്കത്തിൽ തന്നെ കാണേണ്ടി വരും. പിന്നെ അതിദ്രുതം കൂടിക്കൊണ്ടിരിക്കുന്ന അന്തരീക്ഷത്തിലെ ചൂട്, ഒരിക്കലും വീണ്ടെടുക്കാൻ കഴിയാത്ത സർവ്വനാശത്തിലാണ് നമ്മെ കൊണ്ടെത്തിക്കുക. വേഗമാകട്ടെ വെറുതെ കളയാൻ നമുക്ക് സമയമൊട്ടുമില്ല.

## മലീനീകരണം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾ

ഊർജ്ജോല്പാദനം, പരിസ്ഥിതി, സൗഹൃദമായിട്ടായിരിക്കണമെന്ന ലക്ഷ്യം വച്ച് ദിവസേന 1.6 ലക്ഷം യൂണിറ്റ് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിക്കുന്ന കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (CIAL) ലോകവിമാനത്താവളങ്ങൾക്ക് മാതൃകയായി തീർന്നിരിക്കുന്നു. ലോകത്തിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഏകവിമാനത്താവളമെന്ന ഖ്യാതി സിയാലിന് സ്വന്തം. 120 ഏക്കറിലാണ് സൗരോജ്ജപാനലുകൾ സ്ഥാപിച്ചിരിക്കുന്നത്. സിയാൽ എം.ഡി. ശ്രീ. വി.ജെ കുര്യന്റെ നിശ്ചയദാർഢ്യമാണ് ഈ മഹത്തായ വിജയത്തിന് പിന്നിൽ.

ചുരുങ്ങിയ സ്ഥലത്ത് വനം നിർമ്മിക്കുക എന്ന ആശയം നടപ്പാക്കിയ പ്രസിദ്ധ ജാപ്പനീസ് ശാസ്ത്രജ്ഞൻ പ്രൊഫ. അകീരമിയാവാക്കിയുടെ മിയാവാക്കി വനങ്ങൾ, കേരളത്തിൽ പല സ്ഥലങ്ങളിലും സ്ഥാപിച്ച പ്രവർത്തകർ അഭിനന്ദനമർഹിക്കുന്നു.

ഫോസിൽ ഇന്ധനങ്ങൾ മൂലമുള്ള പരിസ്ഥിതി മലിനീകരണം കുറയ്ക്കാൻ മാലിന്യമുക്തമായ ഹൈഡ്രജൻ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ നിരത്തിലിറങ്ങി കഴിഞ്ഞിരിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞർ.

അന്തരീക്ഷത്തിൽ കെട്ടികിടക്കുന്ന കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യുക, മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക, മണ്ണൊലിപ്പ് തടയുക എന്നിവക്ക് ഒരു ശാശ്വത പരിഹാരം കാണുന്നതിനായി ലോകമെമ്പാടും പതിനായിരം കോടി മരങ്ങൾ വച്ച് പിടിപ്പിക്കാനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്ത ഐക്യരാഷ്ട്രസംഘടന.

മരങ്ങളോടും ചെടികളോടുമുള്ള അടങ്ങാത്ത സ്നേഹം സാക്ഷാത്കരിക്കുന്നതിനും, അന്തരീക്ഷത്തിൽ കാർബൺന്റെ വ്യാപനം കുറയ്ക്കുന്നതിനുമായി, തന്റെ പേരിലുള്ള ആറ് ഏക്കർ പുരയിടം, 800 ൽ പരം മരങ്ങളും, വള്ളിച്ചെടികളും കൊണ്ട് നിബിഡ വനമാക്കിയ ആലപ്പുഴ ജില്ലയിൽ കാർത്തികപ്പിള്ളി താലൂക്കിൽ കണ്ടല്ലൂർ ഗ്രാമത്തിൽ കൊല്പക വീട്ടിലെ ശ്രീമതി. ദേവകി അമ്മ, അവരുടെ മകൾ പ്രൊഫ. തങ്കമണി.

പറവൂർ താലൂക്കിൽ കൊടുവള്ളി പഞ്ചായത്തിൽ വഴിക്കുളങ്ങരയിൽ രണ്ട് ഏക്കർ സ്ഥലത്ത് കാവുകളും, കുളങ്ങളും തീർത്ത പരേതനായ രവീന്ദ്രനാഥ്, രവീന്ദ്രനാഥിന്റെ മരണശേഷം ഇതിനെ ഇപ്പോൾ നോക്കി നടത്തുന്ന മകളായ മീത മേനോനും മക്കളും.





ചെറായി, ഞാറയ്ക്കൽ, മുളവുകാട്, വല്ലാർപ്പാടം, ചെല്ലാനം എന്നീ സ്ഥലങ്ങളിൽ 75000 കണ്ടൽ ചെടികൾ നട്ട്, സംരക്ഷിച്ച് കണ്ടൽക്കാടുകൾ സൃഷ്ടിച്ച വൈപ്പിൻ സ്വദേശിയായ മുരുകേശൻ.

കഴിഞ്ഞ പത്ത് വർഷക്കാലമായി 40000 ത്തോളം വൃക്ഷങ്ങൾ നട്ട് പിടിപ്പിച്ച കർണ്ണാടക സംസ്ഥാനത്ത് ഉത്തര കന്നടയിൽ ഹൊന്നാലി ഗ്രാമത്തിലെ തുളസീഗൗഡ.

ജനിക്കുന്ന ഓരോ പെൺകുഞ്ഞിന്റെയും പേരിൽ 111 വൃക്ഷതൈകൾ നട്ടു വളർത്തുന്ന ഉദാത്തമായ ഒരു പരിപാടിക്ക് രൂപം കൊടുത്ത് രാജസ്ഥാനിലെ പിപ്പലാന്ത്ര എന്ന ഗ്രാമം ഫലവൃക്ഷങ്ങളും മരങ്ങളും കൊണ്ട് മിറച്ച ഗ്രാമമുഖ്യനായ ശ്യാമസുന്ദർ പാലിവാൽ.

ജൈവകൃഷി പ്രചരിപ്പിക്കുന്നതിനും പരമ്പരാഗത കൃഷി വ്യാപിപ്പിക്കുന്നതിനും ജീവിത മുഴുവൻ ഒഡീഷയിലെ കൊറാപുട്ട് ജില്ലയിലെ കമല പൂജാരി മദ്ധ്യപ്രദേശിലെ, സതന ജില്ലയിലെ ബാബുലാൽ ദഹിയ ഉത്തർ പ്രദേശിലെ ബർബങ്ക് ജില്ലയിലെ രാംശരൺ വർമ്മ, രാജസ്ഥാനിലെ മാൻപുര ഗ്രാമത്തിലെ ഹുക്കുംചന്ദ് പാട്ടീദാർ, ഗുജറാത്ത് സംസ്ഥാനത്തിലെ വല്ലഭായ് വസ്രാംഭായ് മർവാണിയ, ഉത്തർപ്രദേശിലെ ഭരത്ഭൂഷൺ ത്യാഗി, (പട്ടിക പൂർണ്ണമല്ല) എന്നിവരെല്ലാം അന്തരീക്ഷ മലിനീകരണം തടയുന്നതിനും ഹരിതവൽക്കരണ നടപടികൾക്കുമായി സ്വമേധയാ മുന്നോട്ട് വന്നവരാണ്. മറ്റാരുടെയും പ്രേരണയോ, പ്രചോദനമോ ഇല്ലാതെ ജീവിതം മുഴുവൻ പരിസ്ഥിതി സംരക്ഷണത്തിന് മുന്നിട്ടിറങ്ങിയ മുകളിൽ പറഞ്ഞ പ്രസ്ഥാനങ്ങളെയും, വ്യക്തികളെയും നമുക്ക് ആദരിക്കാം.


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE
### KARAYOGA SOUHRIDAM

English/Malayalam, Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Ernakulam |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam D.H.Road, Kochi-682016 |
| 4. Publisher's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam D.H.Road, Kochi-682016 |
| 5. Editor's Name | : | M. Sreevallabhan Nair |
| Name&Address | : | C/o Ernakulam Karayogam D.H.Road, Kochi-682016 |
| 6. Name&Address of individuals who own the News Paper and Partners or shareholders holding more than one percent of the total capital | : | Ernakulam Karayogam D.H.Road, Kochi-16 |

I, M. Sreevallabhan Nair hereby declare that the particulars given above are true to the best of my knowledge and belief.

Date: 1.3.2021

M. Sreevallabhan Nair
(s/d-)

# സ്വകാര്യവൽക്കരണത്തെ എതിർക്കുന്നത് എന്തുകൊണ്ട്? ആരാണ് ഉത്തരവാദികൾ? ഒരു സത്യാന്വേഷണം

ഡോ. പത്മനാഭൻ, ഫോൺ : 9072015115

ലോകമെമ്പാടും സർക്കാരുകൾ നേരിട്ടു നടത്തി വരുന്ന സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളെന്ന ഗണത്തിൽ പെടുന്നവയാണല്ലോ. വ്യാവസായിക വിപ്ലവങ്ങൾ ശക്തി പ്രാപിച്ചതനുസരിച്ച് പല രാജ്യങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ച് സർക്കാരുകളുടെ വരുമാനം വർദ്ധിപ്പിക്കാൻ (ഇത്തരം സ്ഥാപനങ്ങൾ) ഉപകരിച്ചു വരികയാണ്. രാഷ്ട്രീയ വിപ്ലവങ്ങൾ ഇത്തരം സംരംഭങ്ങളിൽ സ്ഥാനം പിടിച്ചു തുടങ്ങിയത് മുതൽ ചോദിക്കുന്നതെന്തും നേടിയെടുക്കാൻ ഇത്തരം സ്ഥാപനങ്ങളിലെ രാഷ്ട്രീയ സംഘടനകളും കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളും ശക്തി പ്രാപിച്ചു വളർന്നു വലുതാകാൻ തുടങ്ങി. പല തട്ടുകളിലുമുള്ള ശമ്പളം പറ്റി ജീവിക്കുന്ന സാധാരണ ഉദ്യോഗസ്ഥരും തൊഴിലാളികളും സാമ്പത്തികമായി കൂടുതൽ ശമ്പളം നേടിയെടുക്കാൻ പൊതുമേഖല സ്ഥാപനങ്ങളെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലേക്ക് നയിക്കാൻ തുടങ്ങി. ഇത്തരം പ്രവണതകളുടെ പരിണിത ഫലങ്ങളാണ് പല പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലേക്കു കൂപ്പു കുത്താൻ ഇടയാക്കിയത്. ലാഭത്തിൽ ഓടിക്കൊണ്ടിരുന്ന പല പൊതുമേഖല സ്ഥാപനങ്ങളും മേൽപ്പറഞ്ഞ പ്രവണതകളുടെ ഫലമായി സർക്കാരിന് വലിയ ബാധ്യത വരുത്തി വയ്ക്കുന്ന സ്ഥാപനങ്ങളായി രൂപാന്തരപ്പെട്ടു. നഷ്ടത്തിലോടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ പൊതുഖജനാവിൽ നിന്ന് കടമെടുക്കേണ്ട ഗതികേടിലുമായി മാനേജ്മെന്റ്.

പൊതുമേഖലാ സ്ഥാപനങ്ങൾ കൊണ്ട് സർക്കാരിന് കിട്ടേണ്ട വരുമാനം കുറഞ്ഞു വരുന്നതോടുകൂടി ബാധ്യത ഏറിക്കൊണ്ടേയിരുന്നു. ലാഭത്തിന്റെ വിഹിതമായി ജീവനക്കാർക്കു നൽകേണ്ട ആനുകൂല്യമാണല്ലോ ബോണസ് എന്ന ലാഭവിഹിതം. സ്ഥാപനങ്ങൾ നഷ്ടത്തിലോടുമ്പോഴും ബോണസ് നൽകിയില്ലെങ്കിൽ ജീവനക്കാർ സംഘടിച്ച് സമരം ചെയ്ത് സ്ഥാപനങ്ങളെ അടച്ചു പൂട്ടിലേക്കു തള്ളിവിടുന്ന പ്രവണത കേരളത്തിലുടനീളം നാം കണ്ടുകൊണ്ടിരിക്കുന്നതാണല്ലോ. കേരളത്തിൽ മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിലും ഈ നഷ്ടകച്ചവടപ്രവണത പ്രബലമായി നിലനിൽക്കുന്നുവെന്നുള്ളത് രാജ്യത്തിന്റെ ഉത്പാദനക്ഷമതയേയും കയറ്റുമതിയേയും കാര്യമായി ബാധിക്കുമെന്നത് ഒരു ദു:ഖസത്യമായി നിലകൊള്ളുന്നു. കയറ്റുമതികൊണ്ട് രാജ്യം നേടുന്ന വിദേശനാണ്യശേഖരണം നമ്മൾ ഇറക്കുമതിക്കു വേണ്ടി ചിലവഴിക്കുന്ന വിദേശനാണ്യത്തേക്കാൾ കൂടുതലണെങ്കിലാണല്ലോ നമ്മുടെ സാമ്പത്തിക വളർച്ച ഉയർന്ന് ലോകത്തിലെ സാമ്പത്തിക ശക്തിയുള്ള രാജ്യങ്ങളിലൊന്നായി തീരുന്നത്. ഇങ്ങനെയുണ്ടാകുന്ന സാമ്പത്തിക വളർച്ച തുടർന്നുകൊണ്ടു പോകാനും സുദൃഢമാക്കാനും സാധിക്കണമെങ്കിൽ സാമ്പത്തിക അച്ചടക്കം പാലിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. സ്വർണ്ണം, പ്ലാറ്റിനം, ക്രൂഡ് ഓയിൽ (എണ്ണവാതകം) മുതലായ അമൂല്യ വസ്തുക്കളുടെ ധാരാളം ശേഖരണമുള്ള രാജ്യങ്ങൾ പ്രകൃതിയുടെ കനിവു കാരണം സ്വാഭാവികമായി സാമ്പത്തിക ശക്തികളായി നിലകൊള്ളും. പക്ഷെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് എപ്പോഴും ഇറക്കുമതിയേക്കാൾ കൂടുതൽ കയറ്റുമതി നേടിയെടുക്കാൻ സാധിച്ചാൽ മാത്രമേ സമ്പന്നരാഷ്ട്രമായി ഇന്ത്യയ്ക്കു മറ്റു ലോകരാഷ്ട്രങ്ങളുമായി കിടപിടിച്ച് ഉന്നതിയിൽ നിന്ന് ഉന്നതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ അമേരിക്കയും ചൈനയും നമ്മുടെ മുന്നിലാണ്. അച്ചടക്കം അടിച്ചേല്പിച്ചതാണെങ്കിലും അല്ലെങ്കിലും ഏകപാർട്ടി ഭരണം കാരണം ചൈനയിൽ തൊഴിലാളി സമരങ്ങളില്ല, പ്രവർത്തിദിവസങ്ങൾ നഷ്ടപ്പെടുന്നില്ല 'ബന്ദു' കളില്ല, നിർമ്മാണ മേഖലകൾ കുതിച്ചുയർന്ന് കയറ്റുമതി വർദ്ധിപ്പിച്ച് ഇറക്കുമതി കുറച്ച് ലോകത്തിലെ രണ്ടാമത്തെ സാമ്പത്തികശക്തി (അമേരിക്കയ്ക്കു പിന്നിൽ) യായി ചൈന കുറെ വർഷങ്ങളായി നിലയുറപ്പിച്ചു വരികയായിരുന്നു. കോവിഡ് – 19 മഹാമാരിയുടെ ഉറവിടം ചൈനയായിട്ടുപോലും കോവിഡ് ശ്വാസം മുട്ടിച്ച അമേരിക്കയെ പിന്നിലാക്കി സാമ്പത്തിക വളർച്ചയിൽ ഒന്നാം സ്ഥാനം കൈവരിച്ച് അമേരിക്കയെ മറികടന്നതായി സാമ്പത്തിക വളർച്ചാകണക്കുകൾ സൂചിപ്പിക്കുന്നു. ഇതോടൊപ്പം കോവിഡ് മഹാമാരിക്കാധാരമായ കൊറോണ വൈറസിനം വവ്വാലുകളിൽ നിന്നും രഹസ്യ ലബോറട്ടറിയിൽ മനുഷ്യൻ തന്നെ സൃഷ്ടിച്ചതാണെന്നും അതിന്റെ ഉറവിടം വുഹാൻ ലബോറട്ടറിയാണെന്നുമുള്ള ഞെട്ടിപ്പിക്കുന്ന വാർത്തകൾ ശാസ്ത്രലോകത്ത് പ്രബലമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു. ലോകാരോഗ്യസംഘടന മിതത്വം പാലിക്കാൻവേണ്ടി മേൽപ്പറഞ്ഞ ശാസ്ത്രസത്യത്തെ ഇതുവരെ അംഗീകരിച്ചിട്ടുമില്ല, എതിർത്തിട്ടുമില്ല. പക്ഷേ ഇത്തരം ബയോമെഡിക്കൽ എൻജിനിയറിങ്ങ് വഴി നിലവിലുള്ള പരമാണുക്കളെ വകഭേദം വരുത്തി പിടിച്ചാൽ കിട്ടാത്ത ശക്തിയാർജ്ജിച്ച അണുക്കളും വൈറസുകളുമാക്കി വകഭേദം വരുത്താൻ ബയോമെഡിക്കൽ ലബോറട്ടറികളിൽ സാധിക്കുമെന്നത് ശാസ്ത്രസത്യമാണ്. വർഷങ്ങൾക്കുമുമ്പ് ഒരു രാജ്യത്ത് മനുഷ്യജീനിനെ ജനറ്റിക്കൽ മോഡിഫിക്കേഷൻ നടത്തിയതായി ശാസ്ത്രരേഖകൾ സൂചിപ്പിക്കുന്നു. അതി സൂക്ഷ്മമായ അണുക്കളെ ആയിരം മടങ്ങും അതിലധികവും വലിപ്പത്തിൽ കാണാൻ പറ്റും വിധം വലുതാക്കി കാണിക്കാൻ സഹായിക്കുന്ന ഇലക്ട്രോൺ മൈക്രോസ്കോപ്പിന്റെ സഹായത്തോടെ ബയോമെഡിക്കൽ ടെക്നോളജി എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇത്തരം അണുജീവികളെ അവയുടെ രൂപവും ഭാവവും മാറ്റി അപകടകാരികളായ രോഗാണുക്കളായി രൂപാന്തരപ്പെടുത്തിയെടുക്കുന്ന രീതിയെയാണ് Genetical Engineering എന്നു വിളിക്കുന്നത്. ആധുനിക ലോകത്ത് ഇത്തരം അതിനൂതനമായ സാങ്കേതിക വിദ്യകൾ നശീകരണത്തിനു വേണ്ടി ഉപയോഗിക്കാൻ പറ്റുന്ന സംവിധാനങ്ങൾ ചൈനയെപ്പോലുള്ള Secretive Regine (രഹസ്യ ഭരണകൂടം) ന് കഴിയും എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് കോവിഡ് – 19 ന്റെ മറവിൽ സമ്പദ്വ്യവസ്ഥ അതിശക്തമാക്കി തീർക്കാൻ സാങ്കേതിക വിദ്യയുടെ മറവിൽ ആ രാജ്യം ശ്രമിച്ചുകാണുമെന്നത് ലോകരാജ്യങ്ങളുടെ മുന്നിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിൽ സ്ഥിതി ചെയ്യുന്ന ബി എസ് എൻ എൽ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി ഒന്നു പരിശോധിച്ചു നോക്കാം. സർക്കാർ സ്ഥാപനങ്ങളായതിനാൽ തൊഴിലാളി യൂണിയനുകളുടെ പണിമുടക്കു സമരങ്ങളും ബന്ദുകളും ഘൊരാവോ മുതലായ സമരമുറകളും ഇത്തരം സ്ഥാപനങ്ങളെ നഷ്ടത്തിലേക്ക് നയിക്കുന്നു. ഒരു സെക്ഷനിൽ തന്നെ പല തസ്തികകൾ സൃഷ്ടിച്ച് ആവശ്യത്തിൽ കൂടുതൽ ഉദ്യോഗസ്ഥാനങ്ങൽ സമരം ചെയ്തു നേടിയെടുക്കുന്നു. എന്നാൽ അത്രയും തസ്തികങ്ങൾ ആവശ്യമില്ലാത്തതിനാൽ പല ഗ്രേഡുകളിലുമുള്ള ഉദ്യോഗസ്ഥവൃന്ദം വെള്ളാനകളെ പോലെ തടിച്ച് കൊഴുക്കുകയും വരുമാനത്തേക്കാൾ കൂടുതൽ ചിലവു വേണ്ടി വരുന്ന ലാഭകരമല്ലാത്ത നഷ്ടത്തിൽ ഓടുന്ന ഭീമൻ പൊതുമേഖല സ്ഥാപനങ്ങളായി ഇവ മാറുന്നവെന്നത് നാം എപ്പോഴും കണ്ടു കൊണ്ടിരിക്കുന്ന വസ്തുതയാണ്. സിങ്കപ്പൂർ, ജപ്പാൻ, ജർമ്മനി, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങൾ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ടി പെർഫോമൻസ് മാനേജ്മെന്റ് സിസ്റ്റം (Performance Management System) എല്ലാ സ്ഥാപനങ്ങളിലും നടപ്പാക്കി വരുന്നുണ്ട്. Big Four എന്നറിയപ്പെടുന്ന (ഡിലോയ്റ്റ് ആൻഡ് ടൂഷേ), പ്രൈസ് വാട്ടർ കൂപ്പേഴ്സ്, കെ.പി. എം. ജി, Earnest & Young (ഏണസ്റ്റ് ആൻഡ് യംങ്) എന്നിങ്ങനെയുള്ള ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് (HRD) ഏജൻസികളുടെ സഹായം പൊതുമേഖലാ സ്ഥാപനങ്ങളിൽ പെർഫോമൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാൻ പല രാജ്യങ്ങളിലേതുപോലെ ഇന്ത്യയിലും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 'Reward Yourself' (നിങ്ങളുടെ കാര്യക്ഷമമായ പ്രവർത്തികൊണ്ട് നിങ്ങൾ തന്നെ അതിനുള്ള പാരിതോഷികം നേടിയെടുക്കൂ എന്ന സംശുദ്ധമായ പ്രവർത്തികൊണ്ട് (അഴിമതിയില്ലാതെ) ബോണസ് സ്കീമുകൾ ഇത്തരം ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. ഇത്തരം നൂതനവും കമ്പനികളെ ലാഭത്തിലേക്ക് നയിക്കുന്നതുമായ പെർഫോമൻസ് മാനേജ്മെന്റ് സിസ്റ്റത്തിനെതിരായി നമ്മുടെ നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ രംഗത്തു വന്നു. ലോകത്തിലെ പുരോഗമനം ആഗ്രഹിക്കുന്ന രാജ്യങ്ങൾ പെർഫോമൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി, പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമായി പ്രവർത്തിക്കുന്ന സംരംഭങ്ങളാക്കി മാറ്റിയെടുത്തുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ

ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് (HAL), ഇന്ത്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷൻ (ISRO) എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ 'Reward Yourself' മുതലായ ബോണസ് സ്കീമുകൾ വഴി ജീവനക്കാർക്ക് ഉയർന്ന വേതനം ലഭ്യമാക്കുന്നു. മറ്റു പല സ്ഥാപനങ്ങളിലും ഇത്തരം അത്യാധുനിക വേതന വ്യവസ്ഥകൾ ജോലിയെടുക്കൂ, നേടിയെടുക്കൂ, നടപ്പാക്കാൻ ഉദ്യോഗസ്ഥ യൂണിയനുകൾ സമ്മതിക്കാതെ കഠിനാദ്ധ്വാനം ചെയ്യാതെ പണിമുടക്കുകളെ പ്രോത്സാഹിപ്പിച്ച് സ്ഥാപനങ്ങളെ നഷ്ടത്തിലേക്ക് നയിച്ച് അടച്ചുപൂട്ടൽ ഭീഷണിയിലേക്ക് എത്തിക്കുന്ന പ്രവണത നമ്മുടെ നാട്ടിൽ സർക്കാർ സ്ഥാപനങ്ങൾ നിത്യേന നേരിടുന്ന പ്രതിസന്ധി തന്നെയാണ്. ഈ പ്രതിസന്ധി തരണം ചെയ്യാൻ സർക്കാരുകളുടെ മുമ്പിൽ ഒരേയൊരു ഫോർമുല മാത്രമേയുള്ളൂ. Privatisation അഥവാ സ്വകാര്യവല്ക്കരണം. സർക്കാർ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവത്ക്കരിച്ചാൽ അതിൽ നിന്നു കിട്ടുന്ന ഭീമമായ തുക രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ മാറ്റു കൂട്ടും, സാമ്പത്തിക പുരോഗതിയുണ്ടാകും. സ്വകാര്യവൽക്കരണത്തിലൂടെ കിട്ടുന്ന വരുമാനത്തിന്റെ കുറെ ഭാഗം സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിക്ഷേപിച്ചാൽ ഓഹരി വില കൂടുമ്പോൾ ഓഹരികളിൽ നിന്നു സർക്കാരിന് കിട്ടുന്ന ലാഭം രാജ്യത്തിനു മുതൽക്കൂട്ടാകും. ജീവനക്കാർ കൂടുതൽ ആത്മാർത്ഥതയോടെ പണിയെടുക്കാൻ നിർബന്ധിതരാകും, രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ വർദ്ധിക്കും. ലാഭകരമായ വിലയുള്ളപ്പോൾ മാത്രം ഓഹരികൾ വിറ്റഴിച്ചാൽ രാജ്യത്തിന്റെ ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ടിവിറ്റി (ജി.ഡി.പി) കൂടും. അത് എല്ലാ വിഭാഗം ജനങ്ങളുടെയും ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ അവസരം ലഭിക്കും. സർക്കാർ സ്ഥാപനമായിരുന്നപ്പോൾ ശരിക്കും പണിയെടുക്കാതെ ശമ്പളം വാങ്ങി പ്രൊഡക്ടിവിറ്റി (Productivity) യെ അപകടത്തിലാക്കിയ സ്ഥാനത്ത്, പ്രൊഡക്ടിവിറ്റി വർദ്ധിപ്പിച്ച് സ്ഥാപനങ്ങളെ ലാഭകരമാക്കി തീർക്കാനുള്ള നൂതനമായ ആശയമാണ് സ്വകാര്യവൽക്കരണത്തിൽ കൂടി സർക്കാർ ലക്ഷ്യമിടുന്നത്. ലോകത്തിലെ ഒന്നാം സാമ്പത്തികശക്തിയായി ഇന്ത്യയെ മാറ്റിയെടുക്കാൻ പൊതുമേഖലയിലുള്ള സർക്കാർ സ്ഥാപങ്ങളെ സ്വകാര്യവത്ക്കരിക്കുന്നത് ചില വൻകിട വ്യവസായികൾക്കു പണമുണ്ടാക്കിക്കൊടുക്കാനാണെന്ന പ്രചാരണങ്ങൾ അവാസ്ഥവമാണെന്ന് ലോകത്തിലെ വൻകിട കമ്പനികളുടെ സ്വകാര്യവത്ക്കരണം കൊണ്ടുണ്ടായ നേട്ടങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. വലിയ കെട്ടിടസമുച്ചയങ്ങളിൽ ബി. എസ്. എൻ. എൽ പോലുള്ള സർക്കാർ സ്ഥാപനങ്ങളെ ലാഭകരമാക്കി വളർത്തിയെടുക്കാൻ എല്ലാ സൗകര്യങ്ങളും സർക്കാർ നൽകിയിട്ടും ലാഭകരമാക്കി പ്രവർത്തിക്കാൻ തൊഴിലാളി യൂണിയനുകൾ സമ്മതിക്കാതെ നഷ്ടത്തിലോടുമ്പോൾ വോഡാകോം, എയർടെൽ, ജിയോ തുടങ്ങിയ സ്വകാര്യ കമ്പനികൾ ലാഭത്തിലോടുന്നുവെന്ന സത്യം നമ്മുടെ മുന്നിൽ തെളിഞ്ഞു നിൽക്കുന്നു ! സ്വകാര്യ വൽക്കരണം ഉന്നതിക്കുവേണ്ടി രാജ്യതാൽപ്പര്യത്തിനുവേണ്ടി മാത്രമാണ്.

സ്വകാര്യ വത്ക്കരണം ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ കമ്പനികളിലൊന്നായ ആപ്പിൾ സ്വകാര്യവൽക്കരണം നടത്തിയിട്ട് ഏറെ വർഷങ്ങളായി. പല രാജ്യങ്ങലിലും ബാങ്കുകൾ, റെയിൽവേ, ടെലിഫോൺ കമ്പനികൾ, തുറമുഖങ്ങൽ, ഖനികൾ, റോഡുകൾ, ടെലിവിഷൻ, സ്റ്റേഷനുകൾ, എയർപോർട്ടുകൾ, വിമാനക്കമ്പനികൾ, പഞ്ചസാരമില്ലുകൾ മുതലായ വ്യാവസായിക പ്രാധാന്യമുള്ള ഒട്ടേറെ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരണത്തിൽ കൂടി ലാഭകരമായി പ്രവർത്തിച്ചു വരികയാണ്. സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെയും, അവയുടെ ട്രേഡ്‌യൂണിയനുകളുടെയും അതിപ്രസരം മൂലം പ്രവർത്തനശേഷിയില്ലായ്മയുടെയും, കാര്യക്ഷമതയില്ലായ്മയുടെയും കേന്ദ്രങ്ങളായി പൊതുമേഖലാ സർക്കാർ സ്ഥാപനങ്ങൾ മാറിയതുമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കു അത്തരം സ്ഥാനപങ്ങൾ തള്ളിനീക്കപ്പെടുകയാണ്. ഇത്തരം പ്രവണതകൾ തടയപ്പെടുവാൻ വേണ്ടിയാണ് ഫ്രാൻസ്, ഇറ്റലി, ജർമ്മനി തുടങ്ങിയ രാജ്യങ്ങൾ സ്വകാര്യവൽക്കരണത്തിൽകൂടി 233 ബില്ല്യൻ അമേരിക്കൻ ഡോളർ മൂലധനമായി നേടിയെടുക്കാൻ സാധിച്ചത്. കൃഷിയും, വിദ്യുത് ശക്തിയും 1991- 92 കാലഘട്ടത്തിൽ ചൈനയിൽ സ്വകാര്യവൽക്കരിച്ചു. സ്വകാര്യവൽകകരണം മൂലം ചൈനയുടെ ജി.ഡി.പി 10 മടങ്ങ് വർദ്ധിച്ച് ഇന്നു ലോകത്തിലെ രണ്ടാമത്തെ സാമ്പത്തിക ശക്തിയായി മാറിയിരിക്കുന്നു. വികസ്വര രാജ്യങ്ങളുടെ കൂട്ടായ്മയായ BRICS (ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, സൗത്ത് ആഫ്രിക്ക) സ്വകാര്യവൽക്കരണം പിൻതുടരുന്നുവെന്ന യാഥാർത്ഥ്യം സ്വകാര്യവൽക്കരണത്തിനെതിരെ തെറ്റിദ്ധാരണ പരത്തി ദുഷ്പ്രചാരണം നടത്തുന്നവർ ഓർമ്മിക്കേണ്ടതാണ്.





# ദ്വേഷ്യം വന്നോട്ടെ - ശരിയായവിധത്തിൽ

യു. എസ്. രവീന്ദ്രൻ. ഫോൺ : 9496120978

റോഡിൽ സീബ്രാലൈൻ മുറിച്ചു നടക്കുമ്പോൾ പെട്ടെന്ന് ഒരു വാഹനം മുൻപിൽ ബ്രേക്കിട്ട് നിർത്തുക. അയൽക്കാരന്റെ നായ അവൻ ശ്രദ്ധിക്കാതെ നമ്മുടെ വീട്ടുവളപ്പിൽ അലഞ്ഞു തിരിയുക, ഇൻഷുറൻസ് കമ്പനികൾ നമ്മുടെ ആജീവനാന്ത സുരക്ഷ ഏറ്റെടുക്കാൻ വേണ്ടി കൂടെ കൂടെ ഫോൺ ചെയ്യുക. ഇങ്ങനെയുള്ള അവസരങ്ങളിലെല്ലാം നമ്മുടെ മനസ്സിന്റെ പിരിമുറുക്കം കൂടിക്കൊണ്ടേയിരിക്കും. ദ്വേഷ്യം എന്നത് സുഖകരമായ ഒരു വികാരമല്ല. ചിലർ അത് മനസ്സാകുന്ന കുപ്പിയിൽ നിറച്ച് അടപ്പ് ഇട്ടുവയ്ക്കുന്നു. മറ്റു ചിലർ നിയന്ത്രിക്കാൻ വയ്യാതെ പൊട്ടിതെറിക്കുന്നു. ഈ രണ്ട് സ്വഭാവക്കാർക്കും ശരീരത്തിലും മനസ്സിലും ബന്ധങ്ങളിലും അതിന്റേതായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു. ദ്വേഷ്യം അസുഖകരമാണ് എന്നാൽ അത് സ്വാഭാവികവും ആരോഗ്യപരവുമാണ്. കുറേ പേർക്കെങ്കിലും തോന്നാറുണ്ട് അവരുടെ ദ്വേഷ്യം വരുന്ന സ്വഭാവം ഒന്ന് മാറ്റിയെടുക്കണമെന്ന്. കനഡയിലെ ഒരു മനശാസ്ത്രജ്ഞയായ കാർഗറി പറയുന്നു എന്നാൽ ദ്വേഷ്യം എന്നത് എന്തോ ഒന്ന് പരിഹരിക്കപ്പെടാതെ മനസ്സിൽ കിടക്കുന്നതിന്റെ സൂചനയാണ്. ആ എന്തോ ഒന്ന്, ആ പോട്ടെ എന്നു വിചാരിച്ച് അവഗണിച്ചു കളയുന്നതിന് പകരം എന്താണെന്ന് കണ്ടുപിടിച്ച് പരിഹരിച്ചാൽ ഭാവികാര്യങ്ങൽ കുറെ കൂടി സുഖകരമായിത്തീരുന്നു.

നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ വികാരങ്ങളെ പ്രകടിപ്പിക്കാതെ ഒളിപ്പിക്കാൻ നാം നമ്മെ ശീലിപ്പിച്ചിരിക്കുന്നു. ഈ ശീലം ദീർഘകാലാടിസ്ഥാനത്തിൽ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. റോച്ച്സ്റ്റർ യൂണിവേഴ്സിറ്റിയിലെ ഒരു പഠനത്തിൽ ഇങ്ങനെ ദ്വേഷ്യത്തെ ഒളിപ്പിക്കുന്നവർക്ക് ആയുസ്സ് കുറവായിരിക്കും എന്ന് കണ്ടെത്തിയിരിക്കുന്നു. കാൻസർ തുടങ്ങിയ രോഗങ്ങൾക്ക് അടിമപ്പെട്ട് ഇങ്ങനെയുള്ളവർ വേഗം മരിക്കുന്നു. ദ്വേഷ്യം വരുമ്പോൾ ശരീരത്തിലെ ആയാസ സ്രവങ്ങളായ അഡ്രിനാലിനും കോർട്ടിസോളും ആവശ്യത്തിലധികം ഉത്പാദിപ്പിക്കപ്പെടുന്നു. പ്രമേഹം, ഉന്മാദം പ്രതിരോധശക്തികുറയൽ എന്നീ രോഗങ്ങൾക്ക് അടിമപ്പെടാൻ ഇതു കാരണമാകുന്നു.

എപ്പോഴെങ്കിലും ദ്വേഷ്യം, ദു:ഖവികാര വിചാരങ്ങൾ മനസ്സിൽ കിടന്നു തിളക്കുകയാണെങ്കിൽ ഒന്നു ഉറക്കെ അല്ലെങ്കിൽ നിശബ്ദമായി കരയുന്നത് നല്ലതാണ്. പല രാജ്യങ്ങളിലെ പ്രധാന പട്ടണങ്ങളിലും ഇതിനു വേണ്ടി മാത്രം ക്രോധമുറികൾ ഒരുക്കിയിട്ടുണ്ട്. ദ്വേഷ്യം വരുമ്പോൾ അവിടെ വന്ന് എന്തെങ്കിലുമൊക്കെ വലിച്ചെറിഞ്ഞ് പൊട്ടിച്ച് ദ്വേഷ്യത്തെ ശമിപ്പിക്കാം. പണ്ട് രാജാക്കന്മാരുടെ കൊട്ടാരത്തോട് ചേർന്ന് രാജ്ഞിമാരുടെ ദ്വേഷ്യവും ദു:ഖവും ശമിപ്പിക്കാൻ ക്രോധാലയങ്ങൾ ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. ശരീരനാഡീവ്യൂഹ വ്യവസ്ഥയിൽ നിന്നും ദ്വേഷ്യത്തെ പുറത്തുകളയാനുള്ള സംവിധാനമാണ് അക്രമാസക്തമാകൽ. അത് ഒരുതരം കുരങ്ങുകളുടെ സ്വഭാവമാണ്. ദ്വേഷ്യം മൂത്ത് അക്രമാസക്തമാകുമ്പോൾ ദ്വേഷ്യത്തിന്റെ കാഠിന്യം കൂടുന്നതേയുള്ളു. അത് ഭാവിയിൽ കൂടുതൽ കൂടുതൽ അക്രമാസക്തമാകുന്ന നിലയിൽ കൊണ്ടുചെന്നെത്തിക്കാൻ സാധ്യതയുണ്ട്. അത് സ്വന്തം ജിവിത പങ്കാളിയെയും മക്കളേയും സഹപ്രവർത്തകരേയും എങ്ങിനെയൊക്കെ ബാധിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു. സ്വന്തം ആരോഗ്യത്തേയും ബാധിക്കുന്നു. മക്മാസ്റ്റർ യൂണിവേഴ്സ്റ്റിയിലെ ഒരു പഠനത്തിൽ വികാര വിക്ഷോഭം മൂലമുള്ള ഒരു പൊട്ടിത്തെറി ഉണ്ടായതിനു ശേഷം ആ വ്യക്തിക്ക് ഹൃദയാഘാതം ഉണ്ടാകാനുള്ള

സാദ്ധ്യത കൂടുതലാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഉയർന്ന രക്തസമ്മർദ്ദവും ഹൃദയമിടിപ്പും ഹൃദയപേശിവ്യൂഹസംവിധാനത്തിൽ ഉണ്ടാകുന്നു. ഹൃദയധമനികളിൽ കട്ടി(Plaque) യുള്ളവരാണെങ്കിൽ ഹൃദയത്തിലേക്കുള്ള രക്തപ്രവാഹം പരിമിതപ്പെടുകയും ധമനികൾ പൊട്ടിപോകുകയും ചെയ്യുന്നു.

എന്നാൽ ദ്വേഷ്യം മനസ്സിന്റെ കുപ്പിയിലാക്കി അടച്ചുവയ്ക്കുന്നതും, അക്രമാസക്തമാകുന്നതു പോലെ നല്ലതല്ല. ദ്വേഷ്യത്തിന്റെ ഏറ്റകുറച്ചിലുകളെ വേണ്ടവിധം കൈകാര്യം ചെയ്യുന്നത് ഒരു സാമർത്ഥ്യമാണ്. അങ്ങിനെയുള്ളവർക്ക് കാര്യങ്ങൾ മയത്തിൽ കൊണ്ടുപോകാൻ സാധിക്കും. ദ്വേഷ്യം ഉണ്ടാകുന്നതെങ്ങിനെയാണ് ഭയം ഉൽകണ്ഠ, നിരാശ, കുറ്റബോധം എന്നിവയൊക്കെ ദ്വേഷ്യത്തിന്റെ കാരണങ്ങളാണ്.ദ്വേഷ്യം വരുമ്പോൾ എന്തു കൊണ്ടാണ് ദ്വേഷ്യം വരുന്നത് എന്ന് ചിന്തിച്ചാൽ മതി. ഭർത്താവ് ഓഫീസിൽ നിന്നും വരാൻ വൈകി, ഫോൺ വിളിച്ചില്ല ഒരു പക്ഷെ അദ്ദേഹത്തിന് അപ്രതീക്ഷിതമായ ഒരു മീറ്റിങ്ങ് ഉണ്ടായിക്കാണും. സൂപ്പർ മാർക്കറ്റിൽ നീണ്ട ക്യൂവിൽ നിൽക്കുമ്പോൾ ദ്വേഷ്യം ഉണ്ടാകാറില്ലേ. നമുക്ക് പിന്നിൽ നിൽക്കുന്നവരും വീടും കുടുംബവുമുള്ളവരാണെന്ന് കരുതിയാൽ പ്രശ്നം തീർന്നു.

ദ്വേഷ്യത്തെ നേരിടാനുള്ള വഴി അതിനെപ്പറ്റി സംസാരിക്കുക എന്നതാണ് കാലിഫോർണിയ യുണിവേഴ്സ്റ്റിയിലെ ബ്രെയിൻ ഇമേജിങ്ങ് പഠനത്തിൽ നിന്നും മനസ്സിലാക്കിയിട്ടുള്ളത് എന്തു കൊണ്ടാണ് ദ്വേഷ്യം വരുന്നത് എന്ന് സ്വയം ചിന്തിച്ചാൽ അനാവശ്യ ഹോർമോണുകളായ അഡ്രിനാലിൻ, കോർട്ടിസോൾ എന്നിവയുടെ ഉൽപാദനം നിയന്ത്രിക്കാമെന്നുള്ളതാണ്. ഇപ്പോൾ വരുന്ന ദ്വേഷ്യം എനിക്ക് ഇഷ്ടമല്ല ഞാൻ മാറാൻ ആഗ്രഹിക്കുന്നു എന്ന് സ്വയം പറഞ്ഞാൽ അതിന്റെ വില ഏറെയാണ് - ബ്രിട്ടീഷ് കൊളംബിയയിലെ സൈക്യാട്രിസ്റ്റ് മക്കൻടോഷിന്റെ അഭിപ്രായമാണിത്.

ഒരാളോട് എന്തെങ്കിലും കാരണം കൊണ്ട് ദ്വേഷ്യം വരികയാണെങ്കിൽ ദ്വേഷ്യം തണുക്കാൻ കുറച്ച് സമയമെടുത്ത ശേഷം അതിന്റെ കാരണം അയാളോട് പറഞ്ഞുമനസ്സിലാക്കുക ഇത് ദ്വേഷ്യം മൂലം ശരീരത്തിൽ അധികമായി ഉണ്ടായ അഡ്രിനാലിന്റെ ശക്തി കുറയുവാൻ കാരണമാകുന്നു. കുറച്ച് ദീർഘശാസമെടുത്ത ശേഷം എന്തെങ്കിലും ശാരീരിക പ്രവർത്തികളിലോ വ്യായമങ്ങളിലോ ഏർപ്പെടുക. വ്യായാമം കൊണ്ട് ദ്വേഷ്യത്തെ നിയന്ത്രിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട് - മക്കൻടോഷ് പറയുന്നു.

നമ്മുക്ക് ദ്വേഷ്യത്തിന് കാരണമായ ഒരാളെ സമീപിക്കുമ്പോൾ അയാളുടെ പൊതുസ്വഭാവത്തെ വിമർശിക്കാതെ അയാളുടെ ഏതു പെരുമാറ്റമാണ് നമ്മിൽ ദ്വേഷ്യം ഉണ്ടാക്കിയതെന്ന് മാത്രം പറയുക. കൂടുതൽ പേരെടുത്ത് സംസാരിക്കാതിരിക്കുക. ആണയിട്ട് പറയാനോ ഒരു സംഭവത്തെ ചൂണ്ടികാണിച്ച് അയാളുടെ സ്വഭാവത്തെ പൊതുവൽക്കരിക്കാതിരിക്കാനോ ശ്രമിക്കാതിരിക്കുക. നമ്മുടെ ഭാഗത്തുള്ള ന്യായമായ വസ്തുതകൾ ക്രീയാത്മകമായ വിധത്തിൽ മാത്രം ധരിപ്പിക്കുക.

മറ്റുള്ളവരുടെ ദ്വേഷ്യത്തിന് കാരണക്കാരൻ നമ്മളാണെങ്കിൽ കാര്യങ്ങൾ മനസ്സിലാക്കാനും അവർ പറയുന്നത് ക്ഷമാപൂർവ്വം കേൾക്കാനും ശ്രമിക്കാം ഒരു മനംമാറ്റത്തിന് വിരോധമില്ലെങ്കിൽ അങ്ങിനെയുമാകാം. അത് മറ്റേ വ്യക്തികളിലും ഭാവിയിൽ ക്രിയാത്മകമായ മാറ്റങ്ങൾ ഉണ്ടാക്കിയേക്കും എല്ലാവരും സന്തോഷവാന്മാരും ആരോഗ്യവാന്മാരുമായിത്തീരും.

ദ്വേഷ്യത്തെ നേരിടാൻ ചിലനുറുങ്ങുകൾ

1)ചെറിയ പിന്മാറ്റം

2) ശ്വാസോച്ഛ്വാസം

3) കാരണം കണ്ടുപിടിക്കൽ

4)ശ്രദ്ധകേന്ദ്രീകരിക്കൽ

5) വ്യായാമം

6) പുതിയ സാധ്യത.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക: 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ





# ആ ചുവന്നസാരിക്കാരി

അനുരാധ ഫോൺ : 9447035067

ഇന്ന് ശനിയാഴ്ചയാണ്

കഴിഞ്ഞ ശനിയാഴ്ചയും അതിന് മുമ്പിലെ ശനിയാഴ്ച്ചയും അവൾ വന്നിരുന്നു.

ഇന്നുമവൾ വരുമോ ? വന്നാൽ...... ?

റെയിൽവേ പോലീസിന്റെ ശ്രദ്ധയിൽപെടുത്തിയാലോ ?

വേണ്ട.... അതുവേണ്ട.... പിന്നെ ....?

അയാൾ ജനാലയിലൂടെ പുറത്തേക്ക് നോക്കിക്കൊണ്ട് ചിന്താമൂകനായി നിന്നു. മനസ്സിനാകെ ഒരസ്വസ്ഥത.

ഓർമ്മയിലപ്പോൾ അവളുടെ മുഖശ്രീ തെളിഞ്ഞു. ക്ഷോഭിക്കുമ്പോൾ ആ കവിൾത്തടങ്ങൾ വല്ലാതെ ചുവന്നു തുടുക്കും. വിടർന്ന കണ്ണുകൾ ഈറനാകും.

കഴിഞ്ഞ രണ്ടുവരവിലും ഒരേ വേഷമാണവൾ ധരിച്ചിരുന്നത്. ചുവന്നസാരിയും ബ്ലൗസ്സും. അതേ നിറത്തിലുള്ള കുങ്കുമപ്പൊട്ട്. ചുവന്ന കല്ലുവെച്ച മുക്കുത്തി. അവൾ മുന്നിൽ നിന്ന് മറഞ്ഞിട്ടും നിമിഷങ്ങളോളം ആ രക്തവർണ്ണം കണ്ണിൽ നിന്നും മായാതെ നിന്നു.

ഓർക്കും തോറും ദുരൂഹതയേറുകയാണ്. ആരാണവൾ?

എന്താണവളുടെ ഉദ്ദേശം.

സ്റ്റേഷൻ മാസ്റ്ററായി ചാർജെടുത്തിട്ട് ഒന്നരമാസമാകുന്നതേയുള്ളൂ. ഒരു പക്ഷെ ഇവിടെയുള്ള മറ്റു ജീവനക്കാർക്ക് അവളെക്കുറിച്ചറിയുമായിരിക്കാം. ആരോടെങ്കിലും ചോദിച്ചു നോക്കാം.

ജനാലയുടെ ചതുരത്തിലൂടെ, ഇടക്കിടെ ഒന്നോ രണ്ടോ പേർ അങ്ങോട്ടുമിങ്ങോട്ടും കടന്നു പോകുന്നതു കണ്ടു. മഴ ചാറുന്നുണ്ട്, ആകാശത്ത് മഴമേഘങ്ങൾ ശണ്ഠകൂടാൻ തുടങ്ങിയിരിക്കുന്നു. സന്ധ്യയാകാറായില്ലെങ്കിലും മുറിക്കകത്ത് ഇരുട്ട് കടന്നു വന്നു കഴിഞ്ഞു.

അയാൾ ചുവരിലെ സ്വിച്ചിൽ വിരലമർത്തി.

നാലാഴ്ച്ചകൾക്ക് മുൻപു വരെ ഈ സമയത്ത് പ്ലാറ്റ്ഫോമിൽ നല്ല തിരക്കായിരിക്കുന്നു. ഏഴുമണിയുടെ മദ്രാസ് മെയിൽ കാത്തുനിൽകുന്ന യാത്രക്കാർ, അവരെ യാത്രയയ്ക്കാൻ വരുന്ന ബന്ധുക്കൾ, പിന്നെ ഭക്ഷണസാധനങ്ങളും സ്റ്റേഷനറി സാധനങ്ങളും മറ്റും വിൽക്കുന്ന കച്ചവടക്കാർ, പോർട്ടർമാർ, ഭിക്ഷക്കാർ അങ്ങനെ ആകെ ബഹളം.

യാത്രക്കാരുടെ ദൃഷ്ടികൾ നീണ്ടു കിടക്കുന്ന പാളത്തിലായിരിക്കും. പക്ഷെ അതെല്ലാം പഴയകഥ. ഏഴുമണിക്കെത്തുന്ന മദ്രാസ് മെയിൽ ഈ സ്റ്റേഷനിൽ നിർത്തേണ്ടതില്ലെന്ന് ഹെഡോഫീസിൽ നിന്നുള്ള ഓർഡർ വരുന്നതിനുമുമ്പ് . ഇപ്പോൾ ആ വണ്ടിക്കിവിടെ സ്റ്റോപ്പില്ല. പ്ലാറ്റ്ഫോമിൽ തിരക്കുമില്ല.

അയാൽ വാച്ചിൽ നോക്കി. സമയം ആറരയാകാൻ പോകുന്നു.

ഇന്ന് ശനിയാഴ്ചയാണ്. ഇന്നും അവൾ വരുമോ?

രണ്ടാഴ്ചകൾക്ക് മുൻപാണവൾ ആദ്യമായി അയാളെ കാണാൻ വന്നത്. ഒരു ശനിയാഴ്ച ഏഴുമണി എക്സ്പ്രസ് കടന്നു പോയിട്ട് നിമിഷങ്ങൾക്കുശേഷം അകന്നു പോകുന്ന വണ്ടിചക്രങ്ങളുടെ താളക്രമത്തിലുള്ള സ്വരം ചെവിയോർത്തു കൊണ്ട് തലയും കുമ്പിട്ടിരിക്കുകയായിരുന്നു അയാൾ.

വാതിൽക്കലപ്പോൾ ഒരു കാലനക്കം. മുറിക്കകത്തേക്ക് കടന്നു വരുന്ന മുപ്പതിൽ താഴെ പ്രായമുള്ള ഒരു യുവതി.

അവൾ ധൃതിയിൽ അയാളുടെ മുന്നിൽ വന്ന് നില്പായി. മുഖത്തെ ഗൗരവഭാവം ശ്രദ്ധിച്ചുകൊണ്ട് അയാൾ ചോദ്യഭാവത്തിൽ അവളെ നോക്കി. എന്താ.

അവൾ മറുപടി നൽകിയില്ല. അതിനൊന്നും ബാദ്ധ്യസ്ഥയല്ല എന്ന ഭാവമായിരുന്നു അവൾക്ക്. നിങ്ങളാണോ ഇവിടുത്തെ സ്റ്റേഷൻ മാസ്റ്റർ ? ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഏറ്റവും നികൃഷ്ടനായ ജന്തു നിങ്ങളാണ് എന്ന ധ്വനിയുണ്ടായിരുന്നു അവളുടെ സ്വരത്തിൽ.

അതെ. എന്തെങ്കിലും പ്രശ്നം.

എന്നിട്ടാണോ ഒന്നും അറിയാത്ത ഭാവത്തിൽ ഇവിടെയിങ്ങനെ മുനിയേപ്പോലെ ഇരിക്കുന്നത് ?

ചോദ്യം വ്യക്തമായില്ലെങ്കിലും അവളുടെ ശ്വാസനാസ്വരം അയാളെ തെല്ലൊന്ന് ചൊടിപ്പിച്ചു. എങ്കിലും മനസംയമനം പാലിച്ചുകൊണ്ട് അയാൾ ചോദിച്ചു. നിങ്ങൾ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നത്. ഏഴുമണിയുടെ മദ്രാസ് മെയിൽ ഈ സ്റ്റേഷനിൽ നിർത്താതെ കടന്നുപോകാൻ തുടങ്ങിയിട്ട് എത്രയാഴ്ചയായി? രണ്ടു മൂന്നാഴ്ചയായി കാണും എന്നിട്ട് നിങ്ങളെന്താ ഒരു നടപടിയും എടുക്കാത്തത്? എന്തിന് അയാൾ അത്ഭുതാദീനനായി.

രണ്ടുമൂന്നാഴ്ചകൾക്കുമുൻപ് ഈ സ്റ്റേഷനിൽ സ്റ്റോപ്പുണ്ടായിരുന്നതുപോലെ തുടരാൻ.

നിങ്ങൾക്കിക്കാര്യത്തിൽ എന്താണിത്ര താല്പര്യം.

പതിവായി ഈ സ്റ്റേഷനിലിറങ്ങാറുള്ള യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടാകും. അതുതന്നെ ന്യായം തന്റെ ഭാഗത്താണെന്ന ഊറ്റമുണ്ടായിരുന്നു അവളുടെ സ്വരത്തിൽ.

പക്ഷെ എനിക്ക് ഹെഡോഫീസിൽ നിന്നുള്ള ഓർഡർ അനുസരിക്കണമല്ലോ.

യാത്രക്കാരുടെ അസൗകര്യങ്ങളോ? എന്താണ് ആരും അതൊന്നും ആലോചിക്കാത്തത്.

നിങ്ങൾ അത്തരത്തിലൊരു യാത്രക്കാരിയാണോ?

ഞാൻ....... ഞാൻ..... എന്റെ പ്രശ്നമല്ല. ഞാൻ പറഞ്ഞത്. യാത്രക്കാരുടെ വണ്ടിയിൽ ഇവിടെ വന്നിറങ്ങുന്ന യാത്രക്കാരുടെ .... ക്ഷോഭംകൊണ്ട് അവളുടെ സ്വരമുയർന്നു. മേശയുടെ അരികിൽ വിശ്രമിച്ചിരുന്ന അവളുടെ കൈവിരലുകളപ്പോൾ ചെറുതായി വിറക്കുന്നുണ്ടായിരുന്നു. കൈവിരലുകളപ്പോൾ ചെറുതായി വിറക്കുന്നുണ്ടായിരുന്നു. ചുണ്ടിനുമുകളിൽ വിയർപ്പിന്റെ ചെറുകണങ്ങൾ.

റെയിൽവെയുടെ നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മകൊണ്ടാണോ അവളിങ്ങനെ ക്ഷുഭിതയാകുന്നത്? തൽക്കാലത്തേക്ക് അവളെ സമാധാനിപ്പിക്കാൻ വേണ്ടി അയാൾ പറഞ്ഞു. നിങ്ങളൊരു പരാതിയെഴുതിത്തരൂ.

അടുത്ത നിമിഷം പെട്ടെന്നവസാനിച്ച ഒരു സ്വപ്നംപോലെ അവൾ മുന്നിൽ നിന്നും അപ്രത്യക്ഷയാകുകയും ചെയ്തു.

കൃത്യം പിന്നത്തെ ശനിയാഴ്ചയും അവളെത്തി. ഏഴുമണി എക്സ്പ്രസ്സ് കടന്നുപോയി നിമിഷങ്ങൾക്കകം ഒരു തീജ്വാലപോലെ അവൾ ! അതേ ചുവന്ന സാരിയും ബ്ലൗസ്സും. നെറ്റിയിൽ വിയർപ്പിൽ കുതിർന്ന സിന്ദൂരപ്പൊട്ട്.

പരാതി കൊണ്ടുവന്നിട്ടുണ്ടോ. അയാൾ തിരക്കി.

എന്തിന്? ഇവിടെ ഇറങ്ങേണ്ട യാത്രക്കാരെ സഹായിക്കാൻ നിങ്ങൾക്ക് മനസ്സുണ്ടോ? ഇല്ലയോ? അവളുടെ കണ്ണുകൾ കോപംകൊണ്ട് ചുവന്നു. ചുവപ്പുകല്ലിന്റെ മൂക്കുത്തിയപ്പോൾ വെട്ടിത്തിളങ്ങിക്കൊണ്ടിരുന്നു. എതിരാളിയെ പ്രതിക്കൂട്ടിൽ നിർത്തുന്നതുപോലെയുള്ള അവളുടെ ശാസന അയാൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. കയ്യെത്തുന്ന ദൂരത്തിലിരിക്കുന്ന ഫോൺ ഒന്ന് കറക്കിയാൽ മതി. റെയിൽവേ പോലീസവളെ ഒരു താക്കീതും കൊടുത്ത് പറഞ്ഞയച്ചോളും. അയാൾ ഫോണിന്റെ റിസീവറെടുക്കാൻ കൈനീട്ടിയതായിരുന്നു. അപ്പോഴാണയാൾ അവളുടെ നിറഞ്ഞു തുളുമ്പുന്ന കണ്ണുകൾ ശ്രദ്ധിക്കുന്നത്. പെട്ടെന്നയാൾ കൈ പിൻവലിച്ചു.

നിങ്ങളുടെ ആരാണ് ഈ വണ്ടിയിൽ വരാറുള്ളത്? സൗമ്യസ്വരത്തിലയാൾ ചോദിച്ചു.

സാരിത്തുമ്പിനാൽ കണ്ണീരൊപ്പിക്കൊണ്ട് അവൾ വിതുമ്പി. എന്റെ ഭർത്താവ്. അദ്ദേഹം എന്നെക്കാണാൻ വന്നിട്ട് എത്ര നാളായി എന്നറിയുമോ അടുത്ത നിമിഷം അവളുടെ സ്വരം പരുഷമായി. എല്ലാത്തിനും കാരണം നിങ്ങളാണ്.

ഇതെവിടുത്തെ ന്യായം. അതിന് മറ്റുള്ളവർക്ക് എന്തു ചെയ്യാനാകും? അവളുടെ ഭർത്താവിന് ബസ്സിലോ മറ്റോ വരാമല്ലോ. മറ്റു വാഹനങ്ങളൊന്നും ഇല്ലാത്തതുപോലെ.

നിങ്ങളുടെ ഭർത്താവിന് ബസ്സിൽ വരാമല്ലോ?

അത്.... ജാള്യതകൊണ്ടാകാം അവളുടെ മുഖം വിളറിപ്പോയി.

നിങ്ങളുടെ ഭർത്താവ് വരാതായിട്ട് എത്ര നാളായി.?

അവളൊരു നിമിഷത്തേക്ക് ചിന്താമൂകയായി. പിന്നെ നിസ്സഹായത നിഴലിക്കുന്ന സ്വരത്തിൽ ഉഴറി എനിക്ക്.... എനിക്കൊന്നും ഓർമ്മിക്കാൻ കഴിയുന്നില്ല. ....

അടുത്ത നിമിഷം കവിളിലെ കണ്ണീർനനവ് അമർത്തി തുടച്ചുകൊണ്ട് അവൾ വീണ്ടും കയർത്തു. നിങ്ങളെന്തിനാ അതൊക്കെയന്വേഷിക്കുന്നത്. ആദ്യം എന്റെ ചോദ്യത്തിനുത്തരം പറയൂ. ഏഴുമണിയുടെ എക്സ്പ്രസ്സ് ഇവിടെ നിർത്തുമോ ഇല്ലയോ?

അവർക്കിടയിൽ നിശ്ശബ്ദത പരന്നു. അയാളുടെ മൗനം അവളെ കൂടുതൽ രോഷാകുലയാക്കി. എങ്കിൽ..... എങ്കിൽ ..... ഞാനാവണ്ടി പിടിച്ചു നിർത്തും. ഈ കൈകൊണ്ട്.... ഇങ്ങനെ .... മേശയുടെ വക്കിൽ അള്ളിപ്പിടിച്ചിരുന്ന വിരലുകളിലെ നെയിൽപോളിഷിട്ട നഖങ്ങളപ്പോൾ രക്തത്തുള്ളികളെപ്പോലെ തിളങ്ങി.

അടുത്ത നിമിഷം അയാളെ ഒരിക്കൽക്കൂടി അമ്പരപ്പിച്ചുകൊണ്ട് ഗതിമാറിയ ഒരു കൊടുങ്കാറ്റുപോലെ അവളയാളുടെ മുന്നിൽനിന്ന് നടന്നകലുകയും ചെയ്തു.

ഇന്ന് ശനിയാഴ്ചയാണ്. സമയം ഏഴുമണി. ഇന്നുമവൾ....? ടക്...ടക്....ടക്... കാതടപ്പിക്കുന്ന ശബ്ദാരവങ്ങളോടെ മദ്രാസ് മെയിൽ കടന്നു പോകുകയാണ്. സ്റ്റേഷൻമാസ്റ്ററുടെ റൂമിലെ ചുവരുകളിൽ ട്രെയിനിന്റെ വെളിച്ചം സമ്മാനിച്ച പ്രകാശപാളികൾ ഓടി മറഞ്ഞു. ആരെല്ലാമോ ഓടിയടുക്കുന്ന കാലൊച്ചകൾ. റെയിൽവെ ഗാർഡിന്റെ പരിഭ്രാന്തമായ സ്വരം ആ പെണ്ണ് ആ ചുവന്ന സാരിക്കാരി.... പാളത്തിൽ .... വണ്ടി കയറി....

ശരീരമാകെ പടർന്ന ഒരു വിറയലോടെ സ്റ്റേഷൻ മാസ്റ്റർ പുറത്തേക്ക് പാഞ്ഞു.

അയാൾ പതറുന്ന സ്വരത്തിൽ ചോദിച്ചു. ആര്.... ആരാണ്.

എല്ലാ ശനിയാഴ്ചയും പ്ലാറ്റ്ഫോമിൽ വന്ന് കാത്തിരിക്കാറില്ലേ, സർ.

അവൾ..... ആ ചുവന്ന സാരിക്കാരി...

നിങ്ങൾക്കവളെ പരിചയമുണ്ടോ? സ്റ്റേഷൻ മാസ്റ്ററുടെ സ്വരമപ്പോൾ വല്ലാതെ വിറകൊണ്ടു.

ആ പെണ്ണിവിടെ അടുത്തുതന്നെയുള്ളവളാണ് സാർ. അതിന്റെ ഭർത്താവവളെ ഉപേക്ഷിച്ചതാ. അതോടെ തലക്ക് സുഖമില്ലാതായി. എല്ലാ ശനിയാഴ്ചയും ഈ നേരത്ത് പ്ലാറ്റ്ഫോമിൽ വന്ന് അയാളേയും കാത്തിരിക്കും. പാവം.

പുറത്ത് അപകടം കേട്ടറിഞ്ഞ് ഓടിക്കൂടുന്നവരുടെ കലപില ശബ്ദങ്ങൾക്ക് സാന്ദ്രതയേറുകയായിരുന്നു.

## എറണാകുളം കരയോഗം

# വിഷു വിപണനമേള

**2021 ലെ എറണാകുളം കരയോഗം വിഷു വിപണനമേള ഏപ്രിൽ മാസം 7-ാം തീയതി മുതൽ 14-ാം തീയതി വരെ ടി. ഡി. എം. ഹാളിൽ നടത്തപ്പെടുന്നതാണ്. വിഷുദിനത്തിൽ (ഏപ്രിൽ 14) പാലട, പരിപ്പുപ്രഥമൻ എന്നിവ ലഭിക്കുന്നതിന് കരയോഗം ഓഫീസിൽ മുൻകൂർ പണമടച്ച് ബുക്കു ചെയ്യേണ്ടതാണ്. മുൻകൂർ ബുക്കു ചെയ്യുന്നവർക്കു മാത്രമേ വിഷുദിനത്തിൽ പാലട, പരിപ്പുപ്രഥമൻ എന്നിവ ലഭിക്കുകയുള്ളൂ. 14-ാം തീയതി രാവിലെ 9.00 മണി മുതൽ 10.00 മണിവരെ മാത്രമേ വിതരണം ഉണ്ടായിരിക്കുകയുള്ളൂ. വിപണനമേളക്കുവേണ്ടി ടി.ഡി. എം ഹാളിൽ പ്രത്യേകം സജ്ജീകരിക്കുന്ന കൗണ്ടറിൽ നിന്നും പാലട, പ്രഥമൻ, കാളൻ, പുളിയിഞ്ചി മറ്റ് അച്ചാറുകൾ എന്നിവ ലഭിക്കുന്നതായിരിക്കും.**

*ജനറൽ സെക്രട്ടറി*

**സന്തതമിനിച്ചരണാംബുജയുഗം തവ**
**ചിന്തിക്കായ്‌വരേണമേ മാനസത്തിനു ഭക്ത്യാ**
**വാണികൾകൊണ്ടു നാമകീർത്തനം ചെയ്യാകേണം**
**പാണികൾകൊണ്ടു ചരണാർച്ചനം ചെയ്യാകേണം**
**ശ്രോത്രങ്ങൾകൊണ്ടു കഥാശ്രവണം ചെയ്യാകേണം.**
**നേത്രങ്ങൾകൊണ്ടു രാമലിംഗങ്ങൾ കാണാകേണം**
**ഉത്തമാംഗേന നമസ്കരിക്കായ് വന്നീടേണം-**
**മുത്തമഭക്തന്മാർക്കു ഭൃത്യനായ്‌വരേണം ഞാൻ**

# രാക്ഷസന്മാരുടെയും കിന്നരന്മാരുടെയും ഉത്ഭവം

എം. രാജലക്ഷ്മി, ഫോൺ: 9995158259

ആദികാലത്ത് ബ്രഹ്മാവിൽ നിന്നും ഏഴു മഹർഷികളും പിന്നീട് മുനിമാരും വസിഷ്ഠൻ, ദക്ഷൻ കർദ്ദമൻ, നാരദൻ, ജാംബവാൻ, ഗർഗ്ഗൻ, സരസ്വതി തുടങ്ങിയവരും സംജാതരായി. അവരെല്ലാം സ്വയംഭൂവായിട്ടുള്ളവരാണ്. സ്വയംഭൂവായിട്ടുള്ള ആ സൃഷ്ടി അവസാനിപ്പിച്ച് സാരസോത്ഭവൻ പിന്നീട് തന്റെ തനുവിന്റെ വലത്തു ഭാഗത്ത് നിന്ന് ഒരു പുരുഷരൂപത്തേയും ഇടതു ഭാഗത്ത് നിന്ന് സ്ത്രീരൂപത്തേയും സൃഷ്ടിച്ചു. പുരുഷരൂപത്തിന് മനു എന്നും സ്ത്രീ രൂപത്തിന് ശതരൂപിയെന്നും അദ്ദേഹം നമധേയം നല്കി. അവരെക്കൊണ്ട് ദാമ്പത്യബന്ധം അനുവർത്തിപ്പിച്ച് പിന്നിട്ടുള്ള സൃഷ്ടികൾ പരമ്പരാഗതമായി വർദ്ധിപ്പിച്ചു. ആ സൃഷ്ടി പരമ്പരകളിൽപ്പെട്ട രണ്ടു വർഗ്ഗമാണ് രാക്ഷസന്മാരും യക്ഷന്മാരും.

രാക്ഷസവർഗ്ഗത്തിൽ പണ്ട് ഹേതി എന്നും പ്രഹേതി എന്നും പേരോടുകൂടിയ രണ്ടു സഹോദരന്മാർ ഉണ്ടായി. ജേഷ്ഠനായ ഹേതി കാലന്റെ കനിഷ്ഠ സഹോദരിയെ വിവാഹം കഴിച്ചു അനുജനായ പ്രഹേതി അവിവാഹിതനായി നിത്യബ്രഹ്മചാരിയായും കഴിഞ്ഞ് കൂടി . സദ്ഗുണശീലനായ ഹേതിക്ക് യോഗ്യനായ ഒരു പുത്രൻ ജനിച്ചു. യമധർമ്മന്റെ ഭാഗിനേയനായ അവന് വിദ്യല്കേശൻ എന്നായിരുന്നു പേര്, സന്ധ്യാപുത്രിയായ സാലകടംകട എന്ന സുന്ദരീലലാമത്തെ അവൻ പരിഗ്രഹിച്ചു. വിവാഹാനന്തരം മദനാർത്തിയിൽ മുഴുകി പലതരം കന്ദർപ്പലീലകളാടി ദേശസഞ്ചാരം ചെയ്യുന്ന വേളയിൽ മന്ദരഗിരിയുടെ സാനു പ്രദേശത്ത് എത്തിയപ്പോൾ ആ ദമ്പതികൾക്ക് ഒരു സൂതൻ ജാതനായി.

കുഞ്ഞിനെ നിർദ്ദയം മലയോരത്തിലെ ശഷ്പതലത്തിൽ പരിത്യജിച്ചിട്ട് കാമലീലാലോലുപരായി അവർ ആ സ്ഥലത്തിൽ നിന്ന് നിഷ്ക്രമിച്ചു. അനാഥമായ നിലയിൽ ആ പൂപൈതൽ കൈയ്യും കാലും തല്ലിക്കരയുകയാണ് ആരും പരിചരിക്കാനോ, സ്തന്യം നൽകാനോ അരികത്തില്ല.

ആ സമയം ആകാശ വീഥിയിൽ പരമശിവൻ ശ്രീപാർവ്വതിയും ഒരുമിച്ച് വിനോദാർത്ഥം സഞ്ചരിക്കുകയായിരുന്നു. കുട്ടിയുടെ രോദനം കേട്ട് അവർ പെട്ടെന്ന് നിലത്തിറങ്ങി ദേവി - കാരുണ്യപൂർവ്വം പൈതലിനെ തൃക്കരതാരുകളിലെടുത്ത് ചുംബിച്ച് സ്തന്യം നൽകി. നീയെന്റെ ഭക്തോത്തമനായി വാഴട്ടെയെന്ന് അംബികദേവി അനുഗ്രഹവും നല്കി അവന്. കുട്ടിക്ക് സുകേശൻ എന്ന പേരും നൽകി. സുകേശൻ പെട്ടന്ന് വളർന്ന് യുവാവായി ശിവന്റെ അനുഗ്രഹത്താൽ പുഷ്ക്കരദേശത്തിൽ നല്ല ഒരു കൊട്ടാരമുണ്ടാക്കി അവിടെ താമസമാക്കി ശിവ ഭൃത്യന്റെ ഐശ്വര്യം കണ്ടപ്പോൾ ഗന്ധർവ്വശ്രേഷ്ഠനായ ഗ്രാമണി തന്റെ പുത്രിയായ വേദവതിയെ സുകേശന് പത്നിയായി നൽകി. അവർക്ക് വീരന്മാരായ, ആർക്കും പരാജയപ്പെടുത്താൻ കഴിയാത്ത സുമാലി, മാല്ല്യവാൻ, മാലി എന്നീ മൂന്ന് പുത്രന്മാർ ഉണ്ടായി. മഹാപരാക്രമികളായിരുന്ന അവർ മൂവരും പർവ്വതസാനുക്കളിൽ ചെന്ന് നിരാഹാരവ്രതത്തോടെ ബ്രഹ്മാവിനെ ചിന്തിച്ചു കൊണ്ട് ഘോരമായ തപസ്സ് തുടങ്ങി. ബ്രഹ്മാവിൽ നിന്ന് ഇഷ്ടവരങ്ങൾ സമ്പാദിച്ച് വളരെ ശക്തരായി തീർന്നു. വിശ്വകർമ്മാവിനെ കൊണ്ട് ത്രികുടാചലത്തിനു മുകളിൽ 60 കാതം വിസ്തീർണ്ണമുള്ള ലങ്കയെന്ന പുരം നിർമ്മിച്ച് രാക്ഷസന്മാരോടൊപ്പം താമസമാക്കി.

അഷ്ടദിക്ക് പാലകന്മാരിൽ ഒരാളായ വൈശ്രവണൻ വലിയ വിരൂപിയായിരുന്നു. പൊക്കം കുറവാണ് എന്നാൽ വണ്ണമുള്ള ശരീരം 3 കാലുണ്ട്. ഒരു കണ്ണേയുള്ളു. മറ്റേ കണ്ണിന്റെ സ്ഥാനത്ത് ഒരു മഞ്ഞ പുള്ളിയാണുള്ളത്. അതു കൊണ്ട് പിംഗളാക്ഷൻ എന്നും വിളിക്കുന്നു. ആകെ 8 പല്ലേ ഉള്ളു. ഇപ്രകാരം നിന്ദ്യമായ ശരീരം ഉള്ളതുകൊണ്ട് കുബേരൻ എന്ന നാമധേയം ഉണ്ടായി. യക്ഷന്മാരുടെ രാജാവായ കുബേരൻ വലിയ ശിവഭക്തനും ശിവന്റെ അടുത്ത മിത്രവുമായിരുന്നു. കുബേരന്റെ ഭാര്യ മുരാസുരന്റെ പുത്രിയായ യക്ഷിയാണ്.പുത്രന്മാർ നളകുബരനും മണിഗ്രീവനും. കൈലാസത്തിനടുത്തുള്ള അളകാപുരിയാണ് യക്ഷന്മാരുടെ രാജാവായ കുബേരന്റെ രാജധാനി.

## രാക്ഷസന്മാരുടെ പ്രതാപവും വിഷ്ണുവിൽ നിന്നുള്ള പരാജയവും

സുമാലിയും മാല്ല്യവാനും, മാലിയും ലങ്കയിൽ വസിച്ചുകൊണ്ട് രാജ്യഭരണം തുടങ്ങി. നർമ്മദ എന്ന് പോരുള്ള ഗന്ധർവ്വ സ്ത്രീ തന്റെ 3 പുത്രിമാരെ അവർക്ക് വിവാഹം ചെയ്യ്ത് കൊടുത്തു.അതിൽ മാല്ല്യവാന്റെ പത്നിയായ സുന്ദരിയിൽ 7 പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. ആ പുത്രന്മാരാണ് മത്തൻ, ഉന്മത്തൻ, വജ്രദംഷട്രൻ, സുപ്തഘ്നൻ, വിരൂപാക്ഷൻ, ദുർമ്മുഖൻ, യജ്ഞാന്തകൻ എന്നിവർ പുത്രിയുടെ പേര് അനല, സുമാലിയുടെ ഭാര്യ കേതുമതി. അവർക്ക് 10 പുത്രന്മാരും 4 പുത്രിമാരും ജനിച്ചു. പുത്രന്മാരുടെ പേര് പ്രഹസ്തൻ, വികടൻ, ധൂമ്രാക്ഷൻ, അകമ്പനൻ, സുപാർശ്വൻ, ദന്ധൻ, സംഹ്രാരി, പ്രജംഘൻ, കാലധനുസ്സ്, ദാസ ശ്രവണൻ എന്നും 4 പുത്രിമാർ ബക, പുഷ്പോൽകട, കൈകസി, കുംഭീനസി എന്നിവരാണ്. മാലിക്ക് ഭാര്യ വസുധയിൽ അനലൻ, അനിലൻ, വരൻ, സമ്പാതി എന്നീ 4 പുത്രന്മാർ. വരബലം കൊണ്ട് മത്തന്മാരായ സുമാലി, മാല്ല്യവാൻ, മാലി എന്നിവർ അവരുടെ വീരന്മാരായ പുത്രന്മാരോടൊപ്പം സൈന്യസമേതരായി 3 ലോകത്തിലും സഞ്ചരിച്ച് ദേവ താപസ ഗന്ധർവ്വ ഉരഗവർഗ്ഗത്തെയെല്ലാം ഉപദ്രവിക്കാൻ തുടങ്ങി ഇവരെ പേടിച്ച് മറ്റാർക്കും പുറത്തിറങ്ങാൻ പോലും വയ്യാതായി. എല്ലാവരും കൂടി ശിവന്റെ അടുത്തെത്തി. കേശിയുടെ സന്താനങ്ങളെകൊണ്ട് തങ്ങൾക്ക് പുറത്തിറങ്ങാൻ കഴിയില്ലെന്ന് പരാതിപ്പെട്ടു.

## കൈകസിയുടെ സന്തതികൾ

ഒരുനാൾ കുബേരൻ പിതാവായ വിശ്രവസ്സിനെ സന്ദർശിക്കാനായി പുഷ്പക വിമാനത്തിൽ അനുയായികളോടൊപ്പം ആകാശമാർഗ്ഗേണ പോകുന്നത് സുമാലി കണ്ടു. ഇതു കണ്ട് സുമാലി പുത്രിയായ കൈകസിയോട് പറഞ്ഞു- എന്റെ മകളായ നിനക്ക് ഇപ്പോൾ യൗവനപ്രായമായിരിക്കുന്നു. നിനക്ക് യോജ്യനായ ഒരു വരനെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞില്ല.നമ്മുടെ ബന്ധുക്കളാരും ദേവന്മാരെ ഭയന്ന് നിന്നെ വിവാഹം കഴിക്കുകയുമില്ല. നിന്നെ വിവാഹിതയായി ഭർത്താവിനോടും പുത്രന്മാരോടുമൊപ്പം സുഖമായി വസിക്കുന്നതുകാണാൻ എനിക്ക് വലിയ ആഗ്രഹമുണ്ട്. ഇത് നോക്കു ആകാശത്തിലൂടെ വിരഹിക്കുന്നത് പുലസ്ത്യമുനിയുടെ പുത്രനായ വിശ്രവസ്സിന്റെ മകൻ വൈശ്രവണനാണ്. പിതാവിനെ കണ്ടു വന്ദിക്കുവാൻ പോകുകയാണ്. നീ ഉത്സാഹിച്ചാൽ വിസ്രവസ്സിൽ നിന്നും ഇവനെ പോലെ പ്രതാപിയായ ഒരു മകനെ ലഭിക്കും. അതിനാൽ ആ മുനിയുടെ അടുത്ത് ചെന്ന് തന്നെ ദാസിയായി സ്വീകരിക്കണമെന്ന് അപേക്ഷിക്കു. അതു കേട്ട കൈകസി നേരെ വിശ്രവസ്സിനെ സമീപിച്ചു മഹർഷിയെ ശുശ്രൂഷിച്ച് കഴിയുവാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചു, മുനി അനുവദിച്ചു . ഒരു ദിവസം സന്ധ്യാസമയത്ത് മുനി സന്ധ്യാവന്ദനം ചെയ്യ്തുകൊണ്ടിരിക്കുമ്പോൾ കൈകസി അടുത്തെത്തി തനിക്ക് സന്താനം തന്ന് അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചു. അവളുടെ നിർബന്ധത്താൽ മുനി അവൾക്ക് വഴങ്ങി സന്താനോൽപ്പാദനം നടത്തി, എന്നിട്ട് പറഞ്ഞു അശുഭസമയത്ത് നീ എന്നോട് വേഴ്ചയിലേർപ്പെട്ടതിനാൽ നിനക്കുണ്ടാകുന്ന സന്താനങ്ങൾ ക്രൂരന്മാരും ദുഷ്ടബുദ്ധികളുമായി തീരും. അവരെ വിഷ്ണു വധിക്കും.ഇതു കേട്ട് ഭയന്ന കൈകസി മഹർഷിയുടെ തപശക്തി ഉപയോഗിച്ച് ദോഷം മാറ്റിത്തരണമെന്ന് അപേക്ഷിച്ചു. നിനക്ക് 3 പുത്രന്മാരുണ്ടാകും അവരിൽ ഇളയവൻ വിഷ്ണുഭക്തനായി തീരും. വിഷ്ണുവിന്റെ അനുഗ്രഹത്താൽ അവൻ ദീർഘകാലം ജീവിക്കും ഇതു കേട്ട് കൈകസി സമാധാനമായി പിതാവിന്റെ അടുത്തേക്ക് മടങ്ങി. കൈകസി പൂർണ്ണഗർഭിണിയായി. അവൾ 3 പുത്രന്മാരേയും ഒരു പുത്രിയേയും പ്രസവിച്ചു. അതിൽ ആദ്യം ജനിച്ചവന് 20 കൈകളും 10 തലയും ഉണ്ടായിരുന്നു. നീല പർവ്വതം പോലെ ഭീഷണമായ ശരീരവും രണ്ടാമതു പ്രസവിച്ച അതിഭീകരമായ ശരീരവും കുടം പോലെ ചെവികളുമുള്ള കുംഭകർണ്ണനെയായിരുന്നു. മൂന്നാമത് പ്രസവിച്ച പെൺകുഞ്ഞിന്റെ നഖങ്ങൾ ശൂർഷം (മുറം) പോലെ ആയിരുന്നതിനാൽ ശൂർപ്പണഖ എന്നു വിളിച്ചു. നാലാമത്തവൻ ശാന്തനും സത്തഗുണവാനും ആരെയും ഭയപ്പെടുത്താത്തവനുമായ വിഭീഷണനായിരുന്നു. സുമാലി പാതാളത്തിലേക്ക് മടങ്ങിപ്പോയപ്പൾ കൈകസി മക്കളോടൊപ്പം ശ്ലേഷ്മോദകം

എന്ന വനത്തിൽ ചെന്ന് താമസമാക്കി. അങ്ങനെ കഴിയുന്ന കാലത്ത് കൈകസി തന്റെ വംശമഹത്വത്തെപറ്റിയും മുത്തച്ഛന്മാർ നടത്തിയ യുദ്ധങ്ങളെ കുറിച്ചും ലങ്ക വിട്ടു ഓടി പോകേണ്ടി വന്ന കഥകളെല്ലാം മക്കൾക്ക് പറഞ്ഞ് കൊടുത്തു. നോക്കു മക്കളെ ആ പോകുന്നത് നിങ്ങളുടെ ജേഷ്ഠനായ വൈശ്രവണനാണ്. നിങ്ങളുടെയും അവന്റെയും പിതാവ് ഒരാൾ തന്നെ, എന്നിട്ടെന്തു ഫലം അവൻ തപസ്സ് ചെയ്ത് ഈ ഐശ്വര്യമെല്ലാം സമ്പാദിച്ച് നമ്മുടെ വകയായ ലങ്കയിൽ സുഖമായി വാഴുന്നു, വിമാനത്തിൽ സഞ്ചരിക്കുന്നു. നമ്മളാകട്ടെ ഈ കാട്ടിൽ കിടന്ന് വിഷമിക്കുന്നു.

ഇതു കേട്ട് രാവണൻ കുബേരനെക്കാൾ വലിയ ഐശ്വര്യം സമ്പാദിക്കുമെന്ന് അമ്മയ്ക്ക് വാക്കു കൊടുത്തിട്ട് കുംഭകർണ്ണനേയും വിഭീഷണനെയും കൂട്ടി ഗോകർണ്ണത്തിലേക്ക് പോയി

ബ്രഹ്മാവിനെ ധ്യാനിച്ച് കഠിനമായ തപസ്സ് ആരംഭിച്ചു.

## നാവു പിഴച്ചു കുംഭകർണ്ണൻ

ആഹാര നിഹാരാദികൾ വെടിഞ്ഞ് സമുദ്രത്തിലും കൊടും വനത്തിലും പഞ്ചാഗ്നി മധ്യത്തിലും 1000 വർഷം ഘോരതപസ്സനുഷ്ഠിച്ചിട്ടും ബ്രഹ്മാവ് പ്രത്യക്ഷനായില്ല രാവണൻ നിശ്ചയബുദ്ധിയുള്ളവനായിരുന്നു.അഗ്നി കുണ്ഡം തീർത്ത് ഓരോ തലയായി അഗ്നിയിൽ ഹോമിച്ചു ഇങ്ങനെ 9 തലയും ഹോമിച്ചു. പത്താമത്തെ തലയും അറുത്ത് അഗ്നിയിൽ ഇടാൻ തുനിഞ്ഞപ്പോൾ ബ്രഹ്മാവ് പ്രത്യക്ഷനായി എന്തു വരം വേണമെന്ന് ചോദിച്ചപ്പോൾ മരിക്കാതിരിക്കാനുള്ള വരമാണ് രാവണൻ ആവശ്യപ്പെട്ടത്. ജനിച്ചാൽ മരിക്കുമെന്നും അതിനാൽ മറ്റു വരം ആവശ്യപ്പെടാൻ പറഞ്ഞു എങ്കിൽ ദേവന്മാർ യക്ഷന്മാർ ഉരഗങ്ങൾ എന്നിവരിൽ നിന്നും മരണം സംഭവിക്കരുത്. തഥാസ്തു എന്ന് ബ്രഹ്മാവ് അനുഗ്രഹിച്ചു. അടുത്തത് കുംഭകർണ്ണന്റെ ഊഴം. ഭീമാകാരന്മാരും ശക്തന്മാരുമായ ദേവന്മാരെ ജയിക്കണമെന്ന വരമാണ് ആഗ്രഹിച്ചിരുന്നത്, നിർദ്ദേവത്വമെന്നവരമാണ് ആഗ്രഹിച്ചിരുന്നത്.നിർദ്ദേവത്വമെന്ന വരം ദേവന്മാർ ഭയന്ന് സരസ്വതിയെ അഭയം പ്രാപിച്ചു. ദേവി വികട സരസ്വതിയായി കുംഭകർണ്ണന്റെ നാവിൽ കുടികൊണ്ട് നാവ് പിഴച്ച് നിദ്രാവത്വം (ഉറക്കം) ചോദിച്ചു. അങ്ങിനെ തന്നെ എന്ന് ബ്രഹ്മാവ് അനുഗ്രഹിച്ചു.

വിഭീഷണൻ ചോദിച്ചത്

ഇന്നുമൊരുവരം നൽകുമാദരാലോന്നുമേധർമ്മസ്ഥിതി പിഴയായ്കയും

പാപകർമ്മങ്ങളിൽ വൈവ്യൈഭാവവും ഏവം ഭവിപ്പാനനുഗ്രഹം നൽകണം.

ദേവദേവേശ നമസ്ക്കാരമെപ്പൊഴും

എന്നാണ് ചോദിച്ചത്.

ശ്രീപാദഭക്തിക്കിളക്കമില്ലായ്കയും പാപകർമ്മങ്ങളിൽ വൈമുഖ്യഭാവവും -

തന്നിൽ ധർമ്മ ചിന്ത സദാ ഉണ്ടായിരിക്കണമെന്നും. വിഷ്ണുഭക്തിക്കൊരിക്കലും കുറവുണ്ടാകരുതെന്നും പാപകർമ്മങ്ങൾ ചെയ്യാൻ തോന്നരുതെന്നും വിഭീഷണൻ അപേക്ഷിച്ചു.

ഭാഗവതോത്തമനായി ധരാമണ്ഡലേ വാഴ്ക നീ കല്പാന്തകാലത്തോളം

വരം കിട്ടിയ രാവണാദികൾ മടങ്ങിപ്പോയി. അന്നു മുതൽ കുംഭകർണ്ണൻ ഉറക്കം തുടങ്ങി. കൈകസി തന്റെ പിതാവായ സുമാലിയോടും പുത്രന്മാരോടും ബന്ധുജനങ്ങളോടുമൊപ്പം സുഖമായി വസിച്ചു. രാവണൻ തന്റെ വീര പരാക്രമങ്ങൾ കൊണ്ട് ലോകത്തെ വിറപ്പിക്കാനും തുടങ്ങി.

## രാവണൻ എന്ന പേര് കിട്ടാൻ കാരണം

മഹാപരാക്രമിയായ രാവണൻ 3 ലോകത്തിലുള്ളവരെയെല്ലാം ആക്രമിച്ച് ഉപദ്രവിച്ചു. ഇഷ്ടപ്പെടുന്ന രൂപം ധരിച്ച്, ആകാശത്തിലൂടെ സഞ്ചരിച്ചാണ് ഉപദ്രവം. ഇങ്ങിനെ ലോകങ്ങൾക്കെല്ലാം രാവം (കരച്ചിൽ) ഉണ്ടാക്കിയതിനാൽ രാവണൻ എന്ന പേരുണ്ടായി. ''രാവയാമാസലോകാൻയത് തസ്മാദ് രാവണ ഉച്യതേ'' എന്ന് വനപർവ്വത്തിൽ (മഹാഭാരതം) പറയുന്നു. ശിവനാണ് രാവണൻ എന്ന പേര് നൽകിയതെന്ന് ഉത്തര രാമായണത്തിൽ പറയുന്നു.

## പ്രഹസ്തന്റെ ദൗത്യം

ഒരു ദിവസം കൈകസിയുടെ സഹോദരനായ പ്രഹസ്തൻ രാവണനെ സമീപിച്ചു ഇങ്ങനെ പറഞ്ഞു. കശ്യപന് അദിതിയെന്നും ദിതിയെന്നും 2 ഭാര്യമാരുണ്ടായിരുന്നു. അവരിൽ അദിതിയുടെ പുത്രന്മാരാണ് ആദിത്യന്മാർ(ദേവന്മാർ). ദിതിയുടെ പുത്രന്മാരാണ് ദൈത്യന്മാർ. രാക്ഷസന്മാരായ നമ്മുടെ തറവാടാണ് ലങ്കാപുരം. മാലിയും സുമാലിയും മാല്യവാനും എല്ലാവരും ചേർന്ന ലങ്കയിലാണ് വസിച്ചിരുന്നത്, മൂന്ന് ലോകവും ഭരിക്കണമെന്ന





ആഗ്രഹമുണ്ടായപ്പോൾ ദേവന്മാരും അസുരന്മാരും പരസ്പരം ശത്രുക്കളായി. അതിനാൽ അതിഭയങ്കരമായ യുദ്ധമുണ്ടായി. വിഷ്ണു ദേവന്മാരുടെ പക്ഷത്തു നിന്ന് രാക്ഷസന്മാരെ വധിച്ചു. നമ്മെ ലങ്കാപുരിയിൽ നിന്ന് ഓടിച്ചുവിട്ടു. അങ്ങിനെയാണ് നാം പാതാളത്തിൽ പോയി ഒളിച്ചു കഴിയേണ്ടി വന്നത്. ഇപ്പോൾ നിന്റെ ജേഷ്ഠനായ വൈശ്രവണനാണ് ലങ്കിൽ വസിക്കുന്നത്. അതു നമ്മുടെ കുലത്തിന് അവകാശപ്പെട്ടതാണ്.

നമ്മെ ലങ്കയിൽ നിന്ന് ഓടിച്ചുവിട്ടു എന്ന് പ്രഹസ്തൻ പറഞ്ഞതു കേട്ട് രാവണൻ പ്രഹസ്തനെ ദൂതനായി കുബേരന്റെ അടുത്തേക്ക് പറഞ്ഞയച്ചു. രാക്ഷസന്മാരുടെ തറവാടായ ലങ്ക ഞങ്ങൾക്ക് വിട്ടുതരണമെന്നാവശ്യപ്പെട്ടു, അപ്പോൾ ധനേശൻ പറഞ്ഞു - ഈ സ്ഥലം രാക്ഷസന്മാരെല്ലാം ഉപേക്ഷിച്ച് പോയപ്പോൾ പിതാവ് എനിക്ക് നൽകിയതാണ്. ഇതു ഞാൻ ഉപേക്ഷിക്കുകയില്ല. രാവണൻ എന്റെ സഹോദരനായതിനാൽ എന്നോടൊപ്പം ഇവിടെ വന്നു താമസിക്കട്ടെ പ്രഹസ്തൻ മടങ്ങി ചെന്ന് രാവണനെ വിവരം അറിയിച്ചു.രാവണൻ ലങ്ക കീഴടക്കുന്നു.

പ്രഹസ്തൻ പോയ ശേഷം കുബേരൻ പിതാവിനെ ചെന്ന് കണ്ടു കാര്യങ്ങൾ ബോധിപ്പിച്ചു കുബേരൻ പറഞ്ഞു. രാവണൻ ദുഷ്ടനാണ്. എത്രയും വേഗം ലങ്കവിട്ട് കൈലാസ അളകാപുരി നിർമ്മിച്ച് ശിവഭക്തനായി വസിക്കുക ഇതു കേട്ട് കുബേരൻ ബന്ധുജനങ്ങളോടുകൂടി ലങ്ക ഉപേക്ഷിച്ച് അളകാപുരി നിർമ്മിച്ച് അവിടെ താമസമാക്കി. പരമശിവനെ തപസ്സ് ചെയ്യ്ത് പ്രീതിപ്പെടുത്തി സഖ്യം ചെയ്തു സുഖമായി വസിച്ചു, രാവണൻ സകുടുംബം ലങ്കയിൽ താമസമുറപ്പിച്ചു. ബ്രഹ്മാവിന്റെ വരബലത്താൽ ശക്തനായി ലങ്കാധിപനായി വാണു. ഉറങ്ങുന്ന കുംഭകർണ്ണനു വേണ്ടി ഒരു പ്രത്യേക കൊട്ടാരമുണ്ടാക്കി അവിടെ കിടത്തി എന്നുമിങ്ങനെ അനുജൻ ഉറങ്ങുന്നത് രാവണന് സഹിച്ചില്ല. ബ്രഹ്മാവിന്റെ അടുത്തെത്തി സങ്കടമുണർത്തിച്ചു. ഹേ ബ്രഹ്മൻ അങ്ങ് നൽകിയ വരബലത്താൽ കുംബകർണ്ണൻ സദാ ഉറങ്ങുന്നതിൽ എനിക്കു ദു:ഖമുണ്ട്. അങ്ങ് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കണം. അതു കേട്ട് ബ്രഹ്മൻ പറഞ്ഞു. കൊടുത്ത വരം മടക്കിയെടുക്കാനാവില്ല 6 മാസത്തിൽ ഒരിക്കൽ ഉണരട്ടെ. ഒരു ദിവസം ഉണർന്നിരിക്കും പിന്നെയും ഉറങ്ങും ഇതിനിടയിൽ ഉണർത്തിയാൽ മരണമായിരിക്കും ഫലം. രാവണന് സമ്മതിക്കാതിരിക്കാൻ തരമില്ലായിരുന്നു.

## കുബേരന്റെ ഉപദേശം

രാവണന്റെ പരാക്രമങ്ങളും പരോപദ്രവങ്ങളും അറിഞ്ഞ സഹോദരനായ കുബേരൻ അനുജനെ ഉപദേശിക്കാൻ നിശ്ചയിച്ച് രാവണന്റെ അടുത്തേക്ക് ഒരു ദൂതനെ അയച്ചു. ദൂതൻ ലങ്കയിൽ എത്തിയപ്പോൾ വിഭീഷണൻ വന്ന് സൽക്കരിച്ചു. അതിനുശേഷം ദശമുഖന്റെ അടുത്ത് എത്തി കുബേരൻ പറഞ്ഞയച്ച വാക്കുകൾ പറഞ്ഞു. ഹേ രാക്ഷസരാജൻ അങ്ങ് ജയിക്കട്ടെ, നീ ചെയ്ത ഉഗ്രതപസ്സിന്റെ ഫലമൊക്കെ നിന്റെ ഭോഗാസക്തി കൊണ്ട് നശിച്ചു പോകുന്നു. ദുർനയം കൊണ്ട് ലോകത്തിന് ഉപദ്രവം ചെയ്താൽ നരകത്തിൽ പോകേണ്ടിവരും.

ചെന്നീടുമോ ചിരകാലമായുസ്സെടോ

ദേഹധനാദികൾ നിത്യമെന്നോർക്കുന്ന

ദേഹികളെത്രയും മൂഢന്മാർ നിർണ്ണയം

യൗവനം കൊണ്ടും വരബലം കൊണ്ടു നീ

സർവ്വജനങ്ങളെ പീഢിപ്പിച്ചാലുടൻ

വന്നീടുമാപത്തുമായുർവിനാശവും

നന്നായ് നിരൂപിച്ചുകൊൾകമാനസെ -

ദശാനൻ ഉത്തമനല്ലെന്നും വൈശ്രവണന്റെ അനുജൻ എത്രയും ദുഷ്ടനാണെന്നുമൊക്കെ പറയുന്നത് കേട്ട് ഞാൻ ലജ്ജിക്കുന്നു. അതിനാൽ നീ ധർമ്മത്തിൽ നിന്നും കോട്ടം തട്ടാതെ ശുഭവും അശുഭവും തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. നിന്നെ വധിക്കാൻ വഴിയെന്തെന്ന് ദേവന്മാർ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് പരോപദ്രവം ചെയ്യരുത്, ദൂതന്റെ വാക്കുകൾ കേട്ട് കുപിതനായ രാവണൻ പരിഹാസത്തോടെ പറഞ്ഞു- കൊള്ളാം - അഗ്രജൻ പരമയോഗ്യൻ ഞാൻ അതി ദുഷ്ടൻ എന്നൊക്കെ പറഞ്ഞത് വളരെ നന്നായി. അവന്റെ ദിക്പാലത്വവും ഗുഹ്യകന്മാരുടെയും കിന്നരന്മാരുടെയും യക്ഷന്മാരുടെയുമൊക്കെ നേതൃസ്ഥാനവും

പുണ്യജൻ എന്ന പേരും പ്രഭുത്വവുമൊക്കെ ഞാൻ കാണിച്ച് തരുന്നുണ്ട്. സ്വയം വലിയ ആളായി മറ്റുള്ളവരെ നിന്ദിച്ചു കൊണ്ട് കോട്ടക്കകത്ത് ഒളിച്ചിരിക്കുന്നതും ഞാൻ കാണിച്ച് തരാം - എന്നലറികൊണ്ട് ദൂതനെ വെട്ടിക്കൊന്നു. ദൂതനെ കൊന്നതിനാൽ ആ ദൂതൻ നിമിത്തം ആപത്തു വരുമെന്ന്

നിശ്ചയം എന്നിട്ട് ക്രോധത്തോടെ സൈന്യസമേതം അളകാപുരി ആക്രമിച്ചു കുബേരനെ പരാജയപ്പെടുത്തി പുഷ്പക വിമാനവും അപഹരിച്ച് കൊണ്ട് ലങ്കയിലേക്ക് മടങ്ങി പോയി. മടങ്ങി പോകുമ്പോൾ ശരവണ ദേശത്തെത്തി, പുഷ്പക വിമാനം നിശ്ചലമായി, ഉറച്ചു പോയി അതിന് കാരണമാലോചിച്ച് ശിവപാർഷദനായ നന്ദികേശൻ വാനരവേഷത്തിൽ അവിടെയെത്തി. ഉമാപതി നൃത്തം ചെയ്യുന്ന സ്ഥലമാണിത് ഇവിടെ ആർക്കും പ്രവേശനമില്ല. വേഗം പൊയ്ക്കോളു എന്ന് നന്ദി പറഞ്ഞു ഇതു കേട്ട് പരിഹസിച്ചു കൊണ്ട് രാവണൻ അലറി പറഞ്ഞു ഒരു വാനരൻ വന്ന് എന്നെ ഉപദേശിച്ചത് നന്നായി ഇതു കേട്ട് നന്ദി ശപിച്ചു. നീ എന്നെ വാനരൻ എന്ന് വിളിച്ച് ആക്ഷേപിച്ചതിനാൽ ഒരു വാനരൻ നിമിത്തം നിനക്കാപത്തുണ്ടാകും. നിന്റെ കുലവും നശിക്കും. ബ്രഹ്മാവ് തന്ന വരത്തെ ഞാൻ മാനിക്കുന്നു. അല്ലെങ്കിൽ ഇപ്പോൾ തന്നെ നിന്നെ വധിച്ചേനെ. ദേവന്മാരേയും ബ്രാഹ്മണരെയും പീഡിപ്പിക്കുന്ന നിനക്ക് ആപത്തു വരുമെന്ന് തീർച്ച. അപ്പോൾ രാവണൻ കൈലാസശൃംഗം ഇളക്കിയെടുത്ത് അമ്മാനമാടാൻ തുടങ്ങി. പാർവ്വതി ഭയന്ന് വിറച്ച് ശിവനെ ഗാഢമായി പുണർന്നു. ലോകമാതാവ് തന്നെ ആലിംഗനം ചെയ്തതിനാൽ അത്യധികം സന്തോഷമുണ്ടായി ശിവൻ തന്റെ കാലിലെ പെരുവിരൽ മെല്ലെ കൈലാസത്തിൽ അമർത്തി. കൈലാസം താണ് പൂർവ്വസ്ഥതിയിലായി രാവണന്റെ 20 കൈകളും ഇളക്കാനാകാത്തവണ്ണം അതിനടിയിൽപ്പെട്ടു. കഠിനമായ വേദന കൊണ്ട് ഭൂമിയും പർവ്വതവും വനങ്ങളും വിറച്ചു പോകത്തക്കവണ്ണം ദശാനൻ ഉറക്കെ നിലവിളിച്ചു. ശിവൻ കനിയാതെ കൈകളിളക്കാനാകില്ലെന്ന് ബോധ്യമായപ്പോൾ ശിവനിൽ ഭക്തിയുണ്ടായി 1000 വർഷം അതേ നിലയിൽ നിന്നുകൊണ്ട് പഞ്ചാക്ഷരി മന്ത്രം ജപിച്ച് ശിവനെ തപസ്സ് ചെയ്തു. തപസ്സിൽ പ്രീതിപൂണ്ട് ശിവൻ അനുഗ്രഹിച്ചു 3 ലോകവും വിറക്കത്തക്കവിധം നിന്റെ രാവം നിറഞ്ഞതിനാൽ നിന്റെ പേര് രാവണൻ എന്നായിരിക്കും നീ എന്നെ സദാ ഭജിച്ചു കൊള്ളുക നിനക്കാപത്തുണ്ടാകാതെ ഞാൻ സംരക്ഷിക്കും സമ്മാനമായി നിനക്ക് ചന്ദ്രഹാസം എന്നവാൾ നൽകുന്നു. ഇങ്ങനെ അനുഗ്രഹിച്ചു രാവണൻ സന്തുഷ്ടനായി ലങ്കയിലേക്ക് പോയി. രാവണന് അപഹരിച്ചുകൊണ്ടുവന്ന അനേകം ഭാര്യമാരുണ്ടായിരുന്നു. പ്രധാന ഭാര്യ മയന്റെ മകൾ മണ്ഡോദരി. രാവണൻ ദിഗ്‌വിജയം നടത്തി ലോകത്തിനെല്ലാം ഉപദ്രവമുണ്ടാക്കി ഒരിക്കൽ നായാട്ടിനായി വനത്തിൽ പോയപ്പോൾ അവിടെ വെച്ച് അസുരശില്പിയായ മയനെ കണ്ടുമുട്ടി തന്റെ ഭാര്യ ഹേമയാണെന്നും മകൾ മണ്ഡോദരിക്ക് അനുയോജ്യനായ വരനെ തേടുകയാണെന്നും പറഞ്ഞു. രാവണൻ സമ്മതിച്ചു മണ്ഡോദരിയെ സ്വീകരിച്ചു. സമ്മാനമായി ഒരു വേലും മയൻ കൊടുത്തു. ധന്യമാല എന്ന മറ്റൊരു പത്നിയും രാവണനുണ്ട്. മണ്ഡോദരിയിൽ മേഘനാഥൻ, അക്ഷകുമാരൻ, അതികായൻ – 3 പുത്രന്മാർ – അതിക്കയൻ ധന്യമാലയുടെ വളർത്തുപുത്രനായിരുന്നെന്നും കഥയുണ്ട്.

## മണ്ഡോദരിയുടെ കഥ

രാവണമാതാവായ കൈകസി വലിയൊരു ശിവഭക്തയായിരുന്നു. പാതാളത്തിൽ തന്റെ പൂജാ മുറിയിൽ അവർ ചെറിയ ഒരു ശിവലിംഗം വച്ചു പൂജിച്ചിരുന്നു. ശിവപൂജ നടത്താതെ അവർ ജലപാനം പോലും കഴിക്കില്ല. ഒരിക്കൽ നാഗരാജാവായ വാസുകിയുടെ ശ്വാസവേഗത്തിൽപെട്ട് ആ ശിവലിംഗം ഇളകി തെറിച്ചുപോയി. പകരം തനിക്ക് ശിവന്റെ ആത്മലിംഗം വാങ്ങിത്തരണമെന്ന് കൈകസി രാവണനോട് ആവശ്യപ്പെട്ടു. രാവണൻ കൈലാസത്തിലെത്തി കഠിനമായി തപസ്സു ചെയ്തു. ശിവൻ പ്രത്യക്ഷനായി എന്തു വരം വേണമെന്ന് ചോദിച്ചു. രാവണൻ രണ്ടു വരങ്ങൾ ആവശ്യപ്പെട്ടു അതിൽ ഒന്ന് ശിവന്റെ ആത്മലിംഗം വേണമെന്നായിരുന്നു ശിവൻ ഉടൻ ആത്മലിംഗം (ചെറിയ) കൊടുത്തിട്ട് പറഞ്ഞു, ഇത് കൈയ്യിൽ തന്നെ വെയ്ക്കണം ഒരു കാരണവശാലും താഴത്ത് വെയ്ക്കരുത്. രണ്ടാമത്തെ വരം എന്തെന്ന് ചോദിച്ചപ്പോൾ തനിക്ക് പാർവ്വതിയെ വിട്ട് തരണമെന്നാണ് രാവണൻ ആവശ്യപ്പെട്ടത് ശിവൻ ഉടൻ തന്നെ ദേവിയോട് രാവണന്റെ കൂടെ പോകുവാൻ പറഞ്ഞു. കൈയ്യിൽ ശിവലിംഗവുമായി രാവണന്റെ പിന്നാലെ പാർവ്വതിദേവിയും സമുദ്രതീരത്ത് കൂടി നടന്നു. തന്നെ രക്ഷിക്കാൻ സഹോദരനായ നാരായണനോട് അപേക്ഷിച്ചു. വിഷ്ണു ഒരു വടുവിന്റെ രൂപത്തിൽ കടൽ തിരത്ത് ചെന്ന് നിന്നു. രാവണന്റെ കൈയ്യിലിരുന്ന ലിംഗത്തിന് ഭാരം വർദ്ധിക്കാൻ തുടങ്ങി. കൈലാസമെടുത്ത് അമ്മാനമാടിയ രാവണന് ആ ശിവലിംഗം വഹിക്കാൻ ബുദ്ധിമുട്ട് തോന്നി. രാവണനെ കണ്ട ഉടൻ ബ്രഹ്മണവടു ചോദിച്ചു അല്ലാ ഇത് രാവണനല്ലെ? ഇവിടെ എന്തിന് വന്നു.? കയ്യിലിരിക്കുന്ന കളിപ്പാട്ടം ആരാണ് തന്നത്? രാവണൻ ഈർഷ്യയോടെ പറഞ്ഞു, ഇത് കളിപ്പാട്ടമല്ല – എന്റെ മാതാവിന് പൂജിക്കാൻ ശിവൻ തന്ന ആത്മലിംഗമാണ്. അതു കേട്ട് ആ ബാലൻ പൊട്ടിച്ചിരിച്ചു. ഓഹോ അതു കൊള്ളാം പിന്നിൽ വരുന്ന സ്ത്രീ പാർവ്വതിയുടെ ദാസിയാണല്ലോ. ഇവരെ അമ്മയ്ക്ക് ദാസിയായി കൊണ്ടുപോകയാണോ. അതു കേട്ട് രാവണൻ കോപിച്ചു, ഹേ ബുദ്ധികെട്ട ബ്രഹ്മണവടു നിനക്ക് കണ്ണില്ലേ? ഇത് സാക്ഷാൽ പാർവ്വതിയാണ്. ശിവൻ എനിക്ക് വിട്ടു തന്നതാണ്.

ലോകത്തിലെ ഏറ്റവും പ്രാചീന നഗരങ്ങളിൽ പ്രമുഖമായ കാശി പൂർവ്വ ഉത്തർപ്രദേശിൽ ഗംഗാതീരത്ത് സ്ഥിതി ചെയ്യുന്നു. കാശിവിശ്വനാഥന്റെ മഹിമ അപാരമാണ്. വരണാ നദിക്കും അസിംഗയ്ക്കും ഇടയ്ക്ക് സ്ഥിതി ചെയ്യുന്നതു കൊണ്ട് ഈ നഗരം വാരാണസി എന്നറിയപ്പെടുന്നു. ശ്രേഷ്ഠമായ അദ്ധ്യയനകേന്ദ്രം, ഭഗവത് പ്രാപ്തിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലം എന്നീ സവിശേഷതകളുണ്ട്. കാശിക്ക് ശൈവരുടേയും ശാക്തേരുടേയും ബൗദ്ധരുടേയും ജൈനരുടേയുമെല്ലാം പുണ്യകേന്ദ്രമാണ്. ഇവിടം 12 ജ്യോതിർലിംഗങ്ങളിൽ ഒന്നാണ് കാശിവിശ്വനാഥ ക്ഷേത്രത്തിലെ ശിവലിംഗം ഇവിടെ ഒരു ശക്തി പീഠവുമുണ്ട്, ജഗദ് ഗുരു ആദിശങ്കരാചാര്യർ തന്റെ ദിഗ്ജയയാത്ര തുടങ്ങിയത് കാശിയിൽ നിന്നാണ്.

## ഗോകർണ്ണത്തെ ശിവലിംഗം

രാവണൻ പറഞ്ഞതു കേട്ട് ബ്രഹ്മചാരി വാപൊത്തി ചിരിച്ചു കൊണ്ട് പറഞ്ഞു വീരപരാക്രമിയായ രാവണന് ബുദ്ധിയുണ്ടെന്നാണ് ഞാൻ കരുതിയത് സ്വന്തം ഭാര്യയെ ആരെങ്കിലും മറ്റൊരാൾക്ക് ദാസിയായി വിട്ടുകൊടുക്കുമോ നിങ്ങൾ പാർവ്വതിയെ ചോദിച്ചപ്പോൾ ഭഗവാൻ അവിടുത്തെ ദാസിയായ പാർവ്വതിയെ വേഷം കെട്ടിച്ച് കൂടെ അയച്ചതാണ്. രണ്ടു പേരുടേയും പേര് ഒന്നാണല്ലേ എന്ന് പാർവ്വതിയോട് ചോദിച്ചു. അത് കേട്ടു ദേവി തലകുലുക്കി. രാവണൻ കുഴങ്ങി. ഇവളെ ഇനി എന്തു ചെയ്യണം ദാസിയെ തനിക്കു വേണ്ട തിരിച്ചു കൊടുക്കാം അപ്പോൾ വടു രാവണനോട് പറഞ്ഞു രാവണനെ പേടിച്ച് പാർവ്വതിയെ അസുരശില്പിയായ മയന്റെ വീട്ടിൽ ഒളിപ്പിച്ചുവച്ചിരിക്കയാണ്. വേഗം ഇവളെ കൈലാസത്തിൽ വിട്ടിട്ട് മയന്റെ അടുത്തെത്തി യഥാർത്ഥ പാർവ്വതിയെ കൂട്ടികൊണ്ടു പോ. അത് വിശ്വസിച്ച രാവണൻ കൈലാസത്തിലേക്ക് മടങ്ങാൻ തുടങ്ങി. അതുകണ്ട് വടു പറഞ്ഞു– വല്ലാത്ത ഭാരമുള്ള ആ ശിവലിംഗം എന്തിനാണ് വെറുതെ ചുമക്കുന്നത് നിങ്ങൾ വരുന്നതു വരെ ഞാനിതു സൂക്ഷിച്ചു കൊള്ളാം വേഗം മടങ്ങിവരണം താമസിച്ചാൽ ഞാനിത് ഇവിടെ വച്ചിട്ട് പോകും. രാവണൻ അതു സമ്മതിച്ച് ശിവലിംഗം വടുവിന് കൊടുത്ത് കൈലാസത്തിലെത്തി തനിക്ക് ഈ ദാസിയെ വേണ്ട എന്ന് പരിഭവം പറഞ്ഞു ദേവിയെ അവിടെ വിട്ടിട്ട് മയന്റെ കൊട്ടാരത്തിലെത്തി. ഇതിനകം പാർവ്വതിയുടെ വേഷത്തിൽ നിന്ന മണ്ഡോദരിയെയും സ്വീകരിച്ച് വട്ടു നിന്ന സ്ഥലത്തെത്തി. എന്നാൽ നാരായണനായ വടു ശിവലിംഗം അവിടെ വെച്ചിട്ട് മറഞ്ഞു. രാവണൻ ആ ശിവലിംഗം ഇളക്കി എടുക്കാൻ എത്ര ശ്രമിച്ചിട്ടും സാധിച്ചില്ല. അത് ഭൂമിയിലേക്ക് താഴാനും തുടങ്ങി ഒടുവിൽ പശുവിന്റെ കർണ്ണം പോലെ ഒരു ദ്വാരത്തിനുള്ളിൽ മാത്രം അത് കാണപ്പെട്ടു. രാവണൻ അതിനെ അവിടെ ഉപേക്ഷിച്ചു മണ്ഡോദരിയെയും കൊണ്ട് ലങ്കയിലേക്ക് മടങ്ങി. അന്ന് അവിടെ ഉറച്ച ശിവലിംഗമാണ് ഗോകർണ്ണത്തിലെ മഹാബലേശ്വര ക്ഷേത്രം എന്ന പേരിൽ പ്രസിദ്ധമായത്. വിഷ്ണു അല്ല ഗണപതിയാണ് അവിടെ നിന്നതെന്നും ഒരു കഥയുണ്ട്. മഹാബലിയുടെ പുത്രനായ വിരോചനന്റെ പുത്രൻ വൈരോചനൻ എന്ന അസുരന്റെ മകളുടെ മകളാണ് കുംഭകർണ്ണന്റെ ഭാര്യ.

ഏഴ് മോക്ഷപുരികളിലൊന്നായ കാഞ്ചി ദക്ഷിണ ഭാരതത്തിലെ പ്രസിദ്ധ പുണ്യ സ്ഥാനവും വിദ്യാ കേന്ദ്രവുമാണ് കാഞ്ചി ദക്ഷിണകാശിയെന്നാണ് അറിയപ്പെടുന്നത്. വൈഷ്ണവ ശൈവ, ബുദ്ധ, ജൈനന്മാരുടെ പ്രധാന തീർത്ഥസ്ഥാനമാണ്. ഈ നഗരത്തെ ശിവകാഞ്ചി, വിഷ്ണുകാഞ്ചി എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുണ്ട്. ഇവിടെയുള്ള കാമാക്ഷിക്ഷേത്രവും ഏകാംബർനാഥ് ക്ഷേത്രവും പ്രസിദ്ധങ്ങളാണ്. രാമാനുജാചാര്യന് തത്വജ്ഞാനം ലഭിച്ചത് ഇവിടെ നിന്നാണ് ബ്രഹ്മാണ്ഡപുരാണത്തിൽ കാശിയേയും കാഞ്ചിയേയും ശിവന്റെ നേത്രങ്ങളായി വർണ്ണിച്ചിരിക്കുന്നത്.

## മേഘനാദന്റെ മഹേന്ദ്രജാലങ്ങൾ

മഹാബലിയുടെ പുത്രനായ വിരോചനന്റെ പുത്രൻ വൈരോചനന്റെ മകളുടെ മകളാണ് കുംഭകർണ്ണന്റെ ഭാര്യ. അവരുടെ പുത്രന്മാർ കുബനും

നികുംഭനും. ശൈലുഷ്യൻ എന്ന ഗന്ധർവ്വന്റെ പുത്രിയായ സരമയായിരുന്നു വിഭീഷണപത്നി ഇവർക്ക് ഒരു പുത്രിയുണ്ടായിരുന്നു ത്രിജട. സരമയും ത്രിജടയും സീത ലങ്കയിലെ അശോകവനികയിൽ വസിക്കുമ്പോൾ വളരെ സഹായങ്ങൾ ചെയ്തിരുന്നു.

ശൂർപ്പണഖയുടെ ഭർത്താവ് വിദ്യുജ്ജിഹ്വൻ രാവണന്റെ സൈന്യത്തിലെ പ്രമുഖനായിരുന്നു. ഒരിക്കൽ ദേവാസുര യുദ്ധത്തിൽ രാവണനോടൊപ്പം പങ്കെടുത്തു. അബദ്ധത്തിൽ രാവണന്റെ അസ്ത്രമേറ്റ് വിദ്യുജ്ജിഹ്വൻ വധിക്കപ്പെട്ടു. സഹോദരി ഭർത്താവ് തന്നാൽ കൊല്ലപ്പെട്ടതിൽ രാവണന് അത്യധികം സങ്കടമുണ്ടായി. താൻ ഇനി ആരെ വരിക്കുമെന്ന് ശൂർപ്പണഖ ചോദിച്ചു ജനസ്ഥാനത്തു പോയി വസിച്ചുകൊള്ളാനും ഇഷ്ടമുള്ള ആളെ വരിച്ചു കൊള്ളാനും രാവണൻ പറഞ്ഞു. അന്ന് മുതൽ ശൂർപ്പണഖ ദണ്ഡകവനത്തിലെത്തി അർദ്ധ സഹോദരന്മാരായ ഖരദൂഷണന്മാരോടൊപ്പം താമസമാക്കി.

## മേഘനാഥന്റെ ജനനം

രാവണന്റെ മൂത്തപുത്രനായ മേഘനാദൻ ശിവന്റെ ബീജത്തിൽ നിന്ന് ഉത്ഭവിച്ചവനാണ്. ജനിച്ച സമയത്ത് ഇടിവെട്ടും പോലെ ഉറക്കെ നിലവിളിച്ചതിനാൽ മേഘനാദൻ എന്ന പേര് കിട്ടി. ശിവ ബീജത്തിൽ നിന്നും ജനിച്ചതിനാൽ പരമശിവന് മേഘനാദനോട് അത്യധികം വാത്സല്യമുണ്ടായിരുന്നു. മേഘനാദനെ വിദ്യ അഭ്യസിപ്പിച്ചത് ശിവനായിരുന്നു. ഇന്ദ്രജാലം, മഹേന്ദ്രജാലം, അഗ്നിസ്തംഭം, ജിവസ്തംഭം, ആകാശസഞ്ചാരം, പരകായപ്രവേശം, തിരോധാനം, രൂപമാറ്റം തുടങ്ങിയ സർവ്വവിദ്യകളും ശിവൻ മേഘനാഥനെ പഠിപ്പിച്ചുകൊടുത്തു അതുകൊണ്ട് അദ്ദേഹത്തിന് മായാവി എന്ന പേരും സിദ്ധിച്ചു. കാനീനൻ, രാവണി, ഇന്ദ്രജിത്ത് എന്നിങ്ങനെയും പേരുകളുണ്ട്. മേഘനാഥൻ ഇന്ദ്രനോട് രാവണനോടൊപ്പം സ്വർഗ്ഗലോകം ആക്രമിച്ചു ഇന്ദ്രൻ വിഷ്ണുവിനെ അഭയം പ്രാപിച്ചു അവനെ വധിക്കാൻ സമയമായിട്ടില്ലെന്നും കാലമെത്തുമ്പോൾ താൻ അവനെ വധിച്ചു കൊള്ളാമെന്നും ഭഗവാൻ ഇന്ദ്രനെ സമാധാനപ്പെടുത്തി. ഇന്ദ്രൻ മടങ്ങിയെത്തി രാവണനുമായി യുദ്ധം ചെയ്യ്ത ഇന്ദ്രപുത്രൻ ജയന്തൻ മേഘനാദനുമായി ഏറ്റുമുട്ടി. ശിവൻ സമ്മാനിച്ച തിരോധാന വിദ്യ ഉപയോഗിച്ച് മറഞ്ഞു നിന്ന് ശരമാരി ചൊരിഞ്ഞ് ജയന്തനെ വീഴ്ത്തി. ആ സമയത്ത് ഇന്ദ്രാണിയുടെ പിതാവായ പുലോമാവ് ജയന്തനെ എടുത്ത് സമുദ്രത്തിൽ ഒളിപ്പിച്ചു.

ഇന്ദ്രൻ വജ്രായുധം കൊണ്ട് രാവണനെ വീഴ്ത്തി. മേഘനാഥൻ അദൃശ്യനായി നിന്ന് ശരമാരി പെയ്ത് ദേവേന്ദ്രനെ ബന്ധനസ്ഥനാക്കി. രാവണനും മേഘനാദനും കൂടി ഇന്ദ്രനെ ലങ്കയിലേക്ക് കൊണ്ടുപോയി. ദേവന്മാർ ബ്രഹ്മാവിനെ അഭയം പ്രാപിച്ചു. ബ്രഹ്മാവ് ലങ്കയിലെത്തി ഇന്ദ്രനെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടു. അതിനാൽ മേഘനാഥൻ ഇന്ദ്രനെ മോചിപ്പിച്ചു. സന്തുഷ്ടനായ ബ്രഹ്മാവ് അവന് ഇന്ദ്രജിത്ത് എന്ന പേര് നൽകി മേഘനാദൻ ബ്രഹ്മാവിനെ പ്രീതിപ്പെടുത്തി മുന്നോട്ടും പിന്നോട്ടും ഇടത്തോട്ടും വലത്തോട്ടും സഞ്ചരിക്കാൻ കഴിയുന്ന ഒരു വിമാനം സമ്മാനിച്ചു. കൂടാതെ 14 വർഷം ഉറങ്ങാതെയും ഭക്ഷണം കഴിക്കാതെയും ഇരിക്കുന്ന ഒരാൾ മാത്രമെ തന്നെ വധിക്കാവൂ എന്ന വരവും മേടിച്ചു. ഇപ്രകാരം മനുഷ്യർക്കോ ദേവന്മാർക്കോ അസുരന്മാർക്കോ ഇതുവരെ ലഭിക്കാത്ത എല്ലാ വരങ്ങളും സമ്മാനങ്ങളും മേഘനാഥൻ കരസ്ഥമാക്കി.

## അവന്തിക

മധ്യപ്രദേശിൽ ക്ഷിപ്രാ നദീ തീരത്ത് ഇപ്പോൾ ഉജ്ജൈനി എന്നറിയപ്പെടുന്നതാണിത്. 12 ജ്യോതിർ ലിംഗക്ഷേത്രങ്ങളിൽ ഉൾപ്പെടുന്നതാണിത്. 12 ജ്യോതിർ ലിംഗക്ഷേത്രങ്ങളിൽ മഹാകാലൻ എന്നറിയപ്പെടുന്ന ശിവലിംഗം ഉജ്ജൈനിയിലാണ്., കൂടാതെ സതീ ദേവിയുടെ കൈയുടെ ഒരു ഭാഗം ഇവിടെ വന്നു വീണതിനാൽ ഇത് ശക്തിപീഠമായും കണക്കാക്കപ്പെടുന്നു..ത്രിപുരാസുരനെ ശിവൻ പരാജയപ്പെടുത്തിയത് ഇവിടെവെച്ചാണ്. സാന്ദീപനി മഹർഷിയുടെ ആശ്രമവും ഉജ്ജയ്നിലായിരുന്നു ശ്രീകൃഷ്ണനും ബലരാമനും സുദാമാവിനോടൊപ്പം വിദ്യാഭ്യാസം നേടിയതും ഈ പുണ്യഭുമിയിലാണ്. ജ്യോതിശാസ്ത്രപ്രകാരം ഭൂമദ്ധ്യരേഖയും പൂജ്യം രേഖാംശരേഖയും ചേരുന്ന കേന്ദ്ര ബിന്ദുവുള്ളത് ഇവിടെ ആയിരുന്നത്രെ. 12 വർഷത്തിലൊരിക്കൽ കുംഭ മേളനടക്കുന്ന മൗര്യഭരണകാലത്ത് ഇവിടെ മാളവ ദേശത്തിന്റെ തലസ്ഥാനമായിരുന്നു. പ്രാചീന കാലത്തെ ഭാരതത്തിലെ വിഖ്യാത ഭാഷാപണ്ഡിതരും സാഹിത്യകാരന്മാരുമായിരുന്ന കാളിദാസൻ, അമരസിംഹൻ, വരരുചി, ഭർതൃഹരി തുടങ്ങിയവരും വിഖ്യാത ജ്യോതിഷാചാര്യൻ വരാഹമിഹിരനും ഉജ്ജൈനിയുമായി അടുത്ത ബന്ധം പുലർത്തുന്നു.





## കന്യകാപുത്രനായ മേഘനാദൻ

പാലാഴിമഥനത്തിൽ നിന്ന് മഹാലക്ഷ്മിയോടൊപ്പം ജനിച്ച സുലക്ഷണ എന്ന സ്ത്രീ പാർവ്വതിയുടെ പരിചാരികയായിരുന്നു. ഒരിക്കൽ നീരാട്ടിനു പോയ പാർവ്വതി പുടവയെടുത്തുകൊണ്ടുവരുവാൻ സുലക്ഷണയെ പറഞ്ഞു വിട്ടു എന്നാൽ കൊട്ടാരത്തിലെത്തിയ സുലക്ഷണ ശിവസൗന്ദര്യത്തിൽ മുഗ്ധയായി ശിവനെ ആലിംഗനം ചെയ്തു കാമാരിയായ ശിവൻ അവൾക്ക് വഴങ്ങി വേഴ്ച നടത്തി. ശിവബീജം അവളിൽ പതിച്ചു ആ സമയത്ത് പാർവ്വതീശാപമോർത്ത് ഭയന്ന സുലക്ഷണയോട് ശിവൻ പറഞ്ഞു - നീ ഭയപ്പെടേണ്ട ഭർതൃമതിയാകുമ്പോൾ മാത്രമെ ഈ ബീജം പുത്രനായി പുറത്തു വരൂ. വസ്ത്രമെടുക്കാൻ പോയ സുലക്ഷണ പതിവിലധികം സമയമെടുത്ത് പുടവയുമായി വന്നതും പരിഭ്രമിക്കുന്നതും കണ്ടപ്പോൾ പാർവ്വതി സംശയിച്ചു. ദിവ്യദൃഷ്ടി കൊണ്ട് സംഭവിച്ചതൊക്കെ മനസ്സിലാക്കി. നീയൊരു തവളയായി പോകട്ടെ എന്ന് ശപിച്ചു. അപ്രകാരം ജലത്തിൽ പതിച്ച സുലക്ഷണയെ ശിവൻ ചെന്ന് കണ്ട് ആശ്വസിപ്പിച്ചു. 12 വർഷം കഴിഞ്ഞ് നീ സുന്ദരിയായ പെൺകുട്ടിയായി തീരും. പുത്രിയില്ലാത്ത മയൻ നിന്നെ മകളായി വളർത്തും. മയന്റെ പുത്രി മണ്ഡോദരിയാകുന്ന നിന്നെ അതിപ്രശസ്തനായ ഒരുവൻ വിവാഹം കഴിക്കും. എന്റെ ബീജം നിന്റെ ഗർഭത്തിൽ വളർന്ന് പ്രസിദ്ധനായ പുത്രനെ നീ പ്രസവിക്കും എന്നീ വരങ്ങൾ നൽകി അനുഗ്രഹിച്ചു. അങ്ങനെ തവളയെ പോലെ മണ്ഡോദരമുണ്ടായിരുന്ന അവൾക്ക് മണ്ഡോദരി എന്ന പേര് ലഭിച്ചു. മയന്റെ മകളും രാവണന്റെ ഭാര്യയുമായി, ശിവബീജം വളർന്ന് മേഘനാഥനായി, അധ്യാത്മ രാമായണം മൂലത്തിൽ രണ്ടാസർഗ്ഗത്തിൽ രാവണ പ്രതാപം വർണ്ണിക്കുന്നിടത്ത് അഗസ്ത്യൻ ഇങ്ങനെ പറഞ്ഞു രാവണജേഷ്ഠനായ കുബേരൻ രാവണന്റെ അധർമ്മങ്ങളെ കേട്ട് ഒരു ദൂതനെ അയച്ച് ഉപദേശിച്ചപ്പോൾ കുപിതനായ രാവണൻ സൈന്യസമേതം അളകാപുരി ആക്രമിച്ചു. കുബേരനെ തോൽപ്പിച്ച് പുഷ്പക വിമാനം അപഹരിച്ചു. എന്നിട്ട് വിജയഭേരി മുഴക്കി യമനെയും വരുണനെയും ജയിച്ചു. ഇന്ദ്രനെ വധിക്കാനുള്ള ആഗ്രഹത്തോടെ സ്വർഗ്ഗലോകം ആക്രമിച്ചു. അതിഘോരമായ യുദ്ധം നടക്കുമ്പോൾ മേഘനാദൻ അവിടെ എത്തി ഇന്ദ്രനോട് യുദ്ധം ചെയ്ത് രാവണനെ മോചിപ്പിക്കുകയും ഇന്ദ്രനെ പിടിച്ചു കെട്ടി ലങ്കയിലേക്ക് കൊണ്ടു വരികയും ചെയ്തു അതിനാൽ ഇന്ദ്രജിത്ത് എന്ന പേര് കിട്ടി. ഒടുവിൽ ബ്രഹ്മദേവൻ ലങ്കയിലെത്തി ഇന്ദ്രനെ മോചിപ്പിച്ച് കൊണ്ട് പോയി കൈലാസപർവ്വതം പൊക്കി അമ്മാനമാടി ശിവ പ്രീതിസമ്പാദിച്ച രാവണൻ ചന്ദ്രഹാസവും നേടി യുദ്ധത്തിനായി ഹേഹയ രാജ്യത്തിലേക്ക് പോയി. 500 ശിരസ്സും 1000 കൈകളുമുള്ള ഹേഹയനായ കാർത്തവീര്യാർജ്ജുനൻ രാവണനെ ബന്ധിച്ച് തടവിലിട്ടു. ഇതറിഞ്ഞ് രാവണന്റെ മുത്തച്ഛനായ പുലസ്ത്യ മഹർഷി എത്തി കാർത്തവീര്യാർജ്ജുനന്റെ തടവിൽ നിന്നും രാവണനെ മോചിപ്പിച്ചു. പിന്നീട് ബാലിയോട് എതിരിടാൻ പോയി ബാലിയുടെ ബന്ധനത്തിലായി. പിന്നീട് ബാലിയുമായി മൈത്രിയുണ്ടാക്കി.

## 2021 ഫെബ്രുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**പ്രൊഫ. ബാലകൃഷ്ണൻ ചെറുപറമ്പത്ത്**
L/ 2106, സജ്മ, ചെറുപറമ്പത്ത് ഹൗസ്
എസ്. എ. റോഡ്, കടവന്ത്ര
എറണാകുളം - 682020



**വിജയൻ. എം.**
L/2622), മുത്തൂറ്റ് റോയൽ സ്ക്വയർ
ഫ്ളാറ്റ്നമ്പർ - 41, ഡി. എച്ച്. റോഡ്
കൊച്ചി - 682016

# തസ്ക്കരൻ

മൃണാളിനി. ഫോൺ : 9567763643

അവൻ വായനശാലയിലേക്ക് കാലുകൾ നീട്ടി വച്ചു നടന്നു. സുകുമാരൻ സാർ അവിടെ വന്ന് ഫ്രഞ്ചു പഠിപ്പിക്കും. രണ്ടാഴ്ചത്തേക്കുള്ള ഫീസ് മുന്നൂറു രൂപയെന്നു പറഞ്ഞുറപ്പിച്ചിരുന്നു. ഒരു മാസത്തിലധികമായി ഫ്രഞ്ചു പഠനം നടത്തുന്നു അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിച്ചു ഇപ്പോഴും സംസാര ഭാഷ എത്രയോ അകലെയാണ്. സുകുമാരൻ സാർ കൃത്യസമയത്ത് വരും ഒന്നര മണിക്കൂർ ആണ് ക്ലാസ്സ് മൂന്ന് മണി മുതൽ നാലര വരെ അതു കഴിഞ്ഞാൽ അവന് ടൂറിസ്റ്റ് ഗൈഡ് പണിക്കു പോകണം.

അങ്ങനെയാണ് എലൈന അവന്റെ ജീവിതത്തിൽ വന്നത്. അവന് ഒറ്റ ഉദ്ദേശ്യമേ ഉണ്ടായിരുന്നുള്ളു എങ്ങനെയെങ്കിലും വിദേശത്ത് പോകണം. അതിനുള്ള മാർഗ്ഗമായിരുന്നു എലൈന അവൾ ഫ്രഞ്ചുകാരിയായതുകൊണ്ട് ഫ്രാൻസ് തിരഞ്ഞെടുത്തു അത്രയേ ഉള്ളൂ.

അവൻ ഉൽപ്പതിഷ്ണുവായിരുന്നു. അന്യനാടുകൾ കാണണമെന്ന മോഹം കുഞ്ഞിലേ ഉണ്ടായിരുന്നു. ചീനവലകൾക്കപ്പുറം വലിയ യാത്രാക്കപ്പലുകൾ ഹാർബറിൽ അടുക്കുമ്പോൾ ആറു വയസ്സിലേ അവൻ ഒരു ചീനവലത്തണ്ടിൽപ്പിടിച്ചു ആശയോടെ നോക്കി നില്ക്കും. മുഷിഞ്ഞുകീറി തുന്നിച്ചേർത്ത വസ്ത്രങ്ങൾ ഉടുത്തു നിൽക്കുന്ന ചെറിയ ബാലന് ഹാർബറിലേയ്ക്കു എവിടുന്ന് പ്രവേശനം അഞ്ചു വയസ്സുള്ളപ്പോൾ പിതാവ് അർബുദം ബാധിച്ചു മരിച്ചു തികച്ചും നിസ്സഹായയായ മാതാവ് അകലെ നിന്ന് കണ്ടു കയ്യൊഴിഞ്ഞ ബന്ധുക്കൾ. തന്നെപ്പോലെ അവർ (തന്റെ അമ്മ) ചെയ്യാത്ത കാര്യങ്ങളില്ല. ഒരു തയ്യൽ മെഷീൻ ഉള്ളതുകൊണ്ട് തയ്യൽപ്പണി തുടങ്ങി വീടുകൾ തോറും ചെന്ന് തയ്ക്കാനുള്ള തുണി വാങ്ങിച്ചു അഹോരാത്രം തുന്നൽപ്പണി ചെയ്ത് രണ്ടറ്റം കൂട്ടി മുട്ടിക്കാൻ ശ്രമിച്ചു. പിന്നെയാണ് ചായക്കച്ചവടം ഏറ്റെടുത്തത് അവർ ബീച്ചിലേയ്ക്ക് വരുന്നു സ്വദേശികളും വിദേശികളുമായ സഞ്ചാരികൾക്ക് ചായ ചായ എന്ന് പറഞ്ഞു ചായ വിൽക്കാൻ തുടങ്ങി. ഫീസില്ലാത്ത സർക്കാർ സ്ക്കൂളിൽ അവിടെ നിന്നും കിട്ടുന്ന പുസ്തകവും യൂണിഫോമും ഉച്ചഭക്ഷണവുമായി അവന്റെ അദ്ധ്യയനം നടന്നു. പന്ത്രണ്ടാം ക്ലാസ്സു വരെ അവന്റെ അമ്മ അവനെ പുലർത്തി പിന്നെ അവർക്ക് കാല്മുട്ടു വേദന വന്നപ്പോൾ അവൻ കാപ്പി വില്പ്പന ഏറ്റെടുത്തു. പാരലൽ കോളേജിൽ ഹിസ്റ്ററി എടുത്തു ബി എ യ്ക്ക് ചേർന്നു. വൈകുന്നേരത്തെ ചായ വില്പനക്കിടയിൽ വിദേശികൾ കൂട്ടമായി ഗൈഡിന്റെ പിന്നാലെ നടന്നു. അയാൾ പറയുന്ന വിശദീകരണങ്ങൾക്ക് ഓ! ആ! എന്നു തലകുലുക്കി പോകുന്ന കാഴ്ച അവൻ കാണാൻ തുടങ്ങി. വിദേശികൾക്ക് ഗൈഡായി പ്രവർത്തിക്കുന്നതു നല്ലൊരു തൊഴിലാണല്ലോ എന്നവൻ സ്വപ്നം കണ്ടു തുടങ്ങി. അവൻ പഠിപ്പിനൊപ്പം ഗൈഡിന്റെ ജോലി ഏറ്റെടുത്തു. ആദ്യമൊക്കെ രണ്ടോ മൂന്നോ സഞ്ചാരികളെ വന്നുള്ളു. പക്ഷെ വഴിയെ ഗ്രൂപ്പുകൾ വരുവാൻ തുടങ്ങി അവന്റെ അമ്മയ്ക്ക് വീട്ടിലിരുന്ന് തയ്യൽ നടത്തുവാൻ സാധിച്ചു.

അവൻ വായിച്ച് പഠിച്ച ഇംഗ്ലീഷിൽ നല്ല ഭാഷാപരിചയം നേടി. അതുകൊണ്ട് നല്ല ഗൈഡാകുവാൻ സാധിച്ചു. എലൈനയെ കണ്ടുമുട്ടിയപ്പോഴാണ് അവനിലെ യാത്രാമോഹം ഉണർന്നത്. എലൈനയ്ക്ക് അവനോട് താല്പര്യം തോന്നി തുടങ്ങി. അവന് സ്വയം ഉയരണമെന്നും അമ്മയെ നോക്കണമെന്നുമുള്ള താല്പര്യമായിരുന്നു മുന്നിട്ട് നിന്നിരുന്നത്. എലൈനയെ അതിനുള്ള ചവിട്ടുപടിയേ കണ്ടിട്ടുള്ളു. എന്നിട്ടും അവൻ എലൈനയെ പ്രോത്സാഹിപ്പിച്ചു. അവന്റെ മനസാക്ഷിയുടെ ശബ്ദം അവൻ അടക്കി നിർത്തി. ഫ്രഞ്ചു പഠിക്കാൻ തുടങ്ങിയത് എലൈനയ്ക്ക് അവനോടുള്ള താല്പര്യം വ്യക്തമാക്കിയതിനെ തുടർന്നാണ് എലൈന അവനോട് വളരെയധികം അടുത്തു. അവൻ അവളെ തന്റെ വീട്ടിൽ കൊണ്ടുപോയി അവന്റെ അമ്മ അവളെ ഭക്ഷണം കഴിപ്പിച്ചു അവൾ രുചിയോടെ അത് കഴിച്ചു അവളുടെ പൊട്ടിചിരികൾ അവിടെ മുഴങ്ങി മധുരതരമായ രണ്ടുമൂന്നാഴ്ചകൾ അവളുടെ കുടെ നടന്നു അവൾ അവനെ തന്റെ നാട്ടിലേക്ക് വരുവാൻ ക്ഷണിച്ചു. അവന്റെ മനം കുളിർത്തു. പക്ഷെ അവൾക്ക് മറ്റുരാജ്യങ്ങളിൽ കൂടി പോകുവാൻ പദ്ധതിയുണ്ടായിരുന്നു. യാത്രകൾ കഴിഞ്ഞ് തിരിച്ചുവരാമെന്ന ധാരണയിൽ അവൾ യാത്ര പോയി അവന് ബി എ പരീക്ഷ അവസാനവർഷം എഴുതാനുണ്ടായിരുന്നു. പോകുന്നതിന് മുമ്പ് എലൈന അവനെ 250 യൂറോ കൊടുത്തേല്പിച്ചു. അവൾക്ക് തന്നോടുള്ള ആത്മാർത്ഥത കണ്ട് അവന്റെ മനസ്സ് നിറഞ്ഞു. അവന്റെ മനസ്സിന് ചെറിയൊരു ഇളക്കം തട്ടി ഫൈനൽ ഇയർ പരീക്ഷക്കിടയിലും അവന്റെ ഫ്രഞ്ചു പഠനം തുടർന്നു അവൻ പരിശ്രമിച്ച് ചിലവുകൾക്കാവശ്യമായ പണം ഉണ്ടാക്കി അവൾ തന്ന യൂറോ അവൻ ഭദ്രമായി സൂക്ഷിച്ചു വച്ചു.

അന്നൊരു ദിവസം ആകസ്മികമായാണ് ജീൻ അവന്റെ അടുത്തു വന്നു പെട്ടത്. അവനെ അയാൾ തിരഞ്ഞു വന്നതാണെന്ന് പറഞ്ഞ് എലൈനയെ അറിയാമൊയെന്ന് അയാൾ ചോദിച്ചു അവന്റെ മുഖത്ത് വികാരഭേദങ്ങൾ വന്നു താൻ എലൈനയുടെ വളരെ നല്ല സുഹൃത്താണെന്നു പറഞ്ഞു അവളുടെ എല്ലാ കാര്യങ്ങളും തന്നോടു പറയാറുണ്ടെന്നും പറഞ്ഞ് എലൈന അയച്ച കുറെ കാർഡുകൾ കാണിച്ചു. ആ നാട്ടിലെ സ്ത്രീ പുരുഷ ബന്ധങ്ങൾ അവനെ അത്ഭുതപ്പെടുത്തി. ജീൻ വളരെ പ്രസന്നവാനായി അവന് തോന്നി. അവർ സുഹൃത്തുക്കളായി. ജീനിനെ പല വിനോദയാത്രകൾക്കും അവൻ കൂടെക്കൂട്ടി. ഗ്രൂപ്പുകളിൽ നിന്ന് ഫീസ് വാങ്ങിക്കുമ്പോഴും ജീനിൽ നിന്നും പ്രതിഫലം അവൻ നിരസിച്ചു.

അവന്റെ ഫൈനൽ പരീക്ഷ അടുത്തപ്പോൾ അയാളോട് യാത്ര പറഞ്ഞ് അയാളെ വേറെ ഏതെങ്കിലും യാത്രാ സംഘത്തിന്റെ കൂടെ ചേർക്കാമെന്ന് പറഞ്ഞു. അയാൾ വിസമ്മതിച്ചു സ്വയം യാത്ര പൊയ്ക്കൊള്ളാമെന്ന് പറഞ്ഞു പിൻ വാങ്ങി. നമ്മുടെ നായക കഥാപാത്രം പഠനത്തിന്റെ തിരക്കിലായി. അവന്റെ അമ്മയ്ക്ക് തൃപ്തിയായി അവൻ പഠിക്കാതെ ഗൈഡ് പണിക്കു പോകുന്നതിൽ അവർക്ക് വേവലാതി ഉണ്ടായിരുന്നു. പരീക്ഷയുടെ തലേന്ന് ഒരു പോലീസ് ജീപ്പ് അവന്റെ വീടിന്റെ മുൻവശത്തെത്തി എന്നാ സാറമ്മാരെ അമ്മച്ചി ഒരു ഷാൾ പുതച്ച് കൊണ്ട് ഇറങ്ങി വന്നു. നിങ്ങളുടെ മകനെ വിളിക്ക് എന്നവർ പറഞ്ഞു അവൻ വിസ്മയത്തോടെ പുറത്തേക്കു വന്നു. എടാ നീ ഗൈഡു പണിക്ക് നടക്കുന്നത് വിദേശികളെ പോക്കറ്റടിച്ച് പണം അടിച്ചു മാറ്റാനാണോ എസ് ഐ ആക്രോശിച്ചു. ഞാൻ ആരെയും പോക്കറ്റടിച്ചിട്ടില്ല സർ.അവൻ വിനീതനായി പറഞ്ഞു വാടാ വന്നു വണ്ടിയിൽ കയറ് അവർ അവനെ പിടിച്ചു വണ്ടിയിലിട്ടു. നാട്ടുകാർ കൂടി . പണ്ടേ അവനോടു പോരുള്ള തലമുതുർന്ന ഗൈഡായ ഫ്രാഞ്ചിയങ്കിൾ അഭിപ്രായപ്പെട്ടു ഇങ്ങനെ ഓരോന്നിറങ്ങികൊള്ളും നേരേ ചൊവ്വെ ജോലി ചെയ്യുന്നവർക്ക് പേരുദോഷം കേൾപ്പിക്കാൻ വണ്ടി മുന്നോട്ടെടുത്തു പോലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ ജീൻ അവിടെയിരിക്കുന്നു. അവൻ അത്ഭുതസ്തബ്ധനായി അയാളെ നോക്കി. അയാളുടെ പൂച്ച കണ്ണുകളിൽ തിളക്കം

'നീ ഇയാളെ അറിയുമൊ'? എസ് ഐ ചോദിച്ചു 'ഉം' അവൻ മറുപടി നൽകി.നീ ഇയാളുടെ പോക്കറ്റിൽ നിന്ന് 250 യൂറോ അടിച്ചു മാറ്റിയോ പെട്ടെന്ന് അവന്റെ ഉള്ളിൽ ഓർമ്മ ഉദിച്ചു. എലൈൻ തനിക്ക് 250 യുറോ തന്നിട്ടുപോയതും അതു സൂക്ഷിച്ചു വച്ചിട്ടുള്ളതും ഒരു വിശ്വസ്ത നിമിഷത്തിൽ അയാളോട് പറഞ്ഞു പോയി അത്രയ്ക്ക് ആത്മസുഹൃത്തായാണ് അയാൾ അഭിനയിച്ചത് കള്ളമാണ് സാറെ ഞാൻ ഇയാളുടെ കൈയ്യിൽ നിന്നും ഒന്നും മോഷ്ടിച്ചിട്ടില്ല. അപ്പോഴേക്കും കോൺസ്റ്റബിൾ വീട് തിരഞ്ഞ് തൊണ്ടി മുതലായ നോട്ടുകളും കൊണ്ട് അവിടെ എത്തി. എസ് ഐ അതു വാങ്ങി ഇത് നിനക്ക് എവിടെ നിന്നും കിട്ടി അത്...... അവന് കൂടുതൽ പറയാൻ സാധിച്ചില്ല എങ്ങനെ എലൈനെപ്പറ്റി പറയുമെന്നറിയാതെ അവൻ നിർത്തി എന്താടാ നിന്നു വിക്കുന്നത് സാറെ ഞാൻ ഇയാളുടെ കൈയ്യിൽ നിന്നും ഒന്നും മോഷ്ടിച്ചിട്ടില്ല. പിന്നെ നീ ആരുടെ കൈയ്യിൽ നിന്നാണ് 250 യുറോ വാങ്ങിച്ചത്. അവന് ഉത്തരമുണ്ടായിരുന്നില്ല എലൈനെ ഒരു അഭിസാരികയായി ചിത്രീകരിക്കുവാൻ അവന്റെ മനസ്സ് സമ്മതിച്ചില്ല. എസ്. ഐയുടെ കൈയ്യിലിരുന്ന നോട്ടുകൾ ജീൻ കൈനീട്ടി വാങ്ങിച്ചു. ഭാഷാപരിചയം ഇല്ലാത്ത എസ്. ഐ യ്ക്ക് അപകർഷതാബോധം കൊണ്ട് സായിപ്പിനോട് സംസാരിക്കുവാനുള്ള ധൈര്യം ഉണ്ടായില്ല അവൻ എസ്. ഐയോട് പറഞ്ഞു അത് എന്റെതാണ്.

എടാ പൊട്ടൻ ചെക്കാ (യൂ ഇടിയറ്റ്) ജീൻ ഫ്രഞ്ചുകലർന്ന ഇംഗ്ലീഷിൽ പറഞ്ഞു നിന്നെ ഞാൻ അങ്ങ് സ്നേഹിച്ചു എന്നു നീ കരുതിയോ എലൈൻ എന്റെ പെണ്ണാണ് അവളെ വീണ്ടെടുക്കാനാണ് ഞാൻ

വന്നത്. നീ ഇനി ജയിലഴി എണ്ണിക്കോ അവളെ ഞാൻ തിരഞ്ഞ് കണ്ടു പിടിച്ചോളാം.

അയാൾ പോലിസുകാരനു ഹസ്തദാനം ചെയ്തു എഴുന്നേറ്റു പോയി എസ് ഐ അവനെ ലോക്കപ്പിലാക്കി അങ്ങനെ അവൻ കള്ളനായി. കള്ളൻ കള്ളൻ ആയിരം നാവുകളിൽ നിന്ന് ആ വാക്കുകൾ ഉതിരുന്നതു പോലെ അവനു തോന്നി. അവനെ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി മോക്ഷണകുറ്റം ചുമത്തി റിമാൻഡിലാക്കി.

അവൻ സ്വപ്നത്തിൽ പോലും ഓർക്കാതിരുന്ന ജയിലിന്റെ പടിവാതിൽ കണ്ടു. അകത്തു ചെന്ന അവന് സ്വന്തം തുണികൾ മാറ്റി ജയിൽ യുണിഫോം കൊടുത്തു. അവനെ ഒരു പോലീസുകാരൻ അവന്റെ മുറിയിൽ കൊണ്ടാക്കി അവന്റെ മുറിയിൽ മറ്റ് സഹജയിൽവാസികളുണ്ടായിരുന്നു. ആകെ അവർ മൂന്ന് പേർ മറ്റു മൂന്ന്പേർ മോഷണ കുറ്റം ചുമത്തി വന്നവരായിരുന്നു വാസ്തവത്തിൽ നിങ്ങൾ മോഷണം ചെയ്തിട്ടുണ്ടോ അവൻ ആകാംക്ഷയോടെ ചോദിച്ചു പിന്നെ മോഷണം ചെയ്യാതെ ജയിലിൽ താമസിക്കുവാൻ വരുമോ നീ ഏതു മണ്ടഗണേശനാടാ നീ എന്തു ചെയ്തിട്ടാണ് പിടിക്കപ്പെട്ടത്

ഞാൻ ഒന്നും ചെയ്തിട്ടില്ല ഒരു വിദേശി എന്നെ കള്ളക്കുരുക്കിലാക്കി ഏതാണാ വിദേശി അയാൾ എന്തു ചെയ്തു അവൻ മുമ്പത്തേ പോലെ ഉത്തരമില്ലാത്തവനായി എലൈനയെ വിട്ടു പറയണോ അവൾ കത്തയച്ചിരുന്നത് ഇയാൾക്കാണോ അവളും ഈ ചതിയിൽ പങ്കെടുത്തുവോ ഏതാണ് സത്യം അവന് കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ തോന്നി. പിന്നീട് അവൻ നിർവികാരതയോടെ ജയിലിലെ മണിയടിനാദമനുസരിച്ചുള്ള പ്രവർത്തികളിൽ വ്യാപൃതനായി.

അവൻ പോലിസ് സ്റ്റേഷനിലായപ്പോൾ അവന്റെ അമ്മ കരഞ്ഞുകൊണ്ട് അവനെ കാണാനെത്തി പക്ഷെ കാണാൻ കഴിഞ്ഞില്ല. പക്ഷേ ജയിലിലായപ്പോൾ അവർ വീണ്ടും എത്തി. അവൻ അമ്മയെ സമാധാനിപ്പിക്കാൻ ആവതു ശ്രമിച്ചു. പക്ഷേ വിചാരണ തടവിലായ അവൻ എങ്ങനെ പുറത്ത് കടക്കുമെന്നോ ഒരു വക്കീലിനെ എങ്ങനെ കണ്ടു പിടിക്കുമെന്നോ അറിയാതെ വിഷമിച്ചു. അവൻ മൗഢ്യത്തിലായി. നീ ഒരുക്കിയ കുഴിയിൽ നീ തന്നെ വീണു അവന്റെ മനസ്സാക്ഷി മന്ത്രിച്ചു. പക്ഷെ എലൈനയെപ്പറ്റി പറയുവാൻ എന്തേ തന്റെ മനസ്സ് മടിക്കുന്നു എന്ന് അവന് തന്നെ നിശ്ചയമില്ലായിരുന്നു. സാധാരണ വിദേശികൾ രൂപയിലാണ് ഗൈഡിന്റെ കൂലി തരിക. അവൾ ഓരോ ടൂറും കഴിഞ്ഞപ്പോൾ അതിന്റെ പ്രതിഫലം അവന് രൂപയിൽ കൊടുത്തിരുന്നു ഇത് കൂലിയോ കടമോ അല്ല അവൾ തിരിച്ചു വരുന്നതുവരെ തനിക്ക് ആവശ്യങ്ങൾക്ക് തന്നതാണ്. അവളുമായി അങ്ങനെ ഒരു ബന്ധമുണ്ടെന്നോ അവൻ അവളുടെ പണം പറ്റിയെന്നോ പറയുവാൻ അവന് ലജ്ജ തോന്നി. ദിനങ്ങൾ കടന്നു പോയി. ഒരു പുലരിയിൽ അവന്റെ അമ്മ ജയിലിൽ വന്നു. അവനെ കാണാൻ വന്നപ്പോൾ ആവേശത്തോടെ പറഞ്ഞു. നിനക്ക് ഇംഗ്ലീഷിൽ ഒരു കത്ത് വന്നിട്ടുണ്ട്. അത് സാറമ്മാരെ ഏല്പിക്കട്ടെ അവന് ആശയും ആശങ്കയും ഒന്നിച്ചു വന്നു. എന്തു ചെയ്യണമെന്നറിയാതെ അവൻ തലകുലുക്കി. അമ്മച്ചി ഭവ്യതയോടെ ജയിൽ വാർഡനെ കത്ത് ഏൽപ്പിച്ചു.

വാർഡൻ കുലുങ്ങി ചിരിച്ചു. എടാമണ്ടാ നീ ഈ കാര്യം ആദ്യമേ പറഞ്ഞിരുന്നെങ്കിൽ ഇവിടെ വന്നു കിടക്കേണ്ടി വരുമായിരുന്നോ അവന്റെ ഒരു ലജ്ജ, എടാ അവർക്കെല്ലാം ഒരു ചായ കുടിക്കുന്നത്രേയുള്ളു നേരംപോക്കുമാത്രമാണ് ഇതെല്ലാം. നീ അവളെ പ്രേമിച്ചു പോയി.

എന്താണ് സർ കാര്യം കോൺസ്റ്റബിൾ ചോദിച്ചു. നിനക്ക് അതിന് ഇംഗ്ലീഷ് അറിയാമോ

കത്തെടുത്ത് കോൺസ്റ്റബിൾ തപ്പിപിടിച്ചു വായിച്ചു. അതിപ്രകാരമായിരുന്നു.

പ്രിയപ്പെട്ട ലൂയിസ്, നിന്നെ ഞാൻ ഇപ്പോഴും സ്നേഹിക്കുന്നു പക്ഷേ ഞാൻ യാത്രയുടെ അന്ത്യത്തിലാണ് എന്റെ കൈയ്യിലുള്ള പണമെല്ലാം തീർന്നു. തിരിച്ചു പോകാനുള്ള ടിക്കറ്റും അത്യാവശ്യം ചില്ലറയും മാത്രമേ കയ്യിലുള്ളു. തിരിച്ച് നാട്ടിൽ ചെന്ന് എന്തെങ്കിലും ജോലി ലഭിച്ച് പണം സമ്പാദിച്ചിട്ട് വേണം നിന്റെ അടുത്തു വരാൻ ജീൻ നിന്റെ അടുത്തു നിന്ന് ഞാൻ തന്ന പണം അപഹരിച്ചുവെന്നും നിന്നെ പോലീസ് കേസിലാക്കിയെന്നും ഇപ്പോൾ ഞാൻ അറിഞ്ഞു. അയാൾ വീരവാദം മുഴക്കികൊണ്ട് എനിക്ക് കത്തയച്ചു അയാൾ എന്റെ മിത്രമല്ല, ശത്രുവാണ് കുറെനാൾ അയാളെന്റെ ആരാധകനായി അഭിനയിച്ചു. എന്റെ കൈയ്യിൽ നിന്നും പണം കടം വാങ്ങിക്കാറുണ്ടായിരുന്നു അതുകൊണ്ട് അയാൾ മറ്റ് പെണ്ണുങ്ങളുമായി കുടിച്ച് കുത്താടി നടക്കുന്നത് ഞാൻ അറിഞ്ഞു. അയാളിൽ നിന്നും രക്ഷപെടാനാണ് ഞാൻ വിദേശ സഞ്ചാരത്തിന് പുറപ്പെട്ടത് അയാൾ നീചനും ചതിയനും ആണ്. ഞാൻ അയാൾക്ക് അയച്ച കാർഡുകളെല്ലാം അയാളെന്റെ ആരാധകനായി നടന്ന ദിവസങ്ങളിലേതാണ് അന്നും ഞാൻ മറ്റു വിദേശങ്ങളിൽ പോകാറുണ്ടായിരുന്നു.

നിന്നെ കണ്ടുമുട്ടിയ ശേഷം ഞാൻ അയാൾക്കെഴുതി ഞാൻ കേരളത്തിൽ നല്ലൊരു സുഹൃത്തിനെ കണ്ടെത്തിയെന്നും, ഇനി എന്റെ പുറകെ നടക്കേണ്ടെന്നും വിജയോന്മാദലഹരിയിൽ ഞാൻ നിന്റെ പേരും സ്ഥലവുമെഴുതി അയാൾ അതു വച്ച് നിന്നെ അന്വേഷിച്ച് വന്നു ചതിച്ചു. ലൂയീസ് നീയെന്നെ വിദേശത്തേക്ക് കടക്കാനുള്ള ഒരു മാർഗ്ഗമായേ കണ്ടിരുന്നുള്ളൂ എന്ന് എനിക്ക് അറിയാമായിരുന്നു. പക്ഷേ നിന്റെ നർമ്മഭാഷണവും നിന്റെ നാട്ടുകാരുടെ പെരുമാറ്റവുമെല്ലാം എന്നെ ആകർഷിച്ചു. നിന്നെ എതെങ്കിലും ഫ്രഞ്ച് കപ്പലിൽ ജോലിക്കാരനാക്കിയിട്ട് കപ്പൽ അടുക്കുന്ന സമയത്ത് നിന്നെ കാണുവാനും നിന്റെ കൂടെ യാത്രചെയ്യുവാനും ആഗ്രഹിച്ചിരുന്നു.

നിന്റെ പേരും മറ്റും ജീനിന് നൽകിയത് ഒരു വെല്ലുവിളിയായിട്ടാണ് അതു പോലെ നീ അയാളെ വിശ്വസിച്ച് ഞാൻ തന്ന യൂറോയുടെ കാര്യം പറഞ്ഞു. നമ്മൾ രണ്ടു പേർക്കും പിഴവ് പറ്റി. അയാൾ അത്യന്തം സൂത്രശാലിയാണ് ഇനി നീ ഈ എഴുത്ത് കാണിച്ച് സ്വയം രക്ഷപെടാൻ ശ്രമിക്ക്.

ഈ എഴുത്താണ് അവന് അമ്മ കൊണ്ടുവന്നത്. അവൻ അത് ജയിൽ വാർഡനെ കാണിച്ചു. കത്ത് വായിച്ച കോൺസ്റ്റബിൾ ഏതാണ്ടൊക്കെ മനസ്സിലാക്കി പൊട്ടിച്ചിരിച്ചു. പക്ഷെ വാർഡൻ ഗൗരവമുള്ള സ്വരത്തിൽ പറഞ്ഞു. എന്നെക്കൊണ്ട് എത്രത്തോളം സാധിക്കുമോ അത്രവരെ നിനക്ക് വിടുതൽ തരാൻ ശ്രമിക്കാം, പക്ഷെ നിയമത്തിന് അതിന്റേതായ വഴികളുണ്ട് നീ കാത്തിരിക്ക്

മഴ കാത്തു കഴിയുന്ന വേഴാമ്പലിനേപ്പോലെ അവൻ എലൈനു വേണ്ടി കാത്തിരുന്നു.



കവിത

# മായാമാധവം

സന്ധ്യ. പി



**മ**യിൽപ്പീലി വർണ്ണനറിയാതെ
നീയെന്റെ ഹൃദയത്തിനുള്ളിലെ
നോവായി, മധുരമായ് നിറഞ്ഞു നിന്നു.

അകലെ നീയെങ്കിലുമരികത്തു തന്നെയായ്..
മണിവർണ്ണനെൻ കനവിൽ
വിടർന്നു നിന്നു
എന്നിൽ നിറഞ്ഞു നിന്നു. (മയിൽപ്പീലി.....)

അരികിലൊരീണമായ്,
താളമായി നിന്നു നീ..
നിനവെല്ലാം മറന്നു ഞാൻ കൂടെ നിന്നു
നിൻ സ്വരമഞ്ജരിയിൽ ലയിച്ചു നിന്നു.

നിന്റെ സ്വരങ്ങളിൽ നാദമായി, താളമായി,
കാൽച്ചിലമ്പാടി ഞാൻ തളർന്നു നിന്നു....
നിൻ നെഞ്ചിൽ മയങ്ങി നിന്നു......(മയിൽപ്പീലി.....)

# മൗനം

**എ**ന്റെ മൗനം നിനക്കുള്ള മറുപടിയാണ്
ഉള്ളിൽ കൊടുങ്കാറ്റിരമ്പുമ്പോഴും
ശാന്തമായി കടലിരിക്കുന്നത്
നിന്റെ കണ്ണിലെ ചിരിത്തിളക്കം
കാണാനാണ്
മുത്തും പവിഴവും വാരി നീ തളരുമ്പോൾ
എന്റെ മണൽത്തിട്ടയിൽ നിനക്കായി
ഒഴിച്ചിട്ട വെള്ളമണൽപ്പരപ്പിൽ
ഇളവേൽക്കാം
പറഞ്ഞതൊക്കെ പാതിയും പതിരെന്നോതി
കടന്നു പോകാൻ കഴിയില്ലെന്നു കരുതി
കടൽ പിന്നെയും ശാന്തമായി ഒഴുകുന്നു
തിരകളും ചുഴികളും തന്റെ
ഗർഭത്തിലാവാഹിച്ചു കൊണ്ട്
പിന്നെയും പിന്നെയും ശാന്തമായി......


# ദഹനവ്യവസ്ഥ

ഡോ. പാർവ്വതി കെ. എസ്.

ദഹനം എന്ന പദം കൊണ്ടർത്ഥമാക്കുന്നതു ഭക്ഷണ പദാർത്ഥങ്ങളെ ചെറിയ അംശങ്ങ ളാക്കുകയും അതിൽ ശരീരത്തിന് ആവശ്യ കരങ്ങളായ മോളിക്യൂളുകളെ രക്തത്തിൽ ഉൾ ക്കൊള്ളുകയും ആവശ്യമില്ലാത്ത വസ്തുക്കളെ പുറംതള്ളുകയും ചെയ്യുന്ന പ്രക്രിയയെയാണ്.

ദഹനവ്യവസ്ഥതിയിൽ മുഖ്യമായിട്ടുള്ളത് ദഹ നവ്യൂഹം എന്ന നീണ്ട ഒരു കൂട്ടം കുഴലുകളാണ്. ഈ കുഴലുകളുമായി ബന്ധപ്പെട്ടു കിടക്കുന്ന കരൾ, പിത്തനീർ സഞ്ചി, പാൻക്രിയാസ്, ഉമിനീർഗ്രന്ഥി കൾ എന്നീ അവയവങ്ങളും ഈ വ്യവസ്ഥിതിയുടെ ഭാഗങ്ങളാണ്. അവയിലെ സ്രവങ്ങളെല്ലാം തന്നെ ദഹനത്തെ സഹായിക്കുന്നവയും ആണ്.

## അന്നനാളം




ഭക്ഷണം അരഞ്ഞ് ഉമിനീരുമായി ചേർന്ന് ഉരുളകളായി വായിൽ നിന്ന് അന്നനാളം -ഈസോ ഫാഗസ് വഴി ആമാശയത്തിൽ എത്തുന്നു.

തൊണ്ടയ്ക്കു പിൻഭാഗത്തുള്ള ഫാരിഡിൽ അന്നനാളത്തിന്റെ ആദ്യഭാഗങ്ങൾ അടുത്തടുത്താ യി സ്ഥിതി ചെയ്യുന്നു. നാം കഴിക്കുന്ന ആഹാരം ശ്വാസനാളത്തിലേക്ക് പ്രവേശിക്കാതിരിക്കുവാൻ ഭക്ഷണസമയത്ത് പല പ്രതിപ്രവർത്തനങ്ങളും നാം അറിയാതെ തന്നെ നടക്കുന്നുണ്ട്. അന്നനാളത്തിന് ഏകദേശം ഇരുപത് ഇരുപത്തഞ്ചോളം സെന്റീമീ റ്റർ നീളമുണ്ടാകും. അന്നനാളീപേശികളുടെ തരം ഗരൂപത്തിലുള്ള സങ്കോചം കാരണം ഭക്ഷണം അനായാസേന വായ്ക്കുള്ളിൽ നിന്ന് ആമാശയ ത്തിലെത്തിച്ചേരുന്നു. ആമാശയത്തിലെത്തിച്ചേരുന്ന ആഹാരവസ്തുക്കൾ തിരിച്ച് അന്നനാളത്തിലേക്ക് കടക്കുന്നത് തടയുവാൻ അന്നനാളത്തിന്റെ അവ സാനഭാഗത്ത് ഒരു പ്രത്യേക പേശീവലയം ഉണ്ട്.

## ആമാശയം

സഞ്ചിയുടെ രൂപത്തിലുള്ള ഒരു അവയവമാ ണ് ആമാശയം. ഇതിന് ഭക്ഷണം സംഭരിച്ചു വെയ് ക്കുവാൻ സാധിക്കും. ആമാശയത്തിന്റെ നിരന്തര ചലനങ്ങൾ ഭക്ഷണം കലങ്ങിച്ചേരുവാൻ സഹായി ക്കുന്നു. ആമാശയത്തിലെ അമ്ലം രോഗാണുക്കളെ നശിപ്പിക്കും. രക്തത്തിന്റെ സൃഷ്ടിക്ക് ആവശ്യമായ ഹെമാറ്റനിക് ഘടകത്തിന്റെ സ്വയാർജ്ജിതമായ അം ശം ആമാശയസ്തരത്തിൽ നിന്നാണ് ഉണ്ടാകുന്നത്.

ആമാശയഭിത്തിയിലെ മുപ്പത്തഞ്ചു ലക്ഷത്തോ ളം വരുന്ന ഗ്രന്ഥികൾ ആമാശയരസം ഉത്പാദിപ്പി ക്കുന്നു. ആമാശയരസത്തിൽ ധാരാളം ഹൈഡ്രോ ക്ലോറിക് അമ്ലം ഉണ്ട്. ആമാശത്തിലെ ശക്തിയേറിയ പേശികൾ ഭക്ഷണത്തെ മർദ്ദിച്ചു കൂട്ടിച്ചേർക്കുവാൻ സഹായിക്കുന്നു.

## ചെറുകുടൽ

ആഹാരം ആമാശയത്തിൽ നിന്ന് ഇരുപത്തിര ണ്ടടിയോളം നീളത്തിൽ ഉദരത്തിനുള്ളിൽ ചുറ്റിക്കി ടക്കുന്ന ചെറുകുടലിനുള്ളിലേക്ക് പ്രവേശിക്കുന്നു. ഇതിന് ഡിയോഡിനം, ജെജുനം, ഇലിയം എന്നി ങ്ങനെ മൂന്നു ഭാഗങ്ങളുണ്ട്. ഭക്ഷണത്തിന്റെ ദഹ






നവും അതിന്റെ ഉള്ളിലോട്ടുള്ള ആവാഹനവും മുഖ്യമായും നടക്കുന്നത് ഇവിടെയാണ്.

ഡിയോഡിനം ആണ് ചെറുകുടലിന്റെ ആദ്യ ഭാഗം. അതു വയറ്റിൽ നിന്നും 'C' യുടെ ആകൃതി യിൽ കാണുന്ന ഒരു ഭാഗമാണ്. ഡിയോഡിനത്തി ന്റെ ഉള്ളിലുള്ള മ്യൂക്കസ് സ്തരത്തിൽ നിരവധി ചുഴികൾ കാണാം. വില്ലൈ എന്നു വിളിക്കപ്പെടുന്ന ഇവയാണ് ഭക്ഷണ പദാർത്ഥങ്ങളെ ഉള്ളിലേക്ക് ആവാഹിക്കുന്നതും രക്തത്തിലേക്ക് നയിക്കുന്ന തും. ഡിയോഡിനത്തിലെ വില്ലൈകളുടെ ഇടയി ലുള്ള ഗ്രന്ഥികളിൽ ദഹനത്തിനാവശ്യമായ ചില നീരുകൾ സൃഷ്ടിക്കുന്നു.

## വൻകുടൽ

വൻകുടലിനു ചെറുകുടലിനേക്കാൾ വിസ് താരമുണ്ട്. ഇതിന്റെ മുഖ്യപ്രവർത്തനം ആഹാര ത്തിന്റെ ബാക്കിയുള്ള ഭാഗങ്ങളിൽ നിന്നു ജലം വലിച്ചെടുക്കുകയാണ്. ഇപ്രകാരം വലിച്ചെടുക്കപ്പെ ട്ടതിനുശേഷമുള്ള വസ്തുവാണ് മലമായി പുറംത ള്ളപ്പെടുന്നത്. വലിയ കുടലിന്റെ ഭാഗങ്ങൾ സീക്കം, കൊളോൺ, റെക്ടം, ഏനൽ കനാൽ എന്നിവയാണ്. ഇതിൽ കൊളോനെത്തന്നെ നാലായി വിഭജിക്കാ റുണ്ട്. ഇലിയവും സീക്കവും കൂടിച്ചേരുന്നിടത്താ ണ് വൻകുടൽ ആരംഭിക്കുന്നത്. അവിടെത്തന്നെ അപെൻഡിക്സും ഉണ്ട്.

## കരൾ




ജൈവവസ്തുക്കളുടെ ഉപാപചയം നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഒരു ഫാക്ടറിയാണ് കരൾ. ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി. ഇതു ഡയഫ്ര ത്തിന്റെ കീഴിലായി അല്പം വലത്തോട്ടായിട്ടാണ് സ്ഥിതി ചെയ്യുന്നത്. സ്രാവകങ്ങളെ പുറത്തേക്ക യ്ക്കാനുള്ള കുഴലുകളുള്ള ഈ ഗ്രന്ഥി ധാരാളം സ്രവങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. ഇതിൽ മുഖ്യമായ പിത്തനീർ ഒരു കുഴലിലൂടെ പിത്തനീർ സഞ്ചിയിൽ എത്തിച്ചേരുന്നു. ഈ സഞ്ചി കരളിന്റെ അടിയിലാ ണ് സ്ഥിതി ചെയ്യുന്നത്. പിത്തനീർ സഞ്ചിയുടെ കുഴൽ മറ്റു കുഴലുകളുമായി ചേർന്നാണ് ഡിയോ ഡിനത്തിൽ എത്തുന്നത്.

## പാൻക്രിയാസ്

ഡിയോഡിനം ഉണ്ടാക്കുന്ന 'C' യുടെ ആകൃതി യിലുള്ള വിടവിലാണ് പാൻക്രിയാസിന്റെ തലഭാഗം നിൽക്കുന്നത്. ഇതിനു ബഹിർസ്രാവ പ്രവർത്തന വും അന്തർസ്രാവ പ്രവർത്തനവും ഉണ്ട്. ഇതിലെ ബഹിർസ്രാവകമാണ് കുഴലിലൂടെ ഡിയോഡിന ത്തിൽ എത്തുന്നത്.

## ദഹനവ്യവസ്ഥ

### ആഹാരം

ആഹാരം ശരീരപ്രവർത്തനത്തിന് ആവശ്യമായ ശക്തി പ്രദാനം ചെയ്യുകയും ശരീരത്തിന്റെ വളർച്ചയ് ക്കുവേണ്ട ഘടകങ്ങളെ സംഭരിക്കുകയും ചെയ്യുന്നു. മാത്രമല്ല, ദൈനംദിന പ്രവർത്തനത്തിൽ ശരീരസെ ല്ലുകളിൽ ഉണ്ടാകുന്ന തേയ്മാനങ്ങൾ പരിഹരിക്കു വാനും ആവശ്യ വസ്തുക്കളെ സൃഷ്ടിക്കുവാനും ആഹാരം അത്യാവശ്യമാണ്. കാർബോഹൈഡ്രേറ്റ് , കൊഴുപ്പുകൾ, പ്രോട്ടീനുകൾ, ജലം, വിറ്റാമിനുകൾ, ലവണങ്ങൾ എന്നിവയാണവ.

### ഉമിനീർ

പല്ലുകൾകൊണ്ട് ചവയ്ക്കുമ്പോൾ ഭക്ഷണം ചെറുകണികകളാവുകയും ഉമിനീരുമായി യോജി ക്കുകയും ചെയ്യുന്നു. പരോട്ടീസ് സബ്മാക്സില്ല റി, സബ് മാൻഡിബുലാർ എന്നീ മൂന്നു ജോഡി ഉമിനീർഗ്രന്ഥികളിൽ നിന്നാണ് ഉമിനീർ വരുന്നത്.

ദഹനപ്രക്രിയയ്ക്ക് ആവശ്യമായ നീരുകളെ ല്ലാം തന്നെ ഉണ്ടാകുന്നത് മൂന്നു തരം പ്രതികരണ ങ്ങളിൽ നിന്നാണ്.

#### 1. നിരുപാധിക പ്രതികരണം

ഉമിനീർ നിരുപാധിക പ്രതികരണം കൊണ്ടു ണ്ടാകുന്നതാണ്. വായയിൽ ഏതെങ്കിലും ഒരു വസ് തു വീണാൽ ഉടൻ ഈ പ്രതികരണം ഉണ്ടാകും.

#### 2. സോപാധിക പ്രതികരണം

സ്വാനുഭവത്തിലൂടെ ഒരു നിരുപാധിക പ്രതിക രണത്തിന് മേൽ കെട്ടിപടുക്കുന്ന സംഭവവികാസ

ങ്ങളാണ് സോപാധിക പ്രതികരണങ്ങൾ. നവജാത ശിശുവിന് ഭക്ഷണത്തിന്റെ രുചിയോ വാസനയോ അറിയില്ല. അതുകൊണ്ട് ഭക്ഷണത്തിന്റെ കാഴ്ചയോ മണമോ ഉമിനീരുല്പാദിപ്പിക്കാൻ ഉത്തേജകമാകുന്നില്ല. സ്വന്തം അനുഭൂതികളിലൂടെ ഭക്ഷണത്തിന്റെ ഗുണവുമായി ബന്ധങ്ങൾ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞാൽ കാഴ്ചയോ വാസനയോ മതി ഉമിനീരുണ്ടാകാൻ. ഇതാണ് ചുരുക്കത്തിൽ സോപാധിക പ്രതികരണം

### 3. ഹോർമോണുകളുടെ പ്രവർത്തനം

പല ദഹനനീരുകളും ഹോർമോണുകളുണ്ടാക്കുന്നവയാണ്.

## ഉമിനീരിന്റെ ധർമ്മങ്ങൾ

ഉമിനീരിൽ ടയാലിൻ എന്ന സ്റ്റാർച്ച് വിലായക എൻഡൈം മാത്രമേയുള്ളൂ.ഈ കാർബോഹൈഡ്രേറ്റ് ഭക്ഷണങ്ങളെയാണു ദഹിപ്പിക്കുന്നത്. എന്നാൽ വേവിച്ച അന്നജങ്ങളെ മാത്രമേ ഉമിനീരിലെ ടയാലിൻ ദഹിപ്പിക്കുന്നുള്ളൂ. അതും മാൾട്ടോസ് എന്ന പഞ്ചസാരയാക്കുന്നതുവരെ മാത്രം. വായിൽ ഭക്ഷണം കുറച്ചുനേരമേ തങ്ങുന്നുള്ളൂ. അതുകൊണ്ട് ഉമിനീരിന്റെ പ്രവർത്തനം മുഖ്യമായും നടക്കുന്നത് ആമാശയത്തിൽ വച്ചാണ്.

ഉമിനീർ ഭക്ഷണങ്ങളെ നനയ്ക്കുന്നതുകൊണ്ടാണ് ഉരുളയായി വിഴുങ്ങുവാൻ സാധ്യമാകുന്നത്. ഒരു ദിവസം ഏതാണ്ട് ഒന്നര ലിറ്റർ ഉമിനീർ വായിൽ ഉണ്ടാകുന്നുണ്ട്. എന്നിട്ടും നമുക്ക് പലപ്പോഴും ഭക്ഷണത്തിന്റെ ഒപ്പം വെള്ളം കുടിക്കേണ്ടി വരുന്നു. വായിൽ ഉണ്ടാകുന്ന നനവു ഉച്ചാരണത്തിനു ആവശ്യമാണ്. വായിലെ വെള്ളം പാടെ വറ്റിയാൽ സംസാരിക്കുവാൻ സാധിക്കുകയില്ല. ഉമിനീർ ചില രാസവസ്തുക്കളേയും വിസർജ്ജിക്കാറുണ്ട്.

പിള്ളവാതം (പോളിയോ), മുണ്ടിനീര് (മംപ്സ്), പേപ്പട്ടി വിഷബാധ, ക്ഷയരോഗം എന്നിവ ഉമിനീരിലൂടെയാണ് സംക്രമിക്കുന്നത്.

## ആമാശയത്തിലെ ദഹനം

സഞ്ചിയുടെ രൂപത്തിൽ നിർമ്മിച്ചിരിക്കുന്ന ആമാശയത്തിന് ഭക്ഷണം സംഭരിച്ച് വെയ്ക്കാൻ കഴിയും. ആമാശത്തിന്റെ നിരന്തര ചലനങ്ങൾ മൂലം ഭക്ഷണം കൂട്ടിക്കലർത്തപ്പെടുന്നു. ആമാശയത്തിന്റെ പ്രധാന കർത്തവ്യം ദഹനപ്രക്രിയയെ സഹായിക്കുകയാണ്. ആമാശയ ഭിത്തിയിലെ ഗ്രന്ഥികൾ ആമാശയരസം അതിപാദിപ്പിക്കുന്നു. ഈ സ്രവത്തിൽ ധാരാളം ഹൈഡ്രോക്ലോറിക് ആസിഡ് ഉണ്ട്. ദേഹത്തു വീണാൽ മാരകമായ പൊള്ളൽ ഉണ്ടാക്കുന്ന ഈ അമ്ലം ആമാശയത്തെ നശിപ്പിക്കാത്തത് അതിനെ പൊതിഞ്ഞിരിക്കുന്ന മ്യൂസിൻ മൂലമാണ്.

ആമാശയനീരിൽ പെപ്സിൻ, റെനിൻ, ആമാശയ ലൈപോസ് എന്നീ മൂന്ന് എൻസൈമുകളാണുള്ളത്. മ്യൂസിനും എൻസൈമുകളായ പെപ്സിൻ, റെന്നിൻ എന്നിവയും ആമാശയ സെല്ലുകളാണുണ്ടാക്കുന്നത്.

പെപ്സിൻ പ്രോട്ടീനുകളെ ദഹിപ്പിക്കുന്ന എൻസൈം ആണ്. പ്രോട്ടീനുകളെ അവ പെപ്ടോണാക്കി മാറ്റുന്നു. റെനിൻ പാലിലെ പ്രോട്ടീനുകളെ ഉറയിട്ട് തൈരിലെ വസ്തുക്കളാക്കി മാറ്റും. പ്രധാനാഹാരം പാൽ മാത്രമായിട്ടുള്ള ശിശുക്കൾക്ക് ഇതു അത്യാന്താപേക്ഷിതമാണ്. എല്ലാ ലൈപേഡുകളും കൊഴുപ്പുകളെ ദഹിപ്പിക്കുന്ന എൻസൈമുകളാണ്. അവയിൽ വളരെ ശക്തികുറവായ ഒന്നാണ് ആമാശയ ലൈപോസ്. ആമാശയരസത്തിന്റെ സൃഷ്ടിയിൽ സോപാധിക പ്രതികരണത്തിനും പങ്കുണ്ട്. പാരാസിംപതറ്റിക് വിഭാഗത്തിലെ പ്രധാന നാഡിയായ വേഗസ്സിനും ആമാശയനീർ സൃഷ്ടിക്കുന്നതിൽ പങ്കുണ്ട്. ആമാശയരസത്തെ ഉദ്ദീപിപ്പിക്കുന്ന രാസവസ്തുക്കളും ഹോർമോണുകളും ഉണ്ട്. ഹിസ്റ്റമിനും, ഗാസ്ട്രിസുമാണ് ഉദാഹരണങ്ങൾ.

## കരൾ എന്ന ഫാക്ടറി

ശരീര അവയവങ്ങളിൽ വലിപ്പംകൊണ്ടും പ്രവർത്തനക്ഷമത കൊണ്ടും ഒന്നാം സ്ഥാനത്താണ് കരൾ. ഉദരത്തിന്റെ വലതുഭാഗത്ത് ഡയഫ്രത്തിനു കീഴിലായ സ്ഥിതി ചെയ്യുന്ന കരൾ ഉപാപചയ പ്രക്രിയയുടെ ഫാക്ടറി തന്നെയാണെന്നു പറയാം.

## ഉപാപചയം

കരൾ, ഗ്ലൂക്കോസിനെ ഗ്ലൈക്കോജൻ ആയി രൂപാന്തരപ്പെടുത്തുകയും സംഭരിച്ചു വെയ്ക്കുകയും വേണ്ട അവസരത്തിൽ അതിനെ വീണ്ടും ഗ്ലൂക്കോസായി മാറ്റുകയും ചെയ്യുന്നു. അമിനോ അമ്ലങ്ങളുടെ അന്തിമങ്ങളായ എല്ലാ ഉപാപചയപ്രവർത്തനങ്ങളും നടത്തുന്നത് ലിവറാണ്. കൊഴുപ്പു വസ്തുക്കളുടെ ലയനവും കൊഴുപ്പിൽ നിന്ന് മറ്റു ആഹാരങ്ങളെ കടഞ്ഞെടുക്കുന്നതിനുള്ള കഴിവും ഈ അവയവത്തിനുണ്ട്. ദഹനപ്രക്രിയയുടെ അന്തിമാംശങ്ങളായ ആഹാരഘടകങ്ങളെല്ലാം തന്നെ ലിവറിൽ കൊണ്ടുവരപ്പെടുകയും അവിടെ ഒരു ഉപാപചയ കലവറ





സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഈ കലവറയിൽ നിന്നാണ് ശരീരപ്രവർത്തനത്തിനുള്ള പോഷകമൂല്യങ്ങളെല്ലാം ലഭിക്കുന്നത്.

## പ്രോട്ടീൻ നിർമ്മാണം

പ്ലാസ്മാ പ്രോട്ടീനുകളായ ആൽബുമിൻ, ഫൈബ്രിനോജൻ എന്നിവ നിർമ്മിക്കുന്നത് കരളാണ്. അതുപോലെ രക്തത്തിൽ കട്ടിപിടിക്കലിൽ സുപ്രധാന പങ്കു വഹിക്കുന്ന പ്രോത്രോംബിനും, ഹെപാറിനും സൃഷ്ടിക്കപ്പെടുന്നതും കരളിലാണ്.

## മറ്റു പ്രവർത്തനങ്ങൾ

ഉപാപചയകലവറയിൽ പ്രവർത്തിക്കുന്നതിനു പുറമേ, ശരീരത്തിനാവശ്യമായ ഇരുമ്പ്, കൊഴുപ്പിൽ അലിയുന്ന വിറ്റാമിനുകൾ മുതലായവ സംഭരിച്ചു വയ്ക്കുകയും ചെയ്യുന്നത് കരളാണ്.

## നിർവിഷീകരണം

ശരീരത്തിന്റെ കടന്നുകൂടുന്ന ചില വിഷവസ്തുക്കളെ രാസപ്രക്രിയകൾ കൊണ്ട് ദോഷരഹിതമാക്കുന്നത് കരളാണ്.

## രക്തകോശങ്ങളുടെ സൃഷ്ടിയും സംഹാരവും

ഗർഭസ്ഥ ശിശുവിൽ കരൾ രക്താണുക്കളെ സൃഷ്ടിക്കും. ശിശുവിന്റെ ജനനത്തോടുകൂടി ഈ പ്രക്രിയ മജ്ജയിലേക്കു മാറ്റപ്പെടും. കരളിലെ റെറ്റിക്കുലോ എൻഡോതീലിയൽ സെല്ലുകളാണു പ്രായം കൂടിയ രക്താണുക്കളെ നശിപ്പിക്കുന്നത്.

## പിത്തനീരിന്റെ ഉത്പാദനം

പിത്തലവണങ്ങൾ, പിത്തവർണ്ണകങ്ങൾ, മ്യൂസിൻ, വെള്ളം എന്നിവ അടങ്ങിയ പിത്തനീർ നിർമ്മിക്കുന്നത് കരളാണ്. മഞ്ഞനിറത്തിലുള്ള ബിലിറൂബിൻ ആണ് പിത്തനീരിന് അതിന്റെ മഞ്ഞനിറം കൊടുക്കുന്നത്. നശിപ്പിക്കപ്പെടുന്ന ചുവന്ന രക്താണുക്കളിൽ നിന്നാണ് ബിലിറൂബിൻ ഉണ്ടാകുന്നത്. അതു മലത്തിനും മറ്റു മഞ്ഞനിറം നൽകുന്ന ഒരു വിസർജ്ജന വസ്തു മാത്രമാണ്. ബിലിറൂബിന്റെ അളവ് രക്തത്തിൽ കൂടുമ്പോഴാണ് മഞ്ഞപിത്തം ഉണ്ടാകുന്നത്.

എന്നാൽ പിത്തലവണങ്ങൾക്ക് ദഹനപ്രക്രിയയിൽ കാര്യമായ പങ്കുണ്ട്. മനുഷ്യന്റെ പിത്തനീരിൽ കാണുന്ന സോഡിയം ടാറാകോളേറ്റ്, സോഡിയം ഗ്ലൈക്കോളേറ്റ് എന്നീ ലവണങ്ങൾക്ക് വെള്ളത്തിന്റെ പ്രതല വലിവ് കുറയ്ക്കുവാനുള്ള കഴിവുണ്ട്. ഇവയുടെ പ്രവർത്തനം മൂലമാണ് കൊഴുപ്പിനെ വെള്ളത്തിൽ ലയിപ്പിക്കുവാനും, ലൈപേഡുകളുടെ പ്രവർത്തനം നിർവഹിക്കുവാനും സാധിക്കുന്നത്. പിത്തലവണങ്ങളുടെ അഭാവത്തിൽ ലൈപേസുകൾക്കു പ്രവർത്തിക്കുവാൻ സാധ്യമല്ല. നിരന്തരമായി ഉത്പാദിപ്പിച്ചു കൊണ്ടിരിക്കുന്ന പിത്തനീർ പിത്തസഞ്ചിയിൽ സംഭരിക്കപ്പെടുന്നു. പിന്നീട് ആവശ്യാനുസരണം ഡിയോഡിനത്തിലേക്ക് അയയ്ക്കുന്നു.

## ചെറുകുടലിലെ ദഹനം

ചെറുകുലിലെത്തുന്ന ഭക്ഷണം, പാൻക്രിയാസിൽ നിന്നും ഉത്ഭവിക്കുന്ന നീരുമായി കലരുന്നു. പിത്തനീർ ഇതിനുമുമ്പ് അവയിൽ വരുത്തുന്ന മാറ്റങ്ങൾ കാരണം ദഹനപ്രക്രിയ തുടരുന്നു. വാസ്തവത്തിൽ പിത്തനീരും, പാൻക്രിയാസിലെ നീരും ഒന്നിച്ചാണ് ഭക്ഷണത്തിൽ എത്തുന്നത്. പാൻക്രിയാസ് നീരിൽ ആഹാരത്തിലെ മൂന്നു പ്രധാന ഘടകങ്ങളിലും പ്രവർത്തിക്കുന്ന എൻസൈമുകൾ ഉണ്ട്. അതിൽ അടങ്ങിയ അമൈലേസാണ് കാർബോഹൈഡ്രേറ്റിനെ അതിന്റെ അന്തിമഘടകമായ ഗ്ലൂക്കോസ് ആയി മാറ്റുന്നത്. ഇതിലെ ട്രിപ്സിൻ, പ്രോട്ടീനുകളിലാണ് പ്രവർത്തിക്കുന്നത്. അവ പെപ്റ്റോണുകളെ പോളിപെപ്റ്റൈഡ് ആക്കി മാറ്റുന്നു. പാൻക്രിയാസ് നീരിലെ ലൈപേസ് ശക്തിയുള്ള ഒരു കൊഴുപ്പു ദഹനനീരാണ്. ഇതിനു പുറമെ പാൻക്രിയാസിലെ നീരിൽ കണ്ടു വരുന്ന സോഡിയം ബൈകാർബണേറ്റിനു ഹൈഡ്രോക്ലോറിക് ആസിഡിനെ നിർവീര്യമാക്കാനും എൻസൈം പ്രവർത്തനത്തിനു വേണ്ട P4 സൃഷ്ടിക്കുവാനും കഴിവുണ്ട്.

പിത്തനീരിന്റെ പ്രവർത്തനത്തോടുകൂടി ഭക്ഷണം സാവധാനം ചെറുകുടലിലൂടെ മുന്നോട്ടു നീങ്ങുന്നു. ചെറുകുടലിന്റെ അനന്തര ഭാഗങ്ങളിൽ ഉണ്ടാകുന്ന സക്കസ് എന്ററിക്കസ് എന്ന നീരുമായി ഇതു ചേരുന്നു. ചെറുകുടലിന്റെ ഉൾഭാഗത്തുടനീളം കാണപ്പെടുന്ന ചെറിയ ഒരു തരം ഗ്രന്ഥികളിൽ നിന്നാണ് കുടൽ നീര് ഊറി വരുന്നത്. ഇതിൽ പ്രധാനമായതു പ്രോട്ടീനിന്റെ അവാന്തരഘടകങ്ങളെ ദഹിപ്പിക്കുവാൻ ശക്തിയുള്ള എറെപ്സിൻ എന്ന എൻസൈം സമൂഹമാണ്. ഇതിനു പുറമെ കുടൽ നീരിൽ പഞ്ചസാരയുടെ ദഹനത്തിനുതകുന്ന എൻസൈമുകളും ഉണ്ട്.

## ഭക്ഷ്യവസ്തുക്കളുടെ അവശോഷണം

കാർബോഹൈഡ്രേറ്റിന്റെ അന്തിമഘടകം ഗ്ലൂക്കോസും പ്രോട്ടീനുകളുടേത് അമിനോ അമ്ലങ്ങ

ളും ആണെങ്കിൽ കൊഴുപ്പു വസ്തുക്കൾ കൊഴുപ്പ മ്ലങ്ങളും ഗ്ലസറോളും ആയിട്ടാണ് മാറുന്നത്. ഈ അന്തിമഘടകങ്ങളുടെ രൂപത്തിൽ മാത്രമേ അന്നപ ഥത്തിൽ നിന്നു ആഹാരവസ്തുക്കളുടെ അവരോ ഹണം ഉണ്ടാകുന്നുള്ളൂ. നാം കഴിക്കുന്ന ആഹാ രം എത്രതന്നെ സ്വാദിഷ്ഠവും ഉത്തമവുമായാലും മരിച്ചായാലും അന്തിമമായി ഗ്ലൂക്കോസും അമിനോ അമ്ലങ്ങളും കൊഴുപ്പമ്ലങ്ങളും മാത്രമേ ശരീരത്തിനു സ്വീകരിക്കുവാൻ കഴിയൂ.

## വില്ലസുകൾ

അന്നപഥത്തിൽ ഭക്ഷ്യ വസ്തുക്കളുടെ അവ ശോഷണം നടക്കുന്നതു ചെറുകുടലിലാണ്. വെ ള്ളവും മദ്യാംശവും വലിച്ചെടുക്കുവാൻ മാത്രമേ ആമാശയത്തിനും വൻകുടലിനും സാധിക്കുകയു ള്ളൂ. ചെറുകുടലിന്റെ ഉൾവശത്തുള്ള സ്തരങ്ങൾ നിരവധി മടക്കുകളായി ഞൊറിഞ്ഞിട്ടുണ്ട്. ഇതു കാരണം ചെറുകുടലിലെ മെമ്പ്രേയ്നുകൾക്കു ഒരു വലിയ പ്രതലത്തിലൂടെ അവശോഷണപ്രക്രിയ നടത്താൻ സാധിക്കുന്നു. കൈവിരലുകളെപ്പോലെ തൂങ്ങി നിൽക്കുന്ന ഈ ഭാഗങ്ങളെ വില്ലഡുകൾ എന്നാണ് വിളിക്കുന്നത്. ഈ കാപ്പിലറി വലയവും ലസിക സമൂഹവും ചേർന്ന വില്ലഡുകൾ രക്തസ ഞ്ചികളാണ്. ഗ്ലൂക്കോസും അമിനോ അമ്ലങ്ങളും രക്തത്തിലും ചെറുകുലിലും ഉള്ള ഈ വസ്തു ക്കളുടെ ഓസ്മോട്ടിക് മർദ്ദത്തിന്റെ വ്യത്യാസം മൂ ലം ഉണ്ടാകുന്ന ആകർഷണ ശക്തി കൊണ്ടാണ് ഉള്ളിലേക്കു പ്രവേശിക്കുന്നത്. കൊഴുപ്പു വസ്തു ക്കളുടെ ഭൂരിഭാഗവും നേരിട്ടു ഫാക്ടറിയിലേക്കു കടക്കുന്നു. ഒരംശം ഗ്ലിസറോളും കൊഴുപ്പമ്ലങ്ങളും ആക്കിയതിനു ശേഷവും ആവഹിക്കപ്പെടുന്നുണ്ട്.

## അന്നപഥത്തിലെ ചലനങ്ങൾ

ഭക്ഷണം വിഴുങ്ങുന്ന പ്രക്രിയയാണ് ഡിഗ്ലൂ ട്ടിഷൻ അഥവാ നിഗീരണം. ഇതിന്റെ ആദ്യഘട്ടം ഇച്ഛാപൂർവ്വം ചെയ്യുവാൻ സാധ്യമാണ്. രണ്ടാംഘട്ടം പൊടുന്നനെ നടക്കുന്ന ഒരു പ്രക്രിയയാണ്. ഈ സമയത്ത് ഭക്ഷണത്തിന്റെ ഉരുള ഫാറിൻക്സിലൂടെ ഒരു ഉണ്ട മാതിരി ഈസോഫാഗസ്സിലേക്ക് എറിയ പ്പെടുകയാണ് ചെയ്യുന്നത്. ഭക്ഷ്യപദാർത്ഥങ്ങൾ ശ്വാസനാളങ്ങളിലേക്കു പോകുന്ന ആപത്ത് ഒഴി വാക്കാൻ ലാറിൻക്സ് ഉയർത്തപ്പെടുകയും അതിനു വലിവുണ്ടാകുകയും ചെയ്യും. എത്രയോ പ്രാവശ്യം അകത്തേക്കു പോകുന്ന കണക്കറ്റ ഭക്ഷണം ഉരു ളകൾ ഇടത്തൊണ്ടയിൽ പോകാറില്ലെന്നുള്ളതു തന്നെ ഈ പ്രതികരണ പ്രവർത്തനത്തിന്റെ ശേഷി വ്യക്തമാക്കുന്നു. ഇതിന്റെ മൂന്നാംഘട്ടം സ്വേച്ഛാ യായുള്ള പ്രവർത്തനശക്തിക്കു അതീതമാകുന്നു. ഈ സോഫാഗസ്സിലൂടെ ഭക്ഷണം പെരിസ്റ്റാൽസിസ് തരംഗങ്ങൾ വഴിയാണു ആമാശയത്തിലെത്തുന്നത്. ഭക്ഷണം ആമാശയത്തിൽ ഏതാണ്ട് 3–4 മണിക്കൂർ വരെയാണു നിലനിൽക്കുന്നത്.

## ചെറുകുടലിലെ ചലനങ്ങൾ

ചെറുകുടലിൽ സാധാരണയായി മൂന്നു തര ത്തിലുള്ള ചലനങ്ങൾ കാണാറുണ്ട്. ഇതിൽ പെൻ ഡുലത്തിന്റെ രീതിയിലുള്ള ചലനങ്ങൾ ദഹന ത്തിനു ഒരു സംഭാവനയും ചെയ്യുന്നില്ല. പ്രത്യേക ഭാഗങ്ങളിൽ കാണുന്ന ചുരുങ്ങലും വികസനവും കൊണ്ടു ചെറുകുടലിലുള്ള ഭക്ഷ്യപദാർത്ഥങ്ങൾ നല്ലവണ്ണം കലർത്തപ്പെടും. പക്ഷേ ഏറ്റവും പ്രദാ നമായത് ക്രമാനുഗതിയായ പെരിസ്റ്റാലിസിസ് ചല നങ്ങളാണ്. ഇതിൽ ആദ്യം ചെറുകുടലിന്റെ ഒരു ഭാഗം ചുരുങ്ങുകയും പിന്നീട് ആ ഭാഗം വികാസം പ്രാപിക്കുകയും ചെയ്യുന്നു. ഒപ്പം തൊട്ടടുത്തു കിട ക്കുന്ന ഭാഗം ചുരുങ്ങുകയും ചെയ്യുന്നു. ക്രമപ്രകാ രം ഒരറ്റത്തു നിന്നു മറ്റേ അറ്റം വരെ വ്യാപിക്കുന്ന ഈ ചലനപരമ്പരമൂലം ഭക്ഷണം ചെറുകുടലിന്റെ ആദ്യഭാഗത്തു നിന്നു അന്തിമ ഭാഗങ്ങളിലേക്കു യഥാ ക്രമം നയിക്കപ്പെടുകയും അങ്ങനെ വൻകുടലിൽ എത്തുകയും ചെയ്യുന്നു.


**എറണാകുളം കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

95 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.

ഈ അവസരം പ്രയോജനപ്പെടുത്തുക.

*കൂടുതൽ വിവരങ്ങൾക്ക്: 0484 2361160*

Email: ekmkgm@gmail.com






# പഞ്ചമഹായജ്ഞങ്ങൾ–3

**എം. ആർ. എസ്. മേനോൻ, (ഫോൺ: 9495755140)**

പഞ്ചമഹായജ്ഞങ്ങളിൽ ആദ്യത്തേതായ ഋഷി യജ്ഞത്തെ നാം കഴിഞ്ഞ അദ്ധ്യായത്തിൽ മനസ്സിലാക്കി. രണ്ടാമത്തേത് ദേവയജ്ഞം – ഗൃഹസ്ഥൻ രാവിലെയും വൈകുന്നേരവും അനു ഷ്ഠിക്കേണ്ട അഗ്നിഹോത്രം എന്ന ഹോമമാണ്. ദേ വയജ്ഞം– ഹോമകുണ്ഡത്തിൽ വേദമന്ത്രോച്ചാര ണത്തോടെ സുഗന്ധപദാർത്ഥങ്ങളും രോഗനാശക പദാർത്ഥങ്ങളും ഹോമിക്കുന്നത് അന്തരീക്ഷശുദ്ധിക്ക് വളരെ പ്രയോജനപ്രദമാണ്. ഇവ സസ്യലതാദികളു ടെ വളർച്ചയ്ക്ക് വരെ പ്രയോജനപ്രദമാണെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്.

ഏറെക്കുറെ അസ്തമിച്ച് പോയ ഈ യജ്ഞസം സ്കാരം വീണ്ടും ആരംഭിച്ച് കാണുന്നുവെന്നത് ശുഭ കരംതന്നെ. അമേരിക്കയിൽ തനിക്കുണ്ടായ ഒരനുഭവം സ്വാമിചിദാനന്ദപുരി ടി.ഡി.എം. ഹാളിലെ പ്രഭാഷ ണത്തിനിടെ വിവരിക്കുകയുണ്ടായി. ധനാഢ്യനായ ഒരു വ്യക്തി തന്റെ ഒരു ഡയറി ഫാം സന്ദർശിക്കാൻ സ്വാമികളെ ക്ഷണിക്കുകയുണ്ടായി. നൂറു കണക്കിന് പശുക്കൾ അവിടെ നന്നായി സംരക്ഷിക്കപ്പെടുന്നുണ്ട്. പക്ഷേ ഈ പശുക്കളുടെയൊന്നും പാൽ വിൽക്കു ന്നില്ല എന്നത് സ്വാമിജിയെ അദ്ഭുതപ്പെടുത്തി. പാൽ മുഴുവൻ പശുക്കുട്ടി കുടിക്കും. ചാണകം ഉണക്കി വറളിയാക്കി ബ്രെഡ്പോലെ വിൽക്കലാണത്രേ വരു മാന മാർഗ്ഗം. നിത്യവും അഗ്നിഹോത്രം ചെയ്യുന്നവ രാണ് ഉപഭോക്താക്കൾ (അവരിൽ ഏറിയ പങ്കും അമേരിക്കക്കാർ തന്നെ). നിത്യം ഹോമം ചെയ്യുക അപ്രായോഗികം എന്ന് ചിന്തിക്കുമ്പോൾ പുതിയ ഒരു തലമുറ അനുഷ്ഠിക്കാൻ മുന്നോട്ട് വരുന്നുണ്ട് എന്നത് ചിന്തിക്കേണ്ടതാണ്. അഗ്നിഹോത്രാദികൾ സർവ്വജീവജാലങ്ങളിലും അനുകൂല ഊർജ്ജതരംഗ ങ്ങൾ സൃഷ്ടിക്കുന്നു. ഇവിടെ ദേവയജ്ഞം എന്നത് നിത്യവും ഈശ്വരാരാധന എന്ന് ലളിതമായി മന സ്സിലാക്കിയാൽ മതി. ഈശ്വരാരാധനക്കായി വീട്ടിൽ ഒരു പ്രത്യേകസ്ഥലം ഉണ്ടാകണം. അവിടെ കുടും ബാംഗങ്ങൾ ഒന്നിച്ചിരുന്ന് രണ്ടു സന്ധ്യകളിലും ഈശ്വരപ്രാർത്ഥന നടത്തണം. മറ്റു മതസ്ഥരെ സം ബന്ധിച്ചിടത്തോളം നിത്യേനയുള്ള കുടുംബ പ്രാർ ത്ഥന അവരുടെ ജീവിതത്തിന്റെ ഭാഗമാണെങ്കിലും ഹിന്ദുഭവനങ്ങൾ ഈ ശീലം ഉപേക്ഷിച്ചു കഴിഞ്ഞു.

മന: ശാസ്ത്രപരമായി പ്രാർത്ഥന ഒരു സ്വയം പ്രത്യായനം ആണ്. കൃത്യമായ പ്രാർത്ഥന നമ്മുടെ ഉപബോധമനസ്സിലേക്ക് നൽകുന്ന നിർദ്ദേശങ്ങൾ നമ്മിലെ ആന്തരിക ശക്തിയെ ഉണർത്തുന്നു. ഉപ ബോധമനസ്സിന്റെ ശക്തികളെ ഉണർത്തിയാൽ മനു ഷ്യന് അസാധ്യമായി ഒന്നും ഇല്ല. ഗുരുവുണ്ടെങ്കിൽ ഗുരുവിൽ നിന്ന് ലഭിച്ച മന്ത്രങ്ങളോ അല്ലെങ്കിൽ ഓം നമ :ശിവായ ഓം നമോ ഭഗവതേ വാസുദേ വായ തുടങ്ങി തന്റെ ഇഷ്ടദേവതയുടെ ലളിതമായ മന്ത്രങ്ങളോ സഹസ്രനാമങ്ങളോ നമ്മുടെ ജപത്തി ന് ഉപയോഗിക്കാവുന്നതാണ്. അഗ്നിഹോത്രം ചെ യ്യാൻ സാധിച്ചില്ലെങ്കിൽ ശുദ്ധമായ എള്ളെണ്ണയോ നെയ്യോ ഒഴിച്ച് വിളക്കു കത്തിച്ച് വച്ച് ഈശ്വരാരാധന നടത്താവുന്നതാണ്. (ഇന്ന് എണ്ണ എന്ന പേരിൽ കടകളിൽ നിന്ന് ലഭിക്കുന്നത് മൃഗക്കൊഴുപ്പും ഹോ ട്ടലിൽ മത്സ്യമാംസാദികൾ പാകം ചെയ്ത് ബാക്കി വരുന്ന എണ്ണയും രാസവസ്തുക്കൾ ചേർത്ത് മാറ്റം വരുത്തിയതാണെന്ന് നാം മനസ്സിലാക്കണം) വിഗ്ര ഹങ്ങൾ വച്ച് പൂജകൾ നടത്തുന്നത് തലമുറകൾ തുടർന്ന് കൊണ്ടു പോകാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന വയാകയാൽ ഒഴിവാക്കുകയാണ് നല്ലത്. ഭാവിയിൽ അത് ദുരിതങ്ങൾക്കിടയാക്കും.

പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളിലും അന്ത ര്യാമിയായി വർത്തിക്കുന്നത്. ഏകവും അദ്വീതിയ വുമായ ചൈതന്യമാണെന്ന ബോധത്തോടെ എല്ലാ പ്രവർത്തികളും ഈശ്വരാർപ്പണമായി ചെയ്യാൻ ശീ ലിക്കുന്നതാണ് യഥാർത്ഥ ഈശ്വരാരാധന. എല്ലാ പ്രവർത്തികളും ഈശ്വരോന്മുഖമായി മാറുമ്പോൾ അത് ദേവയജ്ഞമായി മാറുന്നു. മഹാപഞ്ചമഹായ ജ്ഞങ്ങൾ വെറും യാന്ത്രിക ചടങ്ങുകൾ എന്നതിലുമ പരി വ്യക്തിയെ സംസ്കരിക്കുന്നതായി മാറണം. മാളു കളിലും സിനിമാതീയേറ്ററുകളിലും ചുറ്റിക്കറങ്ങാനും ബ്രിവറേജ്കോർപ്പറേഷനുകളിൽ ക്യൂ നിൽക്കാനും സമയം കണ്ടെത്തുന്ന ഹിന്ദുവിന് സ്വധർമ്മാചര ണത്തിന് മാത്രമാണ് സമയം ഇല്ലാതെ വരുന്നത്. ഈ അനാസ്ഥയാണ് എല്ലാ മേഖലകളിലും ഹിന്ദു സമാജത്തിന്റെ തകർച്ചക്ക് കാരണം . നാം യജ്ഞ ഭാവനയോടെ കർമ്മം അനുഷ്ഠിക്കുമ്പോൾ നമ്മിലെ വ്യഷ്ഠിഭാവം സമഷ്ഠി ഭാവമായി പരിണമിക്കും. അത് നമ്മുടെ കുടുംബങ്ങളേയും സമാജത്തേയും ഉത്കർ ഷത്തിലേക്ക് നയിക്കും.

(തുടർച്ച)

# ദുബായ്-ആഘോഷങ്ങളുടെ ലോക തലസ്ഥാനം

**പി. രാമാനുജൻ**

## ഐ.എം.ജി. സാഹസ വിനോദ പാർക്ക്

2016 ആഗസ്റ്റിൽ ആരംഭിച്ച ഈ ആശയാധിഷ്ഠിത പാർക്ക്, സാഹസിക വിനോദ പരിപാടികൾകൊണ്ട് സമ്പുഷ്ടവും സന്ദർശകരുടെ ഒരു പ്രധാന ആകർഷണ കേന്ദ്രവുമാണ്. കമ്പ്യൂട്ടർ അധിഷ്ഠിത വിനോദ പരിപാടികളിൽ ഏർപ്പെടുന്ന കുട്ടികൾക്കും, അവരെ പ്രോത്സാഹിപ്പിക്കുന്ന മുതിർന്നവർക്കും അനുയോജ്യമായ സാഹസിക വിനോദ പരിപാടികൾ ഇവിടെ ആസൂത്രണം ചെയ്തിട്ടുണ്ട്. വക്രാകൃതിയിൽ, മേലോട്ടും, താഴോട്ടും പൊടുന്നനെ വീഴുന്ന തരത്തിലുള്ള ചെറു വാഹനങ്ങളിലുള്ള യാത്രകൾ ആസ്വദിക്കുന്ന അത്തരം നിരവധി സന്ദർശകരെ അവിടെ കാണാം. ചില വിനോദ പുസ്തകങ്ങളിൽ ആവിഷ്കകരിച്ചിട്ടുള്ള കാർട്ടൂൺ കഥാപാത്രങ്ങളും, സംഭവപരമ്പരകളും കൃത്രിമമായി സൃഷ്ടിച്ചു കൊണ്ടുള്ള ഹെലികോപ്ടറിനോട് സമാനമായ വാഹനത്തിലെ യാത്രയും രസകരമായ ഒരനുഭവമാണ്. പ്രേതാലയംപോലുള്ള ഒരു പടുകൂറ്റൻ ബംഗ്ലാവിൽ, ഇരുളടഞ്ഞ സാഹചര്യത്തിൽ, പിശാചുക്കളുടെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് അസ്ഥിക്കൂടങ്ങൾ പൊടുന്നനെ പ്രത്യക്ഷപ്പെടുന്ന സംവിധാനങ്ങളും ഒരുക്കിയിട്ടുള്ളതിനാൽ, ചെറിയ കുട്ടികൾക്ക് അവിടെ പ്രവേശനം നിഷിദ്ധമാണ്. അവിടുത്തെ പ്രവേശന ടിക്കറ്റിന് 299 ദിർഹമാണ് കൊടുക്കേണ്ടത്. മറ്റു പല സ്ഥലങ്ങളിലേയും പോലെ, ഇവിടെയും മുൻകൂട്ടി പ്രവേശന ടിക്കറ്റ് എടുക്കാവുന്നതാണ്.

## ഗിന്നസ് റെക്കോഡുകളുടെ നഗരം

നിലവിൽ 220 ൽ അധികം ലോക റെക്കോഡുകളുള്ള ദുബായിക്ക് റെക്കോഡുകൾ സ്ഥാപിക്കുന്നതും എന്നും ഒരു ഹരമാണ്. അവയിൽ പ്രധാനമായവ :

**1. ഉയരം കൂടിയ കെട്ടിടങ്ങളുടെ എണ്ണം :** 300 മീറ്ററിലധികം ഉയരമുള്ള അക്ഷരാർത്ഥത്തിൽ തന്നെ അംബരചുംബികളായ 21 കെട്ടിടങ്ങൾ.

**2. ഏറ്റവും വേഗതയുള്ള പോലീസ് വാഹനം:** മണിക്കൂറിൽ 407 കി.മി. വേഗതയുള്ള ഏതാണ്ട് 10.5 കോടി രൂപ വിലമതിപ്പുള്ള കാർ 2016 മുതൽ ദുബായ് പോലീസിനുണ്ട്.

**3. ഏറ്റവും ഉയരം കൂടിയ ടെന്നീസ് കോർട്ട്:** ബുർജ് - അൽ - അറബ് ഹോട്ടിലിന്റെ ഹെലിപാഡാണ് 2005 ൽ, റോജർ ഫെഡറർ, ആൻഡ്രേ അഗസ്റ്റി എന്നീ വിഖ്യാത ടെന്നീസ് കളിക്കാർക്ക് വേണ്ടി ഒരു ടെന്നീസ് കോർട്ടാക്കി മാറ്റി, ഒരു സൗഹൃദമത്സരത്തിന് വേദിയാക്കിയത്.

**4. ഏറ്റവും വലിയ ചോക്കലേറ്റ് മൊസേക്ക്:** 2013 നവംബറിലാണ് ദുബായിയിലെ ലോകവാണിജ്യ കേന്ദ്രത്തിൽ, 4358.4 ചതുരശ്ര അടി വിസ്തൃതിയിലുള്ള ചോക്കലേറ്റ് മൊസേക്ക് തീർത്തത്.

**5. ഏറ്റവും വലിയ ചൂട് ചായ കപ്പ് :** ദുബായിലെ വാണിജ്യ പ്രദർശനകേന്ദ്രമായ ഗ്ലോബൽ വില്ലേജിൽ, ജനുവരി 2018 ലാണ് 5000 ലിറ്റർ ചൂടു ചായ നിറച്ച ഒരു കപ്പ് പ്രദർശിപ്പിച്ചത്.

**6. സഹിഷ്ണുതാ പരവതാനി :** സ്വാഭാവിക പുഷ്പങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട് 5426 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പൂപ്പരവതാനി, ദുബായ് ഉത്സവ നഗരിയിൽ 2019 നവംബറിലാണ് തീർത്തത്. സഹിഷ്ണുതയും മാനവ മൈത്രിയും ഉദ്ദേശിച്ചുകൊണ്ടുള്ള ദേശീയ ഉത്സവത്തിന്റെ ചിഹ്നവും, ദുബായിലെ പ്രസിദ്ധ സ്ഥലങ്ങളുടെ രൂപരേഖകളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് 50 ടൺ പുഷ്പങ്ങൾ ഉപയോഗിച്ച് നിരവധി പേരുടെ നിരന്തര പ്രയത്നഫലമായി ഈ പൂപ്പരവതാനി ഉണ്ടാക്കിയത്.

**7. ദേശീയപതാക:** 2017 ൽ ഷാർജയിൽ സ്ഥാപിച്ച 70 മീറ്റർ നീളവും 35 മീറ്റർ വീതീയുമുള്ള യു. എ. ഇ യുടെ ദേശീയ പതാകയ്ക്ക്, ഏറ്റവും വലിയ പതാകക്കുള്ള ഗിന്നസ് റെക്കോർഡ് കിട്ടിയിട്ടുണ്ട്.

**8. ഏറ്റവും വലിയ തുടർ കോൺക്രീറ്റ് മിശ്രിത വിന്യാസം :** ജീപ്പാസ് ടവർ നിർമ്മാണ വേളയിൽ, 19 നിലയുള്ള കെട്ടിടത്തിന്റെ അടിത്തറ പാകുവാൻ വേണ്ടി, 300 കോൺക്രീറ്റ് മിശ്രണ യന്ത്രങ്ങൾ 2500 തവണയായി 19,793 ക്യുബിക് മീറ്റർ കോൺക്രീറ്റ് വിന്യസിച്ചുകൊണ്ട്, ദുബായ്, 2016 സെപ്തംബർ 9 ന് ഏറ്റവും വലിയ തുടർ- കോൺക്രീറ്റ് വിന്യാസത്തിനുള്ള ഗിന്നസ് റെക്കോർഡ് നേടുകയുണ്ടായി.

**9. ഏറ്റവും വലിയ സ്വർണ്ണമോതിരം :** നജ്മത് ടൈബ (ടൈബ താരം) എന്നു പേരുള്ള, 64 കിലോഗ്രാം ഭാരമുള്ള, ഈ 21 കാരറ്റ് സ്വർണ്ണമോതിരം സൂക്ഷിച്ചിരികകുന്നത്, ദുബായ് ഗോൾഡ് സൂക്കിലെ, റോസെല്ലാ ആഭരണശാലയിലാണ്. 5 കിലോഗ്രാം വൈരവും, 615 സ്വരോസ്കി പരലുകളും, നിരവധി വില പിടിപ്പുള്ള കല്ലുകളും പതിപ്പിച്ചിട്ടുള്ള ഈ മോതിരം ഏതാണ്ട് 3 ദശലക്ഷം ഡോളർ വിലപിടിപ്പുള്ളതാണ്.

**10. ഏറ്റവും വലിയ സ്തൂപദീപം :** ഷാർജയിലെ സൂക്ക് അൽ ജൂബൈൽ എന്ന ഭക്ഷ്യ വിഭവ ചന്തയുടെ പ്രവേശന കവാടത്തിൽ സ്ഥാപിച്ചിട്ടുള്ള ഈ വലിയ സ്തൂപദീപത്തിന് 42 അടി ഉയരവും, 16 അടി വീതിയുമുണ്ട്.

**11. ഏറ്റവും അധികം ദൂരത്തേക്കുള്ള ഡ്രൈവർ - രഹിത മെട്രോ സംവിധാനം :** ദുബായ് മെട്രോയുടെ 52.1 കി. മി. നീളത്തിലുള്ള ശോണ പാതയും, 22.5 കി. മീ നീളത്തിലുള്ള ഹരിത പാതയും ചേർന്നുള്ള ഏറ്റവും നീളം കൂടിയ ഡ്രൈവർ-രഹിത മെട്രോ പാതയാണ്.

**12. ഏറ്റവും വലിയ സ്വാഭാവിക പരവതാനി:** കൈകൊണ്ട് നെയ്ത ഏറ്റവും വലിയ പരവതാനി വിരിച്ചിരിക്കുന്നത് അബുദാബിയിലെ ഷെയ്ക് സായിദ് പള്ളിയിലാണ്. 1200 ജോലിക്കാർ ഒരു വർഷം കൊണ്ട് ഇറാനിൽ വെച്ച് നെയ്തെടുത്ത 9 ഭാഗങ്ങളുള്ള ഈ പരവതാനി സംയോജിപ്പിച്ചത് ഈ പള്ളിയിൽ വെച്ചാണ്.

**13. ഏറ്റവും വലിയ ഫോട്ടോ ഫ്രെയിം :** ഒരു ഫോട്ടോ ഫ്രെയിമിന്റെ ആകൃതിയിൽ, ദുബായിലെ സബീൽ പാർക്കിൽ പണിത് ഉയർത്തിയിട്ടുള്ള ദുബായ് ഫ്രെയിം എന്ന ഭൂമിയിലെ ഏറ്റവും വലിയ ഈ ചതുരഫ്രെയിമിന് 150 മീറ്റർ ഉയരമുണ്ട്. അതിന്റെ നിർമ്മാണച്ചെലവ് 230 ദശലക്ഷം ദർഹമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**14. ഏറ്റവും ഉയരം കൂടിയ സ്തൂപ നിർമ്മിതി :** 2010 ൽ ഉദ്ഘാടനം ചെയ്ത, ബുർജ് ഖലീഫ എന്ന ദുബായിലെ സ്തൂപമന്ദിരത്തിന് 829.8 മീറ്റർ (2722 അടി) ഉയരമാണുള്ളത്. 6 വർഷം കൊണ്ടാണ് ഈ വിഖ്യാത കെട്ടിടസമുച്ചയം പണിതുയർത്തിയത്. എന്നാൽ ഇപ്പോൾ അതിനേക്കാൾ ഉയരം കൂടിയ ദുബായ് ക്രീക്ക് ടവർ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണ്. 1.3 കി.മീ ഉയരമുള്ള ഈ കെട്ടിട, ഇപ്പോൾ സൗദി അറേബ്യയിൽ നിർമ്മാണം പുരോഗമിക്കുന്ന ജെദ്ദ ടവറിനേക്കാളും ഉയരം കൂടിയതായിരിക്കും.

**15. ഏറ്റവും വലിയ പ്രകാശിത ചിത്ര ഭിത്തി:** റാസ് അൽ ഖൈമയിലെ സകർ പാർക്കിന്റെ പ്രവേശന കവാടത്തിലെ, 407 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള, പ്രകാശിത ചിത്രാങ്കിത ഭിത്തിയാണ് ഈ ലോക റെക്കോർഡിന് അർഹമായത്. റാസൽ ഖൈമയുടെ പൂർവ്വ, വർത്തമാന, ഭാവി കാലങ്ങളെ രേഖപ്പെടുത്തുന്ന ഈ ഭിത്തിയുടെ നിർമ്മാണം, തദ്ദേശീയരും, വിദേശിയരുമായ 35 കലാകാരന്മാർ 3 ആഴ്ചകൊണ്ടാണ് പൂർത്തിയാക്കിയത്.

**16. ഏറ്റവും ഉയരം കൂടിയ റെസ്റ്റോറന്റ്:** ലോകത്തിലെ ഏറ്റവും ഉയരം കൂടിയ അന്തരീക്ഷം, എന്ന പേരിലുള്ള ഈ റെസ്റ്റോറന്റ്, ഏറ്റവും ഉയരം കൂടിയ കെട്ടിടമായ ബുർജ് ഖലീഫയുടെ തന്നെ 123-ാം നിലയിലാണ് സ്ഥിതി ചെയ്യുന്നത്. 1447 അടി ഉയരത്തിൽ.

**17. ഏറ്റവും ഉയരം കൂടിയ ഹോട്ടൽ :** ദുബായിലെ ജെവോറ ഹോട്ടൽ 356 മീറ്റർ ഉയരത്തിലുള്ളതും 528 മുറികളുള്ളതുമാണ്. ഏറ്റവും ഉയരമുള്ള ഹോട്ടലായിരുന്ന ജെ. ഡബ്ല്യു, മാരിയറ്റ് മാർക്വിസ് ഹോട്ടലിനേക്കാൾ, ഒരു മീറ്റർ ഉയരക്കൂടുതൽ കൊണ്ടാണ് ജെവോറ ഹോട്ടൽ ഈ സ്ഥാനം നേടിയെടുത്തത്. ഇതിന് ലണ്ടനിലെ ഷർദ് ഹോട്ടലിനേക്കാൾ 50 മീറ്റർ കൂടുതലും, പാരീസിലെ ഐഫൽ ടനറിനേക്കാൾ 56 മീറ്റർ കൂടുതലും ഉയരമുണ്ട്.

**18. ഏറ്റവും വലിയ ത്രിമാന മുദ്രിത കെട്ടിടം:** ദുബായ് മുൻസിപ്പാലിറ്റി നിർമ്മിച്ച ഈ ഇരുനില കെട്ടിടത്തിന് 640 ച.മീ വിസ്തീർണ്ണവും, 95 മീറ്റർ ഉയരവുമുണ്ട്. ത്രിമാന മുദ്രിത നിർമ്മാണത്തിലുള്ള ലോകത്തിലെ ഏറ്റവും വലിയ കെട്ടിടമാണിത്. പരമ്പരാഗത രീതിയിലുള്ള കെട്ടിടനിർമ്മാണത്തേക്കകാൾ ചെലവ് 50% കുറവാണ് ഇതിന്.

(തുടരും)

# ശാസ്ത്രത്തിന്റെ ചരിത്രദർശനം-11

# കണക്കും ഭാഷയും ഭൂമിശാസ്ത്രവും

**സി. രാമചന്ദ്രൻ, ഫോൺ: 9995820684**

സമൂഹത്തിൽ വസ്തുക്കൾ, പരസ്പരം കൈമാറി കൈകാര്യം ചെയ്യുവാനായപ്പോൾ, അതിന്റെ അളവ് എത്രയെന്ന് അറിയേണ്ടതിന്റേയും രേഖപ്പെടുത്തേണ്ടതിന്റേയും ആവശ്യകത ഉയർന്നു വരുന്നു. ഓർമ്മയിൽ സൂക്ഷിക്കുവാൻ പരിധിയും പരിമിതിയുമുണ്ടല്ലോ. അളക്കുവാനായി ഗണിതം ആവിശ്യവുമാണ്. നീളം അളക്കുന്നതിന് അളവുകോലും വ്യാപ്തമളക്കുന്നതിന് അളവുപാത്രവും ഭാരമളക്കുന്നതിന് തുലാസും കണ്ടുപിടിക്കപ്പെട്ടു. ഇത്ര നീളം വസ്ത്രം, ഇത്ര ഭരണി മദ്യം, ഇത്ര കുട്ട ധാന്യം ഇത്ര തൂക്കം ലോഹം എന്നിങ്ങനെയായിരിക്കണം തുടക്കം. പക്ഷെ അളവുകൾക്ക് മാനദണ്ഡവും പ്രമാണവും ആധാരവുമെല്ലാം ആവശ്യവും അതിനെല്ലാം സാമൂഹ്യമായ അംഗീകാരവും ആവശ്യമാണല്ലോ. അതിനു തലവന്മാരും പുരോഹിതന്മാരും അടങ്ങിയ കൂടിയാലോചനാ സമിതികളും രൂപികരിക്കേണ്ടതുണ്ട്. മാത്രമല്ല മറ്റു ദേശങ്ങളിലേക്ക് കൈമാറുവാനാകത്തക്കവണ്ണം. പ്രമാണങ്ങൾക്ക് പരസ്പര സമ്മതിയുമുണ്ടാകണം. തൂക്കം നോക്കാൻ തുലാസും ആവശ്യമാണ്. വടിയുടെ രണ്ടറ്റത്തും ഭാരം തൂക്കി ചുമലിൽ ചുമന്നതിന്റെ പരിചയം തുലാസിന്റെ നിർമ്മിതിയെ സഹായിച്ചു കാണണം. യുക്തി ചിന്തയുടെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന ഒരു ഉത്തമോദാഹരണമാണ് തുലാസ്. വലുപ്പത്തിലും തട്ടുകളുടെ വിന്യാസത്തിലും പരിഷ്കാരങ്ങൾ വരുത്തികൊണ്ടാണ് ഭാരചുമട്ടുവടി തുലാസാക്കി പരിവർത്തനം ചെയ്തത്.

ഇത്ര പശു, ഇത്ര ഭരണി പാൽ, ഇത്ര ധാന്യം എന്നെല്ലാം കണക്കാക്കുന്നതിന് എണ്ണം പ്രധാനമാണല്ലോ. അത്തരമൊരാവശ്യത്തിൽ നിന്നാണ് ഗണിതം പിറന്നത്. കളിമൺ കഷ്ണത്തിലോ, വടിക്കഷ്ണത്തിലോ വരകൾ വരഞ്ഞ് എണ്ണം കുറിക്കുന്ന പ്രാകൃതരീതിയിൽ നിന്ന് വളർന്ന് വലിയ സംഖ്യകൾക്ക് സബ്ജ്ഞ നൽകുന്നതിലേക്ക് അതു വികസിച്ചു. മാത്രമല്ല അളന്നത് ഏതു വസ്തുവാണെന്ന് തിരിച്ചറിയാൻ സൂചക ചിത്രമോ അടയാളവടിവോ വേണ്ടിവന്നു. ചിത്രങ്ങൾ, വാക്കുകളുടെ പ്രതീകമായി, ഭാഗീകമായി അർത്ഥവും ഭാഗീകമായി ചിഹ്നവും ചേർന്നുള്ള വരകളായി. ക്രമേണയുള്ള പുരോഗതിയാണ് ശബ്ദങ്ങൾക്കു പ്രതീകമായ വരകളായ ലിപിയുണ്ടാകുന്നത്. വസ്തുവിന് പ്രതികമായി ശബ്ദവും, ശബ്ദങ്ങൾക്ക് പ്രതീകമായി വരകളും വരകൾക്ക് പ്രതീകമായി അർത്ഥവുമുള്ള എഴുത്തും രൂപപ്പെട്ടു വരികയായിരുന്നു. വരയിൽ നിന്ന് ശബ്ദവും ശബ്ദത്തിൽ നിന്ന് അർത്ഥവും ഗ്രഹിച്ചെടുക്കുക എന്ന അദ്ഭുതവിദ്യ തെളിഞ്ഞുവരുന്ന വിസ്മയം. കണക്കിലാണ് ഇത് തുടങ്ങിയതെങ്കിലും ഭാഷയിലൂടെ സാഹിത്യവും മറ്റു വിഷയങ്ങളും കൈകാര്യം ചെയ്യാമെന്നുവന്നു. മനുഷ്യസംസ്കാരത്തോടൊപ്പം വളർന്ന ബൗദ്ധിക പ്രപഞ്ചത്തിലേക്കുള്ള തുറവും തുറമുഖവുമായി അതു മാറി.

എഴുത്തു തുടങ്ങിയത് അക്കങ്ങളുടെ ചിഹ്നങ്ങൾ കൊണ്ടാണെന്നു സൂചിപ്പിച്ചുവല്ലോ. ഒരു പ്രാവശ്യം എണ്ണിത്തിട്ടപ്പെടുത്തിയാൽ അതിനോട് നിശ്ചിത എണ്ണം കൂട്ടി ചേർത്താൽ ആകെ എത്രയുണ്ടാകുമെന്നും, നിശ്ചിത എണ്ണം എടുത്തുമാറ്റിയാൽ ബാക്കിയെത്രയെന്നും മൊത്തം എണ്ണാതെതന്നെ കണക്കാക്കുവാൻ പഠിച്ചതും വലിയ പഠിപ്പാണ്. പത്തു വിരലുകളാണ് ആദ്യത്തെ കാൽക്കുലേറ്റർ. ദശാംശത്തിന്റേയും പത്തിന്റെ ഗുണിതങ്ങളുടെയും ഉത്പത്തിയും വ്യുത്പത്തിയും അതുതന്നെയാണ്. സങ്കീർണ്ണമായ എണ്ണലുകൾക്ക് കല്ലുകളുപയോഗിച്ചു. കല്ലുകഷ്ണങ്ങൾക്ക് പുരാതന ഈജിപ്ഷ്യൻ

**(ശേഷം 66-ാം പേജിൽ)**





ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491


# മാസഫലം

**2021 മാർച്ച് 15 മുതൽ ഏപ്രിൽ 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**ഃ സൽപ്രവർത്തികൾ ഫലപ്രദങ്ങളല്ലാതായി തീരും. കള്ളൻ ശത്രു മേലാധികാരികൾ ഇവരിൽ നിന്നും പ്രതികൂല അനുഭവങ്ങൾ ഉണ്ടാകും. അഗ്നിയുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ കരുതൽ വേണം. ബന്ധുക്കൾ മുഖേന നേട്ടവും, ഭൂസ്വത്ത് മുഖേന ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരവും കാണും. കുടുംബത്തിൽ കലഹത്തിന് സാധ്യത ഉള്ളതിനാൽ കരുതലോടെ പ്രവർത്തിക്കുക. പൈതൃകമായ കാര്യങ്ങളിൽ ഭാഗ്യം അനുഭവപ്പെടും. ദേവീ പ്രീതിയും സർപ്പ പ്രീതിയും വരുത്തുക.




**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)**ഃ സ്ഥാനാന്തര പ്രാപ്തിയും ഐശ്വര്യവും രോഗവിമുക്തിയും ഉണ്ടാവുകയും നല്ല പ്രവർത്തികൾ ഫലപ്രദങ്ങളായി തീരുകയും ചെയ്യും. പെട്ടെന്ന് ദേഷ്യം വരാനുള്ള സാധ്യതയുള്ളതിനാൽ പെരുമാറ്റത്തിൽ നിയന്ത്രണം വേണം. മദ്യാസക്തി വർദ്ധിക്കും. പാദരോഗം, ശിരോരോഗം, അലർജി എന്നിവയ്ക്ക് സാധ്യത ഉള്ളതിനാൽ ശ്രദ്ധാപൂർവ്വം മരുന്നുകൾ കഴിക്കണം.സർപ്പ പ്രീതികരങ്ങളായ വഴിപാടും ശിവാരാധനയും നടത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)**ഃ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സാധിക്കുകയും എല്ലാ കർമ്മങ്ങൾക്കും ജയമുണ്ടാക്കുകയും ചെയ്യും. ശത്രുക്കൾക്ക് നാശം ധനാഗമനം ശയനസുഖം എന്നീ ഗുണങ്ങൾ മാസത്തിന്റെ ആദ്യഫലവും പിന്നീട് പലവിധ അനാവശ്യ ചിലവുകളും പിത്ത കോപാധി രോഗവും അനുഭവപ്പെടും. സർപ്പ പ്രീതി പഞ്ചക്ഷരി ജപം എന്നിവ നടത്തുകയും ക്ഷേത്ര ദർശ്ശനം ചെയ്ത് യഥാശക്തി വഴിപാടുകൾ നടത്തുകയും ചെയ്യുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**ഃ ജനപദങ്ങളുടെ നേതൃത്വ സിദ്ധി ഭൂമിയുമായി ബന്ധപ്പെട്ട വരുമാന വർദ്ധനവ് വിവാഹ കാര്യത്തിൽ തീരുമാനമാകൽ സന്താനസൗഭാഗ്യം വസ്ത്രലാഭം എന്നീ ഗുണഫലങ്ങൾക്ക് ഒപ്പം മാസാവസാനത്തിൽ ആപത്തുക്കൾക്കും ഭയത്തിനും രോഗത്തിനും സത്പ്രവർത്തികൾക്ക് ഭംഗത്തിനും സാധ്യത ഉള്ള കാലം കൂടിയാണ്. വിഷ്ണു സഹസ്രനാമജപവും ഭാഗ്യസൂക്ത അർച്ചനകളും ശിവന് ധാരയും പിൻ വിളക്ക് കത്തിക്കുകയും ചെയ്യുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)**ഃ പല വിധത്തിലുള്ള ധനാഗമനവും ഗൃഹോപകരണങ്ങളുടെ ലഭ്യതയും സന്താന സൗഖ്യവും മത്സര വിജയവും ഗുണഫലങ്ങളായി പ്രതീക്ഷിക്കാം. സ്ത്രീകളും മേലാധികാരികളും ശത്രുക്കളാകൽ സർക്കാരിൽ നിന്നും അനുകൂലമല്ലാത്ത നിലപാടുകൾ ഉണ്ടാകൽ, യാത്രാദുരിതം ശാരീരിക ബുദ്ധിമുട്ടുകൾക്ക് ഇടവരുത്തും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും ദുരിതങ്ങൾക്ക് പരിഹാരമാകും.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**ഃ യാത്രാക്ളേശം നിമിത്തം ഉദരസംബന്ധമായ രോഗം ധനനഷ്ടം കാര്യ പരാജയം സ്ത്രീകൾ നിമിത്തം ഉപദ്രവങ്ങൾ ബുദ്ധിപരമായി ചെയ്യേണ്ട പ്രവർത്തികൾക്ക് ഉദ്ദ്യേഗിക്കുന്ന ഫലം കിട്ടായ്ക എന്നീ ദോഷഫലങ്ങൾക്ക് സാധ്യത ഉള്ളതിനാൽ എല്ലാ കാര്യങ്ങളും കൂടുതൽ ശ്രദ്ധയോടെ ചെയ്യുക. വീട് മോടി പിടിപ്പിക്കാനോ പുതുക്കി പണിയാനോ, പുതിയ വാഹനം വാങ്ങാനോ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം സാധിക്കും. ദേവീപ്രീതികരങ്ങളായ വഴിപാടുകൾ ദോഷകാഠിന്യം കുറയ്ക്കും.




**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)**ഃ രോഗത്തിനും ശത്രുക്കൾക്കും ദുഖത്തിനും നാശം സംഭവിക്കും. പുതിയ അറിവ് നേടുകയും, ഉന്നത വിജയവും സ്ഥാനപ്രാപ്തി ലഭ്യതയും ഉണ്ടാകും. നഷ്ട വസ്തുക്കൾ തിരികെ ലഭിക്കുകയും, സാമ്പത്തിക നില മെച്ചപ്പെടുകയും, മനസ്സിലെ ചില തോന്നലുകൾ അനുഭവപ്പെടുകയും ഉണ്ടാകും. ദേവീപ്രീതി സർപ്പപൂജ ശിവക്ഷേത്ര ദർശ്ശനം കൂവളമാല ചാർത്തൽ ധാര പിൻവിളക്ക് കത്തിക്കൽ എന്നിവ നടത്തുകയും പഞ്ചാക്ഷരി ജപം നടത്തുകയും ചെയ്യുക.




**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)**ഃ ധനാഗമനം സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും അഭിവൃദ്ധി സന്താനലാഭം ബന്ധു ഗുണം എന്നീ ഗുണഫലങ്ങളും അതോടൊപ്പം വ്യക്തിപരമായി ശത്രുക്കളെ കൊണ്ടും രോഗങ്ങൾ കൊണ്ടും പ്രയാസപ്പെടുക. ഉദരരോഗം നേത്രരോഗം ഭാര്യാകലഹം കീഴ്ജീവനക്കാർ കർമ്മരംഗത്തെ സഹായികൾ തുടങ്ങിയവരുടെ അനുകൂലമല്ലാത്ത പ്രവൃത്തികൾ തൊഴിലിൽ ദോഷങ്ങൾ വരുത്തി വെക്കുക തുടങ്ങിയ ദോഷഫലങ്ങളും അനുഭവപ്പെടുക.




**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)**ഃ ദാമ്പത്യസുഖത്തിന് തടസ്സം ഉണ്ടാക്കുക ദുർജനസമ്പർക്കം മൂലം കഷ്ടതകൾ വന്നു ഭവിക്കുക ഉദരരോഗം രക്തസ്രാവം എന്നീ ദുരിതങ്ങൾ അലട്ടുക മേലാധികാരികൾ പ്രതികൂലമാക്കുക എന്നീ ദോഷഫലങ്ങൾക്കൊപ്പം സ്വർണ്ണം ചെമ്പ് എന്നീ ലോഹങ്ങളുടെ ലഭ്യതയും ഉണ്ടാകും. ശിവക്ഷേത്രദർശ്ശനവും പഞ്ചാക്ഷരി ജപവും ശാക്തേയ പ്രീതിക്കായി ദേവീക്ഷേത്ര ദർശ്ശനവും നടത്തുകയും ചെയ്താൽ ദോഷാധിക്യം കുറയുകയും ഗുണാധിക്യം കൂടുകയും ചെയ്യും.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**ഃ ധനലാഭം വാക്ക് കൊണ്ട് നേട്ടം സ്ഥാനപ്രാപ്തി ശത്രുനാശം രോഗശമനം പൊതുവെ സുഖകരമായ അനുഭവങ്ങൾ ഉണ്ടാകും. ഇഷ്ടപ്പെട്ട ഭക്ഷണവും സുഖനിദ്രയും ഉണ്ടാകും. വിദ്യാർത്ഥികൾക്ക് പഠിക്കാനും വിജയിക്കാനും സാധിക്കും. വാഹനത്തിന് കേട് സംഭവിക്കും. കുടുംബാംഗങ്ങളുമായി കൂടി ചേരും. വിട്ടുവീഴ്ച മനോഭാവം പുലർത്തേണ്ടി വരും. അയ്യപ്പ സ്തുതിയും ദേവിസ്തുതിയും ചൊല്ലുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)**ഃ തന്റെ ബന്ധുജനങ്ങളുമായി കലഹിക്കാനും മർവാക്കുകൾ കാരണം ധനനഷ്ടത്തിനും ഇടവരും. നേത്രരോഗം, ആലസ്യം, അനാവശ്യ നാശത്തിന് സാധ്യത ഉള്ളതിനാൽ നിയമപരമായ കാര്യങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. ശാസ്താ ഭജനവും ശിവസ്തുതി പാരായണവും പ്രശ്നങ്ങൾക്ക് പരിഹാരമാകും.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)**ഃ ധാതുദ്രവ്യങ്ങളിൽ നിന്നും ധനലാഭം, സുബ്രഹ്മണ്യപ്രീതി ശത്രുക്കൾക്ക് നാശം അലച്ചിൽ ശാരീരിക അദ്ധ്വാനം കൂടുതലാവുക വിഭവങ്ങൾക്ക് നാശം രുചികരമായ മൃഷ്ടാന ഭോജന സുഖം, സ്ത്രീസുഖം, സുഗന്ധ ദ്രവ്യാദി ശയനോപകരണ ലാഭം എന്നീ ഗുണങ്ങളും, തൊഴിലിൽ സംതൃപ്തിയും ലഭിക്കും. ദേവീപ്രീതികരങ്ങളായ സ്തുതികളും വിഷ്ണു സഹസ്രനാമജപവും നടത്തുക. എല്ലാ വിഷയങ്ങളിലും ശ്രദ്ധയോടെ ഇടപെടുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,26/165cm, Ashwathi, Fair, PHD, Research Scientist,Pref: Well educated grooms employed in Europe/ USA under age of 31 or planning to migrate/settle down in Europe ,Mob:9446371858/ 0022394950085


Email:rameshbmenon@live.com
Date of Birth:30-07-1994(6.02am)
Sishta Dasa:




Contact Address:
MR.VINAY MENON
THANKAM, 62/4605
OPP. GREEN LAND HOTEL
MONASTRY ROAD
KOCHI - 682011

---

Nair Girl, 24 /5'4", Uthrittathi, Medium, MA, Development (Specialization in Pubilc Health), Now doing MA Psychology, worked as Research Asst.at APF, Currently not working Pref: working outside Kerala/Abroad(Except Gulf Countries).Mob:9840256843
Email:rkkpillai4@gmail.com
Date of Birth:09-06-1996(10.35pm)
Sishta Dasa:





Contact Address:
MR.R KUTTYKRISHNA PILLAI
PETRONEST, FLAT 7C,
STADIUM LINK ROAD
KALOOR
ERNAKULAM -682025

---

Nair Girl, 23/157cm, Aayilyam (Sudhajathakam), White,PG & CA Finalist, Accounts Officer - Infopark, Ekm,Kottayam, Alleppey,Mob: 9995774195, 9846341249

Email:aparnauk2018@gmail.com
Date of Birth:23-09-1992(4.47am)
Sishta Dasa:





Contact Address:
MR.UNNIKRISHNAN V. P
MANDALATH HOUSE
KALARICAKAL LINE
TRIPUNITHURA
VAIKOM ROAD
ERNAKULAM - 682301

---

Nair Girl, 26/5'5",Makam,Fair,B.Tech Computer Science,Pref: Bank/ Govt Job/Engineer,Mob:9400491801, 9400590201

Email:bindurajanbindu@gmail.com
Date of Birth:02-10-1994(3.18am)
Sishta Dasa:





Contact Address:
MR.M.R.RAJAN
MAMBILAYIL HOUSE
MANJAPRA P. O
ERNAKULAM - 683581

---

Menon Girl,25/160cm,Thiruvonam, Fair, Doing MS in Engg in Germany, Pref: Boys from Ernakulam or Trichur with PG Degree in Engineering, Employed in Europe, Mob: 9422443237

Email:harilalm@gmail.com
Date of Birth:21-01-1996(7.12am)
Sishta Dasa:





Contact Address:
Prof.(Dr).HARILAL B. MENON
Hs.No.1506/1, ASHTAPADI
REGO BAGH COLONY
ALTO ST. CRUZ
PANAJI NORTH GOA
GOA - 403202

---

Nair Girl,26/5'2"(157cm), Pooruttathi, Fair, B.Com, Chartered Accountant, Working in a private firm, Pref: Chartered Accountant/ Govt Employed, prefered from Ernakulam to Kasargod districts,Mob:9447603552.

Email:mysoretokochi@gmail.com
Date of Birth:02-03-1995(11.45am)
Sishta Dasa:




Contact Address:
MR.PADMANABHAN K
SAROVARAM
KARTHEDATH LANE,
NADAMA
TRIPUNITHURA
ERNAKULAM - 682301







# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്




Nair Girl,26/5'1", Punartham, Medium, Doing M.ARCH (NIT), Mob: 9446062570, 9895163270

Email:mvnandakumar@uiic.com.in
Date of Birth:5-8-1994(3.27pm)
Sishta Dasa:





Contact Address:
MR.NANDAKUMAR M. V
MUDAKKODIL HOUSE
POONITHURA P. O
ERNAKULAM 682038

---

Nair Girl,22/5'6',Uthram,Fair, M.Com (Doing),Pref: Employed boys,Mob: 9895578125

Email:induaji@gmail.com
Date of Birth:08-01-1999(11.20am)
Sishta Dasa:





Contact Address:
SMT. SINDU UNNIKRISHNAN
CHELATTU HOUSE
MARIAN NAGAR
KARUKUTTY
ERNAKULAM - 683576

---

Nair Girl, 25/5'2",Makam,MBA,Pref: Post Graduation,Papa Jathakam, Mob:9447210706. 9447831615

Email:anjanamenon36@gmail.com
Date of Birth:26-08-1995(11.10am)
Sishta Dasa:Ketu:2-1-15





Contact Address:
MR.BALACHANDRAN K
KANJIRAKKATTU
THEKUMPURAM
CHENAMANGALAM P. O
ERNAKULAM - 683512

---

Nair Girl,26/153cm,Rohini, Medium, MBBS,Pref: Engineer, Doctor, Mob:8921742551, 9447233208

Email:raghavanblavath@gmail.com
Date of Birth: 23-10-1994(7.26am)
Sishta Dasa:





Contact Address:
MR.RAGHAVAN B
KANAKKATTU PARAMBIL(H)
CMRWA - C - 11, IRIMPANAM
KONATH THAZHAM ROAD
TRIPUNITHURA
ERNAKULAM - 682309

---

Nair Girl, 24/152cm,Thrikketta (Sudhajathakam), Fair, MBBS,House Surgeon,Pref: Same Profession or Govt Employee, Mob:9447525749, 9847310445

Email:rajendran781@gmail.com
Date of Birth: 6-5-1996(8.1am)
Sishta Dasa:





Contact Address:
MR.RAJENDRAN C P
MEERA,
MEPROVIL (H)
IRIMPANAM P O
TRIPUNITHURA
ERNAKULAM - 682309

---

Nair Girl, 40/164cm,Ayilyam, Fair, MCA, Leading MNC based out of Bangalore,Widow, Pref: IT Professional preferably Bangalore, Mob:9447641059

Email:achuonnet@gmail.com
Date of Birth:17-06-1980(12.05pm)
Sishta Dasa:




Contact Address:
MR.K.N.GOPALAKRISHNAN NAIR
AMBADIYIL
KUMARAMANGALAM P. O
THODUPUZHA
IDUKKI - 685608


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,28/165cm, Pooradam, DoshaJathakam, Fair, M.Tech, Data Analyst ,Pref: Professionaly qualified, Mob : 9847097001

Email:raadhasuma@yahoo.co.in
Date of Birth:17-02-1993(7.09am)
Sishta Dasa:Sukra :17-2-24





Contact Address:
MR.K.R.RADHAKRISHNAN
KRISHNAKRIPA
PADATHUPARAMBU
COL .VISWANATHAN ROAD
EROOR WEST
P.O,TRIPUNITHURA,
ERNAKULAM -682306

---

Nair Girl, 25/165cm, Uthram, Fair, MBBS, preparing PG Entrance examination, Pref: only Doctors preferably PG Doctors, Mob: 9467701044

Email:cashok_2006@yahoo.co
Date of Birth:24-09-1995(5.45am)
Sishta Dasa:





Contact Address:
MR.ASHOK KUMAR N C
NEDUMPILLIL HOUSE
VAIDYA SALPADI, IRINGOLE
PERUMBAVOOR
ERNAKULAM -683545

---

Nair Girl,22/172cm,Vishakam,BCA, Pref: Abroad, Not matching stars - Pooradam, Bharani, Revathy, Karthika,Pooruruttathy, Uthradam, Avittom,Mob:9846710444

Email:muralithiruvathira@gmail.com
Date of Birth:8-6-1998(1.20pm)
Sishta Dasa:Guru:1-4-24





Contact Address:
MR.MURALEEDHARAN
THIRUVATHIRA
ALAMTHIRUTH
VADAKKEKARA P O
ERNAKULAM - 683522

---

Nair Girl, 23/169,Pooradam,Fair, BTech MBA (Studing), Pref: Officers Of Both Central,State Bank Officers Ph: 9846995990

Email:sreegehamani@gmail.com
Date of Birth:26-01-1998(5.05 pm)
Sishta Dasa: Sukra 11-0-27





Contact Address:
MR.SURESH KUMAR
KRISHNA VIHAR
T.C 41/2137
MANACAUD
THIRUVANTHAPURAM
PIN- 695009

---

Nair Girl, 31/154,Uthrattathi,Fair,BEd-PG, Pref: PG/B.Tech Employed in GOVT/MNC/PSU .Mob: 9895296374

Email:Sreekumarcs@gmail.com
Date of Birth:31-01-1990(7.20 am)
Sishta Dasa:Shani6-10-19-30




Contact Address:
MR.SREEKUMAR C S
SHRUTHI , SRA 45
CRASH ROAD
ERNAKULAM - 682021

---

**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com






# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair boy, 29/6'2",Thriketta, Medium, B.Tech,MBA,Manager, DMART India Ltd, Mumbai,Pref: Higher Education and good job, Age 23 to 28,Ph 0484-2306893, Mob.9447026425

Email:skr115@hotmail.com
Date of Birth:30-01-1992(9.45am)
Sishta Dasa:





Contact Address:
MR. R. SATHISH KUMAR
FLAT. NO.6C, TOC-H RETREAT
TOC-H SCHOOL ROAD
VYTTILA
ERNAKULAM - 682019

---

Nair boy, 25/5ft 8 inch,Visakham, Fair, B.Tech (EC) from Govt Model Engg College,TEXAS Instruments, Bangalore, (salary 16Lakh per Annum,) Pref: mostly prefereing girls working in Bangalore, else also prefer Mob: 9746376551

Email:vimalmv.mec@gmail.com
Date of Birth:17-04-1995(11.41am)
Sishta Dasa:





Contact Address:
SMT.VANAJA
PAVITHRAM HOUSE
MNRA 100,7TH CROSS ROAD
MAVELI NAGAR
CHANGAPUZHA NAGAR P O
COCHIN - 682033

---

Nair Boy, 37/168cm, Uthradam, Fair, Chartered Accountant Legally Divorced, ,Ph:0484-2602654, Mob:9497370654

Email:pkvivekmenon@gmail.com
Date of Birth:8-12-1983(10.32am)
Sishta Dasa:Ravi - 2-5-14





Contact Address:
MR. P.S. MANI
PULIPRA KUTTICKAT
SREEMOOLANAGARAM
ALUVA
ERNAKULAM - 683580

---

Nair Boy, 27/176cm,Fair, Ayiliam, LLM, Advocate, Kerala HighCourt, Kochi, Pref: Graduate above, interested Advocates,living in Kochi or Trissur, Mob:8129310331


Email:sreehalasyam@yahoo.com
Date of Birth:13-09-1993(5.23pm)
Sishta Dasa:




Contact Address:
MR.PRAKASH P
HALASYAM
KUNJANBAVA ROAD
P. O. VYTTILA
KOCHI - 682019

---


Nair Boy, 30/ 5ft 11 inch ,Chitira, Fair, B.Tech, MBA,MDes (Master of Design from NID, Ahemadabad) ,Product Designer in US based company, based at chennai, Pref:Fair, Good looking, Professionally qualified girls with good character & good family background from Ernakulam, Trichur, Palakkad, South Malabar dists Mob:9447330122,Ph:0484-2663593
Email:ombala4h@gmail.com
Date of Birth:(Horoscope on request)
Sishta Dasa:




Contact Address:
CAPT. K. BALAKRISHNAN
4H, CHAKOLAS WATERSCAPES
THEVARA FERRY ROAD
THEVARA
ERNAKULAM - 682013

---

NAGARATHAR Boy, 31/180.34cm (5'11"), Pooram Brown, Bachelors in Engineering, Sr. Software Engineer-Mitsubishi Union Bank, California USA,Pref: Fair, Beautiful, Good structure and good looking, age 24 to 28, Ht- 5'5 to 5'7Mob:7025105686
Email:manikandanusa88@gmail.com
Date of Birth:17-4-1989(10am)
Sishta Dasa:




Contact Address:
SMT.K.N.THENAMMAI
NO.10/157, UNNIRAMKUNNU
PIRIYIRI, PALAKAD
KERALA - 678004

## MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair boy, 29/167,Karthika,Wheatish, B.Tech, MS(Information Systems) Boston USA,Senior Software Engineer USA Pref: Ready For Employement in USA, Alleppy to Palakkad Dist.prefred
Mob: 9037585096 , 7012981663

Email:dilipkartha@gmail.com
Date of Birth:06-04-1992 (16.05 hrs)
Sishta Dasa:

മാ

| | | | |
|---|---|---|---|
| ര ബു ശു | | ച | ശി |
| കു | ഗ്രഹനില & അംശകം | | |
| മ | | | ല ഗു മാ |
| സ | | | |

കു ര ശി ച

ഗു സ്മ ല ശു ബു

Contact Address:
MR.DILIP KARTHA
SATHY SADAN
T.L.P.S ROAD
NORTH PARAVOOR
ERNAKULAM-683513

## ആദിത്യഹൃദയം

സന്താപനാശകരായ നമോ നമഃ
അന്ധകാരാന്തകരായ നമോ നമഃ
ചിന്താമണേ ചിദാനന്ദായ തേ നമഃ
നീഹാരനാശകരായ നമോ നമഃ
മോഹവിനാശകരായ നമോ നമഃ
ശാന്തായ രൗദ്രായ സൗമ്യായ ഘോരായ
കാന്തിമതാം കാന്തിരൂപായ തേ നമ:
സ്ഥാവരജംഗമാചാര്യായ തേ നമോ
ദേവായ വിശ്വൈകസാക്ഷിണേ തേ നമഃ
സത്വപ്രധാനായ തത്ത്വായ തേ നമഃ
സത്യസ്വരൂപായനിത്യം നമോ നമഃ

**ശാസ്ത്രത്തിന്റെ ചരിത്രദർശനം-11**
**(60-ാം പേജിൽ നിന്ന് തുടർച്ച)**

ഭാഷയിൽ കാൽക്കുലെ എന്നാണ് പറയുക.. കാൽക്കുലേഷൻ എന്ന വാക്കിന്റെ മൂലമതാണ്. പിന്നീട് കൽക്കഷണങ്ങൾക്കു പകരം പളുങ്കുമണികളായി. പത്തുപളുങ്കുമണികൾ വീതം കോർത്ത പത്തു കമ്പികൾ ഒരു ഫ്രെയിമിൽ പിടിപ്പിച്ചാണ് കണക്കുകൂട്ടൽ യന്ത്രമായ അബാക്കസുണ്ടാക്കിയത്. അബാക്കസിന്റെ സജീവമായ രൂപം ഇന്നുമുണ്ട്.. അതു പഠിപ്പിക്കുവാൻ പരിശീലനശാലകളുമുണ്ട്.

വീടിന്റെ നിർമ്മാണത്തിന് നിലമളക്കുന്നതിൽ നിന്നായിരിക്കണം ജ്യോമട്രിയുടെ ഉത്ഭവം. മരവും മുളയും ഈറ്റയും ഓലയുമുപയോഗിച്ചുള്ള കുടിലുകൾ ഗ്രാമങ്ങളിൽ സുലഭമാണെങ്കിലും നഗരങ്ങളിൽ അടുത്തടുത്ത് വീടുകൾ നിർമ്മിക്കേണ്ടി വരുമ്പോൾ കളിമണ്ണും മണ്ണിഷ്ടികയും കൊണ്ടുള്ള ചുവരുകളായിരുന്നു പ്രായോഗികം. അഗ്നിഭയവും അതിനൊരു കാരണമാണ്. ഭവന നിർമ്മാണ രംഗത്ത് അതൊരു വഴിത്തിരിവായിരുന്നു. വെട്ടുകല്ലിന്റെ ആകൃതിയിലാണ് ഇഷ്ടികകൾ രൂപപ്പെടുത്തിയത്. ചതുരാകൃതിയിൽ ചട്ടക്കൂടുണ്ടാക്കുന്നത് സമകോണം, നേർരേഖ തുടങ്ങിയ ആശയങ്ങളുടെ രൂപീകരണത്തിനുതകി. ഇഷ്ടികകൾ കൊണ്ടുള്ള കെട്ടിടനിർമ്മാണം ജോമട്രിയെക്കുറിച്ചുള്ള ആശയങ്ങൾ ഉണ്ടാക്കി. രേഖ, വിസ്തീർണ്ണം, വ്യാപ്തം, തുടങ്ങിയ സങ്കല്പങ്ങൾ രൂപം കൊള്ളുകയായിരുന്നു. ചതുരത്തിന്റെ വിസ്തീർണ്ണവും സ്തംഭത്തിന്റെ വ്യാപ്തവുമായിരിക്കണം തുടക്കത്തിൽ. എന്നാൽ പിരമിഡു പോലുള്ള സൂപങ്ങളുടെ നിർമ്മാണത്തിലൂടെ പഠിച്ച പുതിയ ആശയങ്ങളിൽ കലനത്തിന്റെ പോലും തത്വങ്ങൾ അന്തർലീനമായിരുന്നു.

തോതുവെച്ച് പ്ലാൻ വരയ്ക്കുന്ന സമ്പ്രദായവും കെട്ടിട നിർമ്മാണത്തിൽ നിന്ന ഉത്ഭവിച്ചതാകാം. ക്രിസ്തുവിനും 2000 വർഷങ്ങൽക്കു മുമ്പ് നിലനിന്നിരുന്ന ഒരു ഭൂവിഭാഗം ഖനനവിഷയമായപ്പോൾ അവിടെ നിന്ന് ഒരു നഗരത്തിന്റെ പ്ലാനും സ്കെയിലും അടയാളപ്പെടുത്തിയ രേഖ ലഭിക്കുകയുണ്ടായിട്ടുണ്ട്. ഒരു പദ്ധതി വിഭാവനം ചെയ്യുവാനും എസ്റ്റിമേറ്റ് ഉണ്ടാക്കുവാനും അവർക്ക് കഴിഞ്ഞിരുന്നു എന്നനുമാനിക്കത്തക്കവിധമായിരുന്നു അത്. ഗമിത വിദ്യകൾ നാട്ടിൻപുറങ്ങളിലേക്ക് സംക്രമിച്ചപ്പോൾ ഭൂമിയുടെ അളവുകൾ കണക്കാക്കാനും സംവിധാനമായി. വയലുകൾക്ക് അതിരു നിർണ്ണയിക്കുന്നതിനും തരംതിരിച്ച് അടയാളപ്പെടുത്തുന്നതിനും ഇതുമൂലം സാധ്യമായി. ജീയോ (ഭൂമി) മിതി (അളവ്) എന്നതിൽ നിന്നാണ് ജ്യോമട്രി എന്നപദം പോലും ഉരുത്തിരിഞ്ഞത്.



## എറണാകുളം കരയോഗത്തിന്റെ 34-ാമത് ഭാഗവത പാരായണ സപ്താഹ യജ്ഞത്തിൽ നിന്ന്









അയോദ്ധ്യയിലെ ശ്രീരാം ജന്മഭൂമി തീർത്ഥക്ഷേത്ര പുനർനിർമ്മാണ ഫണ്ടിലേക്ക് എറണാകുളം കരയോഗം സമാഹരിച്ച 3,26,621 രൂപ കേരള തമിഴ്നാട് ക്ഷേത്ര പ്രചാരക് ശ്രീ. സെന്തിൽ കുമാറിന് കരയോഗം ജനറൽ സെക്രട്ടറി പി രാമചന്ദ്രൻ (വേണു) സമർപ്പിച്ചു





എറണാകുളം കരയോഗത്തിന്റെ ചെറായി, തൃക്കടയ്ക്കാപ്പിള്ളിയിലുള്ള സ്ഥലത്ത് പള്ളിപ്പുറം സർവീസ് സഹകരണബാങ്കുമായി ചേർന്ന് നടത്തിയ കൃഷിയുടെ വിളവെടുപ്പ്





DATE OF PUBLICATION: 10-03-2021

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2021-23
LICENSE NO. KL/CR/EKM/WPP-15/2021-23
LICENSED TO POST WITHOUT PREPAYMENT

Volume No. 13 March 2021 Issue No. 10




Radheyam
Guest House
Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161

*Administrative Office:*
ERNAKULAM KARAYOGAM
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com







## ബിം മാർച്ച് മാസ പരിപാടി

26.03.2021 വെള്ളിയാഴ്ച 6.30 P.M.
ടി. ഡി. എം. ഹാൾ, എറണാകുളം

## ഹൃദയ് ഗീത്

അവതരണം : ടി.പി. വിവേക് & പാർട്ടി



## എറണാകുളം കരയോഗം
## ഫിലിം ക്ലബ്ബ് പ്രതിമാസ പരിപാടി

2021 മാർച്ച് 21 ഞായറാഴ്ച വൈകിട്ട് 5.00 ന് ടി. ഡി. എം. ഹാളിൽ
നിങ്ങൾ സിനിമാ ഭ്രാന്തനോ? എങ്കിൽ കാണേണ്ട ലോകപ്രശസ്ത ചിത്രം

## പാരഡൈസോ

മലയാളം സബ്ബ് ടൈറ്റിൽ, സംവിധാനം : ഗ്വിസ്സെപ്പെ ടൊർണാറ്റോർ

പ്രവേശനം സൗജന്യം




*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.